

242

# അപ്പം സമത്വം സ്വാതന്ത്ര്യം

എഡി: ഇ. ടി. വർഗ്ഗീസ്

ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ
ഫോർ സോഷ്യോ – കൾച്ചറൽ ഡവലപ്പ്മെന്റ്, തൃശൂർ

# അപ്പം, സമത്വം, സ്വാതന്ത്ര്യം

8193

എഡിററർ

ഇ. ടി. വർഗ്ഗീസ്

PG Library & Research Center

പ്രസാധനം, വിതരണം

ബിഷപ്പ് പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ
ഫോർ സോഷ്യോ - കൾച്ചറൽ ഡവലപ്പ്മെൻറ്,
തൃശൂർ

242
EP18

title
**appam, samathuam, swathathrym**
editor
**e.t.vargheese**
language
**malayalam**
publishers, distributors
**bishop paulose mar poulose foundation for socio-cultural development, thrissur**
cover design
**vinaylal**
copy rights
**reserved**
first impression
**sep, 1998**
copies
**2000**
type setting
**laser, tsr**
printing
**mar narsai offset, tsr**
price
**rs 60/-**

# ഉള്ളടക്കം


ഹൃദയത്തിലേക്കുള്ള ജാലകം

ഭാഗം 1 – ഓർമ്മ 5

സിസ്ററർ ആലീസ് 6, ജ.വി.ആർ.കൃഷ്ണയ്യർ 9, സുകുമാർ അഴിക്കോട് 11, മാർഅപ്രേം മെത്രോപൊലീത്ത 13, വി.വി രാഘവൻ 15, ഡോ. നൈനാൻ കോശി 17, റവ. എം. ജെ ജോസഫ് 26, പവനൻ 30, കെ.വേണു 36, എൻ.വി.പി ഉണ്ണിത്തിരി 39, ഡോ. വി. മാത്യു കുര്യൻ 41, ഡോ. എ.കെ രാമകൃഷ്ണൻ 46, സി.പി.രാജശേഖരൻ 49, സിവിക് ചന്ദ്രൻ 52, വടക്കേടത്ത് പത്മനാഭൻ 54, വി.ജി തമ്പി 56, രാവുണ്ണി 59, ഡേവീസ് വളർക്കാവ് 62, രൺജിത് എ.ആർ 66, കെ.ജെ തോമസ് 68

ഭാഗം 2 പഠനങ്ങൾ 71

ഇ.എം.എസ് 74, എ.വി അനിൽ കുമാർ 77, ജോയ് പോൾ 81

ഭാഗം 3 അഭിമുഖം 89

സിവിക് ചന്ദ്രൻ, വി.ജി തമ്പി 90, പ്രൊഫ. മാത്യുകോശി പുനയ്ക്കാട് 98, പി.എൻ ബഞ്ചമിൻ, ഫിലിപ്പ് മാത്യു 105, ഇ.സി മാധവൻ നമ്പ്യാർ 114, കെ.ആർ.വി 122, ഹമീദ് ചേന്നമംഗലൂർ 127, ക്രൈസ്തവദീപിക 132, റവ. എറൻഫ്രീഡ് റൂപ്ക്കേ 137, എ.വി അനിൽ കുമാർ 141

ക്രിസ്തുവിന് രക്ഷകൻ ആവശ്യമില്ല 149

ഒരു ശിഷ്യൻെറ അന്ത്യപ്രണാമം 152



1941 സെപ്തംബർ 14ന് തൃശൂരിൽ ചിറയത്ത് കോനിക്കര അന്തോണിയുടേയും കൊച്ചുമറിയത്തിൻേറയും മകനായി ജനനം. തൃശൂർ കാൽഡിയൻ സിറിയൻ ഹൈസ്ക്കൂളിലും സെൻറ് തോമസ് കോളേജിലുമായി പ്രാഥമിക പഠനം. സെറാപൂർ യൂണിവേഴ്സിററിയിൽ ദൈവശാസ്ത്ര പഠനം. അമേരിക്കയിലെ പ്രിൻസ്ററൺ തിയോളജിക്കൽ സെമിനാരിയിൽനിന്നും ദൈവശാസ്ത്രത്തിൽ മാസ്ററർ ബിരുദം. 1976ൽ കാലിഫോർണിയയിൽ ബർക്കിലിയിലെ ഗ്രാജുവേററ് തിയോളജിക്കൽ യൂണിയനിൽ നിന്ന് ഡോക്ടറേററ്. വിഷയം A Bonhoefferian Corrective of Karl Marx's Critique of Religion.

1958ൽ വൈദികവൃത്തിയിൽ പ്രവേശിച്ചു. 65ൽ പൂർണ്ണവൈദികനായി. 68ൽ പൗരസ്ത്യ കൽദായ സുറിയാനി സഭയിലെ ബിഷപ്പായി. രണ്ടുതവണ എസ്.സി.എം കേരള ശാഖയുടെ ചെയർമാനായി. ക്രൈസ്തവ സമാധാന സംഘടനയുടെ ഇന്ത്യയിലെ പ്രസിഡൻറായും ലോക ക്രൈസ്തവ വിദ്യാർത്ഥി ഫെഡറേഷൻെറ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യമാണ് ദൈവം, നിശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തവകാശം എന്നിവയാണ് കൃതികൾ.

മരണം 1998 മാർച്ച് 24ന്.

# ഹൃദയത്തിലേയ്ക്കുള്ള ജാലകം.

ക്രൈസ്തവ മാനവികതയ്ക്ക് കുരുത്തോല ചൂടുകയും പരമ്പരാഗത സഭാ ചട്ടങ്ങളോട് കലാപം നടത്തുകയും ചെയ്ത ഇരുപതാം നൂറ്റാണ്ടിലെ അവതാരപുരുഷനായിരുന്നു ബിഷപ്പ് പൗലോസ് മാർ പൗലോസ്. ജീവിച്ചിരിക്കുന്ന കാലത്ത് ക്രിസ്തുവിനെച്ചൊല്ലി നിരവധി പീഡനങ്ങൾ സഹിച്ച ഈ മനുഷ്യപുത്രൻ ദൈവവുമായുള്ള സംവാദത്തിനു മോഹിക്കുകയും സമകാലിക ക്രൈസ്തവസഭയെ അനിയന്ത്രിതമായി കൈയടക്കിയിരിക്കുന്ന സാത്താൻമാരുന്നയിച്ച ആരോപണങ്ങളുടെ പേരിൽ വിവാദനായകനായിത്തീരുകയും ചെയ്തു. വിദേശ സഹായത്തിൻെറ തണലിൽ പടുത്തുയർത്തുന്ന സേവന സംരംഭങ്ങളല്ല പ്രേക്ഷിത പ്രവർത്തനം എന്ന് തിരിച്ചറിഞ്ഞ ബിഷപ്പ്. വിശ്വാസികൾ / അവിശ്വാസികൾ എന്ന വേർതിരിവല്ല മനുഷ്യർ തമ്മിലുള്ളത് എന്ന് അനുഭവങ്ങളിലൂടെ സാക്ഷ്യപ്പെടുത്തി. ഉള്ളവൻ / ഇല്ലാത്തവൻ എന്ന പാഠം അക്രൈസ്തവ / ക്രൈസ്തവ സങ്കല്പനങ്ങൾക്ക് നൽകുമ്പോൾ, മനുഷ്യപുത്രനായ ക്രിസ്തുവിനെ മനുഷ്യസ്നേഹിയായ മാർക്സുമായി ഒന്നിപ്പിക്കുകയായിരുന്നു ചെയ്തത്. ഇല്ലാത്തവരോടു കാണിച്ച ആഭിമുഖ്യം ആത്മീയവാദത്തെയും ഭൗതികവാദത്തെയും സംവ്യക്തമാക്കി. പരമ്പരാഗത ക്രിസ്തീയ സഭ പ്രണിത സമൂഹത്തിൻെറ പുറന്തോടുകളിൽ മാത്രം ഔഷധം പ്രയോഗിക്കുമ്പോൾ ബിഷപ്പ് ആ രോഗത്തിൻെറ ഉറവിടം കണ്ടെത്താനുള്ള ഗവേഷണങ്ങളിലേർപ്പെട്ടു. മുതലാളിത്ത സമൂഹത്തിൻെറ വിഴുപ്പുഭാണ്ഡങ്ങളായ പട്ടിണിയും രോഗങ്ങളും ഉലകത്തിൽ നിറഞ്ഞപ്പോൾ സഭ അതിൻെറ തിരുശേഷിപ്പുകളായി വലിച്ചെറിയപ്പെട്ട അഗതികളുടെയും രോഗികളെയും സംരക്ഷിക്കാനുള്ള ആതുരാലയങ്ങൾ പണിതു. എന്തുകൊണ്ട് പട്ടിണി? എന്ന ചോദ്യം ഉന്നയികകാൻ ശീലിക്കാതെ ആതുരസേവനത്തിൻെറ വ്യാജപ്രമാണങ്ങൾ ചമച്ച് കോടികൾ സമ്പാദിച്ചു. ബിഷപ്പാകട്ടെ രോഗത്തിൻെറ യഥാർത്ഥകാരണം കണ്ടെത്തുകയും തൻേറതായ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്തു. സമ്പത്തിനെ ദൈവമായെണ്ണുന്നവർക്ക് ബിഷപ്പ് ചുങ്കക്കാരനും പരീശനും പുറംജാതിക്കാരനും ഒക്കെയായി. നല്ല ശമര്യക്കാരൻ ചമഞ്ഞെത്തുന്നവരെ ബിഷപ്പും തിരിച്ചറിഞ്ഞു. ബിഷപ്പും അവരുമായുള്ള ആശയ സമരത്തിൽ വിജയിച്ചതാര്?

കാലം തെളിയിക്കേണ്ട ഒരു ചോദ്യമാണിത്. അതിനുള്ള ഉത്തരത്തിനുള്ള ശ്രമമാണ് ബിഷപ്പ് പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ ഫോർ സോഷ്യോ - കൾച്ചറൽ ഡെവലപ്പ്മെൻറ് എന്ന സംഘടനയും ഈ ഗ്രന്ഥവും. ബിഷപ്പിനെ തങ്ങളിലൊരാളായി സ്വീകരിച്ച നിർവാസിതരുടെ ഉദ്യമം. ഇനി നിങ്ങൾ അവരുമായി ഹൃദയസംവാദത്തിലേർപ്പെട്ടാലും.........

സസ്നേഹം

ഇ.ടി. വർഗ്ഗീസ് എഡിറ്റർ.

# 1

# ഓർമ്മ

# ഓർമ്മയിൽ ജീവിക്കുന്ന ബിഷപ്പ്

സിസ്റ്റർ ആലീസ്

പൗലോസ് മാർ പൗലോസിനെക്കുറിച്ച് ഈ കുറിപ്പെഴുതാനിരിയ്ക്കുമ്പോൾ എൻെറ ഹൃദയം വിവിധവികാരങ്ങളുടെ ആധിക്യത്തിൽപ്പെട്ടു പോകുന്നു. ഞാൻ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരുന്ന, മഹാനായ, നല്ലൊരു സുഹൃത്തിൻെറ വേർപാട് സൃഷ്ടിക്കുന്ന വേദനയാണ് അവയിൽ പ്രധാനപ്പെട്ടത്. എൻെറ സാമൂഹിക കാഴ്ചപ്പാടിനേയും പ്രതിബദ്ധതയേയും ഉദ്ദീപിപ്പിക്കുകയും ചിലപ്പോൾ വെല്ലുവിളിയ്ക്കുകയും ചെയ്ത ഒരു മതമേധാവിയുടെ തിരോധനം സൃഷ്ടിക്കുന്ന നഷ്ടബോധമാണ് മറ്റൊന്ന്. തികച്ചും അപ്രതീക്ഷിതമായിരുന്നു ഈ വിയോഗമെന്നുള്ളത് നഷ്ടബോധത്തെ തീവ്രമാക്കുന്നു. അന്ധകാരാവൃതമായ എൻെറ ആകാശത്തിൽ പ്രകാശിച്ചുകൊണ്ടിരുന്ന ഒരു നക്ഷത്രം, ചുറ്റുപാടുമുള്ള ഇരുട്ടിൽ എന്നെ ഒരല്പം അവ്യക്തതയിലാഴ്ത്തിക്കൊണ്ട് ചക്രവാളസീമയിൽ നിന്നും നീങ്ങിപ്പോയതുപോലെ...... ദൈവത്തിൻെറ നിഗൂഢമായ ഈ ഇച്ഛയുമായി പൊരുത്തപ്പെടാൻ ഞാനേറെ സമയമെടുത്തു.

പലകാരണങ്ങളെക്കൊണ്ടും പലതരത്തിലും ഞാനദ്ദേഹത്തെ ഇഷ്ടപ്പെടുകയും ബഹുമാനിക്കുകയും ചെയ്തു. ആദ്യമായി, ഞാനദ്ദേഹത്തിൻെറ ആകാരസൗഷ്ടവത്തെ ഇഷ്ടപ്പെട്ടിരുന്നു. സുന്ദരമായ മുഖത്ത് ഒരു ചെറുപുഞ്ചിരിയുമായി നില്ക്കുന്ന ഉദ്ധൃതനായ അദ്ദേഹം കഴിഞ്ഞ നൂറ്റാണ്ടിലെ പ്രസിദ്ധനായ ഒരു സ്പാനിഷ് ചിത്രകാരൻ വരച്ചു ശ്രീയേശുവിൻെറ ചിത്രത്തെ ഓർമ്മിപ്പിയ്ക്കാറുണ്ട്. കഷണ്ടി കയറി വിശാലമായ നെറ്റി, 'ക്ലാസ്സിക്' താടി, അഭിജാത ഭാവം ഇവയെല്ലാം ചേർന്ന അദ്ദേഹം ഒരാധുനിക പ്രവാചകനെപ്പോലെ തോന്നിപ്പിച്ചിരുന്നു.

ആ ദൈവീകതയ്ക്കുള്ളിലെ ലാളിത്യവും ആഴവും ഞാനേറെ ഇഷ്ടപ്പെട്ടിരുന്നു. കേരളത്തിലെ ഉയർന്ന ഒരു മതാധിപതിയുടെ മുമ്പാകെയാണ് ഞാൻ നില്കുന്നതെന്ന തോന്നൽ എന്നിൽനിന്നും എടുത്തുകളയത്തക്കവിധം നൈസർഗ്ഗികവും സരളവുമായിരുന്ന അദ്ദേഹത്തിൻെറ പുഞ്ചിരി. കേവലമൊരു നിസ്സാര കന്യാസ്ത്രീ മാത്രമായ എനിയ്ക്ക് അദ്ദേഹത്തിൻെറ സാമീപ്യത്തിൽ സമത്വവും സ്വാതന്ത്ര്യവും അനുഭവപ്പെട്ടിരുന്നു എന്നുള്ളത് അദ്ദേഹത്തിൻെറ സ്വഭാവമഹിമയെ കാണിയ്ക്കുന്നു. എൻെറ നിസ്സാര പ്രവൃത്തികളെപ്പോലും ഉള്ളഴിഞ്ഞ് അഭിനന്ദിച്ചുകൊണ്ട് ആത്മാർത്ഥ സുഹൃത്തായി എന്നും അദ്ദേഹം വർത്തിച്ചിരുന്നു.

നിരവധി വേദികളിൽ ഞാൻ ബിഷപ്പ് പൗലോസിനോടൊപ്പം പങ്കെടുത്തിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം ഒരേ വേദിയിലേക്ക് ക്ഷണിയ്ക്ക

പ്പെട്ടു എന്ന നിസ്സാര സംഗതി കൊണ്ടുപോലും ഞാൻ ബഹുമാനിതയായി എന്നെനിയ്ക്ക് തോന്നാറുണ്ട്. അത്രയധികമായിരുന്നു എനിയ്ക്കദ്ദേഹത്തോടുള്ള ആദരവ്. അത്തരം അവസരങ്ങളിൽ അദ്ദേഹത്തിൻെറ മൊഴികൾ അതീവ താല്പര്യത്തോടെ ഞാൻ ശ്രവിയ്ക്കാറുണ്ട്. വളരെയധികം കാര്യങ്ങൾ അദ്ദേഹത്തിൽ നിന്നും പഠിയ്ക്കാൻ കഴിഞ്ഞു എന്ന തോന്നലും എനിയ്ക്കുണ്ട്. വാഗ്മിത്വം, പാണ്ഡിത്യം, ഉൾക്കാഴ്ച എന്നീ ഗുണങ്ങളാൽ സമ്പുഷ്ടമായിരുന്നു അദ്ദേഹത്തിൻെറ പ്രഭാഷണങ്ങളെല്ലാം. അനീതികൾ കുമിഞ്ഞുകൂടിയ ഈ ഭൂമിയിലെ ദൈനംദിനജീവിതവുമായി വിശുദ്ധഗ്രന്ഥത്തിലെ മഹത്തായ പ്രബോധനങ്ങളെ സമവായപ്പെടുത്താനുള്ള അദ്ദേഹത്തിൻെറ ശ്രമം ഏറെ ആകർഷകമായി അനുഭവപ്പെടാറുണ്ട്. അദ്ദേഹത്തിൻെറ സാമൂഹിക നിലപാടുകളും, ദൈവശാസ്ത്രവിചിന്തനങ്ങളും എൻെറ ജീവിത ദർശനത്തേയും ആത്മീയ മതാവബോധത്തേയും വളരെയധികം പ്രചോദിപ്പിച്ചിട്ടുണ്ട്. യേശുവിനെ പരമതത്വമായി കരുതിപ്പോന്ന അദ്ദേഹം നടത്തിയിട്ടുള്ള സമകാലിക ക്രൈസ്തു സ്വത്വവ്യാഖ്യാനങ്ങൾ ഇനി എനിയ്ക്ക് നഷ്ടപ്പെടുക തന്നെ ചെയ്യും.

ഒരു പുരോഹിതൻ എന്ന നിലയിൽ അദ്ദേഹം മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനായിരുന്നു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ ആധുനിക 'പുറംജാതിക്കാരും പാപികളും' ആയ 'പുരോഗമനവാദികൾ' 'ഇടതുപക്ഷക്കാർ', 'സാമൂഹിക പ്രവർത്തകർ' തുടങ്ങിയവരുമായുള്ള ഇടപഴകൽ ക്രിസ്തുവിൽനിന്നും വിഭിന്നമായിരുന്നില്ലെന്നർത്ഥം. കേരളത്തിലെ മറ്റൊരു പുരോഗിതനും ഇവിടത്തെ പ്രത്യേകമായ സാമൂഹിക-രാഷ്ട്രീയ വിഭജനത്തിൽ ഇടതുപക്ഷത്തോടൊപ്പം ചേർന്നു നില്ക്കുന്ന ആൾ എന്ന പ്രതിച്ഛായ കിട്ടിയിരിയ്ക്കില്ല എന്നെനിക്ക് തോന്നുന്നു.

എനിയ്ക്കറിയാവുന്നിടത്തോളം അദ്ദേഹം ഒരു പ്രത്യയശാസ്ത്രത്തിൻേറയും തടവുകാരനായിരുന്നില്ല. പ്രത്യയശാസ്ത്രബോദ്ധ്യതയെ കവച്ചു നിന്നിരുന്ന യാഥാർത്ഥ്യബോധവും, എല്ലാം മതഗ്രന്ഥങ്ങളുടേയും - പ്രത്യേകിച്ച് പഴയ നിയമത്തിൻേറയും പുതിയ നിയമത്തിൻേറയും പ്രവാചക സ്വഭാവത്തിൽ വേരാഴ്ന്ന് നില്ക്കുന്ന ദൈവശാസ്ത്ര വിചിന്തനങ്ങളും കൂടിചേർന്ന് ഏകീകൃതമായ ഒരു ജീവിതവീക്ഷണം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ സാമൂഹികദർശനങ്ങളാകട്ടെ സമൂഹനീതി, സമത്വം തുടങ്ങിയ വിശ്വമാനവിക ദർശനങ്ങളാൽ നയിയ്ക്കപ്പെട്ടതായിരുന്നു. ക്രൈസ്തുവിൻെറ അനുയായി എന്ന നിലയിലും, കേരളത്തിലെ സഭയുടെ സമുന്നതനായ നേതാവ് എന്ന നിലയിലും തികച്ചും നൈസർഗ്ഗികമായ ഒന്നായിരുന്നു അഹത്തെ സംബന്ധിച്ചിടത്തോളം പാവങ്ങളോടും അടിച്ചമർത്തപ്പെട്ടവരോടും ഒപ്പം നിലകൊള്ളുക എന്നത്.

ഒരു പൊതു പ്രസംഗകനെന്ന നിലയിൽ ഞാൻ അദ്ദേഹത്തെ വളരെയധികം ബഹുമാനിച്ചിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ വളരെ ശ്രദ്ധാപൂർവ്വം തയ്യാറാക്കപ്പെട്ടവയായിരുന്നു. പാണ്ഡിത്യം, വിശുദ്ധഗ്രന്ഥ

വചനങ്ങൾ, ദൈവശാസ്ത്രം, യാഥാർത്ഥ്യബോധം എന്നിവ പരിപക്വമായി സംയോജിപ്പിച്ചിരുന്നതുകൊണ്ട് അവ സാധാരണക്കാരെ എളുപ്പം പ്രചോദിപ്പിക്കുകയും പ്രബുദ്ധരാക്കുകയും ചെയ്തു. ജനമദ്ധ്യത്തിൽ അവതരിപ്പിയ്ക്കേണ്ടുന്ന സന്ദേശങ്ങളെ ക്രിസ്തീയ സുവിശേഷങ്ങളിലൂടെ സാക്ഷാത്കരിയ്ക്കാനുള്ള അസാധാരണ വൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു.

ആകാരത്തിൽ മാത്രമല്ല, പ്രബോധന വേളകളിലും തുടിച്ചു നില്ക്കുന്ന 'പ്രവാചകത്വം' അദ്ദേഹത്തിൻെറ വ്യതിരിക്തതയായിരുന്നു. യെശയ്യാവ്, ആമോസ്, മിരെമ്യാവു തുടങ്ങിയവരെപ്പോലെ, ജനങ്ങളുടെ ഇടയിൽ തനിയ്ക്കുള്ള പ്രതിച്ഛായയേയോ സഭയുടെ പ്രതീക്ഷയേയോ കണക്കിലെടുക്കാതെ അദ്ദേഹം മനസ്സ് തുറന്ന് സംസാരിയ്ക്കുമായിരുന്നു. ഇതിന്നാധാരശിലയായി, അദ്ദേഹത്തിൻെറ വാക്കുകൾക്ക് ശക്തിയും ആധികാരികതയും നല്കിക്കൊണ്ട് വർത്തിച്ചത് ബൈബിൾ പാണ്ഡിത്യമായിരുന്നു. തുറന്നു പറയുകയാണെങ്കിൽ, ജീവിതത്തിൽ വിരളമായി മാത്രം കണ്ടുമുട്ടുന്ന അത്യപൂർവ്വ വ്യക്തിത്വങ്ങളിലൊന്ന്.

ബിഷപ്പ് പൗലോസ് കേരളത്തിലെ സഭാനേതൃത്വത്തെക്കുറിച്ച് വളരെയധികം ചിന്തിച്ചിരുന്നു എന്ന് ഞാൻ കരുതുന്നു. അറിഞ്ഞിടത്തോളം കേരളത്തിലെ സഭകളിൽ ഇന്ന് നിലനില്ക്കുന്ന സങ്കീർണ്ണവിഭജനങ്ങൾ അദ്ദേഹത്തെ വ്യഥിതനാക്കിയിരുന്നു. സമ്പന്നമായ ക്രൈസ്തവ പാരമ്പര്യമുള്ള കേരളത്തിലെ ഈ അവസ്ഥാന്തരത്തിന് കാരണം ദുർബ്ബലമായ സഭാനേതൃത്വമാണെന്ന് അദ്ദേഹം കരുതിയിരുന്നു. കേരളത്തിലെ രാഷ്ട്രീയ നേതൃത്വം ജനങ്ങളെ വഞ്ചിച്ചതുപോലെ ഒരുപക്ഷേ അതിലും മോശമായി സഭാനേതൃത്വം ക്രൈസ്തവരെ വഞ്ചിയ്ക്കുകയായിരുന്നുവെന്ന് അദ്ദേഹം ധരിച്ചു. ഈ നിലപാടിലെ ശരിതെറ്റുകൾ വായനക്കാരാണ് നിശ്ചയിക്കേണ്ടത്. ഒരുപക്ഷേ ഏറെ വെറുത്തിരുന്ന പള്ളിപ്പാതിരിയുടെ ദൈവീക പരിവേഷമുള്ള ഏകാധിപത്യഭാവത്തിൽ താൻ അകപ്പെട്ടു എന്നദ്ദേഹം വ്യാകുലപ്പെട്ടിരുന്നിരിയ്ക്കാം. അതുകൊണ്ടായിരിയ്ക്കണം അവരുടേതിൽ നിന്നും വ്യത്യസ്തമായ മറ്റൊരു പ്രതിച്ഛായയിലേയ്ക്ക് തന്നെ പ്രതിഷ്ഠിയ്ക്കാൻ അദ്ദേഹം ശ്രമിച്ചത്.

ജീവിതത്തിൻേറയും മതത്തിൻേറയും ആത്മീയതയുടേയും സമജ്ജസ സമന്വയം തേടുന്നവരുടെ ജീവിതസമരങ്ങളെ പ്രകാശമാനമാക്കാൻ ബിഷപ്പ്. പൗലോസ് അവശേഷിപ്പിച്ചുപോയ പ്രോജ്ജ്വല പൈതൃകത്തിന് കഴിയട്ടെ എന്ന് ഞാൻ പ്രാർത്ഥിയ്ക്കുന്നു.

# അനശ്വരനായ ബിഷപ്പ്

ജസ്ററീസ് വി.ആർ.കൃഷ്ണയ്യർ

ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ ഉജ്വലമായ വ്യക്തിത്വം വിലയിരുത്തപ്പെടേണ്ടത് പുതിയൊരു സ്വർഗ്ഗവും ഭൂമിയും കൈവശപ്പെടുത്തിയ ആ ദിവ്യനായ മനുഷ്യൻെറ മഹത്തായ വിനയം, സ്നേഹദയാദി മൂല്യങ്ങളാൽ സമ്പന്നമായ ഒരു പുത്തൻ മനുഷ്യത്വം, എന്നിവയെ പ്രധാനമായി പരിഗണിച്ചുകൊണ്ടാണ്. വർഷങ്ങളായി അദ്ദേഹവുമായി അടുത്ത ബന്ധം പുലർത്തിവരുന്നതിനാൽ, പ്രായത്തിൽ താഴെയാണെങ്കിലും, ദൈവികത്വത്തിലും സ്വഭാവവൈശിഷ്ട്യത്തിലും തീർച്ചയായും എന്നെക്കാൾ ഉയർന്നവനാണ് അദ്ദേഹം എന്നു പറയാൻ കഴിയും. അനേകം തലങ്ങളിൽ, അനേകം അവസരങ്ങളിൽ അനേകം വിഷയങ്ങളേക്കുറിച്ച് ഞങ്ങൾ ഒരേ വേദിയിൽ സംസാരിച്ചിട്ടുണ്ട്. ബിഷപ്പ്, വ്യക്തിത്വത്തിൽ ഈശ്വരത്വം കലർന്ന മനുഷ്യനായിരുന്നു; സാഹോദര്യത്തിന് അതിർവരമ്പുകളില്ലെന്നറിഞ്ഞ യഥാർത്ഥ ക്രിസ്ത്യാനിയായിരുന്നു; എല്ലാറ്റിനുമുപരി ജാതിമത വർണ്ണ പരിഗണനകൾക്കതീതമായിരുന്നു അദ്ദേഹത്തിൻേറ സേവനം. മനുഷ്യവിമോചനമായിരുന്നു അദ്ദേഹം ചെയ്ത സമരങ്ങളുടെയെല്ലാം പൊരുൾ. യാഥാസ്ഥിതികർക്കിടയിൽ വിമർശനങ്ങളുയർന്നിട്ടും അദ്ദേഹത്തിൻെറ ധൈര്യം അചഞ്ചലമായിരുന്നു. ദു;ഖ എവിടെയോ അവിടെയല്ലാം ഈ വലിയ മനുഷ്യൻ അവർക്കും വേണ്ടിക്കരഞ്ഞു. ഇടതുപക്ഷ ചിന്താഗതിക്കാർ തൻേറ സുഹൃത്തുക്കളായിരുന്നിട്ടും, അവരുടെ ഗവർമെൻറ് ആദിവാസികളെ കുടിയിറക്കാനുള്ള ശ്രമം നടത്തിയപ്പോൾ അദ്ദേഹമതിനെ എതിർത്തു. ഹിന്ദു - മുസ്ലിം സംഘർഷം പൊട്ടിപ്പുറപ്പെട്ടപ്പോൾ, തൻെറ വാക്കുകൾ കേൾക്കുന്നുണ്ടോ എന്ന് ചിന്തിക്കാതെതന്നെ, അദ്ദേഹം നിത്യസാഹോദര്യത്തിനും മൈത്രിയ്ക്കും വേണ്ടി നിലകൊണ്ടു. ഇന്ത്യയുടെ മാത്രമല്ല മനുഷ്യരാശിയുടെ തന്നെ ഐക്യവും അഖണ്ഡതയുമായിരുന്നു അദ്ദേഹത്തിൻെറ ദർശനം. ഏറ്റക്കുറച്ചിലെന്യേ ഏവർക്കും ആഹ്ളാദമേകാനുള്ള പ്രയത്നം, സമത്വം, സ്നേഹം, വിമോചനം എന്നിവയാൽ സമ്പന്നമായ മൂല്യങ്ങളാണ് അദ്ദേഹം യേശുവിൽ ആണുന്നത്. സുഖസൗകര്യങ്ങളും സന്തോഷവും മാത്രം തേടിയലയുന്ന നമ്മുടെ ഭൗതികലോകത്ത് ഇത്തരമൊരു മനുഷ്യനെ കണ്ടെത്തുക അത്യസാധാരണമായിരുന്നു.

പരമാവധി ലാഭം മാത്രം ലക്ഷ്യമാക്കി, ആഗോള രാക്ഷസനും കൂട്ടാളികളും മനുഷ്യനെ ചൂഷണം ചെയ്യുന്ന കമ്പോളവത്ക്കരണത്തിൻെറ തത്വശാസ്ത്രത്തെ അദ്ദേഹം വെറുത്തു. മനുഷ്യനെ

വിൽപ്പനച്ചരക്കായി പരിഗണിയ്ക്കുന്ന വ്യവസ്ഥിതിയേയും അദ്ദേഹത്തിന് അംഗീകരിക്കാനായില്ല. പുരുഷൻമാരും, സ്ത്രീകളും, കുട്ടികളും അദ്ദേഹത്തിന് പ്രിയപ്പെട്ടവരായിരുന്നു. അവരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അംഗീകൃത പാർട്ടികളുടെ നിലപാടുകളെക്കുറിച്ചാലോചിക്കാതെ തന്നെ അദ്ദേഹം സമരത്തിനിറങ്ങി.

എന്നെ സംബന്ധിച്ചിടത്തോളം ബിഷപ്പ് അനശ്വരനായിരുന്നതിനാൽ ആ മരണം എന്നിൽ ഞെട്ടലുളവാക്കി. ഞങ്ങൾ ഒരുമിച്ച് യാത്ര ചെയ്യുന്ന അവസരങ്ങളിൽ അദ്ദേഹം സംസാരിച്ചിരുന്നത് ഇംഗ്ലീഷിലാകട്ടെ, മലയാളത്തിലാകട്ടെ, അത് ഉദാത്തമായിരുന്നു. നിരവധി ലോകരാഷ്ട്രങ്ങൾ സന്ദർശിച്ചിട്ടുള്ള അദ്ദേഹത്തിൻെറ സംസ്ക്കാരം വിശ്വപൗരത്വത്തിലൂന്നിയതായിരുന്നു. അദ്ദേഹം മരിച്ചിട്ടില്ല. അദ്ദേഹത്തിൻെറ ആത്മാവ് ഇപ്പോഴും ഞങ്ങൾക്ക് പ്രചോദന മരുളുന്നുണ്ട്. അദ്ദേഹം സ്വപ്നം കണ്ട സമൂഹത്തിലേയ്ക്കുള്ള പരിവർത്തനത്തിന്, ഗതിവേഗം കൂട്ടുവാൻ, അദ്ദേഹത്തിൻെറ സന്ദേശങ്ങൾ ഞങ്ങൾക്കിടയിൽ പ്രവർത്തിയ്ക്കുന്നുണ്ട്.

# ക്രൈസ്തവ മാനവികതയുടെ മഹാതേജസ്സ്

## ഡോ. സുകുമാർ അഴീക്കോട്

ആളെ തിരഞ്ഞു പിടിച്ച് വെടിവച്ചു വീഴ്ത്തുന്ന വേട്ടക്കാരനാണോ നിയതി? കഴിഞ്ഞ ഒരാഴ്ച ഇങ്ങനെയൊരു ആശങ്ക കേരളീയരുടെ മനസ്സിൽ ഉണ്ടാക്കിക്കൊണ്ടാണ് ദിനചരിത്രം കടന്നുപോയത്? ഇ.എം. എസ്സിൻെറ നിര്യാണം മൂലം സ്തംഭിച്ചു കിടക്കുന്ന നാടിനു മറ്റൊരു ഹൃദയക്ഷതം ഉണ്ടാക്കിയിരിക്കയാണ് ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ ദേഹവിയോഗം.

ഒരു മുന്നറിയിപ്പും കൂടാതെയുള്ള ഈ വേർപാടിന് അദ്ദേഹത്തെ നിർബന്ധിച്ചു കീഴടക്കിയ ശക്തി, കേരളത്തിലെ ജനതയോടു കാട്ടിയ ക്രൂരതയെന്തുമാത്രമുണ്ടെന്നു മനസ്സിലാക്കാനാവാത്ത ഏതോ മൂഢശക്തിയാവണം. വ്യക്തികളെ കൊല്ലുന്ന ഈ ശക്തിക്കു സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും നശിപ്പിക്കുക അത്ര എളുപ്പമല്ല. കേരളത്തിൻെറയും ഇന്ത്യയുടെയും നിലനിൽപിന് അത്യന്താപേക്ഷിതമായ ചില മൂല്യങ്ങളുടെയും ധർമ്മങ്ങളുടെയും പ്രചാരകനായി പ്രവർത്തിച്ച ഈ വൈദികപ്രമുഖൻ ളോഹയിട്ട വൈദികസഹസ്രങ്ങളിൽ ഒരാളാണെന്നു നിയതി തെറ്റിദ്ധരിച്ചു പോയോ?

ആകാരത്തിലും ശബ്ദത്തിലും ഭാഷയിലും കാഴ്ചപ്പാടിലും ലക്ഷ്യബോധത്തിലും എല്ലാം ബിഷപ്പു തിരുമേനി വ്യത്യസ്തനായിരുന്നു. സാധാരണ മനുഷ്യർക്കു മതം ബന്ധനമാണ്. ബിഷപ്പിനു അതു സ്വാതന്ത്ര്യമാണ്. ക്രിസ്തുദേവൻ സ്വാതന്ത്ര്യത്തിൻെറ മതമാണ് ഘോഷിച്ചത്. ഈ വ്യത്യസ്ത മതമാണ് ബിഷപ്പിൻെറ മതം.

മാർ പൗലോസ് തിരുമേനി മതത്തിൻെറ സ്വാതന്ത്ര്യചേതനയെക്കുറിച്ച് എന്നും പ്രസംഗിച്ചും എഴുതിയും നടന്നു - ഒരു പുതിയ യോഹന്നാനെപ്പോലെ. സ്വർഗ്ഗരാജ്യം സ്വതന്ത്രഭൂമിയാണ്. ബിഷപ്പ് എഴുതിയതിലേറെ പ്രസംഗിച്ച ആളാണ്. അദ്ദേഹം അടുത്ത കാലത്ത് എഴുതിയ പുസ്തകം 'സ്വാതന്ത്ര്യമാണ് ദൈവം' സ്വാതന്ത്ര്യത്തിൻെറ അഥവാ വിമോചനത്തിൻെറ സന്ദേശം ഉൾക്കൊള്ളുന്നു.

ഈ സ്വർഗരാജ്യത്തിലെ പ്രഥമ പൗരന്മാർ സമൂഹത്തിലെ 'അന്ത്യജ'ന്മാരാണ്. ഏതു സമൂഹത്തിൻേറയും ഐശ്വര്യം, പ്രതാപം എന്നിവ അന്ത്യജൻെറ നെഞ്ചത്തു കെട്ടിപ്പൊക്കിയ ഭീകരവ്യവസ്ഥകളാണ്. അന്ത്യജന്മാരെ നിത്യബന്ധനത്തിൽ തട്ടിവീഴ്ത്തിയ അക്കാലത്തെ പ്രഥമ പൗരന്മാരെ ക്രിസ്തുദേവൻ ദേവാലയങ്ങളിൽ നിന്ന് അടിച്ചോടിച്ചു.

പൗരന്മാർക്കിടയിലുള്ള സാധാരണ മുൻഗണനാക്രമം തലതിരിച്ചിട്ട വിപ്ലവമാണ് ക്രിസ്തുദേവൻെറ മതത്തിൻെറ അന്തസ്സാരം. അതു സാക്ഷാത്കരിച്ച ആളായിരുന്നു മാർ പൗലോസ്. അദ്ദേഹം മതത്തെ ഈ

അന്ത്യജന്മാരോട് അടുപ്പിച്ചു. അങ്ങനെ അദ്ദേഹം പിന്തുടർന്ന ആത്മീയ സരണി, മാർക്സിൻെറയും ഗാന്ധിജിയുടെയും സമൂഹ പരിഷ്ക്കരണാദർശങ്ങളുടെ പാതയോടു സംയോജിച്ചു കൂടി. മനുഷ്യനന്മയുടെ പാരമ്യമായ ദൈവികത ദീനാനുകമ്പയിൽക്കവിഞ്ഞ ഒന്നുമല്ലെന്ന് ഇദ്ദേഹത്തെപ്പോലെ ധരിച്ച മറ്റൊരു വൈദികൻ കേരളത്തിൽ ഇല്ലെന്നു പറയാം. ഉണ്ടെങ്കിൽ അവരുടെ എണ്ണം വിരലിൽ എണ്ണിത്തീർക്കാം. വലിയ കാര്യങ്ങളൊന്നും മനസ്സിലാക്കാത്ത നമ്മുടെ നാട്ടിലെ ഏകമാനജീവികളായ രാഷ്ട്രീയക്കാർ അദ്ദേഹത്തെ വിളിച്ചത് 'ഇടതുപക്ഷ ബുദ്ധിജീവി' എന്നായിരുന്നു. ആകാശത്തിൻെറ വിശാലത കിണറിൻെറ മേൽത്തട്ടാണെന്നു കരുതുന്ന കൂപമണ്ഡൂകങ്ങളാണ് ഇവർ. പാവങ്ങളോടുള്ള കാരുണ്യത്തെ സമൂഹപരിവർത്തനത്തിന് ഉപയോഗിക്കുന്നവരെല്ലാം ആശയസൗഹാർദ്ദത്തിൽ തനിയെ എത്തിച്ചേരുന്നു. അതിനു ദൈനംദിനരാഷ്ട്രീയത്തിൻെറ അല്പത്തരങ്ങളോടു ബന്ധമില്ല.

ബൈബിളിനെ മനുഷ്യൻെറ മോചനത്തിന്നുള്ള ഉപാധിയാക്കാമെന്ന് ഈ പുരോഹിതൻ വ്യക്തമാക്കി. ഇതുവഴി അദ്ദേഹം . ഇതര വൈദികരെ അപേക്ഷിച്ച്, ക്രിസ്തുവിനോട് അകലം വളരെ കുറഞ്ഞ ആളായിത്തീർന്നു. അദ്ദേഹത്തിൻെറ ജീവിതത്തിനു കർമ്മത്തിൻെറ തിളക്കമുണ്ടായിരുന്നു. ക്രിസ്തു വെറും തിളക്കമായിരുന്നു. ഈ തിളക്കം ക്രൈസ്തവരിൽ കുറവാണെന്ന് ബിഷപ്പ് ഫുൾടൻ ഫീൻ ഒരിക്കൽ പ്രസംഗിക്കുകയുണ്ടായി. ആ പ്രസംഗത്തിനു മറുപടി പറയേണ്ടത് വാക്കുകൊണ്ടല്ല, ജീവിതം കൊണ്ടാണ്. പൗലോസ് തിരുമേനിയുടെ ജീവിതം തന്നെ ആ മറുപടിയായിരുന്നു.

ക്രിസ്തുവിനെയും മാർക്സിനെയും ഗാന്ധിജിയെയും ബന്ധിപ്പിക്കുന്ന ഈ ആർത്ത സ്നേഹം. എല്ലാ മതങ്ങളുടെയും അടിയിലുള്ള മഹാസ്പന്ദനമാണ്. ഇതു മതങ്ങളെയും ഏകീഭവിപ്പിക്കുന്നു. ബാലിയോളിലെ ഗ്രീക്ക് പ്രൊഫസറായിരുന്ന ബെഞ്ചമിൻ ജവറ്റ് ക്രിസ്തുമതം എല്ലാ മതങ്ങളെയും ഉൾക്കൊള്ളുന്നു എന്നു പറഞ്ഞത് അതുകൊണ്ടാണ്. മതതുല്യതയുടെ അർത്ഥം ആധിപത്യമോ ശ്രേഷ്ഠതയോ അല്ല; സമത്വമാണ്. ഈ സത്യം പ്രസംഗിച്ചു നടക്കാൻ മാർ പൗലോസിന് ഒരു പേടിയുമില്ല. ഇത്ര തുറന്നും നിശ്ശങ്കമായും മതൈക്യതത്വം പ്രബോധനം ചെയ്യുന്ന പുരോഹിതന്മാർ എത്രയോ കുറവാണ്. ക്രൈസ്തവ സമൂഹത്തിൽ ഈ സമഗ്ര മതബോധം ഉണ്ടായാൽ ഇന്ത്യയുടെ ഐക്യം സാക്ഷാത്കരിക്കാൻ പ്രയാസമുണ്ടാവില്ലെന്ന് അദ്ദേഹം കരുതി. ഈ ധീരത ബിഷപ്പിനു സ്വായത്തമായിരുന്നു.

രണ്ടു ദശാബ്ദമെങ്കിലും നമ്മുടെ കൂടെക്കഴിഞ്ഞ്, നമ്മുടെ നാടിനെ ഉയർത്തേണ്ടിയിരുന്ന ദൗത്യം ഏറ്റെടുത്ത ഈ പുരോഹിത ശ്രേഷ്ഠൻ, അപ്രതീക്ഷിതമായി നമ്മിൽ നിന്ന് എന്നെന്നേക്കുമായി വിട്ടു പിരിഞ്ഞുവെന്ന വസ്തുതയോടു പൊരുത്തപ്പെടാൻ പ്രയാസം. പൊരുത്തപ്പെടുകയാണു നമ്മുടെ കർത്തവ്യം. ഒരു പൗലോസ് മാർ പൗലോസിൻെറ പാതയിൽ ഒരുനൂറു യുവാക്കളുടെ കാല്പാടുകൾ പതിയുമാറാകട്ടെ !

# എൻെറ സഹപ്രവർത്തകൻെറ സവിശേഷവ്യക്തിത്വം

## മാർ അപ്രേം മെത്രാപ്പോലീത്ത

എൻെറ ചിരകാല സുഹൃത്തും രണ്ടു പതിറ്റാണ്ടു കാലം പൗരസ്ത്യ സഭയുടെ ഇന്ത്യൻ ഭദ്രാസനത്തിലെ എൻെറ സഹപ്രവർത്തകനുമായിരുന്ന മാർ പൗലോസ് അപ്പിസ്തോപ്പയെക്കുറിച്ച് ഓർക്കുമ്പോൾ എൻെറ സ്മരണയിൽ നിറഞ്ഞു നിൽക്കുന്നത് ന്യൂയോർക്കിലെ പ്രസിദ്ധമായ യൂണിയൻ തിയോളജിക്കൽ പ്രസിഡണ്ടായിരുന്ന ജോൺ സി. ബെന്നറ്റിൻെറ വാക്കുകളാണ്.

``No amount of priety correct doctrine can substitute for ethical sensitivity " ഭക്തി അല്ലെങ്കിൽ pietyയെക്കാൾ മാർപൗലോസ് മാനിച്ചത് ethical sensitivity യെയാണ്. ഭക്തിയുടെ പല വേഷങ്ങളും കാപട്യമാണെന്നദ്ദേഹം കരുതിയിരുന്നു.

ധാർമ്മികവും സാമൂഹികവുമായ പ്രശ്നങ്ങളിൽ പ്രതികരിക്കാതെ ഭക്തി കൊണ്ടു മാത്രം കാര്യമില്ല. ഭക്തി ഗാനങ്ങൾ പാടി ദൈവത്തെ സന്തോഷിപ്പിക്കുവാൻ ശ്രമിക്കുന്നതിനേക്കാൾ അശക്തരുടെ പക്ഷം പിടിച്ച് അവർക്കുവെണ്ടി വാദിക്കുമ്പോഴാണ് ദൈവം നമ്മിൽ പ്രസാദിക്കുകയെന്ന് അദ്ദേഹം വിശ്വസിച്ചു. മതപരമായ ആചാരനുഷ്ഠാനങ്ങളിലും ഭക്തിപ്രകടനങ്ങളിലും അദ്ദേഹത്തിന് അസ്വസ്ഥത തോന്നാറുണ്ട്. ഭക്തി കാട്ടുന്നത് എന്തോ ഒളിച്ചു വെക്കാനുള്ള സൂത്രമാണെന്ന് അദ്ദേഹം സംശയിച്ചിരുന്നു. യുക്തിവാദികളും മതേതര ചിന്താഗതിക്കാരും മത ഭക്തന്മാരെക്കാൾ നല്ലവരാണെന്ന് അദ്ദേഹം വിശ്വസിച്ചു. മതഭക്തി എന്നു പറയുന്നത് ചിലരെ സംബന്ധിച്ചിടത്തോളം മതഭ്രാന്താണെന്ന് പറയുവാൻ അദ്ദേഹം മടിച്ചിരുന്നില്ല.

പ്രസംഗങ്ങൾ സാധാരണ എഴുതി തയ്യാറാക്കി ചെത്തിമിനുക്കിയശേഷം മാത്രം പറഞ്ഞാൽ മതിയെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. പിന്നീട് അവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആ ആഗ്രഹം പൂർണ്ണമായി സഫലമാകുന്നതിന് മുമ്പ് അദ്ദെഹം കാലയവനിക്കുള്ളിൽ മറഞ്ഞു.

ആദ്യകൃതി കൊണ്ടു തന്നെ സാഹിത്യാക്കാദമിയുടെ അവാർഡിന്നർഹമായ അദ്ദേഹത്തിൽ നിന്ന് വളരെയേറി ഈടുറ്റ കൃതികൾ നമുക്കു പ്രതീക്ഷിക്കാമായിരുന്നു. പക്വതവന്നതിനുശേഷം എഴുതാമെന്ന് വച്ച് ആദ്യ

വർഷങ്ങളിൽ ഗ്രന്ഥങ്ങൾ ഒന്നും തന്നെ രചിച്ചില്ല. വളരെയേറെ വിലപ്പെട്ട ഗ്രന്ഥങ്ങൾ പുറത്തുവരുമായിരുന്ന ആ തൂലിക 56 വയസ്സിൽ നിശ്ചല മായി. വിധി അനുകൂലമായില്ല.

പരന്ന വായനയും ആഴമേറിയ മാനവും വഴി രൂപീകരിച്ചെടുത്ത ആശയങ്ങൾ ലുദീർഘ സഞ്ചാരങ്ങളിലുണ്ടായി അനുഭവങ്ങളുടെ വെളിച്ചത്തിൽ പാകപ്പെടുത്തി സമൂഹത്തിന് പകർന്നു കൊടുത്തു. ഇനി അദ്ദേഹം നമമങ്ങാടൊപ്പമില്ല. അദ്ദേഹത്തിൻെറ നിശ്ശബ്ദസാന്നിദ്ധ്യം ഇനിയും ഏറെക്കാലം നമ്മോട് സംവദിക്കും.

# ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻെറ ശബ്ദം

**വി.വി. രാഘവൻ.**

ഇരുപതാം നൂറ്റാണ്ടു ജന്മം നല്കിയ അതിവിശിഷ്ട മഹാത്മാക്കളിൽ ഒരാളായിരുന്നു ആദരണീയ ബിഷപ്പ് പൗലോസ് മാർ പൗലോസ് തിരുമേനി. നാനാമതജാതിമതസ്ഥരായ ജനലക്ഷങ്ങൾ അദ്ദേഹത്തിൻെറ വചനങ്ങൾക്കു വലിയ വില കല്പിച്ചിരുന്നു. ഊർജ്ജ്വസ്വലനായ തിരുമേനി അനേക വർഷങ്ങൾ നമ്മോടൊപ്പം ഉണ്ടായിരിക്കുമെന്ന പ്രതീക്ഷ പെട്ടെന്ന് തകിടം മറിച്ചു കൊണ്ടാണ് അകാലത്തിൽ നമ്മോടു വിട പറഞ്ഞത്. ഈ ലേഖകനെ സംബന്ധിച്ചിടത്തോളം ഈ വേർപാടുളവാക്കിയ മനോവ്യഥ ഇപ്പോഴും വിട്ടു മാറിയിട്ടില്ല. സഹോദരനിർവ്വിശേഷമായ സൗഹൃദബന്ധമാണ് എനിക്കദ്ദേഹവുമായി ഉണ്ടായിരുന്നത്.

തൃശൂർ അരമനയിൽ നിന്ന് ചികിത്സക്കായി മദിരാശിയിലേക്കു പുറപ്പെടും മുമ്പ് ദില്ലിയിലായിരുന്ന എനിക്ക് ദീർഘമായ ഒരു കത്തെഴുതുകയുണ്ടായി. തൃശൂരിലെ വെസ്റ്റ് ഫോർട്ട് ആസ്പത്രിയിലെ പരിശോധനയിൽ തനിക്ക് ''അൺസ്റ്റേബിൾ അൻജയിന'' എന്ന അസുഖമുണ്ട് എന്നു കണ്ടുവെന്നും വിശദപരിശോധനക്കായി മദിരാശിയിലേക്കു പോവുകയാണെന്നും തിരുമേനി ആ കത്തിൽ എഴുതിയിരുന്നു. ഗൗരവതരമായ എന്തെങ്കിലും രോഗമുണ്ടെന്ന ഒരു സൂചനയും ആ കത്തിൽ ഉണ്ടായിരുന്നില്ല. അന്നു തന്നെ ഞാൻ മറുപടി എഴുതി. അദ്ദേഹത്തിൽ നിന്നു കൂടുതൽ വിവരങ്ങൾ അറിയാൻ കാത്തിരിക്കുമ്പോഴാണ് തൃശൂരിൽ നിന്നു മനോരമയുടെ ശ്രീ. ആൻഡ്രൂസ് എന്നെ തളർത്തിക്കളഞ്ഞ ദു;ഖവാർത്ത ഫോൺ സന്ദേശം വഴി അറിയിച്ചത്.

സുസ്മേരവദനനായി പക്വതയാർന്ന വചസ്സുകളുമായി ഇടപഴകിയവരെയെല്ലാം തന്നിലേക്കാകർഷിച്ച തിരുമേനി അസാധാരണ വ്യക്തിത്വത്തിന്നുടമയായിരുന്നു. അമേരിക്കൻ വേദ പഠനയൂണിവേഴ്സിറ്റികളിൽ നിന്നും നേടിയ പാണ്ഡിത്യത്തേക്കാളേറെ അറിവ് തിരുമേനി സ്വതന്ത്രനിരീക്ഷണത്തിലൂടെ, ലോകപര്യടനത്തിലൂടെ നേടിയിരുന്നു. ക്രിസ്താബ്ദം രണ്ടായിരാമാണ്ടിൽ മനുഷ്യ സമൂഹം ചെന്നെത്തി നില്ക്കുന്ന പ്രത്യേകതകൾ ഒരു സാമൂഹ്യ ശാസ്ത്രജ്ഞൻെറ പാടവത്തോടെ അദ്ദേഹത്തിനു ഹൃദിസ്ഥമായിരുന്നു. മനുഷ്യസമൂഹത്തിൽ നിലനില്ക്കുന്ന ഉച്ചനീചത്വവും, ക്രൂരമായ ചൂഷണ മുറകളും അദ്ദേഹത്തെ വല്ലാതെ അസ്വസ്ഥനാക്കിയിരുന്നു. ആഗോള സാമ്പത്തിക ഭീമന്മാർ വികസ്വര രാഷ്ട്രങ്ങളെ വരിഞ്ഞു മുറുക്കുന്നതിൽ തിരുമേനി രോഷാകുലനായിരുന്നു. ഈ ചൂഷണ മുറകളെപ്പറ്റി പറയുമ്പോൾ അദ്ദേഹത്തിൻെറ വാക്കുകൾക്കു

വല്ലാത്തൊരു മൂർച്ചയുണ്ടായിരുന്നു. ഇത്തരം ചൂഷണ മുറകളെയാണ് ഏറ്റവും വലിയ ''പാപ'' മായി തിരുമേനി ചിത്രീകരിച്ചിരുന്നത്. ഇന്നു കാണുന്ന എല്ലാ വൈതരണികളേയും തട്ടിതകർത്തു കൊണ്ട് മനുഷ്യരാശി ഒരു പുതിയ ലോകം പടുത്തുയർത്തുമെന്നതിൽ തിരുമേനിക്കു തികഞ്ഞ ആത്മവിശ്വാസമുണ്ടായിരുന്നു. ഏതു വിഷയത്തെപ്പറ്റിയുള്ള പ്രഭാഷണ മായാലും, പ്രതികരണമായാലും മനുഷ്യനിലുള്ള ഈ ആത്മവിശ്വാസം ഉറപ്പിച്ച് പ്രകാശിപ്പിച്ചു കൊണ്ടേ അദ്ദേഹം വിരമിക്കാറുള്ളൂ.

മനുഷ്യൻെറ ഏറ്റവും വലിയ ശത്രു അവൻെറ മാനസികമായ വിധേയത്വമാണ് എന്ന് തിരുമേനി ഓർമ്മിപ്പിക്കുമായിരുന്നു. സ്വന്തം മന:സ്സാക്ഷിയോട് കൂറ് പുലർത്തിക്കൊണ്ട് സ്വതന്ത്രമായി ചിന്തിക്കാനും, കാര്യങ്ങൾ സ്വന്തമായി വിലയിരുത്താനും അതനുസരിച്ച് പ്രതികരിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞാൽ മാത്രമേ സമൂഹത്തിൽ നിലനില്ക്കുന്ന തിന്മകൾ ഇല്ലായ്മ ചെയ്യാനാവൂ. സ്വതന്ത്രമായ ചിന്തയ്ക്കു വിലങ്ങിടുന്ന ഏതു വിശ്വാസപ്രമാണവും തിന്മക്കു വളം വെയ്ക്കുകയുള്ളൂ. ചൂഷണമുറയ്ക്കു ചൂട്ട പിടിക്കുന്ന വിശ്വാസപ്രമാണങ്ങൾ ദൈവനിഷേധ മാണ്. സ്വതന്ത്രചിന്തയിലൂടെ ശക്തിയാർജ്ജിച്ച് തിന്മകളെ തുറന്നെതിർ ക്കാൻ കഴിയുമ്പോൾ മാത്രമേ മനുഷ്യൻ ദൈവത്തിലേക്കു അടുക്കുക യുള്ളൂ. വിമോചനദൈവശാസ്ത്രത്തിൻേറ അന്ത:സത്തയായി എനിക്കു തിരുമേനിയിൽ നിന്നു മനസ്സിലാക്കാൻ സാധിച്ചത് ഇതൊക്കെയാണ്.

ജീവകാരുണ്യപ്രവർത്തനങ്ങൾ നല്ലതാണ്. ആവശ്യമാണ്. പക്ഷെ മനുഷ്യനേയും സമൂഹത്തേയും മാറ്റിയെടുക്കലാണ് സർവ്വപ്രധാനം. അതു സാധിക്കാൻ ജീവകാരുണ്യപ്രവർത്തനങ്ങളെക്കൊണ്ടുമാത്രം കഴിയില്ല എന്നും തിരുമേനി പറയുമായിരുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മനുഷ്യനെക്കുറിച്ച് തിരുമേനിക്ക് ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു. തിന്മകളെ ചോദ്യം ചെയ്ത് നന്മയി ലേക്ക് കൂടുതൽ അടുക്കുന്ന ഒരു പുതുയുഗ പിറവിയായി അദ്ദേഹം ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ കണ്ടിരുന്നു. സത്യത്തിൽ അദ്ദേഹത്തി ൻെറ ശബ്ദം നന്മ നിറഞ്ഞ ഒരു പുതിയ സമൂഹത്തിനു വേണ്ടിയുള്ള കേളീ നാദമായിരുന്നു.

ആ ശബ്ദം നിലച്ചു - പക്ഷെ അതിൻേറ അലയൊലികൾ ഇന്നും നമ്മുടെ കാതുകളിൽ മുഴങ്ങിക്കേൾക്കുന്നു. അപൂർവ്വ തേജസ്സായ ആ പൂർണ്ണ മനുഷ്യൻ ഇന്ന് നമ്മുടെ ഇടയിൽ ഇല്ല. പക്ഷെ ആ തേജസ്സുരൂപൻ നമ്മുടെ മനസ്സിൽ കൂടുതൽ ശോഭയോടെ തിളങ്ങി നില്ക്കുന്നു. ഈ ഓർമ്മയും, ഈ രൂപവും വരുംതലമുറകൾക്കു നമുക്കു പകർന്ന് നല്കാം.

# രാഷ്ട്രീയ രംഗത്ത് ബിഷപ്പിൻെറ സംഭാവന

### ഡോ. നൈനാൻ കോശി.

രാഷ്ട്രീയ രംഗത്ത് ഒരു ബിഷപ്പിൻെറ സംഭാവനകളെപ്പറ്റി പറയുന്നതിലെന്തോ അസാധാരണത്വമുണ്ട്. ബിഷപ്പ് പൗലോസ് മാർ പൗലോസ് ഒരു സാധാരണ ബിഷപ്പല്ലായിരുന്നു.

''പരമ്പരാഗതമായ അർത്ഥത്തിൽ ഞാനൊരു രാഷ്ട്രീയ പ്രവർത്തകനല്ല. ഞാനൊരു ദൈവശാസ്ത്ര വിദ്യാർത്ഥി മാത്രമാണ്. ഞാനീ പറഞ്ഞത് രാഷ്ട്രീയ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുന്നതിനു വേണ്ടിയല്ല: നേരെമറിച്ച് പൗരോഹിത്യത്തിൽ വ്യാപൃതനായിരിക്കെത്തന്നെ എനിയ്ക്കു രാഷ്ട്രീയ ഉത്തരവാദിത്വങ്ങൾ ഉണ്ടെന്നു പരസ്യമായി ഏറ്റു പറയുന്നതിനും രാഷ്ട്രീയമേഖലയിലുള്ള ചുമതലകൾ മതജീവിതത്തിൻെറ അവിഭാജ്യഘടകമാണെന്നു ചൂണ്ടിക്കാണിക്കുന്നതിനും വേണ്ടിയാണ്.''

പ്രവാചകശബ്ദം ഉയർത്തുന്ന മതപുരോഹിതൻമാരോടും സന്യാസിമാരോടും സാധാരണ ചോദിക്കാറുള്ള ചോദ്യം ''ഇങ്ങനെ സംസാരിക്കുവാൻ നിങ്ങൾക്കെന്തധികാരമാണുള്ളത് എന്നാണ്. അതിന് ബിഷപ്പ് പൗലോസ് മാർ പൗലോസ് ശക്തമായ ഭാഷയിൽ തന്നെ മറുപടി പറയുന്നു. ''നിശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തധികാരം.''

ബിഷപ്പിൻെറ 'രാഷ്ട്രീയ പരിശീലനം' ദൈവശാസ്ത്ര പഠന കാലത്തായിരുന്നു. അദ്ദേഹം വിദ്യാർത്ഥിയായിരുന്ന ബർക്കിലി (കാലിഫോർണിയ) സർവകലാശാല വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ മുൻപന്തിയിലായിരുന്നു. വിയറ്റ്നാം യുദ്ധത്തിനെതിരെ അവിടത്തെ വിദ്യാർത്ഥികൾ നടത്തിയ പ്രക്ഷോഭണങ്ങൾ ബിഷപ്പിൻേറ ദൈവശാസ്ത്ര ചിന്താഗതിയെ വളരെ സ്വാധീനിച്ചു. ചില അവസരങ്ങളിൽ ചെറുത്തുനില്പിൽ കൂടിയാണ് ക്രിസ്തീയ അനുസരണം പ്രകടമാക്കേണ്ടത് എന്ന് ബിഷപ്പിനു ബോദ്ധ്യമായി.

ചെറുത്തുനില്പിനെക്കുറിച്ചുള്ള സങ്കല്പങ്ങൾ എങ്ങനെയാണ് ദൃഢവൽക്കരിച്ചതെന്ന് ബിഷപ്പ് വിവരിക്കുന്നുക ''പഠനം കഴിഞ്ഞ് നാട്ടിലേക്കു തിരിച്ചെത്തിയത് രാഷ്ട്രീയ അടിയന്തിരാവസ്ഥയുടെ നടുവിലേക്കാണ്. പ്രതിഷേധത്തിൻെറയും പ്രതിരോധത്തിൻേറയും മൂർത്തമായ രൂപം കോഴഞ്ചേരിക്കാരൻ എം.എം. തോമസിൽ ഞാൻ കണ്ടു. അടിയന്തിരാവസ്ഥക്കെതിരെ അഭിപ്രായം രൂപവൽക്കരിക്കുന്നതിനും, വിചാരണ കൂടാതെ തടവിൽ കിടന്നിരുന്ന ഹതഭാഗ്യരുടെ കുടുംബാംഗ

ങ്ങളെ സഹായിക്കുന്നതിനും കേരളത്തിലങ്ങോളമിങ്ങോളം ഓടി നടക്കുകയായിരുന്നു ഈ 'ഏഷ്യൻ നീബൂർ' (സ്വാതന്ത്ര്യമാണ് ദൈവം - ആമുഖം)

ഒരു ക്രിസ്തീയ വിശ്വാസിയുടെ രാഷ്ട്രീയ ഉത്തരവാദിത്വമെന്തെന്നതിന് വാക്കിലും, വിചാരത്തിലും പ്രവൃത്തിയിലും വലിയൊരു മാതൃകയായിരുന്നു എം.എം. തോമസ്.

ഡോ. തോമസിൻെറ സ്വാധീനവലയത്തിൽ പെട്ട ചില ജനകീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടതും തിരുമേനിയുടെ രാഷ്ട്രീയ ആശയങ്ങൾക്കു വ്യക്തതയും പ്രവർത്തനങ്ങൾക്കു മൂർത്ത രൂപവും നൽകി.

ഭരണകൂടങ്ങളോട് ക്രൈസ്തവർ അനുവർത്തിക്കേണ്ട സമീപനത്തെപ്പറ്റി തിരുമേനി ഇങ്ങനെ പറഞ്ഞുക "നല്ല പൂന്തോട്ടം പോലെ നല്ല ഭരണകൂടവും ശ്രദ്ധിച്ചു പരിപാലിക്കപ്പെടണം. അല്ലെങ്കിൽ അഴിമതിയുടെയും, ഏകാധിപത്യത്തിൻെറയും കളകൾ തഴച്ചു വളരുമെന്നത് തീർച്ചയാണ്.'' ഏത് 'ഇസ' മാണെങ്കിലും വേണ്ടില്ല, കമ്യൂണിസമാകാതിരുന്നാൽ മാത്രം മതി എന്ന ജർമ്മൻ ക്രിസ്ത്യാനികളുടെ സങ്കുചിത നിലപാട് നാസിസം വളരുന്നതിൽ വലിയ പങ്കു വഹിച്ചുവെന്നത് ബിഷപ്പ് ചൂണ്ടിക്കാട്ടി.

രാഷ്ട്രീയ മേഖലയിൽ ശബ്ദമുയർത്തുന്നതിന് സദയ്ക്ക് യാതൊരു അവകാശവുമില്ലെന്ന് വിശ്വസിയ്ക്കുന്ന ഭരണകർത്താക്കളുണ്ട്. രാഷ്ട്രീയത്തിൽ ഇടപെടേണ്ട ആവശ്യമില്ല എന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനികളുമുണ്ട്. ദൈവശാസ്ത്രത്തിൻെറ വെളിച്ചത്തിൽ ഈ രണ്ടു നിലപാടും തീർത്തും തെറ്റാണെന്നു ബിഷപ്പ് പറഞ്ഞു.

തിരുമേനി ചോദിച്ചുക 'ഭർണകർത്താക്കൾ ചൂഷകരാകുമ്പോഴും ഭരിക്കപ്പെടുന്നവർക്കു നീതി നിഷേധിക്കപ്പെടുമ്പോഴും, സുവിശേഷം നമുക്കു നല്കുന്ന ദർശനമെന്താണ്? ദൈവഹിതത്തിനും ആജ്ഞയ്ക്കും വിരുദ്ധമാകാതിരിക്കുമ്പോഴേ ഭരണകൂടത്തോടുള്ള അനുസരണം ന്യായീകരിക്കപെടുന്നുള്ളൂ. ദൈവമാണ് പരമമായ അധികാരിയും ഭർണകർത്താവും. മറ്റെല്ലാ അധികാരങ്ങളും ദൈവത്താൽ നിയമിക്കപ്പെട്ടതാണ്. അതുകൊണ്ട് ഭരണകൂടം അതിൻെറ അധീശത്വം അന്യായമായി പ്രയോഗിക്കുമ്പോൾ അതിനോടുള്ള ചെറുത്തു നില്പും അഭികാമ്യവും തികച്ചും ആവശ്യവുമാണ്.

അത്തരം ചെറുത്തു നില്പിനു ഭാരതത്തിലെ ക്രൈസ്തവസഭ തയ്യാറായിട്ടില്ലെന്നു ബിഷപ്പ് ചൂണ്ടിക്കാട്ടി. "തങ്ങളുടെ സ്ഥാപിത താൽപര്യങ്ങളെ തൊട്ടുകളിച്ചപ്പോഴല്ലാതെ സഭ ഒരിക്കലും രാഷ്ട്രീയത്തിൻെറ മുൻനിരയിൽ വന്നിട്ടില്ലെന്നുള്ളതാണ് വാസ്തവം. തങ്ങളുടെ താല്പര്യങ്ങൾ അപകടത്തിലാണെന്നു കണ്ടാലുടൻ ന്യൂനപക്ഷസംരക്ഷണ

ത്തിൻെറ മറവിൽ സഭ പോരാടും. ഈ പോരാട്ടത്തിൽ പങ്കു ചേരാൻ അജഗണങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യും. 1957ലെ വിമോചന സമരം അതിൻെറ പ്രത്യക്ഷ ഉദാഹരണമാണല്ലോ. സ്ഥാപിത താല്പര്യങ്ങൾക്ക് കോട്ടമൊന്നും സംഭവിക്കാത്ത സമയങ്ങളിൽ രാഷ്ട്രീയത്തിൽ ഇടപെടുന്നതു സഭ നിരുത്സാഹപ്പെടുത്തുകയും ചെയ്യാറുണ്ട്.'' (സ്വാതന്ത്ര്യമാണു ദൈവം - പേജ് 93)

സഭയുടെ നിലപാടിനെ തിരുമേനി നിശിതമായി വിമർശിച്ചു. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കാനെന്ന പേരിൽ ക്രൈസ്തവ സഭ കാട്ടികൂട്ടിയെടുത്ത വിക്രിയകൾ സാർവ്വത്രിക മനുഷ്യത്വത്തെപ്പറ്റിയുള്ള വേദപുസ്തകദർശനത്തേയും ഭാരതത്തിൻെറ മതേതര സ്വഭാവത്തേയും ചവുട്ടിമെതിക്കുന്നതാണ്.

ബിഷപ്പിൻെറ ഏറ്റവും വലിയ സംഭാവനകളിലൊന്ന് മതേതരത്വ മെന്ന ആശയത്തിനും അതിൻെറ പ്രയോഗത്തിനുമായിരുന്നു. ദൈവ ശാസ്ത്ര ചിന്തകളെ മതേതരരംഗത്തു മനസ്സിലാകുന്ന ഭാഷയിൽ സ്വീകാര്യമായ ശൈലിയിൽ അവതരിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതിൻെറ ഉറവിടം മതേതരത്വത്തിനുള്ള ക്രിസ്തീയസംഭാവന യെപ്പറ്റിയുള്ള വ്യക്തമായ അവബോധമായിരുന്നു.

മതേതര സമൂഹം കെട്ടിപ്പടുക്കുന്നതിൽ ക്രൈസ്തവസഭയുടെ പങ്കെന്തായിരിക്കണം? ''മതേതരസമൂഹം കെട്ടിപ്പടുക്കണമെങ്കിൽ ഇന്ന് സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മതേതരവൽക്കരണ പ്രക്രിയ വേദപുസ്താകാധിഷ്ഠിതമാണെന്നു മനസ്സിലാക്കി അതിൻെറ ആക്കം വർദ്ധിപ്പിക്കുവാൻ സഭ ആത്മാർത്ഥമായി പരിശ്രമിക്കണം. (നിശബ്ദരാ യിരിക്കാൻ നിങ്ങൾക്കെന്തധികാരം? പേജ് 97)

ഈ രംഗത്ത് സഭയ്ക്കുള്ള ചുമതലയെപ്പറ്റി ബിഷപ്പ് പറയുന്നു. ഇവിടെയാണ് ന്യൂനപക്ഷാവകാശങ്ങൾക്ക് സാധാരണയുള്ള അർത്ഥ ത്തിൽ നിന്ന് വ്യത്യസ്തമായ അർത്ഥം ബിഷപ്പ് നല്കുന്നത്.

സഭയുടെ ന്യൂനപക്ഷസ്ഥിതി അവകാശങ്ങൾ ചോദിച്ചു വാങ്ങാ നുള്ള ഉപാധിയായിട്ടല്ല നാം കണക്കാക്കേണ്ടത്. ''വേദപുസ്തകാധിഷ്ഠി തമായ ധാരണകളുടെ വെളിച്ചത്തിൽ മർദ്ദിതർ, ചൂഷിതർ, കഷ്ടപ്പെടു ന്നവർ, അധികാരമില്ലാത്തവർ, മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടിട്ടു ള്ളവർ ഇവരാണ് ന്യൂനപക്ഷം...... നമ്മുടെ രാജ്യത്ത് വർഗീയതയെ തോല്പിക്കുകയും മതേതരത്വത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണ മെങ്കിൽ ന്യൂനപക്ഷമതസമുദായ പരിഗണനകൾക്കതീതമായി ശബ്ദരഹി തൻെറയും, ശക്തിഹീനൻെറയും അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിന് നാം ഒന്നിക്കണം. അവരുടെ പക്ഷം പിടിക്കണം'' (പേജ് 101). ഇതാണ് മതേതര രംഗത്തുള്ള ഒരു ചുമതല.

സഭയുടെ നിയന്ത്രണവും, ആധിപത്യവും, സാമൂഹ്യഘടനയിൽ

നിന്നും നിയമങ്ങളിൽ നിന്നും മാറ്റണം. ''സമൂഹത്തിൽ പ്രവാചകൻെറ ശുശ്രൂഷയായിരിക്കണം, അധികാരിയുടെ ശുശ്രൂഷയായിരിക്കരുതു സഭ ചെയ്യുന്നത്. അപ്പോൾ മാത്രമാണ് മനുഷ്യൻെറ പോരാട്ടങ്ങളിൽ പങ്കു ചേരാൻ സഭക്കു സാധിക്കുക.''

തിരുമേനി തുടർന്നു പറയുന്നുക ''വർഗീയതയ്ക്ക് വളം വയ്ക്കുന്ന ഭരണകൂടങ്ങളുടെ ചെയ്തികൾക്കെതിരെ നിതാന്തജാഗ്രത പാലിക്കണം. മനുഷ്യാവകാശങ്ങളുടെ വെളിച്ചത്തിൽ മാത്രം ന്യൂനപക്ഷാവകാശങ്ങളെ കാണുക.'' (പേജ് 103)

1975 ൽ കേരളത്തിൽ തിരികെയെത്തിയപ്പോൾ മുതൽ ബിഷപ്പ് മനുഷ്യാവകാശങ്ങൾക്കു വേണ്ടി ശക്തമായി വാദിച്ചു. മനുഷ്യാവകാശങ്ങൾ നിഷേധിച്ച അടിയന്തിരാവസ്ഥ കാലത്തായിരുന്നല്ലോ തിരുമേനി തിരിച്ചു വന്നത്.

''അടിയന്തിരാവസ്ഥയുടെ അഴുക്കു പിടിച്ച മറ നീങ്ങിയപ്പോൾ ഭാരതത്തിലെ ദശലക്ഷങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളുടെ കരളലിയിപ്പിക്കുന്ന കഥകൾ നാം കേൾക്കുകയുണ്ടായി. രാഷ്ട്രത്തിൽ സമാധാനവും അച്ചടക്കവും നിലനിർത്തുന്നതിന് മനുഷ്യൻേറ സ്വാതന്ത്ര്യത്തെ അടിച്ചമർത്തേണ്ടത് ആവശ്യമാണെന്നാണ് അടിയന്തിരാവസ്ഥയുടെ ഉപജ്ഞാതാക്കൾ അന്നുപറഞ്ഞിരുന്നത്. ഈ ന്യായീകരണം ശരിയാണെന്നു തോന്നുന്നില്ല'' (നിശബ്ദരായിരിക്കാൻ - പേജ് 29)

സ്വാതന്ത്ര്യത്തെക്കാളുപരി അച്ചടക്കത്തിന് സ്ഥാനം കൊടുക്കുമ്പോൾ, സ്വയം നീതീകരിക്കുന്ന ഒരു രാഷ്ട്രീയസിദ്ധാന്തം നിലവിലിരിക്കുമ്പോൾ, സമൂഹത്തിലെന്തു സംഭവിക്കുന്നുവെന്നതിന് അടിയന്തിരാവസ്ഥ കാലത്ത് നാം സാക്ഷികളായി. പക്ഷെ പ്രതിഷേധത്തിൻെറ സ്വരം സഭയിൽ ഉയർന്നില്ല. മാർത്തോമ്മാ മെത്രാപ്പോലീത്ത യൂഗാക്കോൻ മാത്രമായിരുന്നു അടിയന്തിരാവസ്ഥയെ വിമർശിച്ച സഭാമേലദ്ധ്യക്ഷൻ. അദ്ദേഹം മാർത്തോമ്മാ സഭയുടെയോ, ക്രിസ്ത്യാനികളുടെയോ അവകാശങ്ങളെപ്പറ്റിയൊന്നും പറയാതെ എല്ലാവരുടെയും മനുഷ്യാവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടും മനുഷ്യാവകാശങ്ങൾക്കും മതേതരത്വത്തിനും ഇതൊരു വലിയ സംഭാവനയായിത്തീർന്നു. ഇതു തന്നെയായിരുന്നു എം.എം. തോമസിൻെറയും ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറയും നിലപാട്.

''മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോൾ സഭയ്ക്ക് കൈയും കെട്ടി നോക്കി നിൽക്കുവാൻ സാധിക്കുകയില്ല. സഭപക്ഷം പിടിക്കേണ്ടിവരും.'' തിരുമേനി വ്യക്തമാക്കുന്നു. ''സഭയുടെ പക്ഷം ചേർന്നുള്ള പ്രവർത്തനം തെറ്റല്ലേ? ന്യായമായ ചോദ്യമാണ്. പക്ഷെ സഭ ഇവിടെ പക്ഷം ചേരുന്നത് അതിൻെറ സ്ഥാപിത താൽപര്യങ്ങളെ പരിരക്ഷിക്കാനല്ല, സ്വന്തം അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടിയല്ല. സഭ

അവശരോടും ആലംബഹീനരോടും പങ്കു ചേർന്ന് പ്രവർത്തിക്കുമ്പോൾ അതു കക്ഷി പരിഗണനകളോടുകൂടിയ പ്രവർത്തനമല്ല. നേരെ മറിച്ച് മനുഷ്യരാശി മുഴുവൻ വിമോചിപ്പിക്കപ്പെടണം എന്ന ഉദ്ദേശ്യത്തോടു കൂടെയുള്ള പ്രവർത്തനമാണ്. (നിശബ്ദരായിരിക്കാൻ - പേജ് 33)

സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി വാദിക്കുകയും അവരോടൊത്തു പ്രവർത്തിക്കുകയും ചെയ്ത ബിഷപ്പിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിൻെറ രാഷ്ട്രീയ ദൗത്യത്തിൻെറ ഒരു പ്രധാനഭാഗമായിരുന്നു അത്.

മേരി റോയി കേസിൽ സുപ്രീംകോടതി നൽകിയ വിധി ന്യായത്തെ മറികടക്കാനുണ്ടായ നിയമപരവും അല്ലാത്തതുമായ നീക്കങ്ങളെ ബിഷപ്പ് ശക്തിയായി എതിർത്തു. "അത് സ്ത്രീകൾക്കെതിരായ നീതിനിഷേധവും അക്കാരണത്താൽതന്നെ മനുഷ്യാവകാശ ധ്വംസനവുമാണ്. പുരോഗമന സ്വഭാവമുള്ള സുപ്രിംകോടതി വിധിയിൽ ഏററവും പ്രധാനപ്പെട്ട പ്രമേയം നമ്മുടെ സമൂഹത്തിൽ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും തുല്യഅവകാശമുണ്ടായിരിക്കണമെന്നതാണ്" (നിശ്ശബ്ദരായിരിക്കാൻ - പേജ് 72)

സഭ ഇതിനെ ഒരു ധാർമ്മിക പ്രശ്നമായി കാണണമെന്ന് ബിഷപ്പ് ആവശ്യപ്പെട്ടു.

"സഭയുടെ ദർശനം, വേദോപദേശം, ദൈവശാസ്ത്രം, സുവിശേഷത്തെപ്പറ്റിയുള്ള ധാരണകൾ, സമൂഹത്തോടുള്ള പ്രതിബന്ധത തുടങ്ങിയവയെല്ലാം ഈ പ്രശ്നത്തിൻെറ വെളിച്ചത്തിൽ വിധിക്കപ്പെടുകയാണ്. സ്ത്രീകൾ കുടുംബത്തിൽ അവകാശം പിടിച്ചു പറ്റിയാൽ കാലാന്തരേണ സഭയിലും അവകാശങ്ങൾ ചോദിക്കുമെന്നും, സഭയുടെ ഘടനകളിൽ ആവശ്യമായ പ്രാതിനിധ്യത്തിനുവേണ്ടി ശബ്ദമുയർത്തുമെന്നും സഭയ്ക്കറിയാം."

സ്ത്രീകളെ സംബന്ധിച്ച പല പ്രശ്നങ്ങളിലും -വിവാഹമോചനം ഉൾപ്പെടെ - ബിഷപ്പിൻെറ അഭിപ്രായത്തിന് ഗവർമെൻറും കോടതികളും വലിയ വില കല്പിച്ചിരുന്നു.

ഇടതുപക്ഷ ജനാധിപത്യ വേദികളിലെ പ്രിയംകരനായ പ്രഭാഷകനായിരുന്ന ബിഷപ്പ് പൗലോസ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന് ഈടുറ്റ സംഭാവനകൾ നൽകി. അദ്ദേഹം ഏറ്റവും അധികം വിമർശന വിധേയനായതും ഈ രംഗത്തെ പ്രവർത്തനത്തിലായിരുന്നു.

രണ്ടുകാര്യങ്ങൾ ഇവിടെ എടുത്തു പറയേണ്ടതുണ്ട്. ഒന്ന്, ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തോടുള്ള അദ്ദേഹത്തിൻെറ ആഭിമുഖ്യം, രണ്ട്: ക്രിസ്ത്യൻ - മാർക്സിസ്റ്റു സഹകരണത്തേപ്പറ്റി ബിഷപ്പിനുണ്ടായിരുന്ന വ്യക്തമായ ധാരണ.

ഒരു തെരഞ്ഞെടുപ്പിൻെറ സന്ദർഭത്തിൽ ''ഡൈനാമിക് ആക്ഷന്' ബിഷപ്പ് നൽകിയ അഭിമുഖത്തിൽ പറഞ്ഞു ''ഞാൻ തീർച്ചയായും ജനങ്ങളുടെ വളർച്ചയ്ക്കും അവകാശസംരക്ഷണത്തിനും അഭികാമ്യമായി കാണുന്നത് ഇടതുപക്ഷജനാധിപത്യമുന്നണിയെയാണ്. വലതുപക്ഷ മുന്നണിയാവട്ടെ വർഗീയതാൽപ്പര്യങ്ങളെയാണ് പരിരക്ഷിക്കുന്നത്. മാത്രമല്ല ആ മുന്നണി കുത്തക മുതലാളിത്തത്തിൻെറ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നു. ക്രിസ്ത്യാനികളും ക്രിസ്തേതരരും മതേതരരുമായിട്ടുള്ളവർ ഒരുമിച്ചു പ്രവർത്തിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ വിജയിപ്പിക്കണം.''

''ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കാർ ഒരു സ്ഥാനാർത്ഥിയാവണം എന്നാവശ്യപ്പെട്ടാൽ അങ്ങു സമ്മതിക്കുമോ?'' എന്ന ചോദ്യത്തിന് അദ്ദേഹം നൽകിയ ഉത്തരം ശ്രദ്ധേയമാണ്. അങ്ങനെ സ്ഥാനാർത്ഥിയാകുന്നതിൽ ഞാൻ തെറ്റുകാണുന്നില്ല. പക്ഷെ തൽക്കാലം ഞാനൊരു സ്ഥാനാർത്ഥിയായിട്ടു നില്ക്കാനാഗ്രഹിക്കുന്നില്ല. ഇപ്പോഴത്തെ പരിതസ്ഥിതിയിൽ എനിക്കു കിട്ടിയിട്ടുള്ള പരിശീലനവും മറ്റും വച്ചുനോക്കുമ്പോൾ ഞാൻ മറ്റൊരു കളരിയിലാണ് പ്രവർത്തിക്കേണ്ടത് എന്ന് എനിക്കു തോന്നുന്നു. എന്നുവച്ച് എൻെറ കളരിയും രാഷ്ട്രീയ കളരിയും വേറെ വേറെയായി ഞാൻ കാണുന്നില്ല. ഈ രംഗത്തു നിന്നുകൊണ്ടുതന്നെ രാഷ്ട്രീയ ചുമതലകൾ ഏറ്റെടുക്കുന്നതിന് രാഷ്ട്രീയമായി ജനങ്ങളെ പ്രബുദ്ധരാക്കുന്നതിന് സാധിക്കും. മതപരമെന്നും രാഷ്ട്രീയമെന്നും ഉള്ള തരംതിരിവു തന്നെ തെറ്റാണ്. മതത്തിൻെറ ഉള്ളിൽ പ്രവർത്തിക്കുക എന്നു പറഞ്ഞാൽ രാഷ്ട്രീയത്തിൽ നിന്ന് ഇതരമായോ രാഷ്ട്രീയത്തിനെതിരായോ ഉള്ള പ്രവർത്തനം അല്ല''.

ബർക്കാലിയിലെ പഠനകാലത്തു തന്നെയാണ് കാറൽ മാർക്സിൻെറ ഹ്യൂമനിസവും, ജർമ്മൻ ദൈവശാസ്ത്രജ്ഞൻ ഡീറ്റ്റിക് ബോൺഹോ ഫറുടെ ''മതപരിവേഷം ഇല്ലാത്ത ക്രിസ്തീയതയും'' ബിഷപ്പ് പൗലോസ് മാർ പൗലോസിനെ സ്വാധീനിച്ചത്. ക്രിസ്തീയ വിശ്വാസികൾ മാർക്സിസ്റ്റുകാരുമായി സഹകരിച്ചു പ്രവർത്തിക്കണമെന്ന ആശയത്തിന് ആഴം നൽകുന്നത് ഈ സ്വാധീനമാണ്. ബിഷപ്പിൻെറ രാഷ്ട്രീയ നിലപാട് വ്യക്തമാക്കുന്ന ഒരു രേഖയാണ് ബർക്കിലിയിൽ അദ്ദേഹം ഡോക്ടർ ബിരുദത്തിനായി സമർപ്പിച്ച ഗവേഷണ പ്രബന്ധം. പ്രബന്ധത്തിൻെറ തലകെട്ട് ഇതാണ്. ''കാറൽ മാർക്സിൻെറ മതവിമർശനത്തിനു ബോൺ ഹോഫർ നടത്തുന്ന തിരുത്ത്.''

ബോൺഹോഫർക്ക് മാർക്സും, മാർക്സിനു ബോൺ ഹോഫറും താത്വികമായ വെല്ലുവിളിയാണെന്ന നിഗമനത്തിൽ ചെന്നെത്തിയ അദ്ദേഹം "ആശയ വിനിമയത്തിനുള്ള ആഹ്വാനം" എന്ന അവസാന അദ്ധ്യായത്തിൽ ഇങ്ങനെ പറയുന്നു

''മാർക്സിയൻ മതവിമർശനത്തെ മുൻവിധി കൂടാതെയും ശുഭപ്രതീക്ഷയോടു കൂടിയും പരിശോധിച്ചപ്പോൾ നാം ഒരു കാര്യം കണ്ടെത്തി. ഒട്ടേറെ കാര്യങ്ങളിൽ വിയോജിപ്പുണ്ടെങ്കിലും മാർക്സിസ്റ്റുകാരും ക്രിസ്ത്യാനികളും തമ്മിൽ യോജിച്ച് യഥാർത്ഥമായ മനുഷ്യസേവനത്തിനുവേണ്ടി - ദരിദ്രരും സഹായമാവശ്യപ്പെടുന്നവരും വിശക്കുന്നവരും നിരാശരുമായ ജനങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി വിശേഷിച്ചും പോരാടേണ്ടതാണ്. 'ഇഹലോകത്തോട് ആത്മാർത്ഥത പുലർത്താൻ' ഇരുകൂട്ടരും തമ്മിൽ യോജിക്കേണ്ടതാണ്. മാർക്സിൻെറ നിരീശ്വരത മനുഷ്യ സമൂഹ ശാസ്ത്രപരമായ ഒരു താത്വിക സങ്കല്പമാണ്. അതു മനുഷ്യ വ്യക്തിയെ മാനുഷിക താല്പര്യങ്ങളുടെ കേന്ദ്രമായി കണക്കാക്കുന്നു എന്ന നിഗമനത്തിലാണ് നാം ചെന്നെത്തിയത്. മാർക്സിൻെറ മതവിമർശനം നമ്മുടെ (ക്രിസ്തീയ മതവിശ്വാസികളുടെ) പിടിവാദപരമായ ആലസ്യത്തിൽ നിന്നുണർത്തുന്നുവെന്നും നാം കണ്ടു. മാർക്സിൻെറ മതവിമർശനത്തെ ബോൺ ഹോഫർ മാതൃകയിൽ തിരുത്തുന്നതിലൂടെ നാം ഒരുകാര്യം കണ്ടെത്തി. ക്രിസ്തീയ വിശ്വാസത്തിൻെറ പരമ്പരാഗതമായ വ്യാഖ്യാനവും ചരിത്രപരമായ ധർമ്മവും എന്തായിരുന്നാലും അതിൻെറ അടിസ്ഥാന തത്വങ്ങൾ മനുഷ്യൻെറ ഇഹലോകജീവിതത്തെ സമഗ്രമായി ഉയർത്തിപ്പിടിക്കാനുള്ള ഒരു കാഴ്ചപ്പാടാണ്. ക്രിസ്തീയ വിശ്വാസത്തിൻെറ അന്തസത്ത അന്യവൽക്കരണശക്തികൾക്കെതിരെ മനുഷ്യൻെറ പേരിൽ നടക്കുന്ന വിപ്ലവസമരത്തോടുള്ള പ്രതിബദ്ധതയുമായി തികച്ചും പൊരുത്തപ്പെടുന്നു. ക്രിസ്തീയ സഭക്ക് അതിൻെറ സ്വന്തം വ്യക്തിത്വവും, അതിനു ചുറ്റുമുള്ള ഇഹലോകവും സംബന്ധിച്ച് പുതിയ ധാരണയുണ്ടാക്കാൻ ഈ തിരുത്ത് നമ്മെ സഹായിക്കുന്നു. വളർച്ചയെത്തിയ ഇന്നത്തെ ലോകത്തിൽ ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നതിൻെറ അർത്ഥം ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു.''

സാമാന്യം ദീർഘമായ ഈ ഉദ്ധരണി ഇവിടെ ചേർത്തതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന് ഒരു ഗവേഷണപ്രബന്ധം ഒരു വ്യക്തിയുടെ വിശ്വാസത്തിൻെറ ആവിഷ്കാരമായിത്തീരുക അപൂർവമാണ്. ബിഷപ്പിൻെറ ഗവേഷണപ്രബന്ധം അദ്ദേഹത്തിൻെറ ദൈവശാസ്ത്രത്തിൻെറ സാക്ഷ്യമായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയവും ദൈവശാസ്ത്രവും ഒന്നു തന്നെയായിരുന്നതിനാൽ ഇതു രാഷ്ട്രീയത്തിൻെറ സാക്ഷ്യവുമാകുന്നു.

രണ്ടാമത്തെ കാരണം ക്രിസ്ത്യൻ-മാർക്സിസ്റ്റു സഹകരണത്തിന് ബിഷപ്പ് മൗലികമായ വിശദീകരണം ഇവിടെ നൽകുന്നുവെന്നതാണ്. പ്രായോഗിക രംഗത്തെ സഹകരണത്തിന് ആവശ്യമായ പൊരുത്തം ക്രിസ്തീയ വിശ്വാസത്തിൻെറ അന്തകസത്തയും, വിപ്ലവസമരത്തിൻെറ പ്രതിബദ്ധതയുമായുണ്ട്. ഇടതുപക്ഷ പ്രസ്ഥാനത്തോടു പൊതുവേയും മാർക്സിസ്റ്റു പാർട്ടിയോടു പ്രത്യേകിച്ചും അദ്ദേഹം സഹകരിച്ചതിനുള്ള

വിശദീകരണവും ഇതുത്തന്നെയാണ്.

വിമോചന ദൈവശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ ഭാരതത്തിലെ പ്രത്യേകപരിതസ്ഥിതികളിൽ ഒരുമതേതര ദൈവശാസ്ത്രത്തിനു രൂപം നൽകുവാൻ ബിഷപ്പ് പൗലോസിനു കഴിഞ്ഞു. സാമൂഹ്യജീവിതത്തെ നിയന്ത്രിക്കുകയല്ല, നീതിയിലധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് പ്രചോദനം നൽകുകയാണ് മതത്തിൻെറ കർത്തവ്യം എന്നദ്ദേഹം തിരിച്ചറിഞ്ഞു.

ഈ നാടിൻെറ പ്രശ്നങ്ങളും ഇവിടത്തെ ജനങ്ങളുടെ അഭിനിവേശങ്ങളും മനസിലാക്കി വിമോചന ദൈവശാസ്ത്രത്തിന് അർത്ഥപൂർണ്ണമായ വ്യാഖ്യാനം നൽകി കേരളത്തിനായി ഒരു വിചാരധാര രൂപപെടുത്തുവാൻ കഴിഞ്ഞുവെന്നതാണ് അദ്ദേഹത്തിൻെറ നേട്ടം. വിശ്വാസത്തിൻെറ അതിർത്തി പ്രദേശങ്ങളിലായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനം. മതപുരോഹിതന്മാർ കടന്നു ചെല്ലാൻ മടിച്ചിടത്താണ് നിർഭയനായി അദ്ദേഹം സഞ്ചരിച്ചതും. വിശ്വാസത്തെപ്പറ്റി പരമ്പരാഗതമായി സഭ ഉപയോഗിച്ച ഭാഷ അവിടെ പ്രസക്തമല്ലെന്നു മനസ്സിലാക്കിയ ബിഷപ്പ് പുതിയൊരു ശൈലിയും ഭാഷയും കണ്ടെത്തി.

ദൈവശാസ്ത്രത്തിന് വിമോചനത്തിൻെറ ഊന്നലും ദൃഢതയും ലഭിക്കുന്നത് മർദ്ദിതരുടെ അനുഭവങ്ങളിൽ നിന്നാണ്. വിമോചനത്തിനുള്ള സമരങ്ങളുമായി ബന്ധപ്പെടാത്തവർക്ക് വിമോചന ദൈവശാസ്ത്രജ്ഞന്മാരെന്നവകാശപ്പെടാൻ കഴിയുകയില്ല. ജനകീയ സമരങ്ങളിൽ പക്ഷം പിടിച്ച് ദൈവശാസ്ത്രം ചെയ്യുന്നുവെന്നതാണ് വിമോചന ദൈവശാസ്ത്രജ്ഞന്മാരുടെ സവിശേഷത. ദൈവശാസ്ത്രത്തിൻെറ നിശ്ചലത മാറ്റി അതിനെ ചാലകശക്തിയാക്കുന്നുവെന്നർത്ഥം.

അപ്പോൾ അവരുടെ പങ്കാളികളായി ദൈവശാസ്ത്രജ്ഞന്മാർ കാണുന്നത് പുരോഗമന പ്രസ്ഥാനങ്ങളെയാണ്. കേരളത്തിലാണെങ്കിൽ മാർക്സിസ്റ്റു പാർട്ടി നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തെയാണ്. പുരോഗമന പ്രസ്ഥാനങ്ങളുടെയെല്ലാം കുത്തക ഇതിലാണെന്നർത്ഥമില്ല. ദൈവശാസ്ത്രം ചെയ്യുമ്പോൾ സ്വാഭാവികമായും ബിഷപ്പു പൗലോസിനെപ്പോലെയുള്ളവർ എത്തിച്ചേരുന്നത് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങളിലാണെന്നുമാത്രം. ജനകീയ സമരങ്ങളുടെ രംഗത്തും ഇടതുപക്ഷ ജനാധിപത്യ വേദിയിലും ബിഷപ്പു പൗലോസിനെ പതിവായിക്കണ്ടത് ഇതുകൊണ്ടാണ്.

നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ദൈവശാസ്ത്രത്തെപറ്റിയുള്ള വ്യക്തമായ സ്വയംധാരണ പൗലോസ് മാർ പൗലോസിനെ എത്തിച്ചത് ജനകീയസമരങ്ങളിലും ജനങ്ങളുടെ പ്രശ്നങ്ങളിലുമാണ്. അവിടെ അദ്ദേഹം കണ്ടത് ഇടതുപക്ഷ പുരോഗമനപ്രസ്ഥാനങ്ങളെയാണ്. മിക്കപ്പോഴും അവിടെയെല്ലാം മുൻനിരയിലുണ്ടായിരുന്നതും മാർക്സിസ്റ്റു

കാരാണ്. ക്രിസ്തീയവിശ്വാസികളും മാർക്സിസ്റ്റുകളും തമ്മിലുള്ള സഹകരണത്തിൻെറ മേഖലകൾ നിർണ്ണയിക്കുന്നതിലും വികസിപ്പിച്ചെടുക്കുന്നതിലും ഏറ്റവും വലിയ പങ്കു വഹിച്ചത് ബിഷപ്പ് പൗലോസ് മാർ പൗലോസാണ്. സൈദ്ധാന്തികമായ സംവാദങ്ങളോടൊപ്പമോ, അതിലുപരിയായോ പ്രായോഗികതലത്തിലായിരുന്നു അദ്ദേഹത്തിൻെറ ശ്രദ്ധ. ഇടതുപക്ഷചേരിയിൽ ഉറച്ചു നിന്നുകൊണ്ടുതന്നെ ഇടതുപക്ഷ കക്ഷികളെ - മാക്സിസ്റ്റു പാർട്ടിയെ ഉൾപ്പെടെ- വിമർശിക്കുവാനും ബിഷപ്പ് പൗലോസ് മടിച്ചില്ല. അത്തരം വിമർശനങ്ങളുടെ- ജനങ്ങളുമായി ഐക്യദാർഢ്യത്തിൻെറ അടിസ്ഥാനത്തിലുള്ള വിമർശനങ്ങളുടെ- അഭാവവും ബിഷപ്പ് പൗലോസിൻെറ അസാന്നിദ്ധ്യത്തെ അനുസ്മരിപ്പിക്കും. സമരങ്ങളിലായാലും തെരഞ്ഞെടുപ്പിലായാലും ക്രിസ്തീയ വിശ്വാസികളും ഇടതുപക്ഷ പ്രസ്ഥാനവും പ്രത്യേകിച്ച് മാർക്സിസ്റ്റു പാർട്ടിയും തമ്മിലുള്ള സഹകരണത്തിൻെറ സ്വഭാവം, ശൈലി, പൊതുവായി സ്വീകരിക്കേണ്ട കാഴ്ചപാടുകൾ, പരസ്പരം ഉന്നയിക്കേണ്ട പ്രശ്നങ്ങൾ ഇവയെ പറ്റിയൊക്കെ സൈദ്ധാന്തിക പരിഗണനകളോടു തന്നെ കേരളത്തിൻെറ പ്രത്യേക സാഹചര്യത്തിൽ ഉണ്ടാക്കേണ്ട ധാരണകൾക്കു ബിഷപ്പ് പൗലോസ് അടിസ്ഥാനമിട്ടിട്ടുണ്ട്. ആ ധാരണകൾ പടുത്തുയർത്തുകയാണ് ഇനിയും ആവശ്യമായുള്ളത്.

അതോടൊപ്പം പ്രാധാന്യമർഹിക്കുന്ന വേറൊരു കാര്യം നേരത്തെ പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയരംഗത്ത് ക്രിസ്തീയവിശ്വാസികളുടെയും സഭയുടെയും കർത്തവ്യം. രാഷ്ട്രീയരംഗത്തു പ്രവർത്തിച്ച് സാമൂഹ്യ നീതി കൈവരുത്തുന്നതിൽ ക്രിസ്തീയ വിശ്വാസികൾക്കുള്ള പ്രത്യേക ചുമതല ബിഷപ്പ് പൗലോസ് ആവർത്തിച്ചു ചൂണ്ടിക്കാട്ടി.

ഒരു പുതിയ സ്ഥിതി വിശേഷമാണ് ഇന്ത്യയിൽ ഇന്നു നിലവിലുള്ളത്. ഇന്നു കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബി.ജെ.പി. മതനിരപേക്ഷതക്കുള്ള ഏറ്റവും വലിയ ഭീഷണിയായിത്തീർന്നിരിക്കുന്നു. ഈ ഭീഷണിയെ നേരിടാൻ കരുത്തുള്ളതും, കൂടുതൽ കരുത്ത് ആർജ്ജിക്കേണ്ടതും ഇടതുപക്ഷമതേതര കക്ഷികളാണ്. ഇവയോടൊത്തു നിലകൊണ്ട് സാമൂഹ്യനീതിക്കും, ജനാധിപത്യത്തിനും മതനിരപേക്ഷതക്കുമായി പ്രവർത്തിക്കുകയാണ് ക്രിസ്തീയ വിശ്വാസികളുടെ രാഷ്ട്രീയ കർത്തവ്യമെന്ന്, ബിഷപ്പ് പൗലോസിൻെറ ആശയങ്ങളും ചിന്തകളും നമ്മെ ഓർമ്മിപ്പിക്കുന്നു.

# നിഷേധത്തിൻെറ ദൈവചിന്ത

## റവ.എം.ജെ. ജോസഫ്

"ജനനാനന്തര പ്രശ്നങ്ങളെ ഗൗരവമായി കണക്കിലെടുക്കാതെ മരണാനന്തര ജിവിതത്തെ മാത്രം ഉറ്റനോക്കിയിരിക്കുന്ന സഭയ്ക്ക് ലോകത്തോട് എങ്ങിനെയാണ് പ്രസക്തമായിരിക്കുവാൻ സാധിക്കുക?" ലോകത്തോടുള്ള ഉത്തവാദിത്തങ്ങൾ ഗൗരവമായെടുക്കുക എന്നത് സഭയുടെ,ക്രിസ്ത്യാനിയുടെ നിയോഗമായി ഏറ്റുപറയുന്നു തിരുമേനി. ഇത് ഗൗരവമായ വിചിന്തനം ആവശ്യമായിരിക്കുന്ന വിഷയമാണ്.

സഭ ഇതു സാരമായി കണക്കിലെടുത്തിട്ടില്ല എന്നു പൗലോസ് തിരുമേനി തുടർന്നുള്ള വാചകത്തിൽ തന്നെ പറയുന്നുണ്ട്. (സ്വാതന്ത്ര്യമാണു ദൈവം. പുറം 96) ലോകത്തോട് പ്രസക്തമായിരിക്കുക എന്നു പറയുമ്പോൾ, "അതു വിശ്വാസത്തിൻെറ ഗോളത്തിൽപെട്ടതല്ല. ലോകത്തെ വിട്ടോടുകയാണ് വേണ്ടത്" എന്ന പ്രതികരണം കണക്കിലെടുക്കേണ്ടിവരും. ഉത്തരവാദിത്തത്തിൽനിന്നും രക്ഷപ്പെട്ട് ഒരു മതഗോളം പരുവപ്പെടുത്തുവാനുള്ള മതസംരക്ഷകരുടേയും പുരോഹിതരുടേയും സൃഷ്ടിയാണ് ആ വാദഗതി. ശരിയല്ലേ?, മനുഷ്യൻ ബലഹീനൻ, ദൈവമാണ് ആവലംബം. ഈ ബന്ധം നിലനിർത്തുക. "ദൈവമേ രക്ഷിക്കണമേ", എന്നതാണല്ലോ പ്രാർത്ഥനകളുടെയെല്ലാം പൊരുൾ. അപ്പോൾ രക്ഷ ഈ ലോകത്തുനിന്നു തന്നെയെങ്കിൽ അത്രക്കു നല്ലത് ! അപ്പോൾ ബലഹീനൻ - ബലവാൻ.

ആലംബഹീനൻ -ആലംബം ആശ്രയമില്ലാത്തവർ - ആശ്രയം

ഈ ചട്ടക്കൂട്ടിൽ മനുഷ്യനെയും, ദൈവത്തെയും നിലനിർത്തുകയാണ് മതങ്ങൾ ചെയ്യുക. അങ്ങനെ ഈ ചട്ടക്കൂട് നിലനിർത്തുക, സംരക്ഷിക്കുക എന്നത് മതധർമ്മമായി തീർന്നു. അതു സൗകര്യമായി അനുഭവിച്ച ആൾക്കാർക്ക് ഈ ചട്ടവട്ടം മാററരുത് എന്ന നിർബന്ധം ഉണ്ടായപ്പോൾ അതിനു മതചിന്തയുടെ, വിശ്വാസത്തിൻെറ പരിവേഷം ആവശ്യമായി വന്നു.

അങ്ങിനെ, അങ്ങിനെ വിശ്വാസവും മതവും ആത്മീയതയും എല്ലാം ചട്ടക്കൂട്ടിലായി. ഇത് സംരക്ഷിക്കുവാൻ മതവിശ്വാസികൾ , പുരോഹിതർ അതിനു വഴി കാണിക്കാൻ.

ഇതാണ് മതമേലദ്ധ്യക്ഷൻ എന്ന നിലയിൽ പൗലോസ് തിരുമേനിയുടെയും കർത്തവ്യം. അവിടെനിന്നുകൊണ്ടാണ് തിരുമേനി " ലോകത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റുക" എന്ന് ആഹ്വാനം ചെയ്യുന്നത്. ഇത് മതനിഷേധ്യമാണ്, എന്നാൽ വിശ്വാസനിഷേധമല്ല. മതത്തിനുള്ളിൽ

നിന്നുകൊണ്ടുതന്നെ, മതസംരക്ഷകരെന്ന ഉത്തരവാദിത്തത്തിൽനിന്നു കൊണ്ട് മതത്തെ ചോദ്യം ചെയ്യുന്നു, വിശ്വാസസംരക്ഷണത്തിനുവേണ്ടി. ഇവിടെയാണ് നാം ഇന്നു തിരുമേനിയെ അംഗീകരിക്കുകയും തിരുമേനിയുടെ ജീവിതത്തിനും സാക്ഷ്യത്തിനുമായി സൃഷ്ടിതാവായ ദൈവത്തിനു സ്തുതിക്കുകയും ചെയ്യുന്നത്.

അപ്പോൾ മതത്തിനുള്ളിൽ നിന്നുകൊണ്ട് വിശ്വാസസംരക്ഷണത്തിനുവേണ്ടി മതത്തെ നിഷേധിക്കുക. ഇതാണ് നിയോഗം. ഇതൊരു ദൈവവൈരുദ്ധ്യമായോ? തീർച്ചയായും. ഇത്തരം വൈരുദ്ധ്യങ്ങൾ വേദപുസ്തകത്തിൽ സുവിശേഷങ്ങളിൽ ധാരാളമുണ്ട്. ഇത് കണ്ടറിയുകയായിരുന്നു തിരുമേനി.

അല്പം വിദൂരത തോന്നുന്നെങ്കിൽകൂടി, മിസ്രയീമിലെ ഫറവോ രാജാവിന്റെ ജോലിക്കാരായിരുന്ന ശിപ്രാ, പൂവാ എന്ന സൂതികർമ്മിണികളുടെ കഥ പുറപ്പാടുപുസ്തകത്തിൽ (രണ്ടാം അദ്ധ്യായം) രേഖപ്പെടുത്തിയിരിക്കുന്നു. "എബ്രായ സ്ത്രീകൾ പ്രസവിക്കുമ്പോൾ കുട്ടി ആണാകുന്നുവെങ്കിൽ നിങ്ങൾ അതിനെ കൊല്ലണം" എന്നാൽ ദൈവത്തെ ഭയപ്പെട്ടു. മിസ്രയീം രാജാവു തങ്ങളോടു കൽപിച്ചതുപോലെ ചെയ്യാതെ ആൺ കുഞ്ഞുങ്ങളെ ജീവനോടെ രക്ഷിച്ചു. ഭരണകൂടത്തിന്റെ സേവകർ അതിനെ നിഷേധിക്കുന്നു. ജീവൻ നശിപ്പിക്കുക, അതു ദൈവനിഷേധ്യമാണ്, ഏതു ശക്തി ആജ്ഞാപിച്ചാലും അതു ചെയ്തുകൂടാ. ജീവനെ രക്ഷിക്കുക അതാണു വിശ്വാസത്തിന്റെ കാമ്പ്.

പഴയ നിയമത്തിൽ ശമുവേൽ പ്രവാചകന്റെ ഒന്നാം പുസ്തകത്തിൽ (ആറാം അദ്ധ്യായം) വളരെ ചിന്തോ ദ്ദീപകമായ ഒരു സംഭവം വിവരിക്കുന്നു. ഇസ്രായേലിന്റെ ആദ്യത്തെ രാജാവായ ശൗ ദൈവസന്നിധിയിൽ അവിശ്വസ്തനായിത്തീർന്നു. എന്നാൽ ശൗൽ തന്നെയാണു രാജാവ്. ശൗലിനെ തള്ളി ദാവീദിനെ രാജാവാക്കാൻ ശമുവേൽ പുറപ്പെടുകയാണ്. ആ വിവരം അറിഞ്ഞാൽ ശൗൽ ശമുവേലിനെ കൊലചെയ്യും നിശ്ചയം. ശൗലിനെ നീക്കി ദാവീദിനെ രാജാവാക്കുകയെന്നത് ദൈവനിയോഗമെന്നു മനസ്സിലാക്കിയ ശമുവേൽ യഹോവക്കു യാഗം കഴിക്കാൻ പോകുന്നുവെന്നു അറിയിച്ചുകൊണ്ട് പശുകിടാവുമായി രാജാഭിഷേകത്തിനു കൊമ്പിൽ തൈലവുമേന്തി പുറപ്പെടുന്നു. ദേശത്തെ മൂപ്പൻമാരുടെയെല്ലാം സാന്നിധ്യത്തിൽ ശമുവേൽ ദാവീദിനെ അഭിഷേകം ചെയ്യുന്നു. ഒരു അട്ടിമറിയിലൂടെ നിലവിലുള്ള രാജാവിനെ മാറ്റി പുതിയ രാജാവിനെ അധികാരത്തിലേറ്റുകയാണ്. ഘടനയെ അട്ടിമറിക്കുന്ന വിശ്വാസത്തിന്റെ നിയോഗം!

യേശുവിന്റെ ചെയ്തികളിൽ ഈ നിഷേധത്തിന്റെ ശക്തമായ മുഖം കാണാം. യേശുവോടൊത്തും ഭക്ഷണം കഴിച്ചിരുന്നവർ സമൂഹം അംഗീകരിക്കാത്ത തൊഴിലുകളിലും നിലയിലും ഉള്ളവരായിരുന്നു. ഇതിൽ

ക്ഷുഭിതരായ യഹൂദപ്രമാണിമാർ യേശുവിനേയും ശിഷ്യരേയും താക്കീത് ചെയ്യുന്നു. ''യാഗത്തിലല്ല കരുണയിലത്രെ ഞാൻ പ്രസാദിക്കുന്നു എന്നുള്ളത് എന്ത് എന്ന് പോയി പഠിപ്പിൻ ഞാൻ നീതിമാൻമാരെയല്ല പാപികളെയത്രെ വിളിപ്പാൻ വന്നത്''. എന്നു യേശുഅവർക്കു മറുപടി കൊടുക്കുന്നു. അശുദ്ധയായ സ്ത്രീയെ തൊടുക, പെൺകുട്ടിക്ക് ജീവൻ കൊടുക്കുക, കാഴ്ച, കേൾവി, അറിവ് ഒക്കെ നിഷേധിക്കപ്പെട്ടവരാണ് വലിയ പങ്ക് ആളുകളും. അവരിലേക്കാണ് യേശു തിരിഞ്ഞത്. മതാധികാരികൾ പറഞ്ഞു ''ഇവൻ ഭൂതങ്ങളുടെ തലവനെ കൊണ്ട് ഭൂതങ്ങളെ പ്പുറത്താക്കുന്നു''. ശബ്ബത്തിൻെറ നിയമങ്ങളെ ലംഘിച്ചപ്പോൾ യേശു മതത്തിനുള്ളിൽ നിന്നുകൊണ്ട് അതിൻെറ പ്രധാന ചട്ടക്കൂടിന് നിഷേധിക്കുകയായിരുന്നു. കെ.ജെ. ബേബി പാടുന്നതുപോലെ

''അറിയാത്തിടങ്ങളിൽ അറിവായിപോകുവിൻ

മോചന സന്ദേശം തുടികൊട്ടിപ്പാടുവിൽ''

എന്നാൽ സഭാസംരക്ഷകർക്ക് ഇത് നിഷേധ പ്രവർത്തനമാണ്.

അപ്പോൾ പിന്നെ, യഹൂദരുടെ കേന്ദ്ര ആസ്ഥാനത്തു കയറി പെരുന്നാൾ ചട്ടവട്ടങ്ങളെയെല്ലാം തൂത്തെറിഞ്ഞുകൊണ്ട്, ''എൻെറ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും. എന്നു എഴുതിയിരിക്കുന്നു. നിങ്ങളോ അതിനെ കള്ളൻമാരുടെ ഗുഹയാക്കി തീർക്കുന്നു.'' എന്ന് ആക്രോശിക്കുന്ന യേശുവിനെ എങ്ങിനെയാണ് മനസ്സിലാക്കുക ! മതത്തിനുള്ളിൽ നിന്നുകൊണ്ട് എന്തിനു ദേവാലയത്തിനുള്ളിൽ നിന്നുകൊണ്ട്, ആരാധനയേയും കർമ്മാധികളേയും ചട്ടവട്ടങ്ങളേയും എല്ലാം നിഷേധിക്കുകയാണ്.

ഇതാണ് ലോകത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്ന പ്രവർത്തക ശൈലി. 'ലോകം' എന്നതിലൂടെ സൂചിപ്പിക്കുന്ന യാഥാർത്ഥ്യം എന്താണ്? ദൈവം മനോഹരമായി സൃഷ്ടിചെയ്ത ലോകം; മലകൾ, കാടുകൾ, സസ്യങ്ങൾ, ചെടികൾ, മരങ്ങൾ, പൂവുകൾ, പക്ഷികൾ, മൃഗങ്ങൾ, നദികൾ, സമുദ്രം, മീനുകൾ , നിറങ്ങൾ, താളങ്ങൾ, ഈണങ്ങൾ ഇങ്ങനെ സുന്ദരവും മനോഹരവുമാണ് ലോകം. അതോടൊപ്പം ഭൂമിയുടെ സൃഷ്ടിശക്തി, മനുഷ്യനും, ഭൂമിയും, പ്രപഞ്ചശക്തികളും ചേരുന്ന ജീവൻ ഉത്പാദനം, സംരക്ഷണം നിലനിർത്തൽ ഇവയും. ദൈവം മനോഹരമായി സൃഷ്ടിച്ച ലോകത്തിൻേറ ഇന്നത്തെ അവസ്ഥയോ? ദിവസംതോറും 48,52,45 എന്ന രീതിയിൽ സുഡാനിൽ പട്ടിണിമൂലം മരണപ്പെട്ടുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ നിലവിളിയുടെ പ്രതിധ്വനിയാണ് കേട്ടുകൊണ്ടിരിക്കുന്നത്. അണുആയുധങ്ങളുടെ ആധുനിക വ്യവസായീകരണത്തിൻെറ ഇരകളായി തീർന്നു. ജീവൻ നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ലക്ഷങ്ങളുടെ നിശ്ശബ്ദവിലാപമാണ് ശ്രവിക്കുന്നത്. നശിപ്പിക്കപ്പെട്ട കാടുകൾ, ഊഷരമായ കൃഷിയിടങ്ങൾ, കൊള്ളയടിക്കപ്പെട്ട

കടലുകൾ, മലിമനാക്കപ്പെട്ട അന്തരീക്ഷം ഇങ്ങനെ പ്രകൃതിയുടെ ചരമഗീതണിന്നിൻെറ സംഗീതം.

കൂടാതെ പ്രകൃതിയുടെ സ്രോതസുകൾ കൊള്ളയടിക്കപ്പെട്ടതിൻെറ വെളിച്ചത്തിൽ അവയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ജനങ്ങൾ ജീവൻ നിഷേധിക്കെപ്പെട്ടവരായി തീരുന്നു. പൗരാണികസമൂഹങ്ങളായ ആദിവാസികൾ, ഹരിജനങ്ങൾ, മത്സ്യബന്ധനക്കാർ കൂടാതെ സ്ത്രീകൾ, കുട്ടികൾ ഇവർ അധികാരത്തിൽ നിന്നും ജീവൻെറ മേഖലയിൽനിന്നും നിഷ്കാസിതരായിക്കൊണ്ടിരിക്കുന്നു. വൻതോതിൽ തൊഴിലവസരങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുന്നതിൻെറ ഫലമായി തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിവ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മൊത്തം ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീകൾക്ക് 33% പ്രാതിനിത്യം നൽകാമെന്ന് സമ്മതിച്ച് അധികാരത്തിൽ വന്ന പാർട്ടികൾ സ്ത്രീകളുടെ സംവരണബിൽ പാർലിമെൻറിൽ അവതരിപ്പിക്കാൻ ശ്രമിച്ച അവസരത്തിൽ കാട്ടികൂട്ടിയ കോപ്രായങ്ങൾ മനുഷ്യർക്കു നിരക്കുന്നതല്ല. ജനായത്ത സമ്പ്രദായ ത്തിൻേറ മുഖത്തു വെള്ളം തേക്കുന്ന അവസ്ഥയിലേക്കാണ് ആൺകോയ്മാ സമ്പ്രദായം സമൂഹത്തെകൊണ്ടെത്തിച്ചിരിക്കുന്നത്!

ഇതാണ് ഇന്നത്തെ ലോകം. ഈ ലോകത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റുക എന്നു പറയുമ്പോൾ ജീവൻ കേന്ദ്രമായുള്ള ഒരു വിശ്വാസ പ്രമാണത്തോടുള്ള പ്രതിബദ്ധതയാണ് മുഖ്യം. എന്നാൽ എല്ലാവർക്കും സമൃദ്ധിയായ ജീവനുവേണ്ടി വാതു വച്ചിരിക്കുന്ന സഭ മുൻ സൂചി പ്പിച്ചതുപോലെ സ്വയംരക്ഷതേടി ഇന്നത്തെ ബ്രാഹ്മിണിസത്തിനും ആൺക്കോയ്മക്കും വർഗ്ഗാധിപത്യത്തിനും ജാതിവേർതിരിവിനും, ചരക്കാ ക്കിത്തീർക്കലിനും ആധിപത്യത്തിനും അക്രമത്തിനും എല്ലാം ഹല്ലേലൂയ്യാ പാടുന്നു. കാണാതുയ്യ പറയുന്നതുപോലെ ഹത്യയുടെ നിശബ്ദ ഗൂഢാ ലോചനയിൽ (Consperacy of the silence of violence - ``why I am not a Hindu Page. 14) ഭാഗഭാക്കായിരിക്കുകയാണ് സഭയും മതങ്ങളും.

ഇവിടെയാണ് പൗലോസ് തിരുമേനി ഊന്നൽ നൽകുന്ന ലോക ത്തോടുള്ള ഉത്തരവാദിത്തിന്, ലോകത്തോട് പ്രസക്തമായിരിക്കാൻ, വിശ്വാസികൾ പ്രവർത്തന മാർഗ്ഗം കാണിച്ചുകൊടുക്കേണ്ടത്. ഇതാണ് നമ്മുടെ ആത്മീയത ഏറ്റു പറയുന്ന വിശ്വാസത്തിൻെറ നടത്തിപ്പിനായി ജീവിതപാത വെട്ടിതുറക്കൽ. അസാധ്യമെന്നു കരുതുന്നതിനെ സാധ്യ മാക്കിതീർക്കയാണല്ലോ വിശ്വാസം. അതിൻെറ പൊരുളാവണം നമ്മുടെ ജീവിതങ്ങളുടെ ചലനരേഖ.

# സ്വതന്ത്ര ചിന്തകനായ പുരോഹിതൻ

## പവനൻ

ബിഷപ്പ് പൗലോസ് മാർ പൗലോസ് താൻ മദ്രാസിലേക്കു പോവുകയാണെന്നു ഫോണിൽ വിളിച്ചുപറഞ്ഞപ്പോൾ അദ്ദേഹം ഒന്നു രണ്ടാഴ്ച ആസ്പത്രിയിലായിരുന്നു എന്നു ഞാൻ അറിഞ്ഞിരുന്നില്ല. അതിനുള്ള പ്രധാനപ്പെട്ട കാരണം രണ്ടാഴ്ചയായി എൻെറ നേത്രശസ്ത്രക്രിയയുമായി ഞാനൊരു മൂലക്ക് ഇരിക്കുകയായിരുന്നു എന്ന് അദ്ദേഹവും അറിഞ്ഞിരുന്നില്ല. അദ്ദേഹം എൻേറയും കുടുംബത്തിൻേറയും സുഖാന്വേഷണങ്ങൾ നടത്തിയശേഷം രണ്ടാഴ്ചക്കകം തന്നെ തിരിച്ചുവരുമെന്ന് ഉറപ്പിച്ചു പറഞ്ഞു. രോഗത്തിൻെറ പേര് ചോദിച്ചപ്പോൾ 'അതു സാരമില്ല; ഹൃദയത്തിൻെറ കുഴപ്പമാണ്' എന്നു പറഞ്ഞത് നിസ്സാരമായിട്ടായിരുന്നു. എന്നാൽ ചെന്നൈയിൽ പോകുന്നതിൻേറ ഉദ്ദേശ്യം ആഞ്ചിയോഗ്രാഫ് ടെസ്റ്റിനാണെന്ന് വ്യക്തമാക്കിയപ്പോൾ എൻെറ തൊണ്ടയിൽ ഒരു 'പിടുത്തം' വരാതിരുന്നില്ല. എന്നാലും കുഴപ്പമൊന്നും ഉണ്ടാവുകയില്ലെന്ന് ഞങ്ങൾ രണ്ടു പേരും പറഞ്ഞ് ആശ്വസിക്കുകയായിരുന്നു.

രണ്ടു ദിവസം കഴിഞ്ഞു പ്രതീക്ഷിക്കാത്ത മരണവാർത്ത പത്രത്തിൽ കണ്ടപ്പോൾ പത്രം തുടർന്നു വായിക്കാൻ തന്നെ പ്രയാസമായി. അസഹനീയമായ നഷ്ടബോധം. അദ്ദേഹത്തേക്കാൾ 16 വയസ്സു മൂപ്പുള്ള ഞാൻ ജീവിച്ചിരിക്കുന്നുവല്ലോ എന്ന തോന്നലാണ് പിന്നീടുണ്ടായത്. ഞാൻ അദ്ദേഹത്തെ സാധാരണയായി വിളിച്ചിരുന്നത് 'തിരുമേനി' എന്നാണ്. അദ്ദേഹവുമായി അടുപ്പമുണ്ടെങ്കിലും ഞാൻ മറ്റുള്ളവരുടെ മുമ്പാകെവെച്ചു പേരു മാത്രം വിളിക്കുന്നത് ഒരു 'വക'യല്ലേ എന്നു കരുതിയാണ് 'തിരുമേനി' പ്രയോഗത്തിൽ ഉറച്ചു നിന്നത്. ചിലപ്പോൾ 'ബിഷപ്പ്' എന്ന സ്ഥാനപ്പേരും വിളിക്കും. പൗലോസ് മാർ പൗലോസിനാകട്ടെ തന്നെ സ്നേഹിക്കുന്നവർ തന്നെ എങ്ങനെ വിളിക്കുന്നതിനും ഒരു വിരോധവുമുണ്ടായിരുന്നില്ല. പ്രധാനപ്പെട്ട കാര്യം സ്നേഹമാണ്.

മരണവാർത്ത വായിച്ചുകൊണ്ടിരിക്കവെ, ഞങ്ങൾ പങ്കിട്ട പ്രസംഗവേദികളുടേയും ചർച്ചാവേദികളുടേയും ഓർമ്മ കടന്നു പോയി. സി.പി. രാജശേഖരൻെറ 'മൂന്നു വയസ്സൻമാരെ' വെള്ളിത്തിരയിലാക്കുന്നതിനു രണ്ടു കഥാപാത്രങ്ങളുടെ വേഷം കെട്ടുവാൻ ഒരുമിച്ചു നടത്തിയ മദ്രാസ് യാത്രയും ഓർമ്മ വന്നു. (മൂന്നു വയസ്സൻമാർ തുടങ്ങിവെച്ചതേയുള്ളൂ. അതു പൂർണ്ണമായും വെള്ളിത്തിരയിലാക്കിയിരുന്നില്ല.) കേരളത്തിൽ തന്നെ ഞങ്ങൾ എത്രയെത്ര യാത്രയാണ് നടത്തിയത്. ഒരുമിച്ച്, ഒരു കാറിലിരുന്നും ട്രെയിനിലിരുന്നും തുടർച്ചയായി സംസാരിച്ചുകൊണ്ടു സഞ്ചരിച്ച സന്ദർഭങ്ങൾ അനേകമായിരുന്നു.

ഞങ്ങളുടെ പൊതു താൽപ്പര്യം പ്രതിരോധപ്രവർത്തനങ്ങളിലായിരുന്നു. ഏറ്റവും ഒടുവിൽ ഞങ്ങൾ കൂടിച്ചേർന്നത് എറണാകുളത്ത് നടന്ന വമ്പിച്ച ഒരു മഹിളാസമ്മേളനത്തിൻെറ വേദിയിലായിരുന്നു സംബന്ധിച്ചത്. ഇത്തരം സമ്മേളനവേദികളിലൊന്നും ഞങ്ങൾ പരസ്പരം എതിർക്കേണ്ടി വന്നില്ല. അതിലെല്ലാം ഞങ്ങളുടെ ലക്ഷ്യം ഒന്നുതന്നെയായിരുന്നു. വർഗ്ഗീയതയ്ക്ക് എതിരായ സമരങ്ങളിലും ആദിവാസികളുടെ ഭൂമി അവർക്കു തന്നെ പതിച്ചു കൊടുക്കേണമെന്ന ആവശ്യം മുന്നോട്ടുവെയ്ക്കുന്നതിലും മനുഷ്യാവകാശങ്ങൾക്കു വേണ്ടി ചൈനയിലെ വിദ്യാർത്ഥികൾ നടത്തിയ പ്രകടനത്തെ ചോരയിൽ മുക്കിയ ചൈനയുടെ നടപടിയിൽ പ്രതിഷേധിക്കാനും, 'ആറാം തിരുമുറിവ്' എന്ന നാടകം നിരോധിക്കപ്പെട്ടപ്പോൾ അതിന്നെതിരായി നടന്ന പ്രകടനങ്ങളിലുമൊക്കെ കൈയോടുകൈപിടിച്ചാണ് ഞങ്ങൾ ജനമദ്ധ്യത്തിലിറങ്ങിയത്. ജനങ്ങളെ ശ്വാസം മുട്ടിക്കുന്ന ബന്ദ് എന്ന സമരപരിപാടി ഉപേക്ഷിക്കണമെന്നും, ഞങ്ങൾ ഒരുമിച്ചാണ് ശബ്ദമുയർത്തിയത്. അദ്ദേഹം പൊതുജീവിതത്തിൽ ഉയർത്തിപ്പിടിച്ച ഒരൊറ്റ മുദ്രാവാക്യത്തിലും എനിക്കു ഭിന്നാഭിപ്രായം പ്രകടിപ്പിക്കേണ്ടിവന്നിട്ടില്ല. അദ്ദേഹം തൃശൂരിലുള്ള അവസരങ്ങളിൽ പലപ്പോഴും എന്നെ ഫോണിൽ വിളിച്ച് പൊതുപ്രശ്നങ്ങളോടൊപ്പം വ്യക്തിപരമായ പ്രശ്നങ്ങളും സംസാരിക്കുമായിരുന്നു.

ഇതൊക്കെ ഇവിടെ കുറിച്ചിടുന്നത് പൊങ്ങച്ചത്തിനല്ല; എൻെറ സ്വകാര്യം വെളിച്ചപ്പെടുത്തുവാനുമല്ല, ഞാനൊരു യുക്തിവാദിയാണെന്നും യുക്തിവാദ സംഘടനയുടെ അദ്ധ്യക്ഷനാണെന്നും അറിയാത്ത ആളല്ല അദ്ദേഹം. അതുപോലെ തന്നെ അദ്ദേഹം തൃശൂരിലെ കൽദായ സുറിയാനി സഭയുടെ ഇന്ത്യയിലെ എപ്പിസ്കോപ്പ ആയിരുന്ന ബിഷപ്പാണെന്നും അദ്ദേഹത്തിന് അനുയായികളുടെ ഇടയിൽ ചെറിയൊരു ഭാഗത്തിൻെറ എതിർപ്പുണ്ടായിരുന്നുവെന്നും ഇതര ക്രൈസ്തവസഭകളുടെ പുരോഹിത പ്രമുഖന്മാർക്ക് ഏറേക്കുറെ അഹിതനാണെന്നും എനിക്കും അറിയാമായിരുന്നു. മതത്തിൻേറയും ദൈവത്തിൻേറയും കാര്യം വരുമ്പോൾ ഞങ്ങൾ രണ്ടറ്റത്താണെന്നു പറയേണ്ടതില്ലല്ലോ എന്നാൽ അദ്ദേഹത്തിൻെറ ദൈവം മറ്റു പുരോഹിതന്മാർ സാധാരണ പ്രചരിപ്പിക്കുന്നതരത്തിലുള്ള ദൈവമല്ലെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. അദ്ദേഹം സ്വന്തമായ ഭാഷയിൽ പിന്നീട് അതു എഴുതിവെയ്ക്കുകയും ചെയ്തു.

"മനുഷ്യൻ വിജ്ഞാനത്തിൽ വളരുകയാണ്. ദൈവം ആവശ്യപ്പെടുന്നതും അതു തന്നെ. നാം ലോകത്തിൽ ജീവിക്കേണ്ടത് ദൈവം ഇല്ലെന്നതു പോലെതന്നെയാവണമെന്നാണ് ദൈവേച്ഛ ........ ഏതു കാര്യം ചെയ്യുമ്പോഴും മനുഷ്യനെ ഒരു അപ്പൂപ്പനെന്നപോലെ കൈപിടിച്ചു നടത്തുന്നവനല്ല താനെന്ന് മനുഷ്യൻ കരുതണമെന്ന് ദൈവം ഇച്ഛിക്കുന്നു. (സ്വാതന്ത്ര്യമാണ് ദൈവം പേ. 148) ഒരു മതപുരോഹിതനു പോകാവുന്ന അങ്ങേ അറ്റമാണിതെന്നു വ്യക്തമാണല്ലോ. ഞാൻ അവിശ്വാസിയാണെങ്കിലും ഇത്തരം ഒരു ദൈവത്തോട് കലഹിക്കാൻ പ്രയാസമാണ്. അദ്ദേഹം

മറ്റൊരിടത്ത് തൻെറ ദൈവത്തെക്കുറിച്ച് ഇത്രയും കൂടി പറയുന്നു :

‘‘മതത്തിൻേറ പഠിപ്പിക്കലിലും പ്രബോധനത്തിലുമുള്ള ദൈവം - അങ്ങകലെ മേഘപാളിക്കു മുകളിൽ ജരയും നരയും ബാധിച്ച് കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കാൻ കൈയിൽ വടിയും പിടിച്ചിരിക്കുന്ന ദൈവം -സ്വാതന്ത്ര്യം നഷ്ടപ്പെട്ട മനുഷ്യൻെറ ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷകൾക്കും ഭയാശങ്കകൾക്കും ഉത്തരമരുളുന്ന ദൈവമല്ല. ആ ദൈവം ചെറിയ ദൈവമാണ്. പ്രതീകമെന്ന നിലയിൽ ആ ദൈവത്തെ ഞാനും ആരാധിക്കുന്നു. എന്നാൽ ആളത്തം ആർക്കുവേണ്ടി എന്നതാണ് പ്രശ്നം. എൻെറ വിശ്വാസം ഏറ്റു പറയുമ്പോൾ ഞാനും പരമ്പരാഗത സംജ്ഞകൾ ഉപയോഗിക്കാറുണ്ട്. എങ്കിലും സ്നേഹത്തിൻേറയും നീതിയുടേയും സ്വാതന്ത്ര്യത്തിൻെറയും മാദ്ധ്യമങ്ങളിലൂടെയേ എനിക്കു ദൈവത്തെ വ്യാഖ്യാനിക്കാനും പരിചയപ്പെടുത്താനും ആവൂ. അജ്ഞാതമേഖലയിൽ അനന്തകോണിൽ മതം പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവങ്ങൾ മനുഷ്യൻെറ ദൈവമായി പരിചയപ്പെടുത്താനാവുമോ എന്നാണ് എൻെറ ഉത്ക്കണ്ഠ’’ (സ്വാതന്ത്ര്യമാണ് ദൈവം പേ. 170).

നോക്കൂ, ഈ മനുഷ്യൻെറ മനസ്സ് എത്രമാത്രം മൃദുലമാണ്. മനുഷ്യൻ ദൈവത്തിനുവേണ്ടിയല്ല ജീവിക്കുന്നത്: മറിച്ച് ദൈവം മനുഷ്യനുവേണ്ടിയാണുണ്ടായിട്ടുള്ളത്. ഈ ചിന്താഗതി അല്പം കൂടി നീട്ടിയാൽ മനുഷ്യനാണ് ദൈവത്തെ സൃഷ്ടിച്ചതെന്നുവരെ നമുക്കു പറഞ്ഞുകൂടെ? അദ്ദേഹം അതു പറയുകയില്ല. എന്നാലും അദ്ദേഹം പ്രാധാന്യം കൊടുത്തത് മനുഷ്യനാണ്. കാരണം ദൈവം നിലകൊള്ളുന്നത് മനുഷ്യനുവേണ്ടിയാണ്.

ചിന്താസ്വാതന്ത്ര്യം തടയുന്നത് പ്രവാചകന്മാരല്ല, മതത്തെ ആചാരാനുഷ്ഠാനങ്ങളിൽ കൂടിമാത്രം കാണുന്ന പുരോഹിതരും മതമൗലികവാദികളുമാണ്. ഇവർ തങ്ങളുടെ ഉപദേശങ്ങൾക്കും നിർദേശങ്ങൾക്കും ആധാരമാക്കുന്നത് മതഗ്രന്ഥങ്ങളെയാണ്. ഈ ഗ്രന്ഥങ്ങളുടെ കർത്താവ് പ്രവാചകൻ തന്നെയാകണമെന്നില്ല. ശിഷ്യന്മാരും പഠിതാക്കളുമാകാം. ആരായാലും അവർ ജീവിച്ച കാലഘട്ടത്തിൻെറ സ്വാധീനം അവയിൽ പതിയാതിരിക്കുകയില്ല. മറ്റു മതങ്ങൾ ഒരതിരുവരെ വിട്ടുവീഴ്ചകൾ കാണിച്ചു വരുന്നുണ്ട്. എന്നാൽ ഇസ്ലാമിൻെറ സ്ഥിതി വേറെയാണ്. അവർ പറയുന്നത് ദൈവം അപ്പപ്പോൾ നബിക്കു നൽകിയ നിർദ്ദേശങ്ങളുടെ സമാഹാരമാണ് ഖുർആൻ എന്നാണ്. ക്രൈസ്തവർ ഇപ്പോൾ പഴയ പുസ്തകത്തെ അതേപടി അംഗീകരിച്ചു കൊള്ളണമെന്നു നിർബന്ധിക്കുന്നില്ല. ഹിന്ദുക്കളുടെ മതപുസ്തകങ്ങളെ എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. എന്നുമാത്രമല്ല, നിരീശ്വരവാദികൾക്കു കൂടി അതിൽ സ്ഥാനമുണ്ട്. മത ഗ്രന്ഥങ്ങളെപ്പറ്റിയുള്ള പൗലോസ് തിരുമേനിയുടെ നിലപാട് ചുരുക്കിപ്പറഞ്ഞാൽ ഏതാണ്ട് ഇപ്രകാരമാണ് :

‘‘പ്രധാനപ്പെട്ട സംഗതി മതഗ്രന്ഥങ്ങൾ (വേദപുസ്തകങ്ങൾ) നൂറ്റാണ്ടുകൾക്കു മുമ്പ്, ആ കാലഘട്ടത്തിൻെറ, പരിമിതിയിലും സ്വാധീന

ത്തിലും രചിച്ചിട്ടുള്ളതാണ്. അവയെ ഇപ്പോൾ പഠിപ്പിക്കുവാനും വ്യാഖ്യാനിക്കുവാനും തുടങ്ങുമ്പോൾ ഈ കാലഘട്ടത്തിനു ചേർന്ന വിധം മാത്രമേ അവതരിപ്പിക്കാവൂ. നൂറ്റാണ്ടുകൾക്കു മുമ്പ് പറഞ്ഞതും ചെയ്തതുമായ പലതും ഇന്നു പ്രസക്തമല്ലാതായിരിക്കുന്നു. ഇതിൻെറ അർത്ഥം പ്രവാചകന്മാരുടെ വ്യക്തിത്വത്തെ വെട്ടിക്കുറക്കേണമെന്നല്ല, ആചാരനുഷ്ഠാനങ്ങളുടെ പേരിൽ കാടും പടലും കയറ്റിവെച്ചു മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളെ വികലമാക്കരുത്.''

ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ പേരിൽ സാധാരണയായി കേട്ടു കൊണ്ടിരുന്ന ആരോപണം അദ്ദേഹം മാർക്സിസവും മാർക്സിസ്റ്റുകാരുമായി പൊരുത്തപ്പെടുന്നു എന്നതാണ്. ഈ ആരോപണത്തിൽ പുതുമയൊന്നുമില്ല. കേരളത്തിൽ ആദ്യത്തെ കമ്യൂണിസ്റ്റ് ഗവർമെൻറിൻെറ ഭരണം നടന്ന കാലത്ത് (!957-59) മിക്കവാറും എല്ലാ ക്രൈസ്തവ സഭവകളും അതിന്നെതിരെ 'വിമോചനസമരം' നടത്തിയിരുന്നുവല്ലൊ. പക്ഷേ അന്നും കൽദായ സുറിയാനിസഭ അതിൽ ചേർന്നിരുന്നില്ല. ആ രൂപത്തിൽ രാഷ്ട്രീയം കളിക്കുന്നതിന് അവർ എതിരായിരുന്നു. അക്കാലത്ത് 'ബ്രദർ' സ്ഥാനത്തിരുന്നു കൊണ്ട് വടക്കൻ കമ്യൂണിസ്റ്റ് ഗവർമെൻറിനെതിരെ അതികഠിനമായ പ്രചാരണം നടത്തിയിരുന്നുവല്ലൊ. അധികം താമസിയാതെ അമരാവതിയിലെ കുടിയേറിപ്പാർപ്പുകാരെ ഒഴിപ്പിച്ചപ്പോൾ അതിന്നെതിരായി എ.കെ. ഗോപാലൻ നടത്തിയ നിരാഹാരസമരത്തിലും, അതിനെത്തുടർന്നുണ്ടായ പ്രക്ഷോഭത്തിലും, എ.കെ.ജി.യോടൊപ്പം നിലകൊണ്ടവരിൽ മുമ്പൻ അപ്പോഴത്തേക്കു ഫാദർ ആയിത്തീർന്ന വടക്കനായിരുന്നു. പിന്നീട് അദ്ദേഹം കുടികിടപ്പുകാരെ സംരക്ഷിക്കുവാനും അതുവഴി അവർക്കും അവരെപ്പോലെയുള്ള മറ്റു പാവങ്ങൾക്കും വേണ്ടി കർഷക തൊഴിലാളിപാർട്ടി (കെ..പി.ടി) എന്ന പേരിൽ ഒരു പുതിയ പാർട്ടിയുണ്ടാക്കി കമ്യൂണിസ്റ്റുകാരുമായി കൂട്ടുചേർന്നു ഭരിക്കുക കൂടി ചെയ്തു. തൊഴിലാളികളുടേയും കൃഷിക്കാരുടേയും അവകാശങ്ങൾ നേടിക്കൊടുക്കാൻ ബദ്ധകങ്കണരായത് കമ്യൂണിസ്റ്റുകാരാണെന്നും അതുകൊണ്ട് അവരോടൊപ്പം നിന്നാലേ അധഃസ്ഥിതരായ ജനവിഭാഗങ്ങളെ ഉയർത്തിയെടുക്കുവാൻ സാധിക്കുകയുള്ളൂ എന്നുമാണ് ഫാദർ വടക്കൻ പറഞ്ഞത്. അതു തീർത്തും ശരിയാണു താനും.

വിമോചന ദൈവശാസ്ത്രത്തിൻെറ അലകൾ കേരളത്തിൽ അക്കാലത്തുതന്നെ എത്തിത്തുടങ്ങിയിരുന്നു. ഫാദർ വടക്കൻ പ്രായോഗിക രംഗത്താണ് നിലനിന്നതെങ്കിൽ ബിഷപ്പ് മാർ ഗ്രിഗോറിയസ് തിരുമേനിയും എം.എം. തോമാസുമൊക്കെ അതിൻെറ സൈദ്ധാന്തികവശങ്ങളെപ്പറ്റി കാര്യമായി ആലോചിക്കുകയും പ്രസംഗിക്കുകയും പ്രബന്ധങ്ങളെഴുതുകയും ചെയ്തിട്ടുണ്ട്. ഇടക്കാലത്ത് വിമോചന ദൈവശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു വിഭാഗം ക്രൈസ്തവ ബുദ്ധിജീവികളും പ്രവർത്തകരും കേരളത്തിൻെറ പടിഞ്ഞാറൻ കരയോരത്ത് പുതിയ ചലനങ്ങൾ ഉണ്ടാക്കി.

ഇക്കാര്യം ഇവിടെ പരാമർശിച്ചത് ബിഷപ്പ് പൗലോസ് മാർ

പൗലോസ് മാർക്സിസ്റ്റുകളുടെ ചുമലിൽ കൈവെക്കുന്നതിനു മുമ്പു തന്നെ ക്രൈസ്തവരിൽ പുരോഗമനവാദികളായ ഒരു വിഭാഗം മാർക്സിസത്തിൻെറ മാനുഷികതയെപ്പറ്റി മനനം ചെയ്യുകയും കമ്യൂണിസ്റ്റുകാരുടെ ചങ്ങാത്തം കൂടുകയും ചെയ്തിട്ടുണ്ട് എന്നു വ്യക്തമാക്കാനാണ്. എം.എം. തോമാസിനെ തൻെറ ഗുരുവായിട്ടാണ് താൻ കരുതുന്നതെന്നു തിരുമേനി ഒന്നിലധികം തവണ എന്നോട് പറഞ്ഞതായി ഒർക്കുന്നു. ഗ്രിഗോറിയസ് തിരുമേനിയുമായും പൗലോസ് തിരുമേനിക്ക് അടുപ്പമുണ്ടായിരുന്നു. ആദ്യകാല ക്രിസ്ത്യാനികൾ പാവപ്പെട്ട ജനവിഭാഗങ്ങളുടെ സംരക്ഷകരാകുന്നുവെന്നും അതുകൊണ്ടു കമ്യൂണിസ്റ്റുകാർക്ക് അവരുമായി കൂട്ടുചേർന്ന് പ്രവർത്തിക്കാമെന്നും മാർക്സ് തന്നെ ഒരിക്കൽ പറഞ്ഞ തായി ഓർക്കുന്നു.

മാർക്സിസത്തിലെ നിരീശ്വരപരത മനുഷ്യസ്നേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആ കാരണം കൊണ്ടുതന്നെ അതിനെ നിരാകരിക്കരുതെന്നു പൗലോസ് മാർ പൗലോസ് പറയുന്നു. നിത്യനൈമിത്തിക ജീവിതത്തിലെ അത്യാവശ്യങ്ങളും അവകാശങ്ങളും നേടിയെടുക്കാൻ കമ്യൂണിസ്റ്റുകാരുമായി കൂടിച്ചേരുന്നതിൽ മാർക്സിസത്തിലെ നിരീശ്വരപരത തടസ്സമാകരുത് എന്നാണ് പൗലോസ് തിരുമേനി പറഞ്ഞത്. ക്രിസ്തുവായാലും മാർക്സായാലും ഉയർത്തിപ്പിടിക്കുന്നത് സ്നേഹത്തെയാണ്. ഇതിൻെറ അർത്ഥം മാർക്സിസത്തെ അദ്ദേഹം അതേപടി സ്വീകരിക്കുന്നു എന്നല്ല, കമ്യൂണിസ്റ്റുകാരെ തെറ്റായ മുദ്രകുത്തി അകറ്റുന്ന സമ്പ്രദായം അപരൻെറ നന്മകളെ അറിയാതെ നിഷേധിക്കലാണ്. ഈ അടിസ്ഥാനത്തിൽ തന്നെയാണ് പൗലോസ് മാർ പൗലോസ് നിരീശ്വര യുക്തുവാദികളേയും കാണുന്നത്. ഈ ലോകത്തിൽ ഏറ്റവും പ്രധാനമായത് മനുഷ്യസ്നേഹംതന്നെയാണ്. അതിൻെറ വളർച്ചയ്ക്കുവേണ്ടി ആരുമായും കൂട്ടുചേരാം എന്ന് അദ്ദേഹം കരുതുന്നു.

പുരോഹിതന്മാർ ഈ വക കാര്യങ്ങളിൽ തെറ്റായ ധാരണകൾ നൽകിക്കൊണ്ടേയിരിക്കുന്നു. മനുഷ്യനും മനുഷ്യനും തമ്മിൽ അകൽച്ചയുണ്ടാക്കുന്ന ഏതു നടപടിയും ദൈവത്തിനു ഹിതമായതല്ല എന്നു തിരുമേനി പറയുന്നു. ഈ നിലപാടുവെച്ചുകൊണ്ടാണ് പൗലോസ് മാർ പൗലോസ് തൻെറ ഡോക്ടറേറ്റ് തീസിസ് എഴുതിയത്. മതത്തെ സംബന്ധിച്ച കാൾ മാർക്സിൻെറ വിമർശനത്തെപ്പറ്റി ബ്രോൺഹോഫർ നടത്തിയ പ്രതികരണത്തെ ആസ്പദമാക്കിയുള്ള പഠനം. ഇ.എം.എസ്സിനെ ഈ തീസിസ്സിൻെറ ചില ഭാഗങ്ങൾ വളരെയധികം ആർഷിച്ചതായി അദ്ദേഹം തന്നെ എഴതിയിട്ടുണ്ട്. പൗലോസ് മാർ പൗലോസിന് അതിനു മുമ്പു തന്നെ ഇ.എം.എസ്സിൻെറ ചില പഠനങ്ങളോട് വളരെയേറെ താല്പര്യം തോന്നിയിരുന്നു. അവർ തമ്മിലുള്ള സൗഹൃദത്തിനും അടുപ്പത്തിനും അതു കാരണമായിട്ടുണ്ട്. പൗലോസ് മാർ പൗലോസിൻെറ 'സ്വാതന്ത്ര്യമാണ് ദൈവം' എന്ന പുസ്തകത്തിൻെറ പ്രകാശനപരിപാടിയിൽ പങ്കെടുത്തു പ്രസംഗിച്ചപ്പോൾ ഇ.എം.എസ്സ്. തന്നെ ഇക്കാര്യം

എടുത്തു പറഞ്ഞിട്ടുണ്ട്.

താൻ ഒരു മതേതര ജനാധിപത്യത്തിൻേറ വക്താവാണെന്ന് ആ ബിഷപ്പ് പലപ്പോഴും പറഞ്ഞിട്ടുണ്ട്. പക്ഷേ ഭൂരിപക്ഷത്തിൻെറ അടിസ്ഥാനത്തിൽ മാത്രം ജനാധിപത്യത്തെ കണ്ടാൽ പോര.

എങ്ങനെയെങ്കിലും ജനങ്ങളിൽ നിന്നു ലഭിക്കുന്ന വോട്ടിൻെറ എണ്ണം നോക്കി മാത്രം ഉണ്ടാകുന്ന ഒന്നല്ല ജനാധിപത്യം. ജനാധിപത്യത്തിനു ധാർമ്മികമായ ഒരു മുഖം ഉണ്ടാവണം. അത്തരത്തിലൊന്നുണ്ടാകേണ്ടത് നമ്മുടെ സാംസ്ക്കാരികമായ വളർച്ചയിൽ നിന്നാണ്. അഴിമതിയുടെയും അക്രമികളുടെയും അയ്യർകളി നടക്കുന്നേടത്ത് ജനാധിപത്യം സുരക്ഷിതമല്ല. ഒരിക്കൽ ഒരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: 'നിയമസഭകളിലും പാർലമെൻറിലും ക്രിമിനലുകൾ ധാരാളമുണ്ടെന്നു പറയുന്നു. ഭരണാധികാരികൾ തന്നെ ഖജനാവിൽ കൈയിട്ടുവാരുന്നു. ഇതു ജനാധിപത്യത്തിൻെറ സാംസ്ക്കാരിക മുഖത്ത് കരിതേക്കുന്ന നടപടിയാണ്. അതുകൊണ്ടാണ് ജനാധിപത്യം കേവല ഭൂരിപക്ഷത്തെ മാത്രം ആശ്രയിച്ചായിരിക്കരുത് എന്നു ഞാൻ പറഞ്ഞത്.'

പൗലോസ് മാർ പൗലോസ് ഏറെക്കുറെ സ്വതന്ത്ര ചിന്തകനായ പുരോഹിതനാണ്. അതുകൊണ്ടുതന്നെയാണ് സ്വമതത്തിൻെറ സീമ കടന്നുകൊണ്ട് എല്ലാ വിഭാഗം ജനങ്ങളുമായി കൂടിച്ചേരാനും അവരുടെ ഭൗതികമായ പ്രശ്നങ്ങളിൽ താൽപ്പര്യം കാണിക്കാനും മുതിരുന്നത്. പ്രതിരോധപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ അദ്ദേഹം തൻെറ സഹപ്രവർത്തകരുടെ ജാതിയോ, മതമോ, വിശ്വാസപ്രമാണങ്ങളോ, കക്ഷിയോ അന്വേഷിക്കാറില്ല.

ഇത്തരം മനുഷ്യന്മാരെ അപൂർവ്വമായേ നമുക്കു കാണാൻ കഴിയൂ. അവരെ നമുക്കു മഹാപുരുഷന്മാർ എന്നു വിളിക്കേണ്ടി വരുന്നു. ബിഷപ്പ് പൗലോസ് മാർ പൗലോസ് ഒരു മഹാപുരുഷനാണ്. വയസ്സിനു മൂപ്പെത്തുന്നതിനുമുമ്പേ അദ്ദേഹം അവസാനയാത്ര നടത്തിയതിലുള്ള ദു:ഖം കഠിനമാണ്. എന്നാലും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മ മരിക്കാതെ നില്ക്കും. ഇരുപതു കൊല്ലത്തോളം ആ വലിയ മനുഷ്യനുമായി കൂടിച്ചേരാനും സഹപ്രവർത്തകനെയും സഹോദരനെയും പോലെ പെരുമാറാനും ഇടവന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

# ഈ നഷ്ടം അപരിഹാര്യം

## കെ. വേണു

കേരളത്തിൽ ക്രിസ്തുമത വിഭാഗങ്ങൾ താരതമ്യേന യാഥാസ്ഥിതികമായി തുടരുന്ന കാലത്താണ് മതമേധാവിത്വത്തിൻെറ പ്രതീകമായ ബിഷപ്പ് പദവിയിലെത്തിയ പൗലോസ് മാർ പൗലോസ്, ആത്മീയത കയ്യൊഴിയ്ക്കാതെ തന്നെ, മാർക്സിസത്തോടുള്ള അടുപ്പം പരസ്യമായി പ്രഖ്യാപിച്ചത്. അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന കൽദായ വിഭാഗം വളരെ ചെറിയൊരു സമൂഹമെന്നതുകൊണ്ട് ക്രിസ്തുമതങ്ങളിൽ അദ്ദേഹത്തിൻെറ നേരിട്ടുള്ള സ്വാധീനം ചെറുതായിരുന്നു. സ്വന്തം വിഭാഗത്തിൽ തന്നെ, അദ്ദേഹത്തിന് കടുത്ത എതിർപ്പുകളെ നേരിടേണ്ടി വന്നിരുന്നു. അദ്ദേഹത്തിനെ ശ്രദ്ധേയനാക്കിയ ആശയങ്ങൾ ഈ ചെറു വിഭാഗത്തിനുള്ളിലേക്ക് കാര്യമായി കടന്നു ചെന്നിരുന്നുമില്ല. പക്ഷേ കേരളത്തിൽ അദ്ദേഹം ചെലുത്തിയ സ്വാധീനം അദ്ദേഹം പ്രതിനിധാനം ചെയ്ത കൽദായ വിഭാഗത്തിലൂടെയോ അതിനെ ആസ്പദമാക്കിയോ ആയിരുന്നില്ല. ബിഷപ്പിനെ അറിയുകയും ബഹുമാനിക്കുകയും ചെയ്ത കേരളത്തിലെ ജനങ്ങളിൽ അധികപേരും ക്രിസ്തുമതത്തിലെ മേലധ്യക്ഷന്മാരിൽ ഒരാൾ എന്ന രീതിയിൽ ആണ് അദ്ദേഹത്തെ മനസ്സിലാക്കിയിരുന്നത്. അങ്ങനെയുള്ള ഒരു മേലധ്യക്ഷൻ വളരെ പുരോഗമന പരമായ നിലപാടെടുക്കുകയും എല്ലാ ജനകീയ പ്രശ്നങ്ങളിലും ഇടപെടുകയും ചെയ്യുന്നു എന്നതായിരുന്നു സവിശേഷ ശ്രദ്ധയാകർഷിച്ചത്. ക്രിസ്തുമതവിഭാഗങ്ങൾക്ക് പൊതുവിൽ ഉണ്ടായിരുന്ന കമ്യൂണിസ്റ്റു വിരോധത്തിൽ ഗണ്യമായ അയവുണ്ടാക്കാൻ ഇത് കാര്യമായി സഹായിക്കുകയും ചെയ്തു.

മർദ്ദിതർക്കുവേണ്ടി പോരാടിയ ഒരു വിപ്ലവകാരിയായി യേശുക്രിസ്തുവിനെ മനസ്സിലാക്കുകയും മാർക്സിസത്തെയും ക്രിസ്തുമതത്തെയും തമ്മിൽ ബന്ധിപ്പിക്കുകയും ചെയ്യുന്ന, ലാറ്റിനമേരിക്കയിൽ നിന്നാരംഭിച്ച വിമോചന ദൈവശാസ്ത്രം വളരെ വൈകിയാണെങ്കിലും കേരളത്തിലേക്കും കടന്നു വരികയുണ്ടായി. ലാറ്റിനമേരിക്കയിലും ഫിലിപ്പൈൻസിലുമെല്ലാം വിമോചനദൈവശാസ്ത്രം ഒളിപ്പോരിൽ പങ്കെടുക്കുന്ന പുരോഹിതന്മാരെ സൃഷ്ടിച്ചുവെങ്കിലും, കേരളത്തിൽ അത് മാർക്സിസ്റ്റു പാർട്ടിയുടെ തലംവരെയാണ് എത്തിയത്. സാധാരണ പുരോഹിതന്മാരിൽഒരു വിഭാഗത്തെയാണ് ഈ ചിന്താഗതി സ്വാധീനിച്ചത്. ബിഷപ്പ് കൂടി ഈ ചേരിയിലേയ്ക്ക് വന്നതോടെ, ഗുണപരമായി ഉയർന്ന ഒരു സ്വാധീനവും അംഗീകാരവും ഈ വിഭാഗത്തിന് ലഭിക്കുകയും ചെയ്തു.

ചൈനയിലെ വിദ്യാർത്ഥി കലാപം കഴിഞ്ഞുള്ള സാഹചര്യത്തിലാണ് അദ്ദേഹത്തെ ഞാൻ നേരിട്ടു പരിചയപ്പെടുന്നത്. ഒരു പൊതു പരിപാടിയിൽ പങ്കെടുക്കാനായി ഒരുമിച്ച് യാത്ര ചെയ്യുന്ന സന്ദർഭത്തിലാണ് വിശദമായി സംസാരിക്കാനും കഴിഞ്ഞത്. ഒരു സി.പി.എം. സഹയാത്രികൻ എന്നറിയപ്പെടുന്ന അദ്ദേഹം കൂടുതൽ സ്വതന്ത്ര നിലപാടുള്ളയാളാണെന്ന് എനിയ്ക്ക് ബോധ്യപ്പെട്ടത് അപ്പോഴാണ്. ചൈനയിൽ ടിയാനെൻ മൈതാനത്ത് വിദ്യാർത്ഥികൾക്കെതിരെ വെടിവെപ്പ് നടക്കുന്ന ദിവസം അദ്ദേഹം ബീജിങ്ങിലുണ്ടായിരുന്നു. ആ കൂട്ടക്കൊല നടന്നതിനെക്കുറിച്ച് അദ്ദേഹത്തിന് സംശയവുമില്ല. നിലപാടിൻെറ കാര്യത്തിലാണെങ്കിൽ അദ്ദേഹം വിദ്യാർത്ഥികളുടെ പക്ഷത്തുമായിരുന്നു. അദ്ദേഹം തിരിച്ചെത്തിയ ഉടനെ വിദ്യാർത്ഥികൂട്ടക്കൊലയ്ക്കെതിരായി തൻെറ നിലപാടും ദൃക്സാക്ഷി വിവരണവും പത്രങ്ങൾക്കു നൽകുകയുമുണ്ടായി. അതിൽ പ്രകോപിതരായ സി.പി.എം.കാർ അദ്ദേഹത്തിൻെറ ധാരണ തിരുത്താനായി നടത്തിയ ശ്രമങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുമായിരുന്നു. ദേശാഭിമാനി പത്രമാഫീസിൽ, ബീജിങ്ങിൽ നിന്ന് വന്ന ടെലിപ്രിൻറർ വാർത്തകളുടെ കെട്ടു കണക്കിന് കടലാസ്സുമായി, പാർട്ടിക്കാർ വന്ന് താൻ നേരിട്ട് കണ്ട സംഭവങ്ങൾ നിഷേധിക്കാൻ നടത്തിയ ശ്രമങ്ങളുടെ അപഹാസ്യത അദ്ദേഹം സരസമായി വിവരിക്കുമായിരുന്നു. എന്നോട് അന്ന് പറഞ്ഞ കാര്യങ്ങൾ മറ്റു പലരോടും അദ്ദേഹം പറഞ്ഞതായി അറിഞ്ഞിരുന്നു.

ഞാൻ എം. എൽ പ്രസ്ഥാനത്തിൽ നിന്ന് വിട്ടതിനുശേഷം രൂപീകരിക്കപ്പെട്ട നവോത്ഥാനപ്രസ്ഥാനം എന്ന പൊതുവേദിയിൽ അദ്ദേഹം സജീവമായി സഹകരിക്കുകയുണ്ടായി. അതിൻെറ കമ്മറ്റിയംഗമെന്ന നിലയ്ക്കും സാമ്പത്തികമായി സഹായിക്കുന്നതിലുമെല്ലാം ആത്മാർത്ഥമായ സഹകരണമാണ് അദ്ദേഹത്തിൻെറ ഭാഗത്തു നിന്നുണ്ടായത്. ബിഷപ്പിൻെറ വേഷത്തിനുള്ളിൽ ശ്വാസം മുട്ടുന്ന ഒരു നല്ല മനുഷ്യനെയാണ് അടുത്തിടപഴകാനിടയായ സന്ദർഭങ്ങളിലെല്ലാം അദ്ദേഹത്തിൽ എനിക്ക് കാണാൻ കഴിഞ്ഞത്.

ബിഷപ്പിൻെറ സ്വതന്ത്രമായ നിലപാടിനെക്കുറിച്ച് ഒന്നുകൂടി ബോധ്യപ്പെടുത്തുന്ന സന്ദർഭം അടുത്ത കാലത്തു തന്നെ ഉണ്ടായി. ആദിവാസി ബില്ല് വിവാദമായ സമയത്തായിരുന്നു അത്. ആദിവാസി ഏകോപന സമിതിക്ക് പിന്തുണ നൽകികൊണ്ട് കൊടുങ്ങല്ലൂരിൽ ഒരു ചർച്ച നടക്കുന്നതിൽ അദ്ദേഹത്തെ പങ്കെടുപ്പിക്കാൻ പ്രവർത്തകർ ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ അദ്ദേഹത്തെ ഫോണിൽ ബന്ധപ്പെടുകയുണ്ടായി. അദ്ദേഹത്തിൻെറ പരസ്യമായ നിലപാട് വരുന്നതിനു മുമ്പായിരുന്നു അത്. ഇടതുപക്ഷ സർക്കാരിനെതിരായി അദ്ദേഹം നിലപാടെടുക്കുമോ എന്ന് സംശയമുണ്ടായിരുന്നു. പക്ഷേ, വിഷയം പറഞ്ഞപ്പോൾ അദ്ദേഹത്തിന് താൽപര്യമുണ്ടെന്ന് മനസ്സിലായി. അദ്ദേഹം വിശദമായി പഠിച്ചിരുന്നില്ലെ

ന്നതുകൊണ്ട് ചില സംശയങ്ങൾ ചോദിച്ചു. കൊടുങ്ങല്ലൂരിലെ പരിപാടിയിൽ അദ്ദേഹം ബില്ലിനെതിരായി നിലപാടെടുത്ത് സംസാരിക്കുകയും ചെയ്തു.

പിന്നീട് ബിഷപ്പും സുകുമാർ അഴീക്കോടും മറ്റും ചേർന്ന് ബില്ലിനെതിരായി പ്രസ്താവനയിറക്കിയതിനുശേഷം ഭരണപക്ഷത്തുനിന്ന് സമ്മർദ്ദം വന്നപ്പോഴാണെന്ന് തോന്നുന്നു, അദ്ദേഹം ഒരു ദിവസം എന്നെ കാണണമെന്ന് ആവശ്യപ്പെട്ട് വിളിക്കുകയുണ്ടായി. കണ്ടപ്പോൾ, ബില്ലിനെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങളും ആദിവാസി പ്രശ്നത്തിൻെറ വിവിധ വശങ്ങളും മനസ്സിലാക്കുകയായിരുന്നു ഉദ്ദേശ്യമെന്ന് മനസ്സിലായി. ഗൗരവമുള്ള ഏത് പ്രശ്നമായാലും അതിൻെറ ന്യായാന്യായത ശരിക്കും ബോധ്യമായാൽ നീതിയുടെ പക്ഷത്ത് നിൽക്കാൻ അദ്ദേഹത്തിന് ഒരു മടിയുമുണ്ടായിരുന്നില്ല.

പൊതുവിൽ ഇടതുപക്ഷ പുരോഗമന ചായ്‌വ് നിലനിർത്തിക്കൊണ്ട് കക്ഷിരാഷ്ട്രീയത്തിനതീതമായിട്ടുള്ള പ്രവർത്തനങ്ങളിൽ ബിഷപ്പിന് സംഭാവന ചെയ്യാൻ പറ്റുന്ന നിലവാരത്തിൽ ഒരാൾ വേറെയില്ല. ഇങ്ങനെയൊരാൾ ഇനി ഉണ്ടാവുക എളുപ്പവുമല്ല. ഈ നഷ്ടം അപരിഹാര്യം തന്നെ.

# ഒളിമങ്ങാത്ത ഓർമ്മകൾ

## ഡോ. എൻ. വി.പി. ഉണിത്തിരി

ഇഎം.എസ്സിൻെറ വേർപാടിനെത്തുടർന്നുള്ള വിഷാദം കെട്ടടങ്ങും മുൻപു തന്നെ വന്ന ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസിൻെറ അകാല ചരമ വാർത്ത, വാസ്തവത്തിൽ എന്നെ ഞെട്ടിക്കുക തന്നെ ചെയ്തു. കഴിഞ്ഞ പത്തു കൊല്ലക്കാലത്തിനിടയിൽ അത്രമേൽ എൻെറ സ്നേഹാദരങ്ങൾ പിടിച്ചു പറ്റിയ മഹാത്മാവായിരുന്നു ബിഷപ്പ്. ഈ കാലയളവിൽ ഞങ്ങൾ ഒരുമിച്ച് ഒരിരുപതു സമ്മേളനങ്ങളിലെങ്കിലും പ്രസംഗിച്ചിട്ടുണ്ടാകും. ഓരോപ്രസംഗ വേദിയും ഞങ്ങളെ തമ്മിൽ കൂടുതൽ അടുപ്പിച്ചു. ഒരിക്കൽ കോഴിക്കോട് സർവ്വകലാശാലാ ക്യാമ്പസ്സിലുള്ള അന്നത്തെ എൻെറ ക്വാർട്ടേഴ്സിൽ വന്ന് എൻെറ കുടുംബാംഗങ്ങളുമായി സൗഹൃദം പങ്കിടുവാനും തിരുമേനി സന്മനസ്സ് കാണിക്കുകയുണ്ടായി. അന്ന് ഞാൻ കേരള സർക്കാർ സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച ചില പുസ്തകങ്ങളും എൻെറ സ്വന്തം പുസ്തകങ്ങളും അദ്ദേഹത്തിന് കൊടുത്തു. അത് പിന്നീട് പല അവസരങ്ങളിലും സന്തോഷത്തോടെ ഓർത്ത് എന്നോട് അദ്ദേഹം പറയുമായിരുന്നു.

ബിഷപ്പും ഞാനും കെ.ഇ.എനുമാണ് മിക്ക സമ്മേളനങ്ങളിലും ഒരുമിച്ച് പ്രസംഗിച്ചിരുന്നത്. മതനിരപേക്ഷതയാണ് ഞങ്ങളുടെ മൂന്നു പേരുടെയും പ്രസംഗവിഷയം. എന്തൊരൈക്യമത്യമാണ് ഞങ്ങൾക്കുണ്ടായിരുന്നതെന്ന് പറഞ്ഞറിയിക്കാൻ പ്രയാസം. അന്യോന്യം മുൻകൂട്ടി ആലോചിച്ച് വിഷയവിഭജനം നടത്തിയപോലെയായിരുന്നു ഞങ്ങളുടെ പ്രസം ഗങ്ങൾ. മൂന്നും കൂടിച്ചേരുമ്പോൾ ആഹ്ലാദാവഹമായ ഒരു പൂർണ്ണത. തിരുമേനി തമാശയായി പറയുമായിരുന്നു - പത്മിനി രാഗിണി ലളിതമാരുടെ ഒത്തു ചേരലാണ് ഞങ്ങളുടേതെന്ന്!

ഏറ്റവുമൊടുവിൽ ഞങ്ങൾ പ്രസംഗവേദിയിൽ ഒത്തുചേർന്നത് ശ്രീ ശങ്കരാചാര്യസംസ്കൃത സർവകലാശാലയുടെ തൃശൂർ പ്രാദേശിക കേന്ദ്രത്തിൽ വേദപഠനകേന്ദ്രത്തിൻെറ ഉദ്ഘാടനസമ്മേളനത്തിലാണ്. ഞാൻ ആതിഥേയനും അദ്ദേഹം അതിഥിയുമായിട്ട്. ഭാരിച്ച ഉത്തരവാദിത്വമാണ് സമൂഹം എന്നെ ഏല്പിച്ചിരിക്കുന്നതെന്നും അത് യഥാവിധി നിർവഹിക്കാൻ എനിക്ക് കഴിയട്ടെ എന്നും ആണ് തിരുമേനി ഹൃദയംഗമമായി ആശംസിച്ചത് അദ്ദേഹത്തിൻേറ മരണവാർത്ത അറിഞ്ഞയുടനെ ഞാൻ ഓർമ്മിച്ചത്.

ഇന്ത്യൻ ജനാധിപത്യത്തിൻെറ അവിഭാജ്യഘടകമായ മത

നിരപേക്ഷത ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രചാരണപ്രവർത്തനങ്ങളിലാണ് ഞങ്ങൾ ഒത്തു ചേർന്നത്. മതമേധാവികളിലൊരു വലിയ വിഭാഗം മതമൗലികവാദത്തേയും ഒരു പരിധി വരെ വർഗ്ഗീയതയേയും ഒളിഞ്ഞോ തെളിഞ്ഞോ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്ന കാലത്ത്, പാവപ്പെട്ട ബഹുഭൂരിപക്ഷം ജനങ്ങളുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്കു വിലങ്ങു തടിയായി നില്ക്കുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ദുരനുഷ്ഠാനങ്ങളേയും മതത്തിൻേറയും ഈശ്വരവിശ്വാസത്തിൻേറയും പേരിൽ വളർത്താൻ ആ വിഭാഗം ശ്രമിച്ചു കൊണ്ടിരുന്ന കാലത്ത്, അതിനെതിരായി പ്രചാരണ രംഗത്ത് ശക്തിയുക്തം നിലകൊണ്ട മനുഷ്യസ്നേഹിയായ ഡോ. പൗലോസ് മാർ പൗലോസിനെ കേരളം ഒരിക്കലും മറക്കില്ല. ഇന്ത്യൻ സംസ്ക്കാരത്തിൻെറ സങ്കരസ്വഭാവത്തെ, ബഹുത്വമുഖത്തെ, വൈവിധ്യപൂർണ്ണതയെ, സാധാരണ ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചു കൊണ്ടുമാത്രമേ ഇന്ത്യയുടെ ഐക്യത്തെയും അഖണ്ഡതയെയും സംരക്ഷിക്കാൻ കഴിയൂ എന്നദ്ദേഹം ഉറച്ചു വിശ്വസിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. കപടമായ ആത്മീയതയ്ക്കെതിരെ അദ്ദേഹം തൻെറ സുഭദ്രമായ പ്രഭാഷണങ്ങളിലൂടെ ആഞ്ഞടിച്ചു. വിമോചന ദൈവശാസ്ത്ര പ്രചാരണത്തിലൂടെ തിരുമേനി ആധുനികകാലത്തെ 'ദൈവപുത്ര' നായി താനറിയാതെ മാറുകയായിരുന്നു. ആ മുഖത്തെ പാവനതേജസ്സ് ആ വാക്കുകൾക്ക് ദിവ്യമെന്നുപോലും പറയാവുന്ന പരിവേഷം ചാർത്തി ഭൗതികവാദികളും നിരീശ്വര വാദികളുമായ ലക്ഷക്കണക്കിന് മനുഷ്യസ്നേഹികൾ ആത്മീയവാദിയും ദൈവവിശ്വാസിയുമായ ആ മതപുരോഹിതൻെറ സ്വാഭാവികസഖ്യകക്ഷികളായി പരിണമിക്കുകയായിരുന്നു. നിന്ദിതരും പിഡീതരുമായ നിസ്വവർഗത്തിൻെറ വിമോചനം ലക്ഷ്യമാക്കിക്കൊണ്ടുള്ള കഠിനയത്നത്തിൽ.

അകാലത്തിൽ നമ്മെ വിട്ടുപോയ ആ മഹാത്മാവിൻെറ ജീവിത ദൗത്യം പൂർത്തീകരിക്കാനുള്ള പ്രയത്നത്തിൽ ആത്മാർത്ഥമായി മുഴുകുക -അതായിരിക്കട്ടെ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന നമുക്ക് അദ്ദേഹത്തിൻെറ പേരിൽ അർപ്പിക്കാവുന്ന പവിത്രമായ സ്മരണാഞ്ജലി.

# ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസിൻെറ രാഷ്ട്രീയ സാമ്പത്തിക വീക്ഷണം

ഡോ. വി. മാത്യുകുര്യൻ

**മാർ പൗലോസിൻെറ ദൈവശാസ്ത്രവും, മതവും**

ബിഷപ്പ് പൗലോസിൻെറ ദൈവശാസ്ത്ര ചർച്ചകൾക്ക് രണ്ടു വശങ്ങൾ ഉണ്ട്. ഒന്ന്, നിലവിലുള്ള മുഖ്യധാര ദൈവശാസ്ത്രത്തിനൊരു വിമർശനം. രണ്ട്, ഒരു ബദൽ ദൈവശാസ്ത്രസൃഷ്ടി. അതുപോലെ തന്നെ, സമകാലീന സംഘടിത മതങ്ങളുടെ കാപട്യത്തെ അദ്ദേഹം തുറന്നു കാണിക്കുകയും, ശരിയായ മതത്തിൻെറ സർഗ്ഗാത്മക ധർമ്മങ്ങളെ പറ്റി പ്രവാചകശബ്ദത്തിലും അധികാരത്തിലും നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

മുഖ്യധാരാ ദൈവശാസ്ത്രം മനുഷ്യൻെറ ഈ ലോകജീവിത പ്രശ്നത്തിനപ്പുറമുള്ള ജീവിതമാണ് പ്രധാനം. മാർ പൗലോസിൻെറ ദൈവശാസ്ത്രം ഈ ദ്വന്ദ്വത്വത്തെ ഭേദിക്കുന്നതാണ്. ഈ ജീവിതത്തിൽ തന്നെ സ്വാതന്ത്ര്യവും, സാമൂഹ്യനീതിയും, സമാധാനവുമൊക്കെ വളർന്നു വരാൻ ദൈവം ആഗ്രഹിക്കുന്നു. അബ്രഹാമിൻെറ (ദൈവ) വിളിയിലും, പഴയനിയമത്തിലെ പുറപ്പാടിലും യേശു ക്രിസ്തുവിൻെറ പരസ്യ ശുശ്രൂഷയിലും ഒക്കെ നാം കാണുന്നത് ബലഹീനരോടും, മർദ്ദിതരോടും ശബ്ദമില്ലാത്തവരോടും ഒപ്പം നടക്കുന്ന ദൈവത്തെയാണ്. ദൈവശാസ്ത്രം അതുകൊണ്ട് വിമോചകമായിരിക്കണം. പാവപ്പെട്ടവരുടേയും ചൂഷിതരുടെയും ദുർബ്ബലരുടെയും പക്ഷം പിടിച്ച് നീതിക്കായുള്ള അവരുടെ സമരത്തെ ബലപ്പെടുത്തുന്നതായിരിക്കണം. യഥാർത്ഥ ദൈവശാസ്ത്രം അതുകൊണ്ട് ജനകീയവും, പ്രവൃത്തിപരവുമാണ്. രാഷ്ട്രീയ-സമ്പദ് രംഗമാണ് അതിൻെറ കർമ്മവേദി. നീതിയ്ക്കും, സ്വാതന്ത്ര്യത്തിനും വേണ്ടി വ്യത്യസ്തമായി ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നവരുമായി സഹകരിക്കുന്ന ദൈവശാസ്ത്രമാണ് മാർ പൗലോസിൻേറത്. അതുകൊണ്ട് അത് മതനിരപേക്ഷ ദൈവശാസ്ത്രമാണ്.

എന്നാൽ സംഘടിതമതങ്ങൾ ഇന്ന് വഴിപിഴച്ച മതാത്മകതയാണ് പരിപോഷിപ്പിക്കുന്നത്. എന്താണ് ഈ വഴി പിഴച്ച മതാത്മകത? വർത്തമാനകാലത്തെ ദുരന്ത പൂർണമായ യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെടുത്താതെ ലോകാതീതനായ ഈശ്വരനെപ്പറ്റിയുള്ള സങ്കൽപം, സഹജീവികളുടെ പ്രതീക്ഷകളും ഭയാശങ്കകളും കണക്കിലെടുക്കാതെ ഈശ്വരനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് വെറും വൈയക്തികമാനം മാത്രം കണ്ടെത്തൽ, ഈശ്വരനെ കാര്യസാദ്ധ്യത്തിനുള്ള മെഷീൻ പോലെ കണ

ക്കാക്കൽ, തങ്ങൾ ആഢ്യന്മാരാണെന്നും മറ്റുള്ളവരൊക്കെ തങ്ങൾക്ക് വിറകുവെട്ടുവാനും വെള്ളം കോരുവാനും ഉള്ളവരുമാണെന്നുള്ള വൃഥാഭിമാനം, തങ്ങൾ പരിശുദ്ധന്മാരാണെന്നും മറ്റുള്ളവരുമായി ബന്ധപ്പെട്ടാൽ ഈ പരിശുദ്ധത അശുദ്ധമാകും എന്ന സ്വയം നീതികരണ മനോഭാവം, ദേശീയ ധാരയുമായി അലിഞ്ഞു ചേരാതെ ചേരിതിരിഞ്ഞു നിൽക്കുന്നതിനുള്ള പ്രവണത, പ്രായപരിപാകതയിലേക്കു വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യനെ ശിശുവായി മാത്രം കണക്കാക്കുന്ന രക്ഷാകതൃ മനോഭാവം തുടങ്ങിയവയാണ് തലതിരിഞ്ഞ മതാൽമകതയുടെ പ്രത്യേകതകൾ. യഥാർത്ഥ മതം സാമൂഹികജീവിതം നിയന്ത്രിക്കുകയലല, നീതിയിലധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് പ്രചോദനം നൽകുകയാണ് വേണ്ടത്. ഒരു സമൂഹത്തിൻെറ നീതിയും സ്വാതന്ത്ര്യവും മുഖ്യമായും ആശ്രയിച്ചിരിക്കുന്നത് അവിടുത്തെ രാഷ്ട്രീയ-സമ്പദ്ഘടനയെയാണ്. അധികാരം ആർക്കു ഗുണമായി പ്രയോഗിക്കുന്നു എന്നതാണ് മുഖ്യ പ്രശ്നം.

**നീതിയിൽ അധിഷ്ഠിതമായ രാഷ്ട്രീയ-സമ്പദ്ഘടന**

പൗലോസ് മാർ പൗലോസിൻെറ വിശ്വാസത്തിൻെറ ബഹിർസ്ഫുരണമാണ് നീതിയിൽ അധിഷ്ഠിതമായ രാഷ്ട്രീയ-സമ്പദ്ഘടനയ്ക്കുവേണ്ടിയുള്ള ബൗദ്ധികവും, സംഘടനാപരവുമായ പ്രവർത്തനങ്ങൾ. 'എന്നെ നിലനിർത്തുന്ന വിശ്വാസം' എന്ന ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ സാക്ഷിക്കുന്നു. "എല്ലാ മനുഷ്യർക്കും ആത്മീയവും സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ ജീവിതം ഉറപ്പാക്കുന്നതിന് സമൂഹത്തിനുള്ളിലും എനിക്കുള്ളിൽ തന്നെയും പ്രവർത്തിക്കുവാൻ എൻെറ വിശ്വാസം എന്നെ നിർബന്ധിക്കുന്നു. എൻെറ വിശ്വാസം ഭാവിയെക്കുറിച്ചുള്ള ക്രിയാത്മക സാദ്ധ്യതകൾ ആരായുന്നു. അതോടൊപ്പം മനുഷ്യൻെറ ഭാവിയെ കുറിച്ചുള്ള പ്രതീക്ഷകളും അഭിലാഷവും സ്വതന്ത്രചിന്തയും തടസ്സപ്പെടുത്തുന്ന പ്രതിബന്ധങ്ങളെയും പ്രശ്നങ്ങളേയും അതു വിമർശിക്കുകയും ചെറുത്തു നിൽക്കുകയും ചെയ്യുന്നു.

മാർ പൗലോസിൻെറ രാഷ്ട്രീയ-സാമ്പത്തിക വീക്ഷണം ദൈവശാസ്ത്രപരമായ രണ്ടിടതൂണുകളിലാണ് ഉറപ്പിച്ചിരിക്കുന്നത്. ഇവ പരസ്പരതയും, സ്വയം നിർണായാവകാശവുമാണ്. 'പരസ്പരത' എന്നുള്ളതുകൊണ്ട് അർത്ഥമാക്കുന്നത് സമൂഹവും ലോകവുമായുള്ള ബന്ധത്തിൽ വ്യക്തികൾക്ക് അവരുടെ വ്യക്തിത്വപൂർണത കണ്ടെത്തുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വിധത്തിൽ വിഭവങ്ങളുടെ പങ്കുവെക്കലും തീരുമാനങ്ങൾ എടുക്കുന്നതിലുമുള്ള പൂർണപങ്കാളിത്തവുമാണ്. 'സ്വയം നിർണാവകാശം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് തങ്ങൾ പിൻതുടരാൻ ആഗ്രഹിക്കുന്ന മാർഗ്ഗം നിശ്ചയിക്കുന്നതിന് ഓരോരുത്തർക്കുമുള്ള അവകാശമാണ്. നീതിയിലും സമത്വത്തിലും അടിസ്ഥാനപ്പെട്ട ഒരു സമൂഹത്തിൻെറ ആവശ്യ ഘടകങ്ങളാണിവ.

രാഷ്ട്രീയ- സമ്പദ്ഘടനാ രംഗത്ത് വിപ്ലവപരമായ ഒരു മുന്നേ

റ്റമായിരുന്നു കൊളോണിയലിസത്തിനെതിരായി ആഗോളമായിത്തന്നെ വളർന്നുവന്നത്. സ്വാതന്ത്ര്യസമരങ്ങളുടെ കാലത്ത് ജനങ്ങൾക്ക് പല ഓമന പ്രതീക്ഷകളും കിനാവുകളും ഉണ്ടായിരുന്നു. എന്നാൽ ഫീനിക്സ് പക്ഷിയെപ്പോലെ കൊളോണിയലിസം പുത്തൻ കൊളോണിയലിസത്തിൻെറ വിവിധരൂപങ്ങളിൽ പുനർജനിച്ചു. ദേശീയ സ്വാതന്ത്ര്യം മൂലം നേടാമെന്നു കരുതിയ സ്വാതന്ത്ര്യത്തിൻേറയും മെച്ചപ്പെട്ട ജീവിതത്തിൻേറയും സ്വപ്നങ്ങൾ, വിമാനുഷ്യമാക്കുന്ന ദാരിദ്ര്യത്തിൻേറയും, ജീർണ്ണിപ്പിക്കുന്ന പീഡനത്തിൻേറയും, നിസ്സാഹയതയും നിരാശയും കൊണ്ടുണ്ടായ നിർവികാരതയുടെയും കാളരാത്രികളായി മാറി.

ധാർമ്മികതയുടെ കൈകാര്യം ചെയ്താൽ ലോകത്തിലെ എല്ലാ മനുഷ്യരുടേയും നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാധ്യതകൾ ഉണ്ട്. ശാസ്ത്രത്തിൻേറയും സാങ്കേതികവിദ്യയുടേയും സംഭാവനകൾ വളരെ വിലയേറിയവയാണ്. ഈ സാധ്യതകൾ എങ്ങനെ എല്ലാ ജനങ്ങൾക്കും ഗുണകരമാക്കിത്തീർക്കാം എന്നതാണ് പ്രശ്നം. ഇത് രാഷ്ട്രീയ സമ്പദ്ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. നീതിയിലധിഷ്ഠിതവും, പങ്കാളിത്തമുള്ളതും എക്കാലവും നിലനിൽക്കുന്നതുമായ ഒരു രാഷ്ട്രീയ സമ്പദ്ഘടന ഇനിയും നിർമ്മിക്കേണ്ടിയിരിക്കുന്നു. ഇതിനായി ഇനിയും സാധാരണ ജനങ്ങൾ പോരാടേണ്ടതായിട്ടുണ്ട്. ഈ പോരാട്ടത്തിൽ ജനങ്ങളോടൊപ്പം മതത്തിനും ശാസ്ത്രത്തിനും കൈകൾ ചേർത്തുപിടിക്കുവാൻ കഴിയും. ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയും മർദ്ദനം, വർഗ്ഗവിവേചനം, ദാരിദ്ര്യം, നിരക്ഷരത, എന്നിവക്കെതിരെയും ലോകമെങ്ങുമുള്ള വിമോചനപ്രസ്ഥാനങ്ങൾ പോരാട്ടം നടത്തികൊണ്ടിരിക്കുമ്പോൾ അതൊന്നും മതത്തിൻെറ ഉത്തരവാദിത്തത്തിൽപെട്ടതല്ല എന്ന നിസ്സംഗത്വമനോഭാവം മതം പിലർത്തികൂടാ. സാമ്രാജ്യത്വത്തിനും സേച്ഛാധിപത്യത്തിനുമെതിരെ നാം ഉറച്ച നിലപാട് എടുക്കേണ്ടിവരും. ലോകപ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ സഹായിക്കുന്നത് ലോകവ്യാപകമായ പരസ്പര സഹകരണം കൊണ്ടു മാത്രം ആകയാൽ സമാധാനത്തിനുവേണ്ടി നിലകൊള്ളുന്ന മതപരവും മതേതരവുമായ എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളുമായി മതങ്ങൾ സഹകരിച്ച് പ്രവർത്തിക്കണം.

ഇന്നത്തെ രാഷ്ട്രീയ സമ്പദ്ഘടനയുടെ ഏറ്റവും വലിയ പാളിയ ക്രമം തെറ്റിയ മുൻഗണന നൽകുന്നു എന്നതാണ്. കോടിക്കണക്കിന് ജനങ്ങളേ പട്ടിണിക്കിട്ടുകൊണ്ട് ആയുധങ്ങൾ കുമ്പാരം കൂട്ടുന്നു ! വിശ്വാസത്തിലും പ്രത്യയശാസ്ത്രത്തിലും നാം വിവിധത്വം പുലർത്തുന്നവരാണെങ്കിലും അണ്വായുധയുദ്ധം സൃഷ്ടിക്കുന്ന ദുരന്തത്തെ നാം ഒന്നിച്ചു നേരിടേണ്ടി വരും. പാകിസ്താനോ ഇന്ത്യയോ പൊട്ടിക്കുന്ന ആണ്വായുധം രണ്ടുരാജ്യങ്ങളിലേയും മറ്റ് അയൽ രാജ്യങ്ങളിലേയും ജീവനെ ഒരുപോലെ കൊന്നൊടുക്കും.

ലോകസമാധാനത്തിന് ഇപ്പോൾ ഏറ്റവും വലിയ ഭീഷണിയായി

നിലക്കൊള്ളുന്നത് ലോകവിഭവങ്ങളിലും സമ്പത്തിലും അധികാരത്തിലും ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള ആഗോള അസമത്വമാണ്. സമ്പത്തിൻെറ വിതരണത്തിൽ ഒരു രാഷ്ട്രത്തിനുള്ളിൽതന്നെയും രാഷ്ട്രങ്ങൾ തമ്മിലും വർദ്ധിച്ചുവരുന്ന അസമത്വമുണ്ട്. ദേശീയവും സർവദേശീയവുമായ പ്രശ്നങ്ങൾ തമ്മിൽ കെട്ടുപിണഞ്ഞു കിടക്കുന്നതു സ്ഥിതി കൂടുതൽ ഗുരുതരമാക്കിത്തീർക്കുന്നു.

സമ്പത്തും മറ്റു വിഭവങ്ങളും കുന്നുകൂട്ടി വെക്കുമ്പോൾ സ്വാഭാവികമായും അത് സംരക്ഷിക്കേണ്ട ആവശ്യവും വന്നുകൂടുന്നു. അപ്പോൾ പിന്നെ ആയുധങ്ങൾ ശേഖരിക്കണം. അത് ഏറ്റവും ഫലവത്തായ ആയുധങ്ങൾ ആയിരിക്കുകയും വേണം. ആയുധങ്ങൾ കൂടുതൽ വേണ്ടിവരുമ്പോൾ പിന്നെ ആയുധവ്യവസായം ആരംഭിക്കുകയായി. ആയുധങ്ങൾ സമൃദ്ധിയായി ഉണ്ടാകുമ്പോൾ അത് ഒരു കച്ചവടചരക്കായി മാറുന്നു. എല്ലാ രാജ്യങ്ങളിലും സമ്പത്തും അധികാരവും കയ്യാളുന്നവർ ഈ കച്ചവടചരക്കു കൂടുകൂടുതൽ വങ്ങി സംഭരിക്കുന്നു.ഏതെല്ലാം രാജ്യങ്ങളിൽ ക്രമം വിട്ട ആയുധശേഖരണം നടന്നിട്ടുണ്ടോ അവിടെല്ലാം മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുകയും അവശതയനുഭവിക്കുന്ന ജനവിഭാഗത്തിൻെറ പോരാട്ടങ്ങൾ അടിച്ചമർത്തപ്പെടുകയും ചെയ്തിട്ടുണ്ട്.

അടിയന്തരാവസ്ഥയിൽ ഭാരതത്തിൽ സംഭവിച്ചതും ഇപ്പോൾ രാജ്യത്തിൻെറ പലഭാഗത്തും വളർന്നുകൊണ്ടിരിക്കുന്നത് മനുഷ്യാവകാശ ധ്വംസനങ്ങളാണ്. ഫിലിപ്പിൻസ് ദക്ഷിണകൊറിയ തുടങ്ങിയ രാഷ്ട്രങ്ങൾ നൽകുന്ന പാഠവും ഇതുതന്നെ. ഈ പരിതസ്ഥിതിയിൽ 'നീതിയോടു കൂടിയ സമാധാനം' എന്ന ആശയത്തിനു നാം കൂടുതൽ ഊന്നൽ കൊടുക്കണം. നവലോകക്രമത്തിൽ ഈ ആശയത്തിൻെറ പ്രസക്തി വളരെ വർദ്ധിച്ചിരിക്കുന്നു.

### മാർ പൗലോസിൻെറ ചിന്തയും മാർക്സിസവും

മറ്റു വിമോചന ദൈവശാസ്ത്രജ്ഞൻമാരെപോലെ പൗലോസ് മാർ പൗലോസും സമൂഹത്തെപറ്റിയുള്ള മാർക്സിൻെറ അപഗ്രഥനം ഉപയോഗിക്കുന്നുണ്ട്. ഒരു ദൈവശാസ്ത്രവിദ്യാർത്ഥിയായിരിക്കെത്തന്നെ മാർക്സിൻെറ സാമൂഹ്യ അപഗ്രഥന മാർഗ്ഗം ക്രിയാത്മകമായി ഉപയോഗിക്കാമെന്ന് പൗലോസ് മാർ പൗലോസ് തെളിയിച്ചു. ഈ വീക്ഷണം വളർത്തിയെടുക്കുന്നതിൽ ബോൺ ഹോഫറും, ഡോ.എം.എം. തോമസും , ഡോ. പൗലോസ് മാർ ഗ്രിഗോറിയോസും ബിഷപ്പ് പൗലോസിനെ സഹായിച്ചു. കാലിഫോർണിയായിലെ ബർക്കിലി ഗ്രാജുവേറ്റ് തിയോളജിക്കൽ യൂണിയനിൽ 1976 ൽ സമർപ്പിച്ച A Bonboefferian Corrective of Karl Marx's Cretique of Religion' എന്ന ഗവേഷണ പ്രബന്ധത്തിനാണ് അദ്ദേഹത്തിന് ഡോക്ടറിൽ ബിരുദം ലഭിച്ചത്. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ തൻേറ ഗുരുവായി സ്വീകരിച്ചത് ഇ.എം. എസിനെ ആയിരുന്നു. ഒരു നർമ്മ സംഭാഷണത്തിൽ ഒരിക്കൽ അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. ''ഇ.എം.എസിന് ദൈവത്തെ വേണ്ടെങ്കിലും,

ദൈവത്തിന് ഇ.എം.എസിനെ വേണം''.

മാർക്സിസവും ക്രിസ്തീയവിശ്വാസവും തമ്മിൽ അടിസ്ഥാനപരമായ ബന്ധമാണ് ഉള്ളതെന്ന് ബിഷപ്പ് പൗലോസ് സിദ്ധാന്തിക്കുന്നു. ഇവ തമ്മിലുള്ള അർത്ഥവത്തായ സാമ്യങ്ങളിലൊന്ന് പ്രത്യാശയെപറ്റി ഇരുകൂട്ടർക്കുമുള്ള സങ്കല്പവും പ്രത്യാശയുടെ സാക്ഷാൽകാരം - രക്ഷാകരഗതമാക്കുന്നത് ഭാവിയിലാണെന്ന ധാരണയുമാണ്. 'രക്ഷ' എന്ന സങ്കല്പത്തിന് കാലികമായ പ്രസക്തിയില്ലെന്ന് ഇതുകൊണ്ട് അർത്ഥമാക്കേണ്ടതില്ല. രക്ഷയുടെ പൂർണത കൈവരിക്കുന്നത് ഭാവിയിലാണെന്ന് മാത്രം. മനുഷ്യൻ ഭാവിയിലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുകയാണ്. കയ്യിലുള്ളതുകൊണ്ട് അവന് തൃപ്തിപ്പെട്ടിരുന്നുകൂടാ. കൂടുതൽ മാനുഷികമായ, നീതിപൂർവകമായ ഭാവിയെ ലാക്കാക്കികൊണ്ട് അവൻ യാത്ര തുടരണം. ആ യാത്രയിൽ മനുഷ്യൻ ലോകത്തെ വ്യാഖ്യാനിച്ചാൽ മാത്രം പോരാ, പരിവർത്തനങ്ങൾ സൃഷ്ടിക്കുകയും വേണം. തന്റെ സ്വന്തം ചരിത്രവും സമൂഹത്തിന്റെ ചരിത്രവും തിരുത്തുന്നതിനും പുതുക്കുന്നതിനും ക്രിസ്തുമതവും മാർക്സിസവും പഠിപ്പിക്കുന്നു.

**ബിഷപ്പ് പൗലോസ് ; സിദ്ധാന്തത്തിൽനിന്നും പ്രവർത്തിയിലേക്ക്**

ബിഷപ്പ് പൗലോസ് മാർ പൗലോസ് വെറും സൈദ്ധാന്തികൻ മാത്രം ആയിരുന്നില്ല. തന്റെ സിദ്ധാന്തങ്ങൾ കർമ്മപഥത്തിൽ പരീക്ഷിച്ച് വിജയം വരിച്ചയാളായിരുന്നു. ജീവിതത്തിൽ ഉടനീളം അദ്ദേഹം ജനങ്ങളുടെ കൂടെയായിരുന്നു. ആദിവാസികളുടേയും, ദളിതരുടേയും, സ്ത്രീകളുടേയും ചുമട്ടുതൊഴിലാളികളുടേയും വിദ്യാർത്ഥികളുടേയും ഒക്കെ പ്രശ്നങ്ങൾ പരിഹരിക്കാൻ അദ്ദേഹം സദാ ബദ്ധശ്രദ്ധനായിരുന്നു.

**ഉപസംഹാരം**

യേശുക്രിസ്തുവിന്റെ ജീവിതമാതൃക അതിന്റെ ശരിയായ അർത്ഥത്തിൽ അനുസരിക്കാൻ ശ്രമിച്ച അപൂർവ്വം ചിലയാളുകളിൽ ഒരാളായിരുന്നു ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് തൻമൂലം പലപ്പോഴും അദ്ദേഹം ക്രൂശിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അധർമ്മലോകത്തിൽ നിശബ്ദരായിരിക്കാൻ നമുക്കധികാരമില്ലെന്ന് അദ്ദേഹം പഠിപ്പിച്ചു. 'സ്വാതന്ത്ര്യമാണ് ദൈവം' എന്ന് പറയാൻ അദ്ദേഹം ധീരത കാണിച്ചു. ശുദ്ധ ക്രിസ്തീയതയു കമ്മ്യൂണിസവും ചേർന്ന് ജനങ്ങളെ ഫലപ്രദമായി സേവിക്കാം. എന്ന് സിദ്ധാന്തിക്കുകയും പ്രവർത്തനത്തിൽ കൂടെ കാണിക്കുകയും ചെയ്തു. മനുഷ്യത്വത്തിനുവേണ്ടി നിലകൊണ്ട ആ വലിയ വിപ്ലവകാരിക്ക് ആദരാജ്ഞലികൾ. ആ പ്രവാചകൻ തെളിച്ച മനുഷ്യത്വത്തിന്റെ വെളിച്ചം കെടാതെ സൂക്ഷിക്കാൻ നമുക്കു പ്രതിജ്ഞയെടുക്കാം.

# ഇഹലോകത്തിൻെറ ആത്മാവ്

ഡോ. എ.കെ. രാമകൃഷ്ണൻ

ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസിൻെറ ദേഹവിയോഗത്തിലൂടെ കേരളീയരായ നമുക്ക് നഷ്ടപ്പെട്ടത് നെഞ്ഞൂക്കുള്ള ഒരു സാമൂഹ്യ വിമർശകനേയും മനുഷ്യാഭിമുഖ്യമുള്ള ഒരു ദൈവശാസ്ത്രജ്ഞനേയുമാണ്. എനിക്ക് വ്യക്തിപരമായി നഷ്ടപ്പെട്ടത് ഒരു സുഹൃത്തിനേയും ജ്യേഷ്ഠസഹോദരനേയുമാണ്. ബിഷപ്പിൻെറ ചരിത്രപരവും സാമൂഹികവുമായ ദൗത്യമെന്തെന്ന് വിശകലനം ചെയ്തുകൊണ്ട് അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുകയാണ് ഈ കുറിപ്പിൻെറ ഉദ്ദേശ്യം.

വ്യവസ്ഥാപിത മതങ്ങളുടെ വേലിക്കെട്ടുകൾക്കപ്പുറത്ത് കടന്ന് വിഭിന്ന ജനവിഭാഗങ്ങളുമായി സാർത്ഥകമായി സംവദിക്കുന്ന ഉയർന്ന മാനവികതയാണ് ഡോ. പൗലോസ് മാർ പൗലോസിൻെറ പ്രവർത്തനങ്ങളുടെ മുഖമുദ്ര. മതം ഭരണകൂടങ്ങളെപ്പോലെ ശക്തവും ശ്രേണീബന്ധവും അധികാര പ്രമത്തവുമായി കൊണ്ടിരിക്കുന്ന ഇക്കാലത്ത് വ്യവസ്ഥാപിത മതത്തിൻെറയും ഭരണകൂടാധികാരത്തിൻെറയും പ്രശ്നങ്ങൾ സമന്വയിപ്പിച്ച് ഉന്നയിക്കാനും ഇവയെ ആഴത്തിലുള്ള വിമർശനത്തിന് വിധേയമാക്കാനും അദ്ദേഹത്തിന് കഴിഞ്ഞു.

ഒരു മതാദ്ധ്യക്ഷനായിരുന്നതുകൊണ്ട് സ്വർഗ്ഗത്തേയും നരകത്തേയും പറ്റി സംസാരിക്കുന്നതിനുപകരം ഈ ലോകത്തെക്കുറിച്ച് സംസാരിക്കുന്നുവെന്ന വിമർശനമാണ് തനിക്ക് മിക്കപ്പോഴും കേൾക്കേണ്ടിവന്നതെന്ന് അദ്ദേഹം പറയുമായിരുന്നു. ഈ വിമർശനം ഒരു അഭിനന്ദനമായാണ് താൻ കണക്കാക്കുന്നതെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഇഹലോകത്തിൻെറ പ്രശ്നങ്ങളോട് പ്രതികരിക്കുകയും അവയ്ക്ക് കൂട്ടായ്മയിലൂടെ പരിഹാരം തേടുന്നതിൽ ഭാഗഭാക്കാകുകയും ചെയ്യേണ്ടത് തൻേറ ക്രൈസ്തവ ധർമ്മമായി അദ്ദേഹം കരുതി. മാർക്സ് പറഞ്ഞതുപോലെ, ദാർശനികർ അനേകവിധത്തിൽ ഈ ലോകത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്; എന്നാൽ പ്രസക്തമായ കാര്യം ഈ ലോകത്തെ എങ്ങനെ മാറ്റിത്തീർക്കാമെന്നതാണ്. മാറ്റത്തിൻെറ പ്രവാചകശബ്ദമായി നിലക്കൊള്ളുവാനുള്ള വെമ്പലാണ് ഡോ. പൗലോസ് മാർ പൗലോസിൽ എന്നും നിറഞ്ഞു നിന്നത്.

സ്ഥാപനവല്കൃതമായ മതത്തിൻെറ മാർഗ്ഗത്തിനു പകരം വിധ്വംസകനും വിമോചകനുമായ യേശുവിൻെറ മൂല്യങ്ങളും വഴിയും സ്വീകരിക്കാനാണ് ബിഷപ്പ് ഒരുമ്പെട്ടത്. അതുകൊണ്ടു തന്നെ വിശ്വാസത്തിലെ വിപ്ലവകാരിയും വിപ്ലവമാർഗ്ഗത്തിലെ വിശ്വാസിയുമാകാൻ അദ്ദേഹത്തിന് സാധിച്ചു.

"മതം മനുഷ്യരെ മയക്കുന്ന കറുപ്പാണ്'' എന്ന മാർക്സിന്റെ വാക്യം ഏറെ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതാണ്. "അത് (മതം) ആത്മാവില്ലാത്ത ലോകത്തിന്റെ ആത്മാവാണ്'' എന്ന തൊട്ടടുത്ത പ്രസ്താവനയുമായി കൂട്ടിവായിക്കുമ്പോഴേ മാർക്സിന്റെ ദ്വന്ദ്വാത്മകമായ ആശയം പൂർണ്ണമാവുന്നുള്ളൂ. ഡോ. പൗലോസ് മാർ പൗലോസിന്റെ അഭിപ്രായത്തിൽ, സ്വർഗ്ഗലോകത്തെ സൗഖ്യങ്ങൾ കൊതിപ്പിച്ച് ഇഹലോകത്തെ കഷ്ടപ്പാടുകളേയും ഉച്ചനീചത്വങ്ങളേയും സാധൂകരിക്കാൻ ശ്രമിക്കുന്ന മതമാണ് മനുഷ്യരെ മയക്കുന്ന കറുപ്പാകുന്നത്. മനുഷ്യർക്ക് കഷ്ടപ്പാടുകളിൽ സാന്ത്വനമാവുക എന്നതുമാത്രമല്ല, കഷ്ടപ്പാടുകളും ഉച്ചനീചത്വങ്ങളും അനീതിയും ഉളവാക്കുന്ന വ്യവസ്ഥയെ ചോദ്യം ചെയ്യുകയെന്നതും മതത്തിന്റെ കർത്തവ്യമായി അദ്ദേഹം കാണുന്നു. മതത്തെ, മതവിശ്വാസത്തെ, സാമൂഹ്യവ്യവസ്ഥയുമായി ബന്ധപ്പെടുത്താനുള്ള ഈ ശ്രമമാണ് ബിഷപ്പിന്റെ ചിന്തകളുടേയും പ്രവർത്തനത്തിന്റെയും ഒരു പ്രമുഖ തലം. സാർവ്വലൗകികമായ മാനവികതാബോധം മലയാളി സമൂഹത്തിന് വെളിപ്പെടുത്തുന്നതിൽ മുൻപന്തിയിൽ നിന്നത് നാരായണഗുരു, അയ്യങ്കാളി, വി.ടി. ഭട്ടതിരിപ്പാട്, സഹോദരൻ അയ്യപ്പൻ തുടങ്ങിയവർ നേതൃത്വം നൽകിയ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളായിരുന്നു. കേരളീയ സമൂഹത്തിലെ തട്ടുതട്ടായ സാമൂഹ്യഘടനയ്ക്ക് ഇളക്കം തട്ടിക്കാനും വിവിധ ജനവിഭാഗങ്ങൾ തമ്മിൽ സാർത്ഥകമായ ബന്ധം സൃഷ്ടിക്കാനും ഈ നൂറ്റാണ്ടിന്റെ ആദ്യമുണ്ടായ ഈ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞു. ഇത്തരമൊരു സാമൂഹ്യ സാഹചര്യമാണ് സ്ഥിതി സമത്വവാദത്തിനും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കും വളരാനുള്ള അവസരമൊരുക്കിയത്. പ്രതിലോമ മൂല്യങ്ങളും വീക്ഷണഗതികളും വീണ്ടും ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന സമകാലിക കേരളത്തിൽ പുതിയ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ പ്രസക്തി മനസ്സിലാക്കുകയും അവ രൂപപ്പെടുത്തുന്നതിൽ മുൻപന്തിയിൽ നില്ക്കുകയും ചെയ്ത ധിഷണാശാലിയായ സാമൂഹ്യ വിപ്ലവകാരിയാണ് ബിഷപ്പ് പൗലോസ് മാർ പൗലോസ്. മാനവികതയുടേയും തുല്യതയുടേയും നീതിയുടേയും മൂല്യങ്ങൾ മതത്തിൽ നിന്നും ലോകചിന്തകരിൽ നിന്നും സ്വീകരിച്ച് അവയെ സമകാലിക ഇന്ത്യൻ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്താനുള്ള ശ്രമമാണ് അദ്ദേഹത്തിൽ നാം കാണുന്നത്. ഈ വെളിച്ചത്തിലാണ് ജനകീയ പ്രസ്ഥാനങ്ങൾ, പരിസ്ഥിതി, ആദിവാസി, സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ, മനുഷ്യാവകാശ ചെറുത്തു നില്പുകൾ തുടങ്ങിയവയുമായുള്ള അദ്ദേഹത്തിന്റെ സജീവ ബന്ധത്തെ കാണേണ്ടത്. അമേരിക്കയിലെ വിദ്യാഭ്യാസകാലത്ത് വിയറ്റ്നാം യുദ്ധത്തിന്നെതിരെയും അപ്പാർത്തീഡിനെതിരെയും ചെറുത്തു നില്പ് സംഘടിപ്പിച്ചതിൽ നിന്നും, ലോക ക്രൈസ്തവയുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലിരിക്കുമ്പോൾ വിവിധ രാജ്യങ്ങളിലെ നവ സാമൂഹ്യ പ്രസ്ഥാനങ്ങളുമായി അടുത്ത് ബന്ധപ്പെട്ടതിൽ നിന്നും ലഭ്യ

മായ പ്രതിരോധത്തിൻെറ അനുഭവസമ്പത്ത് കേരളീയ സമൂഹത്തിൻെറ മാറ്റത്തിന് പ്രയോജനപ്പെടുത്തണമെന്ന അദമ്യമായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. അടിയന്തിരാവസ്ഥയ്ക്കെതിരേയും പെരിങ്ങോം ആണവനിലയത്തിന്നെതിരേയും ആദിവാസികളുടെ അവകാശം ഹനിക്കുന്ന ബില്ലിനെതിരേയുമൊക്കെ ശക്തമായ ഭാഷയിൽ പ്രതികരിക്കുകയും പ്രസ്ഥാനങ്ങളിൽ പങ്കാളിയാവുകയും ചെയ്തു അദ്ദേഹം. ക്രിസ്തീയ സ്ത്രീകളുടെ തുല്യഅവകാശത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ സ്ത്രീപക്ഷത്ത് ഉറച്ചു നിന്ന് തൻെറ ഉയർന്ന നീതിബോധം അദ്ദേഹം വീണ്ടും വ്യക്തമാക്കി.

കേരളത്തിലെ ഇടതുപക്ഷക്കാരോട് അദ്ദേഹം സ്വീകരിച്ച അനുകൂല നിലപാട് ഏതെങ്കിലും കക്ഷിരാഷ്ട്രീയ പരിഗണനയ്ക്കുപരി, ദാർശനികവും പ്രായോഗികവുമായ തൻെറ പ്രതിബദ്ധതയിൽ നിന്നുമുടലെടുത്തതാണെന്ന് കാണാൻ പ്രയാസമില്ല. സംവാദത്തിലൂടെ മാത്രമേ സാമൂഹ്യപ്രശ്നങ്ങളെ നേരിടുന്നതിനുള്ള ദിശാബോധം സിദ്ധിക്കൂ എന്ന ശക്തമായ അഭിപ്രായം ബിഷപ്പിനുണ്ടായിരുന്നു. ക്രിസ്തുദർശനത്തിന് സാർത്ഥകമായി സംവദിക്കാൻ സാധിക്കുക മാർക്സിസ്റ്റുകളുമായാണെന്ന് ബിഷപ്പിന്നറിയാമായിരുന്നു. താൻ സ്വീകരിച്ച പ്രവാചക ദൗത്യത്തിൻെറ പ്രായോഗിക തലം അത്തരമൊരു സംവാദത്തിലൂടെ മാ ത്രമേ ഉരുത്തിരിച്ചെടുക്കാൻ കഴിയൂ എന്ന ധാരണ ബിഷപ്പിനുണ്ടാ യിരുന്നു.

അധഃസ്ഥിതരുടെ പക്ഷത്തു നിന്ന് അവരുടെ അവകാശസമരങ്ങളിൽ പങ്കാളിയാവുന്ന, ഒരിക്കലും അരാഷ്ട്രീയവാദത്തിന് അടിമപ്പെടാത്ത ധൈര്യശാലിയുടെ ശബ്ദമായിരുന്നു ബിഷപ്പിൻേറത്. അൻറോണിയോ ഗ്രാംചിയുടെ വാക്കുകളിൽ പറഞ്ഞാൽ തികഞ്ഞൊരു ''ജൈവികബുദ്ധിജീവി''യായിരുന്നു ഡോ. പൗലോസ് മാർ പൗലോസ്.

# ക്രിസ്തു വചനത്തിൽ നിന്ന് ക്രിസ്തുവിലേയ്ക്ക് നടന്നവൻ

## സി.പി. രാജശേഖരൻ

"ഇവർ ചെയ്യുന്നതെന്താണെന്ന് ഇവരറിയുന്നില്ല; ഇവരോട് പൊറുക്കേണമേ" എന്ന ക്രിസ്തു വചനം നൂറായിരം തവണ പല സദസ്യരോടും വിളിച്ചു പറഞ്ഞ ഒരു മെത്രാൻ തൻെറ അവസാന വേഷം ക്രിസ്തുവായി തന്നെ നടിച്ചു തീർത്ത കഥയാണ് എനിയ്ക്ക് പറയുവാനുള്ളത്. പെസഹവ്യാഴം വൈകീട്ട് ശിഷ്യന്മാരുമൊരുമിച്ച് അവസാനത്തെ അത്താഴം പങ്കിട്ടുകൊണ്ട് ക്രിസ്തു പറഞ്ഞത് നാമെന്നും ഓർക്കുന്നു. ക്രിസ്ത്യാനികൾ എന്നും തങ്ങളുടെ ദിവ്യബലിയിൽ അതു ആവർത്തിക്കുന്നു. അപ്പമെടുത്ത് ശിഷ്യന്മാർക്കായി വീതിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഇതെൻെറ ശരീരമാകുന്നു. ഇതിനെ അംശിച്ച് ഭുജിച്ച് നിങ്ങൾ നിങ്ങളുടെ പാപത്തെ കഴുകിക്കളയുക. പാനപാത്രത്തിലെ വീഞ്ഞെടുത്ത് ഉയർത്തിക്കാണിച്ചുകൊണ്ട് അദ്ദേഹം ശിഷ്യന്മാരോട് വീണ്ടും പറഞ്ഞു : "ഇത് പുതിയ ഉടമ്പടിയ്ക്കു വേണ്ടി ചിന്തപ്പെട്ട എൻെറ രക്തമാകുന്നു. ഇതിനെ പാനം ചെയ്ത് നിങ്ങൾ നിങ്ങളുടെ പാപത്തെ കഴുകിക്കളയുക." ക്രിസ്തുവിൻെറ അവസാനത്തെ ഈ ആത്മബലിയാണ്,

ലോകക്രൈസ്തവർ ദ്യവ്യബലിയായി അന്നു മുതൽ ഇന്നോളം ആരാധന ചെയ്യുന്നത് 1996 മാർച്ച് 23 സമയം രാത്രി 11 മണി കഴിഞ്ഞു. സ്ഥലം ആകാശവാണിയ്ക്ക് സമീപമുള്ള രാമവർമ്മപുരം ഹൈസ്ക്കൂളിന് പുറകു വശത്തുള്ള വിജനമായ വലിയ മൈതാനം. ഗാഗുൽത്താ മലയുടെ സെറ്റ് നിയോൺ വിളക്കുകളുടെ പ്രഭാപൂരത്തിൽ മിന്നിത്തെളിഞ്ഞു. കാൽവരിയും, ഗാൽഗുത്താമലയും കുരിശിൻെറ വഴിയായി മാറുന്ന മഹനീയ മുഹൂർത്തത്തിന് ഞാൻ 'ആക്ഷൻ'പറഞ്ഞതോടെ ബിഷപ്പ് പൗലോസ് മാർ പൗലോസ് പീഡാനുഭവം ഏറ്റുവാങ്ങുന്ന ക്രിസ്തുവായി; ഒരു വലിയ കുരിശും ചുമന്ന് അദ്ദേഹം ക്രിസ്തുവായി ആവാഹിയ്ക്കപ്പെടുകയായിരുന്നു.

അതുവരെ പള്ളിയ്ക്കകത്തും പുറത്തും ക്രിസ്തുവചനം പ്രസംഗിക്കുക മാത്രം ചെയ്തിരുന്ന ബിഷപ്പ് അന്ന് രാത്രി ക്രിസ്തുവായി പുനരവതരിക്കുകയായിരുന്നു. അടിയേറ്റും, ഭാരമുള്ള കുരിശു ചുമന്നും പീഡാനുഭവത്തിൻെറ തീക്ഷ്ണതയിൽ വിയർത്തു കുളിക്കുന്ന ക്രിസ്തുവിനെക്കണ്ട് എൻെറ ചിത്രത്തിൻെറ പ്രൊഡ്യൂസർ ഫാദർ പോൾ മനസ്സിൽ അറിയാതെ കൈകൂപ്പി തൊഴുതു പോയി. മറ്റ് ക്രിസ്ത്യൻ സഹോദരങ്ങളും കൈകൂപ്പി വണങ്ങുന്നതു കണ്ടപ്പോൾ ഡയറക്ടർ

എന്ന നിലയിൽ എനിയ്ക്കനുഭവപ്പെട്ട അനുഭൂതി പറഞ്ഞറിയിയ്ക്കാൻ വയ്യായിരുന്നു. 'കട്ട്' എന്നു പറഞ്ഞ് ക്യാമറയ്ക്ക് നിർദേശം കൊടുക്കുന്നതിനിടയിൽ ബിഷപ്പ് വീണ്ടും എൻറടുത്തേക്ക് ഓടി വന്നു: ''ശരിയാവുന്നുണ്ടോ?'' ഉത്ക്കണ്ഠയോടെയുള്ള ആ ചോദ്യം കേട്ട് ഞാൻ വിജയത്തോടെ പറഞ്ഞു. you are living; living as christ, very good performance.

അദ്ദേഹത്തിൻെറ കണ്ണ് വീണ്ടും തിളങ്ങി. അതെ പൗലോസ് മാർ പൗലോസ് ക്രിസ്തുവായി അഭിനയിക്കുകയല്ല; ക്രിസ്തുവായി ജീവിക്കുകയായിരുന്നു, എൻെറ ''സ്നേഹത്തിൻെറ മുറിവുകൾ '' എന്ന ടെലിഫിലിമിൽ. ബിഷപ്പ് നടനാവുകയോ? പലരും അത്ഭുതത്തോടെ ചോദിച്ചു. ജനം ചോദിയ്ക്കും മുമ്പ് ബിഷപ്പ് സ്വയം ചോദിച്ചു.

ഞങ്ങൾ ആലുവ യു.സി. കോളേജ് വാർഷികാഘോഷം ഉദ്ഘാടനം ചെയ്യാൻ പോവുകയായിരുന്നു. അദ്ദേഹം അദ്ധ്യക്ഷൻെറ വേഷത്തിലും ഞാൻ ഉദ്ഘാടകൻെറ വേഷത്തിലുമായിരുന്നു പുറപ്പാട്. അന്നും പൗലോസ് മാർ പൗലോസ് എന്ന ബിഷപ്പ്, സ്വന്തം പദവി മറന്ന് വെറും സാധാരണ പോലെ വാചാലനായി. കലയും സാഹിത്യവും, സിനിമയും നാടകവുമെല്ലാം വിഷയമായി വന്നപ്പോൾ ഞാൻ ചോദിച്ചു, താങ്കൾക്ക് ഒന്നഭിനയിക്കാമോ.

ഒരു അലറിച്ചിരിയായിരുന്നു മറുപടി. ''ഞാൻ അഭിനയിച്ചു കൊണ്ടിരിയ്ക്കയല്ലേ'' എന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു. '' ഞാൻ തമാശ പറഞ്ഞതല്ല എൻെറ ''മൂന്നു വയസ്സൻമാർ'' എന്ന കൃതി യ'റ'യിലേക്ക് സീരിയലാക്കി മാറ്റുന്നു. എനിക്കതിൽ ഒരു അച്ചനെ വേണം. അത് താങ്കളാവണം.'' ''തനിയ്ക്ക് ഭ്രാന്തുണ്ടോ, നായരേ.......'' ''എല്ലാവരിലും ഒരല്പം ഭ്രാന്തുണ്ടല്ലോ അതുണ്ടെന്ന് കൂട്ടിക്കോ'' ''ഏയ്, ഞാൻ അഭിനയിയ്ക്ക്യേ......... എന്നെ പിന്നെ എൻെറ ഇടവകക്കാർ വെറുതെ വിടുമോ! ? ''

അതേക്കുറിച്ച് കൂടുതൽ സംസാരിയ്ക്കും മുമ്പ് ഞങ്ങൾ ആലുവായിലെത്തിക്കഴിഞ്ഞിരുന്നു. അന്നത്തെ പരിപാടി കഴിഞ്ഞ് തിരിച്ചു പോരുമ്പോൾ സംഭാഷണം മുഴുവനും കോളേജിനെ ചുറ്റിപ്പറ്റിയായിരുന്നു. സീരിയൽ വിഷയം പിന്നീട് ഞാൻ അവതരിപ്പിച്ചത് ബിഷപ്പ് പാലസിൽ ചെന്നായിരുന്നു. കഥ കേട്ടപ്പോൾ ബിഷപ്പ് സമ്മതിച്ചു. മദ്രാസിലെ ഷൂട്ടിംഗിന് പരിപൂർണ്ണ സഹകരണം നൽകുകയും ചെയ്തു.

പ്രധാന വിഷയം എൻെറ അടുത്ത ടെലിഫിലിം ആണ് ''സ്നേഹത്തിൻെറ മുറിവുകൾ'' - ബൈബിളിനെ ആധാരമാക്കിയുള്ള ആ കൃതിയിലെ ക്രിസ്തുവിനെ അവതരിപ്പിയ്ക്കാൻ എൻെറ മനസ്സിൽ വീണ്ടും ഓടിയെത്തിയത് ബിഷപ്പ് തന്നെയായിരുന്നു.

ധൃതിഗതിയിൽ എല്ലാം നടന്നു. ആദ്യം എതിർത്തു. പിന്നെ സമ്മതിച്ചു. പിന്നെ അത് അദ്ദേഹത്തിന് ഒരാവേശമായിരുന്നു. ''സി.പി,

കാര്യം കഴിയും വരെ ആരും അറിയരുത്. ഷൂട്ടിംഗ്രാത്രി മതി; നേരം വെളുക്കും മുമ്പ് അവസാനിയ്ക്കുകയും വേണം.'' ഇതായിരുന്നു കരാർ.

രാത്രി 10 മണിയ്ക്കാണ് ബിഷപ്പിനെ പാലസിൽ നിന്ന് കൂട്ടിക്കൊണ്ടു വന്നത്. മേക്കപ്പ് കഴിഞ്ഞതോടെ സെറ്റിലുണ്ടായിരുന്ന മറ്റെല്ലാവരും അത്ഭുതപ്പെട്ടു. ശരിയ്ക്കും ക്രിസ്തു തന്നെ. സ്വതവേ നല്ല തിളക്കമുള്ള കണ്ണുകളും, ഒത്ത ശരീരവും. കഷണ്ടി മറച്ച് ക്രേപ്പ് ഹെയർ ഒട്ടിച്ച് മേലങ്കിയും അണിയുന്നതോടെ ബിഷപ്പ് പൗലോസ് മാർ പൗലോസ് ശരിക്കും ഒരു ക്രിസ്തുവായി തീരുകയാണുണ്ടായത്. 11 മണിയ്ക്കാരംഭിച്ച ഷൂട്ടിംഗ് രാവിലെ 5 30 നാണ് അവസാനിച്ചത്. അദ്ദേഹത്തെ മാത്രമാണ് അന്ന് ഷൂട്ട് ചെയ്തത്. ശരിയ്ക്കും 6 1/2 മണിക്കൂർ നേരം ബിഷപ്പ് പൗലോസ് മാർ പൗലോസ് തൻെറ വ്യക്തി ദൗത്യങ്ങളെല്ലാം മറന്ന് ഒരു തനി നടനായി തീരുകയായിരുന്നു.

എവിടെയോ ഒളിഞ്ഞു കിടന്ന ആ അഭിനേതാവിൻേറ നൈപുണ്യം കണ്ടെടുത്തതിൽ എനിയ്ക്ക് ചാരിതാർത്ഥ്യം ഉണ്ട്. പക്ഷേ, അത് വീണ്ടും എനിയ്ക്ക് ഉപയോഗിക്കാൻ കഴിയാത്തതിൽ ദു:ഖമുണ്ട്. ബിഷപ്പിലെ നടൻ എന്ന മഹാശക്തി നഷ്ടപ്പെട്ടത് എനിയ്ക്ക് മാത്രമാണ്. അത് കണ്ടെടുത്ത് ഉപയോഗിയ്ക്കാൻ ആഗ്രഹിച്ചതും ഞാൻ മാത്രമായിരുന്നല്ലോ.

ലൊക്കേഷനിലും സെറ്റിലും ബിഷപ്പ് ഒരു നല്ല നടനായി തിളങ്ങി. എല്ലാവരോടും സൗഹൃദം. എല്ലാവരോടും അന്വേഷണം. "ഞാൻ ശരിയാകുന്നുണ്ടോ? ഞാൻ ശരിയാകുന്നുണ്ടോ?'' ലൈറ്റ് ബോയ് മുതൽ ക്യാമറാമാൻ വരെ എല്ലാവരോടും ചോദിച്ചശേഷം, അവസാനം, എന്നെ ഒറ്റയ്ക്ക് മാറ്റി നിർത്തി ഒരിയ്ക്കൽ കൂടി ചോദിക്കും. 'സി.പി, ശരിയായോ.....? താൻ ഉദ്ദേശിച്ചപോലെ ഞാൻ ശരിയാവുന്നുണ്ടോ? '' എല്ലാം നന്നായി ചെയ്തിട്ടും, ആ ഉത്തരവാദിത്വത്തിൻെറ പൂർണ്ണതകാണാൻ വേണ്ടിയുള്ള ചോദ്യം കേട്ട് ഞാൻ 'എക്സലൻറ്'' എന്ന് അറിയാതെ പല തവണ പറഞ്ഞു. എന്നിട്ടും തൃപ്തിവരാതെ ഷൂട്ട് ചെയ്ത റഷസ് മുഴുവനും കണ്ടശേഷമാണ് ബിഷപ്പ് ലൊക്കേഷനിൽ നിന്ന് പോയത്..

അതെ എനിയ്ക്ക്, നഷ്ടമായത് ഒരു ബിഷപ്പല്ല. ഒരു നടനായിരുന്നു. കഴിഞ്ഞ 15 വർഷത്തിലേറെയായി ആകാശവാണി തൃശൂർ നിലയത്തിന് ലഭിച്ചിരുന്ന ഒരു നല്ല പ്രക്ഷേപകനേയും എനിക്ക് നഷ്ടപ്പെട്ടു. "സ്നേഹത്തിൻേറ മുറിവുകൾ'' സിനിമയാകാൻ പോകുന്നു. ക്രിസ്തു എവിടെ ?ഞാൻ തേടിക്കൊണ്ടിരിക്കുന്നു.

# ഒരു കൈയിൽ വേദപുസ്തകം മറുകൈയിൽ വർത്തമാനപത്രം

## സിവിക് ചന്ദ്രൻ

ശാരീരികമായിത്തന്നെ ഇടതുപക്ഷത്തേക്കൊരു ചെരിവ് പൗലോസ് മാർ പൗലോസിനുണ്ടായിരുന്നു. ഹൃദയം ഇടതുപക്ഷത്തുതന്നെയാണെന്ന് സ്വയം ബോധ്യമുള്ള ഏക ഇന്ത്യൻ ബിഷപ്പായിരുന്നു അദ്ദേഹം. അതുകൊണ്ടദ്ദേഹം മൂലധനത്തിൻെറ വെളിച്ചത്തിൽ ബൈബിൾ വായിക്കണമെന്ന് വിളിച്ചുപറയുകയും ബൈബിളിൻെറ വെളിച്ചത്തിൽ മൂലധനം വായിച്ചുകൊണ്ടിരിക്കുകയും ചെയ്തു. രണ്ടു വ്യാഴവട്ടക്കാലമായി സാംസ്കാരിക വലതുപക്ഷത്തിനെതിരെ ഇടറാത്ത നിലപാട് സ്വീകരിക്കാനദ്ദേഹത്തിന് കഴിഞ്ഞത് അതുകൊണ്ടാണ്.

കാറൽ ബാർത്തിനെയാണ് ഒരു പക്ഷേ അദ്ദേഹം ഏറ്റവുമധികം ഉദ്ധരിച്ചുകൊണ്ടിരുന്നത്. നിങ്ങളുടെ ഒരു കൈയിൽ വേദപുസ്തകവും മറുകൈയിൽ വർത്തമാനപത്രവുമുണ്ടായിരിക്കണം. ദൈവം ചൊല്ലി കൊടുത്തതിൻെറ കൈയെഴുത്ത് കോപ്പിയല്ല ബൈബിൾ. ദൈവിക കൽപനകളുടെ പദാനുപദ റിക്കാർഡല്ല. അത്. ഇന്ന് പുതിയ ബൈബിൾ എഴുതപ്പെട്ടുകൊണ്ടിരിക്കുകയാണ്. കടലാസും മഷിയും ഉപയോഗിച്ചല്ല, പോരാട്ടങ്ങളിലൂടെ. പഴയ ബൈബിൾ വായിക്കുക എന്നതിനർഥം പുതിയ ബൈബിൾ സൃഷ്ടിക്കുക എന്നാണ്. പുതിയൊരു ബൈബിൾ സൃഷ്ടിക്കുന്നതിനുള്ള പോരാട്ടത്തിൽ പങ്കെടുക്കുക എന്നുതന്നെ. നിരന്തരം പുനർവ്യാഖ്യാനിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, പുനരെഴുതപ്പെട്ടുകൊണ്ടിരിക്കുന്ന വേദപുസ്തകത്തിൻെറ സാധ്യതകളിൽ പൗലോസ് മാർ പൗലോസ് തന്നെതന്നെ സ്ഥാപിച്ചു. അങ്ങനെയാണദ്ദേഹം വിമോചന ദൈവശാസ്ത്രത്തിൻെറ ഏറ്റവും വാചാലനായ വക്താവും പ്രയോക്താവുമായത്.

പക്ഷേ, ആരായിരുന്നു അദ്ദേഹത്തിൻെറ ശ്രോതാക്കൾ? തൻെറ ശ്രോതാക്കൾ, താൻ സംസാരിക്കേണ്ടവർ, കരിസ്മാറ്റിക് ധ്യാനപ്പന്തലുകളിലാണെന്നും തൻെറ തന്നെ സഭ തന്നെത്തന്നെ ക്ലീൻഷേവ് ചെയ്ത് മുഖം ചീർപ്പിച്ച് മറ്റൊരു വെറും ബിഷപ്പാക്കി മാറ്റുമെന്നും അദ്ദേഹമറിഞ്ഞിരുന്നു. മതത്തെ വിമർശിക്കുകയും തിരുത്തുകയും ചെയ്യുന്ന പുരാതന പ്രവാചകർക്കൊപ്പം എത്തുവാൻ തനിക്കെന്നാണ് കഴിയുക എന്ന ഉത്കണ്ഠയുടെ അടിസ്ഥാനമിതായിരുന്നു. മതത്തിനുള്ളിൽ തന്നെയുള്ള തിരുത്തൽ ശക്തിയാവാൻ തൻെറ സഭയെയും ജനതയെയും തന്നോ

ടൊപ്പം കൊണ്ടുപോകാൻ കഴിയായിരുന്നതിൽ അദ്ദേഹം ദുഃഖിതനുമായിരുന്നു.

ആത്മീയതയെ വെറുമൊരു വോട്ടുബാങ്കായല്ലാതെ സ്വയം നവീകരിക്കാനും നഷ്ടപ്പെട്ട സ്വന്തം ആത്മാവ് വീണ്ടെടുക്കാനുമുള്ള സാധ്യതയായി തിരിച്ചറിയുന്ന ഒരിടതുപക്ഷ പ്രസ്ഥാനമില്ലാത്തതുകൊണ്ട് ഒരു ദൈവശാസ്ത്രജ്ഞൻെറ മറുപാതി സഫലമാവാതെ പോയ ദുരന്ത കഥാ നായകനുമാണ് പൗലോസ് മാർ പൗലോസ്. ഇടുതപക്ഷ-മതേതര വേദികൾ അദ്ദേഹത്തെ നിരന്തരം ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നെങ്കിലും തിരിച്ച് അവരുടെ അന്വേഷണങ്ങളിൽ വേദപുസ്തകത്തെ സന്നിവേശിപ്പിക്കാൻ അദ്ദേഹത്തിന് കഴിയാതെപോയി. മാർക്സദ്ദേഹത്തിന് മൂലധനത്തിൻെറ ഒരു പ്രതി നൽകി. അതദ്ദേഹം വായിച്ചുകൊണ്ടേ ഇരുന്നു. പക്ഷേ, ഇ.എം.എസിന് അദ്ദേഹം തിരിച്ച് വേദപുസ്തകത്തിൻെറ പ്രതി നൽകിയില്ല. സങ്കീർത്തനങ്ങളുടെ മറുഭാഷ ഇ.എം.എസിന് ലഭിക്കാതെ പോയത് കേരളത്തിൻെറ ദുരന്തം.

പൗലോസ് മാർ പൗലോസിന് ഡോ. എം.എം. തോമസിലേക്കും ഫാ. എസ്. കാപ്പനിലേക്കും ഏറെ ദൂരമുണ്ടായിരുന്നു. ഒരു സ്ത്രീയേശുവിനെയും കറുത്ത ക്രിസ്തുവിനെയും കപ്പലണ്ടി കൊറിച്ച് മൂളിപ്പാട്ടുപാടി മഴയത്ത് നടക്കുന്ന ക്രിസ്തുവിനെയും നിർമിക്കുന്നതിൽ അവരുടെ ഓരോരുത്തരുടെയും റോളുകളും വ്യത്യസ്തമായിരുന്നു. എന്നാൽ നമ്മെ വേവലാതിപ്പെടുത്തേണ്ടത് ഇനിയും അവശേഷിക്കുന്ന വിമോചന ദൈവശാസ്ത്രക്കാർക്ക് പൗലോസ് മാർ പൗലോസിലേക്കുള്ള ദൂരംതന്നെയാണ് ഈ ചെകുത്താൻകുപ്പായമൊന്നൂരിവെക്കട്ടെ എന്ന് സ്വന്തം ളോഹെക്കുറിച്ച് പറയുന്ന ഒരു വിമോചന ദൈവശാസ്ത്രജ്ഞന് എങ്ങനെ പുതിയ കാലത്തിൻെറ സംഘർഷങ്ങൾ ഏറ്റെടുക്കാനാവും? കോഴിക്കോട്ടുകാരുടെ ആ പഴയ സിസ്റ്റർ ആലിസ് മറ്റെവിടെയോ പ്രവർത്തിക്കുന്നുണ്ട് എന്നത് ഈ ആശങ്കക്കുള്ള മറുപടിയാകുമോ?

പള്ളിമതത്തിൽനിന്ന് (churchianity) ക്രൈസ്തവതയിലേക്കുള്ള മടക്കയാത്രയുടെ ഏറ്റവും വാചാലനായ വക്താവും താരവും ഇതാ ഉറങ്ങിക്കിടക്കുന്നു. 'ആ മനുഷ്യൻ നീ തന്നെ' എന്ന് വലത്തോട്ടു മാത്രമല്ല, ഇടത്തോട്ടും നോക്കിപ്പറയാൻ ധൈര്യവും സ്ഥൈര്യവുമുള്ള മറ്റൊരാളെ ദൈവശാസ്ത്രം ആവശ്യപ്പെടുന്നു.

നൃത്തം ചെയ്യാൻ കഴിയാത്ത ഒരു ദൈവത്തിലും ഞാൻ വിശ്വസിക്കുന്നില്ല - നീചയോടൊപ്പം ഞാനും അത് പറയുന്നു. സ്നേഹത്തിൻെറയും നീതിയുടെയും സ്വാതന്ത്ര്യത്തിൻെറയും മാധ്യമങ്ങളിലൂടെയേ എനിക്ക് ദൈവത്തെ വ്യാഖ്യാനിക്കാനും പരിചയപ്പെടുത്താനുമാവൂ.

**– ബിഷപ്പ് പൗലോസ് മാർ പൗലോസ്**

# പ്രസന്നമായ ഒരു നൈതിക സാന്നിദ്ധ്യം

## വടക്കേടത്തു പത്മനാഭൻ

ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ ലേഖന സമാഹാരങ്ങൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹവുമായി സംസാരിക്കുമ്പോഴെല്ലാം ഞങ്ങളുന്നയിച്ചിരുന്ന ഒരു പരാതി അദ്ദേഹത്തിൻെറ ഇടപെടലുകൾ വേണ്ടത്ര മതാത്മകമാവുന്നില്ല എന്നതായിരുന്നു. സാമൂഹിക പ്രശ്നങ്ങളിൽ രാഷ്ട്രീയമായ ഇടപെടലിന് ക്ഷാമമില്ല. എന്നാൽ രാഷ്ട്രീയത്തിൽ ഒരു മതാത്മക ഇടപെടൽ -അതിനാണ് വിഷമം. ബിഷപ്പിനെ പ്രകോപിപ്പിക്കുവാൻ വേണ്ടിതന്നെ ഞങ്ങളീ പ്രശ്നം ആവർത്തിച്ച് ഉന്നയിച്ചിരുന്നു: എഴുത്തിലും സംഭാഷണങ്ങളിലും. വരണ്ടുണങ്ങിയ രാഷ്ട്രീയ പരിസരത്തിന് ഇന്ന് മതാത്മകതയുടെ സ്നിഗ്ദ്ധസൗമ്യമായ പരിചരണമാണാവശ്യം എന്ന് ഞങ്ങൾക്ക് തോന്നിയിരുന്നു.

ബിഷപ്പ് ഈ പ്രശ്നം ഗൗരവമായി എടുക്കുകയും തൻെറ പരിമിതിയായി ഇതിനെ തിരിച്ചറിയുകയും ചെയ്തിരുന്നു എന്നാണെനിക്കു തോന്നുന്നത്. ഈ ലേഖകൻെറ 'യാഥാർത്ഥ്യത്തിൻേറ ബഹുവചനം' എന്ന പുസ്തകത്തെ കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് അദ്ദേഹം പറഞ്ഞു: "പത്മനാഭൻ എന്നേക്കാൾ റിലീജിയസ്സാണ്." രാഷ്ട്രീയവും മതവുമായുള്ള ഒരു സംവാദത്തിന് മുൻകയ്യെടുക്കാൻ അവസാന കാലത്തദ്ദേഹം ശ്രമിച്ചിരുന്നു എന്നതിനു പിന്നിൽ ഒരുപക്ഷേ, ഈ തിരിച്ചറിവായിരുന്നിരിക്കാം. അത്തരമൊരു സംവാദത്തിനുള്ള ആദ്യപടിയായി ഇ.എം. എസ്സുമായി ഒരു കൂടിക്കാഴ്ചയ്ക്ക് അദ്ദേഹം തയ്യാറെടുക്കുകയായിരുന്നു. രണ്ടുപേരുടേയും വിയോഗത്തിനുള്ള യാദൃശ്ചിക സാമീപ്യം ഭൂമിയിൽ വച്ച് നടക്കാതെ പോയ ആ സംവാദത്തിന് മറ്റെന്തോ അർത്ഥതലങ്ങളും മാനങ്ങളും കൈവരുത്തുന്നു. ഒരുപക്ഷേ, അത്തരമൊരു സംവാദത്തിന് രണ്ടുപേരും ജീവിച്ചിരുന്ന ഈ ഭൗതിക തലം പോരെന്നായിരിക്കാം.

സംഘടിത മതങ്ങളോടും രാഷ്ട്രീയപ്രശ്നങ്ങളോടുമുള്ള ബിഷപ്പിൻെറ പ്രതികരണങ്ങളെ ഇടതു പക്ഷങ്ങൾ ഏറെ ആഘോഷിച്ചിരുന്നു. പൗരോഹിത്യ ശ്രേണിക്കുള്ളിൽനിന്നും തങ്ങളുടെ ഭാഷ സംസാരിക്കുന്ന ഒരാൾ എന്നത്രെ ആ ആഘോഷങ്ങൾക്കർത്ഥം. എന്നാൽ ബിഷപ്പിൻെറ അടിസ്ഥാനപരമായ ഒരു നിലപാട് ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കെല്ലാം എതിരായിരുന്നു എന്നതാണ് സത്യം. മതത്തെ രാഷ്ട്രീയത്തിൽ നിന്നും, തിരിച്ചും, വേർപ്പെടുത്തി നിർത്തുക എന്ന പടിഞ്ഞാറൻ സങ്കല്പമാണ് മുഖ്യധാരാരാഷ്ട്രീയത്തിൻെറ സെക്യുലറിസം. ഈ സങ്കല്പത്തെ തീവ്രവാദത്തോളം ഉയർത്തിപ്പിടിക്കുന്നതാണ് ഇടതുപക്ഷ നിലപാട്. എന്നാലീസങ്കല്പം മുറുകെ പിടിച്ചാൽ ഒരു മതപുരോഹിതൻ

എന്ന നിലയിൽ ബിഷപ്പിന് രാഷ്ട്രീയമായ സംഗതികളിൽ ഇടപെടാൻ അവകാശമില്ലെന്നാണ് വരിക. ചുരുക്കത്തിൽ, ബിഷപ്പിന് സ്വന്തം അസ്തിത്വത്തെതന്നെ നിഷേധിക്കുന്നതായിരിക്കും ഈ നിലപാട്. രാഷ്ട്രീയത്തിലിടപെടുന്ന ഒരു പുരോഹിത പ്രമുഖൻ എന്നതാണല്ലോ അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൻെറ സവിശേഷത. അതുകൊണ്ടു തന്നെ മതം, രാഷ്ട്രീയത്തിലിടപെടണം എന്ന, ഇടതുപക്ഷ സെക്യുലറിസ്റ്റ് സങ്കല്പത്തിന് കടകവിരുദ്ധമായ നിലപാടായിരുന്നു ബിഷപ്പിൻേറത്. ഇക്കാര്യത്തിൽ ഗാന്ധിജിയോടാണ് ബിഷപ്പിന് സാമ്യം. എങ്കിലും ഈ വൈരുദ്ധ്യം തുറന്നു പ്രകടിപ്പിക്കാൻ ഇരുഭാഗത്തു നിന്നും ശ്രമിച്ചിരുന്നില്ല എന്നത് ശ്രദ്ധേയമാണ്.

ബിഷപ്പ് കൂടെകൂടെ പറയാറുണ്ടായിരുന്ന ഒരു കാര്യമിതാണ്. പ്രവാചകൻെറ ദൗത്യം വരാൻ പോകുന്നവ മുൻകൂട്ടി പറയലല്ല, നേർക്കുനേരെ സത്യം വിളിച്ചു പറയലാണ് (Not fortelling, but fortelling) 'ആ മനുഷ്യൻ നീ തന്നെ എന്ന് ദാവീദിൻെറ മുഖത്തു നോക്കിപ്പറഞ്ഞ നാഥാൻ പ്രവാചകൻെറ വഴിയാണത്. തൻെറ പൊതു ജീവിതത്തിൽ ഈ ദൗത്യം ബിഷപ്പ് പൗലോസ് മാർ പൗലോസ് നിർവ്വഹിച്ച സന്ദർഭങ്ങളിലൊന്ന് ആദിവാസി ഭൂനിയമത്തെ കുറിച്ചുള്ള വിവാദത്തിലാണ്. തൻെറ രാഷ്ട്രീയ സഖാക്കളായ ഭരണാധികാരികളുടെ മുഖത്തു നോക്കി ഈ നിയമം ആദിവാസികൾക്കെതിരാണ് എന്നു പറയാനുള്ള തൻേറടം, മറ്റു പലരും പതറി നിന്ന സമയത്തും, അദ്ദേഹം കാണിച്ചു. 'ക്രിസ്തുവിൻെറ ആറാം തിരുമുറിവ്' നാടകവിവാദത്തിൽ മതമേധാവികൾക്കു നേരെ വിരൽ ചൂണ്ടിയപ്പോഴും ഈ പ്രവാചക ദൗത്യം തന്നെയാണദ്ദേഹം നിർവ്വഹിച്ചത്.

ആത്മീയതയെ നിഗൂഢ പരിവേഷങ്ങൾക്കുള്ളിലൊളിപ്പിക്കുന്ന പുരോഹിതർക്കിടയിൽ ലളിതമായൊരുദാഹരണം കൊണ്ട് ബിഷപ്പ് ഈ പരിവേഷത്തെ തകർക്കുന്നതു കാണാം. ലാറ്റിനമേരിക്കൻ വിമോചന ദൈവശാസ്ത്രജ്ഞൻെറ വാക്യം കടമെടുത്തുകൊണ്ട് ബിഷപ്പ് ആത്മീയതയെ ഇങ്ങനെ നിർവ്വചിക്കും: ''അവനവൻെറ അപ്പം ഒരു ഭൗതിക പ്രശ്നമാണ്. എന്നാൽ അയൽക്കാരൻെറ അപ്പം ഒരു ആത്മീയപ്രശ്നമാണ്.''

കേരളീയരായ വിമോചന ദൈവശാസ്ത്രജ്ഞന്മാരിൽ ഫാദർ കാപ്പൻ, എം.എം. തോമാസ് എന്നിവരോളം ആഴമുള്ള ദാർശനിക ജ്ഞാനമോ ഫാദർ തോമസ് കോച്ചേരി, സിസ്റ്റർ ആലീസ് തുടങ്ങിയവരോളം പരപ്പുള്ള പ്രായോഗികാനുഭവങ്ങളോ ബിഷപ്പിന് അവകാശപ്പെടാനാവില്ല. എന്നാൽ കേരളീയ സാംസ്ക്കാരിക പരിസരത്തിന് അദ്ദേഹം പ്രസന്നവും പ്രസരിപ്പുള്ളതുമായ ഒരു നൈതിക സാന്നിദ്ധ്യമായിരുന്നു. അതുകൊണ്ടാണ് ഒരു പുരോഹിത മുഖ്യൻെറ നിയോഗത്തിൽ അനുശോചിക്കുന്നതിന് യുക്തിവാദിയും നക്സലൈററും പുരോഹിതരും പരിസ്ഥിതിവാദികളും പ്രതിരോധപ്രവർത്തകരും രാഷ്ട്രീയക്കാരും കവികളും കഥാകാരന്മാരും ഒത്തു ചേർന്നത്.

# ഒരു ഇടിമിന്നൽ ജീവിതം

## വി.ജി. തമ്പി

ഹൃദയചികിത്സയ്ക്കുവേണ്ടി ചെന്നൈയിലേയ്ക്ക് പുറപ്പെടുമ്പോൾ ബിഷപ്പ് പൗലോസ് മാർ പൗലോസ് പറഞ്ഞിരുന്നു. മടങ്ങി വന്നാലുടനെ ഇ.എം. എസുമായി ഒരഭിമുഖത്തിനിരിക്കണം. കമ്മ്യൂണിസവും ക്രിസ്റ്റ്യാനിറ്റിയും തമ്മിൽ ഡയലോഗിനുള്ള ഒരു സ്ഥിരം പ്ലേറ്റ്ഫോമിനു വേണ്ടിയുള്ള തുടക്കമായിരിക്കണമത്......... മറ്റൊരു ലോകത്തിൽ ഇപ്പോൾ ആ സംഭാഷണം ആരംഭിച്ചിരിക്കും. അവരുടെ കൂട്ടത്തിൽ അടുത്ത കാലത്ത് മരിച്ചുപോയ രണ്ടുപേർ കൂടി ഉണ്ടായിരിക്കും. ഒരേ സമയം കമ്മ്യൂണിസ്റ്റുകളും ക്രിസ്ത്യാനികളും കൈവെടിഞ്ഞ ഡോ. എം.എം. തോമസും മതങ്ങളുടെ ഉറവിടങ്ങളിലേക്ക് യഥാർത്ഥ ആത്മീയത അന്വേഷിച്ചു പോയ ഫാ. കാപ്പനും.

ഒരേ സമയം കമ്മ്യൂണിസ്റ്റും ക്രിസ്ത്യാനിയുമായിരിക്കുക എന്നതിൽ വലിയ വൈരുദ്ധ്യമൊന്നും ഈ മൂന്നു പേർക്കുമുണ്ടായിരുന്നില്ല. ഇവ രണ്ടും സന്ധിക്കുന്ന ഒരു പൊതുസ്ഥലത്തായിരുന്നല്ലോ ഇവരിവിടെ ജീവിച്ചത്, ഒരേ സമയം ദൈവത്തിൻേറയും ചരിത്രത്തിൻേറയും ഭാഷയിൽ സാർത്ഥകമായി സംസാരിച്ചത്.

ബൈബിളിൻെറ വിമോചനദർശനത്തിൽ നിന്നും ജനകീയ സമരത്തിനാവാശ്യമായ ഒരാത്മീയത കണ്ടെത്തുക എന്നതായിരുന്നു ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ ദൗത്യം. പോരാട്ടത്തിൻേറ ദൈവശാസ്ത്രമെന്നാണതിനെ അദ്ദേഹം വിളിച്ചത്. ഇത്തരമൊരു പോരാട്ടത്തിനുള്ള പടയൊരുക്കങ്ങളിൽ തൻെറ ചിന്തയും വാക്കും പ്രവൃത്തിയും അദ്ദേഹം സമരരൂപങ്ങളാക്കി.

ദൈവരാജ്യമെന്നത് ലോകത്തിൽ യാഥാർത്ഥ്യമാക്കേണ്ട ഒന്നാണെന്ന ആഴമേറിയ ബോദ്ധ്യത്തിൽ നിന്നാണ് ആ ജീവിതം ചലനാത്മകമായത്. അദ്ദേഹത്തിൻെറ ദൈവവിശ്വാസം അത്യന്തം സംവാദ്ത്മകവും പ്രയോഗക്ഷമവുമായിരുന്നു. അതൊരിക്കലും നിശ്ചലവും അമൂർത്തവുമായ ഒരടഞ്ഞവ്യവസ്ഥയ്ക്കുള്ളിൽ സംഭവിക്കുന്നതല്ല.

ഇതു പ്രവാചകധാർമ്മികതയുടെ ശബ്ദമാണ്. ദൈവവും മനുഷ്യനും പരസ്പരാഭിമുഖം നിന്ന് ദൈവം നല്ലതായി സൃഷ്ടിച്ചതും, ഇപ്പോൾ മനുഷ്യൻ അനുനിമിഷം ചീത്തയാക്കിക്കൊണ്ടിരിക്കുന്നതുമായ ലോകത്തെ നീതിപൂർവ്വം പുതുക്കിപ്പണിയാനുള്ള ഒരു പോരാട്ടത്തിൻെറ ക്രിയാത്മക ശബ്ദം. മാനവികതയുടെ പൂർണ്ണതയിലേക്കുള്ള ഒരു ചൂണ്ടുപലകയാണ് തൻെറ ദൈവശാസ്ത്രമെന്ന് അദ്ദേഹം കൂടെക്കൂടെ പറയുമായിരുന്നു.

ബിഷപ്പ് പൗലോസ് മാർ പൗലോസ് യഥാർത്ഥത്തിൽ പൗരോഹിത്യധാരയുടെ യാഥാസ്ഥിതിക വീക്ഷണങ്ങളുമായി നിരന്തരം കലഹിച്ചുകൊണ്ടിരുന്ന പ്രവാചകധാരയിലാണ് തന്നെ സ്വയം കണ്ടെത്തിയത്. സ്വന്തം സ്വത്വം കണ്ടെത്താനുള്ള മാർഗ്ഗമായിരുന്നു അദ്ദേഹത്തിന് ആത്മീയത. അധികാരിവർഗ്ഗത്തെ ശാസിക്കുന്ന പ്രവാചകദൗത്യം ക്രൈസ്തവികതയുടെ അടിത്തട്ടിലുണ്ട്. വരാൻ പോകുന്നവയെ മുൻകൂട്ടി പറയലല്ല പ്രവാചകദൗത്യം. യാഥാർത്ഥ്യങ്ങളെ നേർക്കുനേർ അഭിമുഖീകരിക്കുന്നതിലാണ് അതിൻെറ സത്ത.

മതത്തിനുള്ളിൽനിന്ന് മതത്തെ വിമർശിക്കുകയും തിരുത്തുകയും ചെയ്യുന്ന നാഥാൻ തുടങ്ങിയ പഴയ നിയമ പ്രവാചകരുടെ വംശത്തിലൊരു എളിയ സ്ഥാനമാണ് ബിഷപ്പ് തനിക്ക് സ്വയം കല്പിച്ചു പോന്നിരുന്നത്. അനീതികളുടെയും സ്വാതന്ത്ര്യലംഘനങ്ങളുടെയും മുന്നിൽ നിന്നുകൊണ്ട് ' ആ മനുഷ്യൻ നീ തന്നെ ' എന്ന് വിളിച്ചു പറയുന്ന നാഥാൻ പ്രവാചകൻെറ തിരുത്തൽ ശബ്ദം ആവുന്നത്ര ഉച്ചത്തിൽ മുഴുക്കുവാനായിരുന്നു ബിഷപ്പിൻെറ ശ്രമം. അതിലദ്ദേഹം വിജയിച്ചുവോ ?

യഥാർത്ഥ ആത്മീയതയെ തുരങ്കം വെയ്ക്കുന്ന വ്യാജമായ മതപ്രവർത്തനങ്ങൾക്കകത്തു നിന്നുകൊണ്ട് അതിനെ വിമർശിച്ചപ്പോഴെല്ലാം സ്വന്തം മതത്തിനുള്ളിൽ അദ്ദേഹം ഏറെ തെറ്റിദ്ധരിക്കപ്പെട്ടവനും ഒറ്റപ്പെട്ടവനുമായി. സ്വന്തം വിശ്വാസികൾ അദ്ദേഹത്തിൻെറ സ്വരം ശ്രവിച്ചുവോ എന്നു സംശയമാണ്. തൻെറ പ്രവാചക ദൗത്യം എന്തെന്ന് വിശ്വാസികളെ ബോദ്ധ്യപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചുവെന്ന് പറയാനാവില്ല. അതിനാലാകുമോ മതം വിശ്വാസികളോടല്ല, അവിശ്വാസികളോടാണ് സംസാരിക്കേണ്ടതെന്ന് അദ്ദേഹത്തിന് പറയേണ്ടി വന്നത്. മതത്തിൻെറ സവിശേഷമായ ആത്മീയസ്വരവും ധാർമ്മികഭാഷയും മതേതര മേഖലകളിലേയ്ക്ക് സംക്രമിപ്പിക്കുക എന്ന സമകാലിക ദൗത്യം അദ്ദേഹം പിന്നീട് ഏറ്റെടുക്കുകയാണുണ്ടായത്.

ഇതെത്രത്തോളം ശരിയാണെന്ന് പറയുവാനാവുന്നില്ല. ഭാവിയിൽ മതം അതിൻെറ വിമോചനധർമ്മം നിർവ്വഹിക്കുക രാഷ്ട്രീയത്തെ ആത്മീയവൽക്കരിച്ചുകൊണ്ടായിരിക്കുമെന്ന തൻെറ ബോദ്ധ്യം അദ്ദേഹം അസന്ദിഗ്ദ്ധമായി വെളിപ്പെടുത്തി. എന്തായാലും സ്വന്തം മതത്തിനകത്തല്ല, പുരോഗമന മതേതര വേദികളിലായിരുന്നു ബിഷപ്പ് കൂടുതൽ സ്വീകാര്യനായത്.

മതവും രാഷ്ട്രീയവും തമ്മിലുള്ള ബന്ധം അഗാധവും സൂക്ഷ്മവുമാക്കുവാൻ ഉള്ള പരിശ്രമത്തിൽ ബിഷപ്പിൻെറ പങ്ക് അമൂല്യമായതാണ്. തൻെറ ആത്മീയബോദ്ധ്യങ്ങൾ പങ്കുവെയ്ക്കാൻ മതത്തിലെ വിശ്വാസികളെ കണ്ടെത്തുന്നതിൽ അദ്ദേഹം പരാജയപ്പെട്ടു എന്നത് സത്യമാണ്. സഭയെ ജനാധിപത്യവൽക്കരിക്കുന്നതിലോ മതത്തിനുള്ളിൽ നിന്നുമൊരു മതവിമർശനം വികസിപ്പിക്കുന്നതിലോ തനിക്ക് കഴിയാഞ്ഞതിലെ പരാജയം ഏറ്റു പറയുന്നതിൽ ബിഷപ്പിന് യാതൊരു വൈമനസ്യവുമുണ്ടായിരുന്നില്ല.

ഇന്നത്തെ രാഷ്ട്രീയഘടനയെ നീതിപൂർവ്വമാക്കുവാൻ, അതിനിന്ന് നഷ്ടപ്പെട്ടിരിക്കുന്ന സ്നേഹസാഹോദര്യം വീണ്ടെടുക്കുവാൻ മതത്തിൻെറ ധാർമ്മികഭാഷ്യ്ക്ക് ഏറെ കഴിയുമെന്നദ്ദേഹത്തിന് വിശ്വാസമുണ്ടായിരുന്നു. ആനുകാലിക പ്രശ്നങ്ങളുടെ മധ്യേ ദൈവശാസ്ത്രത്തെ പ്രയോഗക്ഷമമാക്കുന്നതിലായിരുന്നു ബിഷപ്പിന് തീവ്രതാല്പര്യം.

ബൈബിളിൻെറ വെളിച്ചത്തിൽ മൂലധനം വായിക്കണോ, മൂലധനത്തിൻെറ വെളിച്ചത്തിൽ ബൈബിൾ വായിക്കണോ എന്ന പ്രത്യക്ഷത്തിൽ പരസ്പരവിരുദ്ധമെന്നു തോന്നുന്ന ചോദ്യങ്ങളുയർന്നപ്പോൾ, ക്ഷിപ്രലബ്ധമല്ലാത്ത ഉത്തരങ്ങൾക്കും അവസാനവാക്കിനും കാത്തുനിൽക്കാതെ അദ്ദേഹം വിമോചന പ്രസ്ഥാനങ്ങളുമായി ചേർന്നുനിന്നുകൊണ്ടുള്ള ഒരു ദൈവശാസ്ത്രത്തെ പ്രവർത്തനക്ഷമമാക്കുകയാണുണ്ടായത്. ദൈവശാസ്ത്രത്തിൻെറ സൈദ്ധാന്തികമണ്ഡലങ്ങളിൽ ബിഷപ്പിൻെറ ചിന്തകൾ ഡോ. എം.എം. തോമാസിൻെറയോ ഫാ. കാപ്പൻേറയോ അത്ര മൗലികമാണെന്നു പറയാൻ കഴിയില്ല. എന്നാൽ അവർക്കില്ലാത്ത പ്രസന്നതയുടെയും പ്രത്യാശയുടെയും ഊർജസ്വലതയുടെയും തീവ്രമായ പ്രതികരണസന്നദ്ധതയുടെയും അധികമാനം ബിഷപ്പിൻേറ ചിന്താകർമ്മങ്ങളിലുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ദൈവവിശ്വാസം അത്യന്തം സംവാദാത്മകവും പ്രയോഗക്ഷമവുമായിരുന്നു.

'നിശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തധികാരം? ' എന്നു ചോദിച്ചുകൊണ്ടാണ് ബിഷപ്പ് നമ്മിൽ നിന്നും കടന്നു പോയത്. പാഠഭേദം പ്രസിദ്ധീകരിച്ച ബിഷപ്പിൻേറ രണ്ടാമത്തെ പുസ്തകത്തിൻെറ ശീർഷകമാണിത്.

നിശ്ശബ്ദത പാപമാണെന്നും എല്ലാവിധ അസ്വതന്ത്രമായ അവസ്ഥകളിലും സത്യം വിളിച്ചു പറയുക എന്നതാണ് നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും പ്രസക്തമായ മതാത്മകദൗത്യം എന്നുമുള്ള തൻെറ ആത്മീയബോദ്ധ്യത്തെ ഊട്ടിയുറപ്പിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവ പ്രവാചകചര്യയുടെ ഊർജ്ജസ്വലമായ പ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന ഒരു മുഖമായിരുന്നു ബിഷപ്പിൻേറത്. ക്രിസ്തുവിനെപ്പോലെ ശൗര്യമാർന്ന മുഖമായിരുന്നു അത്. കുറേകൂടി പ്രസന്നവും പ്രത്യാശ നിറഞ്ഞതും.

എല്ലാ പ്രശ്ന സങ്കീർണ്ണതകൾക്കിടയിലും ഉല്ലാസവാനായ ആ പച്ച മനുഷ്യനിൽ എന്നെയേറ്റവും ആകർഷിച്ച ഘടകം അദ്ദേഹത്തിലെ ആ തീവ്രലഹരിയുള്ള യുവത്വം തന്നെയായിരുന്നു. രണ്ടായിരം വർഷമെത്തിയിട്ടും ക്രൈസ്തവമതം ജരാനര ബാധിക്കാതെ യുവത്വത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ ബിഷപ്പിനെപ്പോലുള്ളവരുടെ ഇടിമിന്നൽ ജീവിതം അതിനകത്തിപ്പോഴുമുള്ളതു കൊണ്ടാണെന്ന് ഞാൻ വിചാരിക്കുന്നു.

# മനുഷ്യരാജ്യത്തിന്റെ മഹാവൈദികൻ

## രാവുണ്ണി

ഇരുപത്തൊന്നു കൊല്ലം മുൻപാണ്. കേരളവർമ കോളേജിലെ ഫിലോസഫി അസോസിയേഷന്റെ സംവാദത്തിൽ പങ്കെടുക്കാൻ ഒരു പുരോഹിതൻ വരുന്നു. മുൻപ് കണ്ടിട്ടും കേട്ടിട്ടുമില്ല. ഏതോ പള്ളീലച്ചൻ പ്രസംഗിക്കാൻ വരുന്നു എന്നേ ധരിച്ചുള്ളൂ. ഒരു ഈശ്വരവിശ്വാസിയെ സഹിക്കാൻ പറ്റുന്ന കാലമായിരുന്നില്ല അത്. പിന്നെയുണ്ടോ പുരോഹിതൻ. എന്നാൽപ്പിന്നെ അങ്ങേരെ ശരിപ്പെടുത്തിക്കളയാം എന്നു ഉറപ്പിച്ച പോലെ വിദ്യാർഥികൾ. ഏതു സംവാദത്തിലും എതിരാളികളുടെ നടുവൊടിക്കാൻ പ്രാപ്തിയുള്ള വിദ്യാർഥികൾ നിറഞ്ഞിരിക്കുന്ന സദസ്സ്.

പ്രഭാഷണം തുടങ്ങി. അതുവരെ പരിചയിച്ച പുരോഹിതന്മാരുടെ മട്ടും ഭാവവുമൊന്നുമല്ല. അസാധാരണമായ ഊർജസ്വലത കഷണ്ടികയറിയ ചൈതന്യമുള്ള നെറ്റിത്തടം. വട്ടത്താടി. ളോഹയ്ക്ക് മേൽ ചുറ്റിയിട്ട ചരടിൽ പിടിച്ചും സദാ പുഞ്ചിരിച്ചും സ്ഫുടമായ പ്രഭാഷണം. യൗവന സമാനമായ പ്രസരിപ്പോടെ ഉടലാകെയിളക്കിക്കൊണ്ടുള്ള ആ പ്രകടനം അവിസ്മരണീയമായി.

പ്രഭാഷണത്തിനുശേഷം സംവാദം. തുരുതുരാ പ്രവഹിക്കുന്ന ശരങ്ങൾ പോലെ ചോദ്യങ്ങൾ. ഓരോ ചോദ്യത്തിനും പ്രസന്നമധുരമായ, കാച്ചിക്കുറുക്കിയ, മർമസ്പർശിയായ മറുപടികൾ. ചോദ്യങ്ങൾ എത്ര പ്രകോപനപരമാവുമ്പോഴും മുഖത്തെ തേജസ്സ് മറയുന്നില്ല. തെളിഞ്ഞ ചിന്തയിൽനിന്നുംമാത്രം പുറപ്പെടുന്ന കൃത്യതയും വ്യക്തതയുമാർന്ന മറുപടികൾ. ദൈവരാജ്യത്തെക്കുറിച്ചു പറഞ്ഞതിലേറെ സമയം അദ്ദേഹം മനുഷ്യരാജ്യത്തെക്കുറിച്ചു പറഞ്ഞു. ബൈബിളിനെക്കുറിച്ചു പറയുന്ന ഊന്നലിൽത്തന്നെ മൂലധനത്തെയും കുറിച്ചു പറഞ്ഞു. ചോദ്യമൊന്നും ചോദിക്കാൻ ത്രാണിയില്ലാതിരുന്ന എനിക്ക് ഉള്ളിൽ അസൂയ കലർന്ന ഒരു കിരുകിരുപ്പ്. ഈ അച്ചനിങ്ങനെ ജയിച്ചുപോയാൽ പിന്നെ വൈരുദ്ധ്യാത്മക ഭൗതികവാദം കൊണ്ടു നടന്നിട്ടെന്ത് എന്നൊരു അകംപൊരിച്ചിൽ. തന്റെ ബോധ്യങ്ങളെ സദസ്സിന്റെ ബോധ്യങ്ങളാക്കിമാറ്റി, ശ്രോതാക്കളുടെ സംശയങ്ങൾ തന്നിലേക്കേറ്റുവാങ്ങി ബിഷപ്പ് പൗലോസ് മാർ പൗലോസ് പുറത്തിറങ്ങുന്നു. ചുറ്റും സംശയങ്ങൾ തീരാത്ത കുട്ടികളും. അങ്ങനെ അദ്ദേഹം ഞങ്ങളുടെ ഹൃദയത്തിലെ താമസക്കാരനായി. ശരിക്ക് അനേകം രൂപങ്ങളുണ്ടെന്ന് എനിക്ക് ആദ്യമായി ബോധ്യപ്പെട്ട ദിവസമായിരുന്നു അത്.

അന്ന് ബിഷപ്പിൻെറ മുൻപിലിരുന്ന് ചോദ്യങ്ങൾ ചോദിക്കുകയും കേട്ടുകൊണ്ടിരിക്കുകയും ചെയ്ത കുട്ടികളുടെ രൂപവും ഭാവവുമൊക്കെ തിരിച്ചറിയാത്തവിധം എത്രമേൽ മാറിപ്പോയിരിക്കുന്നു. പൗലോസ് മാർ പൗലോസ് അതേ ചൈതന്യതോടെ ലോകമെമ്പാടും ഓടിനടന്ന് സംവാദങ്ങളിലും വിവാദങ്ങളിലും പങ്കെടുത്തുകൊണ്ടിരുന്നു.

പൗരോഹിത്യം അടച്ചിട്ട വാതിലുകൾ ബിഷപ്പ് പൗലോസ് മാർ പൗലോസ് തുറന്നിട്ടു. അപ്രകാരം അദ്ദേഹം കാലത്തിൻെറ പുതിയൊരു ദിശയിലേക്ക് പ്രവേശിക്കുകയും ചരിത്രത്തിൻെറ നായകനാവുകയും ചെയ്തു. ബൈബിളിലൂടെ കമ്മ്യൂണിസത്തിൽ എത്തുകയും കമ്മ്യൂണിസത്തിലൂടെ ബൈബിളിനെ സാക്ഷാൽക്കരിക്കുകയും ചെയ്ത അപൂർവതയാണ് പൗലോസ് മാർ പൗലോസിനെ വ്യത്യസ്തനാക്കുന്നത്. സ്വർഗരാജ്യത്തെക്കുറിച്ചല്ല മാനവരാജ്യങ്ങളെക്കുറിച്ചാണ് അദ്ദേഹം ഉൽകണ്ഠപ്പെട്ടത്. അത്യുന്നതങ്ങളി മഹത്ത്വമാർന്ന ദൈവത്തെപ്പറ്റിയല്ല, ഇഹലോകത്തിലെ പരകോടി മനുഷ്യരുടെ അപ്പത്തെയും അസ്തിത്വത്തെയും പറ്റിയാണ് അദ്ദേഹം വേവലാതിപ്പെട്ടത്. അഥവാ നരൻ തന്നെയാണ് നാരായണൻ എന്ന യഥാർത്ഥമായ ആസ്തിക്യബോധത്തിലേക്ക് അദ്ദേഹം എത്തി. ബൈബിളിൻെറ സന്ദേശം നിന്ദിതർക്കും പീഡിതർക്കും വേണ്ടി പൊരുതുക എന്നതാണ് എന്നദ്ദേഹം തിരിച്ചറിഞ്ഞു. ലോകത്തെവിടെയുമുള്ള മർദിതർക്കുവേണ്ടി പോരാടുക എന്നതാണ് യഥാർഥ ക്രൈസ്തവൻെറ കർമം എന്നദ്ദേഹം മനസ്സിലാക്കി. പട്ടിണിയുടെയും അടിമത്തത്തിൻെറയും ചൂഷണത്തിൻെറയും കാരണങ്ങളെയും കാരണക്കാരെയും ചൂണ്ടിക്കാണിക്കാത്ത ജീവകാരുണ്യപ്രവർത്തനം ആത്യന്തികമായി നിഷ്ഫലമാണെന്ന് സാമൂഹ്യശാസ്ത്രപഠനം അദ്ദേഹം ബോധ്യപ്പെടുത്തി. കർമമാണ് പ്രാർഥനയെന്ന് ജീവിതംകൊണ്ട് പൗലോസ് മാർ പൗലോസ് തെളിയിച്ചു.

അത്രയൊന്നും എളുപ്പമായ കാര്യമല്ലല്ലോ ഇതൊന്നും. പ്രതിലോമകരമായ രാഷ്ട്രീയമൂല്യങ്ങളിലാണ് പുരോഹിതവർഗം അഭിരമിച്ചുപോന്നത്. എല്ലാ അറിവും മതഗ്രന്ഥത്തിൽ അവസാനിക്കുന്നു എന്നവർ ധരിക്കുന്നു. കർമം ഇങ്ങും ഫലം അങ്ങും എന്നത് പ്രമാണം. എല്ലാ പ്രതിലോമ മൂല്യങ്ങളുടെയും പ്രയോക്താക്കളായി അവർ കാലത്തെ പിന്നോട്ട് പിടിച്ചുവലിച്ചുകൊണ്ടിരിക്കുന്നു. അതിന്നിടയിലാണ് വെള്ളിടിപോലെ കൽദായ സഭയുടെ എപ്പിസ്കോപ്പ മുഴങ്ങുന്നത്. പക്ഷം പിടിക്കാൻ പുരോഹിതന് എന്തവകാശം എന്ന ചോദ്യത്തെ നിഷ്പക്ഷനായിരിക്കാൻ തനിക്കെന്തവകാശം എന്ന മറുചോദ്യം കൊണ്ട് അദ്ദേഹം നേരിട്ടു. പട്ടിണി കൊണ്ട് ജനത പൊരിയുമ്പോൾ ചൂഷണം ചെയ്യപ്പെടുമ്പോൾ, അനീതികളാൽ പ്രഹരിക്കപ്പെടുമ്പോൾ, രോഗങ്ങളാൽ പീഡിതരാവുമ്പോൾ ഒരു സാധാരണ മനുഷ്യനുപോലും നിശ്ശബ്ദനായിരിക്കാൻ അനുവാദമില്ല. അവകാശമില്ല. പിന്നെയുണ്ടോ ക്രിസ്തുവെ സാക്ഷാൽക്കരിക്കാൻ സ്വയം സമർപ്പിച്ച പുരോഹിതന്.

അദ്ദേഹം സംവാദങ്ങളെയോ വിവാദങ്ങളെയോ ഭയപ്പെട്ടില്ല. തൻെറ ബോധ്യങ്ങൾ വിളിച്ചുപറയുന്നതിൽ നിന്ന് പിന്തിരിയാൻ അദ്ദേഹം വിസമ്മതിച്ചു. ആറാം തിരുമുറിവും കാസാന്ത് സാക്കിസും വിവാദക്കൊടുങ്കാറ്റുയർത്തിയപ്പോൾ വ്യത്യസ്തമായ തൻെറ നിലപാടുകൾ നിർഭയം അദ്ദേഹം വെളിപ്പെടുത്തി. സഭാപ്രവർത്തനത്തിൽ മുഴുകിയിരിക്കുമ്പോൾ ത്തന്നെ തൃശ്ശൂരിലെ അങ്ങാടിസമരം ഒത്തുതീർപ്പാക്കാനും അദ്ദേഹം ഉറക്കമൊഴിച്ചു. കേരളീയനും ഭാരതീയനും ക്രൈസ്തവനും കൽദായക്കാരനുമായിരിക്കെത്തന്നെ ഒരു വിശ്വമാനവൻെറ സമഗ്രതയാർജിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് വൈവിധ്യപൂർണമായ കർമ്മമണ്ഡലങ്ങളിൽ നിറഞ്ഞു നിന്നുതകൊണ്ടാണ്.

കോളേജ് യൂണിയനുകളുടെയും കലാസംഘടനകളുടേയും എത്രയോ വേദികളിൽ ഞങ്ങൾ ഒന്നിച്ചു പങ്കെടുത്തിട്ടുണ്ട്. കാലുഷ്യങ്ങളിൽ ദിശ സന്ദിഗ്ദ്ധമായിപ്പോയ പല ഘട്ടങ്ങളിലും അദ്ദേഹത്തിൻെറ വാക്കുകൾ എന്നെ നേർവഴിക്ക് നയിച്ചിട്ടുണ്ട്. നമ്മുടെ സാമൂഹ്യജീവിതത്തെ ദശകങ്ങളോളം സ്വാധീനിച്ച ഒരു മഹാവ്യക്തിത്വമായിരുന്നു പൗലോസ് മാർ പൗലോസിൻേറത്. പൗരോഹിത്യം അദ്ദേഹത്തിലൂടെ പുണ്യമാർജിച്ചു.

അടക്കം ചെയ്യപ്പെടുമ്പോൾ എല്ലാ ശരീരങ്ങളും ജഡങ്ങളാകുന്നില്ല. ജീവിപ്പതെന്നഭിനയിച്ച് ജഡസമാനം കെട്ടുപോയ നമുക്ക് ഇ.എം. എസ്സിൻെറയും പൗലോസിൻെറയുമൊക്കെ സഫലമായ ജീവിതനിർവഹണം ചൈതന്യത്തിൻെറ മൂർത്തതയായി അനുഭവിക്കാനെങ്കിലും കഴിയുന്നുണ്ടല്ലോ. ഭാഗ്യം.

# ഞാൻ അറിഞ്ഞ ബിഷപ്പ്

## ഡേവിസ് വളർക്കാവ്

ഏറെക്കാലം നീണ്ടുനിന്ന തൃശൂരിലെ ചുമട്ടുതൊഴിലാളി സമരം ഒത്തുതീർപ്പാക്കുന്നതിൽ ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ പങ്ക് വളരെ വലുതായിരുന്നു. ആ ഒരൊറ്റ സംഭവത്തിൻെറ പേരിൽ വളരെയേറെ പേർ അദ്ദേഹത്തെ ബഹുമാനിയ്ക്കാൻ ആരംഭിച്ചിരുന്നു. അക്കാലത്ത് ഒരു ദിവസം, യുക്തിവാദസംഘത്തിൻെറ യോഗത്തിലേയ്ക്ക് അദ്ദേഹം വരികയും താൻ ഒരു സംവാദത്തിന് (ബിഷപ്പിൻെറ ശൈലിയിൽ പറയുകയാണെങ്കിൽ ഡയലോഗിന്) തയ്യാറാണെന്ന് പ്രഖ്യാപിയ്ക്കുകയും ചെയ്തു. തുറന്ന ആ മനസ്സും ധൈര്യവും ഒരു യുക്തിവാദി പ്രവർത്തകനായ എന്നെ ആകർഷിയ്ക്കുകയും അദ്ദേഹവുമായി പരിചയപ്പെടണമെന്നുള്ള എൻെറ ആഗ്രഹം പൂർവ്വാധികം ശക്തി പ്രാപിയ്ക്കുകയും ചെയ്തു.

ആയിടയ്ക്ക്, മലയാളത്തിലുള്ള അദ്ദേഹത്തിൻെറ ആദ്യത്തെ പുസ്തകം 'മാർക്സിയൻ മതവിമർശനം' എന്ന പേരിൽ തിരുവല്ലയിൽ നിന്നും ഇറങ്ങുന്നു എന്നൊരു പരസ്യം കണ്ടു. വൈകാതെ ഞാൻ നേരിട്ട് അരമനയിലെത്തുകയും അദ്ദേഹത്തിൻെറ കയ്യിൽ നിന്നുതന്നെ പുസ്തകത്തിൻെറ ഒരു പ്രതി വാങ്ങുകയും ചെയ്തു. വിവിധ വിഷയങ്ങളെക്കുറിച്ച് ഏറേ നേരം അദ്ദേഹവുമായി സംസാരിയ്ക്കാനുള്ള അവസരം എനിയ്ക്കന്ന് ലഭിച്ചു. ശാസ്ത്രത്തിൻെറ പരിമിതികൾ, ഉപഭോഗസംസ്ക്കാരം സൃഷ്ടിക്കുന്ന കെടുതികൾ തുടങ്ങി ഏറെ വൈവിധ്യമാർന്നതായിരുന്നു അന്നത്തെ സംഭാഷണ വിഷയങ്ങൾ. പുസ്തകത്തെക്കുറിച്ചുള്ള എൻെറ അഭിപ്രായം എത്രയും പെട്ടെന്ന് അറിയിയ്ക്കണമെന്ന് നിർദ്ദേശിച്ചാണ് അവസാനം അദ്ദേഹം യാത്രയാക്കിയത്. ആ നിർദേശം ശിരസാ വഹിച്ചുകൊണ്ട് പുസ്തകം പഠിച്ചു തീർന്ന ഉടനെ ഞാൻ ബിഷപ്പിനെ ചെന്നു കണ്ട് എൻെറ അഭിപ്രായമറിയിച്ചു. അദ്ദേഹത്തെപ്പോലൊരാൾ ഇടതുപക്ഷത്തിനനുകൂലമായ നിലപാടെടുക്കുന്നത് ശക്തമായ എതിർപ്പിന് കാരണമാകില്ലേ എന്നൊരു സംശയം എനിയ്ക്കുണ്ടായിരുന്നു. ഞാനത് അദ്ദേഹത്തിൻെറ മുന്നിൽ അവതരിപ്പിച്ചു. സഭയ്ക്കുള്ളിൽ നിന്നാണ് ഏറ്റവും ശക്തമായ എതിർപ്പെന്ന് അദ്ദേഹം തുറന്ന് സമ്മതിച്ചു. ''ഫിലോസഫേഴ്സ് ഹാവ് ഓൺലി ഇൻറർപ്രെറ്റഡ് ദ വേൾഡ്. അവർ ഡ്യൂട്ടി ഈസ് ടു ചേഞ്ച് ഇറ്റ്'' എന്ന വാചകത്തിന് ആ പുസ്തകത്തിൽ കൊടുത്ത പരിഭാഷ ജീവസ്സുറ്റതായില്ല എന്നു ഞാൻ അഭിപ്രായപ്പെട്ടുമ്പോൾ മൂലകൃതിയും പരിഭാഷകളുമായി നിരവധി പുസ്തകങ്ങൾ

എടുത്തു പരിശോധിയ്ക്കാനുള്ള സന്നദ്ധതയും ക്ഷമയും അദ്ദേഹം പ്രദർശിപ്പിച്ചത് എന്നെ വല്ലാതെ ആകർഷിച്ചു. ചെറിയ കാര്യങ്ങളിൽ പോലും അദ്ദേഹം ചെലുത്തുന്ന ശ്രദ്ധ, ചെയ്യുന്നതെന്തും കുറ്റമറ്റതായിരിയ്ക്കണമെന്നുള്ള അദ്ദേഹത്തിൻെറ താല്പര്യം. ഇവയെല്ലാം അദ്ദേഹത്തോടുള്ള എൻെറ ആദരവിനെ ഇരട്ടിപ്പിച്ചു.

ജീവിതത്തിലുടനീളം അദ്ദേഹം പുലർത്തിയ ലാളിത്യമായിരുന്നു, എന്നെ ആകർഷിച്ച മറ്റൊരു ഘടകം. ഒരു മരക്കട്ടിൽ, പായ്, വിരി, കൊതുകുവല ഇവയായിരുന്നു കേരളത്തിലെ ഏറ്റവും സമ്പന്നമായ ഒരു മഠത്തിൻെറ അധിപൻെറ ഉറക്കത്തിനുള്ള ചമയങ്ങൾ !

നിരവധി തവണ അടുപ്പിച്ച് അദ്ദേഹത്തെ സന്ദർശിയ്ക്കാൻ അവസരം ലഭിച്ചിരുന്നുവെങ്കിലും ക്രമേണ അതിലൊരു വിടവ് വന്നു. അഞ്ചു വർഷത്തെ വിടവിന് ശേഷം ഞാനദ്ദേഹത്തെ കാണുന്നത് 1997 ലാണ്. പാഠഭേദത്തിലെ നാരായണൻ മാസ്റ്ററുടെ മകൻെറ കല്യാണമായിരുന്നു സന്ദർഭം. തൃശൂരിൽ നിന്നും ഗുരുവായൂരിലേയ്ക്ക് ബിഷപ്പിനെ കൊണ്ടു പോകാനുള്ള ചുമതല എനിയ്ക്കായിരുന്നു. എന്നെ കണ്ടിട്ടദ്ദേഹത്തിന് മനസ്സിലായില്ല. കാറിൽ കയറിയതിനുശേഷം ഞാൻ സ്വയം പരിചയപ്പെടുത്തുകയും പഴയ ഓർമ്മകൾ പങ്കുവെയ്ക്കുകയും ചെയ്തപ്പോൾ അദ്ദേഹം ഏറെ സന്തോഷിച്ചു. എം.എം. തോമസ് തൻെറ ലേഖനങ്ങളിൽ ധാർമ്മികതയ്ക്ക് ഊന്നൽ കൊടുക്കുമ്പോൾ ബിഷപ്പിൻെറ ലേഖനങ്ങൾ ഊന്നുന്നത് സാമൂഹികതയിലാണ് എന്ന സുചിന്തിതമായ ഒരഭിപ്രായം എനിയ്ക്കുണ്ടായിരുന്നു. പറഞ്ഞ ഉടനെത്തന്നെ അദ്ദേഹം അത് ശരിവെച്ചു. അത്തരമൊരഭിമുഖത്തിനു കാരണം തന്നെ രൂപപ്പെടുത്തിയ സാഹചര്യമാണെന്നും ഭാവിയിൽ ധാർമ്മികതയ്ക്ക് ഊന്നൽ നല്കാൻ ശ്രമിയ്ക്കാമെന്നും അദ്ദേഹം സമ്മതിച്ചു. അഭിപ്രായങ്ങളെ ഇത്രയും സഹിഷ്ണുതയോടെ സ്വീകരിയ്ക്കുകയും നെരിടുകയും ചെയ്ത മറ്റൊരു വ്യക്തിയേയും ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല.

'പാഠഭേദം' ബിഷപ്പിൻെറ കന്നിപുസ്തകം ഇറക്കാൻ ഒരുങ്ങുന്ന സമയമായിരുന്നു അത്. പാഠഭേദത്തെക്കുറിച്ച് അദ്ദേഹത്തിന് മതിപ്പായിരുന്നുവെങ്കിലും എൻെറ കൂടി അഭിപ്രായം ആരായാനുള്ള സന്മനസ്സ് അദ്ദേഹം കാണിച്ചു. ആ പുസ്തകത്തിനുവേണ്ടി പഴയ ലേഖനങ്ങൾ ശേഖരിയ്ക്കാൻ അദ്ദേഹം വിഷമിച്ചതിനെ ക്കുറിച്ചും പറഞ്ഞു. 'പൗലോസ് മാർ പൗലോസിൻേറയും എം.എം. തോമാസിൻേറയും ചിന്തകളുടെ താരതമ്യപഠനം എന്ന വിഷയത്തിൽ ഗവേഷണം നടത്തുന്ന അദ്ദേഹത്തിൻെറ ഒരടുത്ത പരിചയക്കാരൻ ഒരു ദിവസം എല്ലാ ലേഖനങ്ങളും വാങ്ങിക്കൊണ്ടുപോയത്രെ. പുസ്തകമിറക്കാനായി അവ തിരിച്ചു വാങ്ങിയപ്പോൾ പകുതിയേ ഉണ്ടായിരുന്നുള്ളൂ, ഉള്ളതിൻെറത്തന്നെ അവസ്ഥ പരിതാപകരവും. അടിയന്തിരാവസ്ഥയെ ബിഷപ്പ് എതിർത്തപ്പോൾ 'ഈ

ബിഷപ്പിന് ഭ്രാന്തുണ്ടോ? എന്ന് ഇന്ദിരാഗന്ധി ചോദിച്ചിരുന്നല്ലോ? പ്രസിദ്ധമായ ഈ സംഭവത്തിൻേറ ന്യൂസ്പേപ്പർ കട്ടിംഗ്സും നഷ്ടപ്പെട്ടവയിൽ ഉണ്ടായിരുന്നു. വളരെയധികം കഷ്ടപ്പെട്ടിട്ടാണ് നഷ്ടപ്പെട്ട ലേഖനങ്ങളുടെ പ്രതികൾ വീണ്ടും സമാഹരിച്ചത്.

വിവാഹത്തിനുശേഷം, മടക്കയാത്രയിൽ അട്ടപ്പാടിയിലെ 'ഇക്കോ ഫാമി'ൻേറ പ്രവർത്തകരും ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. വളരെ ലാഘവത്തോടെയായിരുന്നു ബിഷപ്പ് സംസാരമാരംഭിച്ചത്. സദ്യയെക്കുറിച്ചും പാചകക്കാരനായ അമ്പിസ്വാമിയുടെ കൈപ്പുണ്യത്തെക്കുറിച്ചും അദ്ദേഹം വാചാലനായി. സദ്യ അദ്ദേഹം ശരിയ്ക്കും ആസ്വദിച്ചതായി തോന്നി. കുറച്ചു കഴിഞ്ഞപ്പോൾ ചർച്ച ഗൗരവമുള്ള വിഷയങ്ങളിലേയ്ക്ക് കടന്നു. ചൈന മുതലാളിത്തത്തിലേയ്ക്കുള്ള പാതയിലാണെന്നും വാഷിംഗ്ടണും ടോക്യോവും, ബീജിങ്ങും അടിസ്ഥാനപരമായി ഒരുപോലെ ഉപഭോഗ സംസ്ക്കാരത്തിൻേറ പിടിയിലമർന്നിരിയ്ക്കുയാണെന്നും ഗ്രാമങ്ങൾ ഭീകരമാം വിധം ദരിദ്രമായികൊണ്ടിരിയ്ക്കുകയാണെന്നും തൻേറ ചൈനാ സന്ദർശനത്തെക്കുറിച്ച് സ്മരിക്കവേ അദ്ദേഹം പറഞ്ഞു.

ബിഷപ്പിൻേറ 'സ്വാതന്ത്ര്യമാണ് ദൈവം' എന്ന പുസ്തകത്തിൻേറ പ്രകാശന ദിവസം, തൃശൂരിൽ ഓട്ടോറിക്ഷാ സർവ്വീസ് ആരംഭിച്ചതിൻേറ രജതജൂബിലിആഘോഷ പരിപാടികളുടെ സ്വാഗത സംഘത്തിലേയ്ക്ക് രക്ഷാധികാരിയായി അദ്ദേഹത്തെ ക്ഷണിയ്ക്കാൻ ചെന്നപ്പോൾ അരമനയിൽ വെച്ച്, തിരുവല്ലായിലെ പെണ്ണമ്മഭവനത്തിലെ കൂടിച്ചേരലിൽ വെച്ച്, അങ്ങനെ നിരവധി തവണ അദ്ദേഹത്തെ കാണാനും അടുത്തിടപഴകാനും എനിയ്ക്കവസരമുണ്ടായിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം അവയെല്ലാം ഒരുപോലെ അവിസ്മരണീയങ്ങളാണെങ്കിലും അസാധാരണമായ ആ വ്യക്തിത്വത്തിൻേറ ചില വശങ്ങൾ അനാവരണം ചെയ്യുന്ന രണ്ടു സംഭവങ്ങൾ മാത്രം ഞാനിവിടെ കുറിച്ചിടാം.

'സ്വാതന്ത്ര്യമാണ് ദൈവം' എന്ന പുസ്തകത്തിൻേറ പ്രകാശന ദിവസം. ഞാൻ പ്രകാശന പരിപാടിയുടെ ബോർഡ് എഴുതിക്കൊണ്ടിരിയ്ക്കുകയായിരുന്നു. അപ്രതീക്ഷിതമായി അവിടേയ്ക്ക് വന്ന അദ്ദേഹം 'ഇതും വശമാണോ' എന്ന് നൈസർഗ്ഗികമായ പുഞ്ചിരിയോടെ ചോദിച്ചു.

തിരുവല്ലായിലെ പെണ്ണമ്മ ഭവനത്തിലെ കൂടിച്ചേരൽ. പാഠഭേദത്തിൻേറ പ്രതിനിധിയായാണ് ഞാനതിൽ പങ്കെടുത്തത്. അതുകൊണ്ട് എനിയ്ക്ക് ഒരു ചെറു പ്രസംഗം നടത്തേണ്ടിവന്നു. ബിഷപ്പും അതിൽ പങ്കെടുത്തിരുന്നു. തിരക്കൊഴിഞ്ഞപ്പോൾ അദ്ദേഹം എൻേറ അടുത്ത് വന്ന് പറഞ്ഞു. ''പ്രസംഗകനാണെന്ന് അറിഞ്ഞിരുന്നില്ല. നന്നായി'' എന്ന്. നിസ്സാരമായ ഈ സംഭവങ്ങൾ വെളിപ്പെടുത്തുന്നത് കലവറയില്ലാതെ അഭിനന്ദിയ്ക്കാനും പ്രോത്സാഹിപ്പിക്കാനും തയ്യാറാവുന്ന വലിയൊരു വ്യക്തിത്വത്തെയാണ്. തുറന്ന ആ പ്രകൃതമായിരിയ്ക്കണം

ഒരിയ്ക്കലും മറക്കാനാവാത്ത വിധത്തിൽ അദ്ദേഹത്തെ എൻെറ മനസ്സിൽ പ്രതിഷ്ഠിച്ചത്.

തൃശൂരിലെ ഡ്രൈവർമാരുടെ സാംസ്ക്കാരിക സംഘടനയായ സാരഥിയിലെ അംഗങ്ങളേ ബിഷപ്പുമായി പരിചയപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. വിദേശയാത്ര കഴിഞ്ഞ് വന്നാൽ ഏതു ദിവസവും സൗകര്യമാണെന്ന് അദ്ദേഹം അറിയിയ്ക്കുകയും ചെയ്തിരുന്നു. പക്ഷേ അത് നടന്നില്ല. തൃശൂരിലെ ഓട്ടോക്കാർക്കത് വലിയൊരു നഷ്ടമാണെന്ന് ഞാൻ കരുതുന്നു.

ബിഷപ്പിൻെറ നിര്യാണത്തിലുള്ള അനുശോചനം ഒരു 'സംഭവ' മായിരുന്നു. ഞങ്ങൾ, ഓട്ടോറിക്ഷക്കാർ മൃതദേഹത്തിൽ റീത്ത് വെയ്ക്കുകയും കറുത്ത ബാഡ്ജ് ധരിക്കുകയും ചെയ്തു. സമീപകാലത്ത്, ആരുടേയും നിർബന്ധമില്ലാതെ ഓട്ടോറിക്ഷക്കാർ സഹകരിച്ച ഏകസംഭവം അതായിരിയ്ക്കുമെന്ന് തോന്നുന്നു. ഫുട്പാത്ത് കച്ചവടക്കാർ, ചുമട്ടുതൊഴിലാളികൾ തുടങ്ങി സമൂഹത്തിൻെറ നാനാ തുറകളിലുമുള്ളവർ സ്വമേധയാ അവരവരുടെ രീതിയിൽ അനുശോചനത്തിൽ പങ്കെടുക്കുന്നത് കാണാമായിരുന്നു. അദ്ദേഹവുമായി അടുത്ത പരിചയമുള്ള എന്നെപ്പോലെയുള്ളവർക്ക് നഷ്ടബോധം തോന്നുന്നത് സ്വാഭാവികം. ഒരു പരിചയവുമില്ലാത്തവർക്ക് പോലും ബിഷപ്പ് സ്വന്തം ആളാണെന്ന്, തങ്ങളിലൊരുവനാണെന്ന് തോന്നിയിരുന്നു എന്ന ഒരൊറ്റ വസ്തുത കൊണ്ടു തന്നെ അദ്ദേഹം കേരളത്തിലെ മറ്റു സാംസ്ക്കാരിക നായകന്മാരിൽ നിന്നും വ്യതിരിക്തനാവുന്നു.

# അപ്പം, സമത്വം, സ്വാതന്ത്ര്യം

## രഞ്ജിത് എ. ആർ.

*(18-2-98 ൽ കോഴിക്കോട് സർവ്വകലാശാല സെനറ്റ് ഹാളിൽ ബിഷപ്പ് പൗലോസ് മാർ പൗലോസ് നടത്തിയ പ്രഭാഷണത്തിൻെറ സംഗ്രഹം)*

ശാസ്ത്രം അഭൂതപൂർവ്വമായ പുരോഗതി കൈവരിച്ച ഈ കമ്പ്യൂട്ടർ യുഗത്തിലും മനുഷ്യൻെറ സാമൂഹിക ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടുകയാണ്. ഭാരത ജനത സ്വാതന്ത്ര്യത്തിൻെറ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിലും സ്വാതന്ത്ര്യം മായം കലരാതെ ലഭിക്കുന്നില്ലെന്നുള്ളതാണ് അനുഭവം. 49 വർഷം കൂടുമ്പോൾ ഇസ്രായേൽ മക്കൾ സ്വാതന്ത്ര്യത്തിൻെറ രജത ജൂബിലി ആഘോഷിക്കുന്നു. പ്രാചീന കാലങ്ങളിൽ ആഘോഷവേളയിൽ, പുരോഹിതൻ ഉയർന്ന ഒരു സ്ഥാനത്ത് കയറി നിന്ന് ആട്ടിൻ കൊമ്പു കൊണ്ടുണ്ടാക്കി കുഴൽ വിളിക്കുന്നു. ആ സ്വാതന്ത്ര്യ കാഹളം ശ്രവിച്ച് ഒത്തുചേരുന്ന ജനങ്ങൾ സ്വാതന്ത്ര്യോത്സവത്തിന് തുടക്കം കുറിക്കുന്നു. world is a gllobal village എന്ന് അർണോൾഡ് മക്ലൂഫൻ പറഞ്ഞത് വളരെ ശരിയാണ്. ആഗോളവൽക്കരണവും ഉദാരവൽക്കരണവും ലോകത്തെ ഒരു ചെറുഗ്രാമമാക്കിയിരിക്കുന്നു. പക്ഷേ മനുഷ്യജീവിതത്തിൻെറ ആധാരശിലകളായ അപ്പം, സമത്വം, സ്വാതന്ത്ര്യം ഇവ മനുഷ്യപുത്രന് നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. അപ്പം എന്നതുകൊണ്ട് ആഹാരം എന്ന സങ്കുചിതാർത്ഥമല്ല, മറിച്ച് ഒരുവൻെറ എല്ലാവിധ ആവശ്യങ്ങളെയുമാണ് ഉദ്ദേശിക്കുന്നത്. അത് സാമൂഹികമായാലും വിദ്യാഭ്യാസപരമായാലും മറ്റ് ന്യായമായ എന്താവശ്യമായാലും, അപ്പം എന്ന ആശയത്തിലൊതുങ്ങുന്നു. 'ബൈബിളി'ൽ 'അപ്പം' എന്നത് പ്രതീകാത്മകമാണ്.

Bread, equality, &liberty ഇവ പരസ്പര പൂരകങ്ങളാണ്. മനുഷ്യന് സമത്വമെന്ന ആശയം ഇന്ന് അജ്ഞാതമായിരിക്കുന്നു. സ്ത്രീകൾക്കും ജാതീയമായി അധകകൃതരായ വിഭാഗങ്ങൾക്കും ഇന്നും സമത്വം ലഭിക്കുന്നില്ല. വടക്കേ ഇന്ത്യയിൽ, രൂപ്കൻവർ എന്ന ദളിത് യുവതിയെ, നിരപരാധിയായ ആ സ്ത്രീയെ നഗ്നയായി പൊതു നിരത്തിലൂടെ വലിച്ചിഴച്ചപ്പോഴും ഇങ്ങ് തെക്ക് തങ്കമണി, സൂര്യനെല്ലി സംഭവങ്ങൾ ആവർത്തിക്കുമ്പോഴും സ്ത്രീയുടെ അഭിമാനം ചോദ്യം ചെയ്യപ്പെടുന്നു. തെക്കെ ആഫ്രിക്കയിൽ ഒരു കറുത്ത ക്രിസ്ത്യൻ പാതിരിയെ വെളുത്തവരുടെ ഭരണവർഗ്ഗം കിണറ്റിൽ തള്ളിയിട്ടു കൊല്ലുകയുണ്ടായി. തങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ (അപ്പം) ക്കുവേണ്ടി, കറുത്ത വർഗ്ഗത്തെ ഉദ്ബോധിപ്പിച്ചതിന് അദ്ദേഹത്തിനു നൽകിയ ബഹുമ

തിയായിരുന്നു അത്. ഇവിടെ കോഴിക്കോട്ടും യുവതികളെ തട്ടി കൊണ്ടു പോകലും പീഢനവും സർവ്വസാധാരണമായിരിക്കുന്നു. ഉദാരവൽക്കരണവും ആഗോളവൽക്കരണവും കോളനിവാഴ്ച പുനക സ്ഥാപിക്കുവാനുള്ള തന്ത്രങ്ങളാണ്. ദക്ഷിണ കൊറിയയിലെ ജനങ്ങൾ നമ്മെപ്പോലെ അരിയാഹാരം കഴിക്കുന്നവരാണ്. പക്ഷെ വെസ്റ്റേൺ ഇംപീരിയലിസത്തിൻേറ അനന്തരഫലമായി ഫാസ്റ്റ് ഫുഡിൻേറ വേഗത്തിലുള്ള കടന്നു കയറ്റം അവിടത്തെ കർഷക ജനതയെ, കൃഷിയെ, കണ്ണീരിലാഴ്ത്തിയിരിക്കുന്നു.

പുതിയ നിയമത്തിൽ, യേശുവിൻേറ ഉയർത്തെഴുന്നേൽപ്പ് പ്രതിപാദിക്കുന്നു. മരിച്ച് മൂന്നാം നാളാണ് ശ്രീയേശു ഉയർത്തെഴുന്നേൽക്കുന്നത്. ഇന്നു നമുക്കു വേണ്ടത് ജീവിച്ചിരിക്കുമ്പോഴുള്ള ഉയർത്തെഴുന്നേല്പാണ് ഇന്നും നാം 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന അവസ്ഥയിലാണ്. റൂസോ പറഞ്ഞതുപോലെ 'മൃതജീവിതത്തേക്കാൾ നല്ലത് ജീവിത മൃത്യുവാണ്.' നമുക്ക് ജീവിച്ചു മരിക്കാം. അസത്തിൽ നിന്ന് സത്തിലേക്ക്, തമസിൽ നിന്ന് വെളിച്ചത്തിലേക്ക്, മൃത്യുവിൽ നിന്ന് അമരത്വത്തിലേക്ക് ഉയർത്തെഴുന്നേല്ക്കാം.

# ചിന്തയെ പുതുക്കുക

*(2-11-97ന് വലിയ പള്ളിതിരുന്നാളിൽ ബിഷപ്പ് ചെയ്ത സുവിശേഷ പ്രസംഗത്തിൻെറ സംഗ്രഹം)*

കെ.ജെ തോമസ്

ഇന്ന് ഞാൻ നിങ്ങളോട് ചിന്തകളെ പുതുക്കുന്നതിനെ കുറിച്ച് സംസാരിക്കാം. നമ്മുടെ ആരാധനയിലും അജപാലനത്തിലും സംഭവിക്കേണ്ട നവീകരണങ്ങളെ കുറിച്ച് ഓർമ്മിപ്പിക്കാം.

നമ്മുടെ സഭയിൽ, സമൂഹത്തിൽ പുരുഷൻ സ്ത്രീയോട് എങ്ങനെയാണ് പെരുമാറുന്നത്? സമൂഹമദ്ധ്യത്തിലെ സ്ത്രീ നമുക്ക് ഒരു ഉപഭോഗവസ്തുമാത്രമാണ്. നമ്മുടെ ദിനപത്രങ്ങളിലൂടെ കണ്ണോടിക്കൂ.

ആലപ്പുഴയിൽ ഗർഭിണിയായ ഒരു സ്ത്രീ ഭർത്താവിനൊടൊപ്പം ഡോക്ടറെ കണ്ടുമടങ്ങുമ്പോൾ ചില യുവാക്കൾ ആ ഗർഭിണിയെ സംഘം ചേർന്ന് ബലാത്സംഗം ചെയ്തത് പത്രങ്ങൾക്ക് ഒരു സാധാരണ വാർത്തയായിരുന്നു. തിരുവനന്തപുരത്ത് ഒരു യാചകി തൻെറ രണ്ടു വയസ്സായ മകളോടൊപ്പം കടത്തിണ്ണയിൽ ഉറങ്ങിക്കിടക്കുമ്പോൾ ആ രണ്ടു വയസ്സുകാരി ബലാത്സംഗം ചെയ്യപ്പെട്ടത് നാം എത്ര നിസ്സാരമായാണ് നമ്മുടെ 'ബെഡ്കോഫി'ക്കൊപ്പം ചവച്ചിറക്കിയത്.

ഇത്തരം വാർത്തകൾ കേട്ടും വായിച്ചും 'ഇതിലിപ്പൊ എന്താ ഇത്ര പറയാൻ?'എന്നായിരിക്കുന്നു നാം. സ്വന്തം വീടുകളിലെ സ്ഥിതിയും മറിച്ചല്ല. അതിഥിവരുമ്പോൾ ഒന്ന് ചിരിച്ച് സത്ക്കരിച്ച് കൂടുതൽ സംസാരിച്ചതിന് എത്രയോ ഭാര്യമാർ നമ്മുടെ വീടുകളിൽ ക്രൂരമായി പീഡിപ്പെക്കപ്പെടുന്നു. നമ്മുടെയിടയിലെ മിക്ക പുരുഷന്മാർക്കും ഭാര്യ വരുതിയിൽ നിൽക്കേണ്ട സ്വകാര്യസ്വത്താണ്. വാതിൽപ്പാളിക്കു വെളിയിലേക്ക് ഒരിക്കലും പ്രവേശനമില്ലാത്ത 'അലങ്കാര വസ്തു'.

വർഷങ്ങൾക്കുമുമ്പ് ഒറീസ്സയിൽ രൂപ്കൻവാർ എന്ന 17 കാരി പെൺകുട്ടിയെ 'സതി'യുടെ പേരിൽ ഭർത്താവിൻെറ ചിതയിലേക്ക് തള്ളിയിട്ടു കൊന്നത് നമ്മിൽ പലരും മറന്നിരിക്കില്ല. വേണ്ടത്ര തെളിവുകളില്ലാത്തതുകൊണ്ട് കോടതി വെറുതെ വിട്ട പ്രതികളെ ആ ഗ്രാമം ആഘോഷത്തോടെ വരവേറ്റുവത്രെ ! അവർ 'സതി' യുടെ അമ്പലം സ്വപ്നം കാണുന്നവരായിരുന്നു. 'സതി' നിർത്തലാക്കാൻ അക്ഷീണം പ്രയത്നിച്ചയാളായിരുന്നു 'രാജാറാംമോഹൻറോയി' എന്ന് കുട്ടികളെ പഠിപ്പിക്കുമ്പോൾ ഓർക്കുക. നമ്മുടെ ഭാരതത്തിൽ ഇത് ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒരുപാട് രൂപ്കൻമാർ ബലി

മൃഗങ്ങളായിക്കൊണ്ടിരിക്കുന്നു.

ബംഗ്ലാദേശിലെ തസ്ലീമാനസ്പീൻ എന്ന എഴുത്തുകാരിയെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? അവളുടെ 'ലജ്ജ' എന്ന നോവൽ ഞാൻ വായിച്ചിട്ടുണ്ട്. അവൾ മതത്തെ അധിക്ഷേപിച്ചിട്ടില്ല. മതത്തിലെ കടുത്ത പുരുഷ മേധാവിത്വപ്രവണതയേയും അത് അരക്കിട്ടുറപ്പിക്കുന്ന കടുത്ത മതയാഥാസ്ഥിതികതെയുമാണ് അവൾ ആക്രമിച്ചിരിക്കുന്നത്. എന്നാൽ മതം അവൾക്കെതിരെ അതിൻേറ പീരങ്കികൾ തിരിച്ചു. ദു:സ്വപ്നങ്ങളാൽ അവൾ ഓരോ രാത്രിയിലും ഞെട്ടിയുമർത്തപ്പെടുന്നുണ്ടാവണം.

സ്ത്രീകളുടെ അടിമത്തത്തെ കുറിച്ചു പറഞ്ഞാൽ വേദപുസ്തകം ഉയർത്തിപ്പിടിച്ച് ചിലർ അതിനെ ന്യായീകരിക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ വേദപുസ്കത്തിൽ തന്നെ സ്ത്രീ സ്വാതന്ത്ര്യത്തെപറ്റി പരസ്പര വിരുദ്ധ വാക്യങ്ങൾ ഉള്ളത് അവർ ശ്രദ്ധിക്കാറില്ല.

14 ൽ 34 ഉം 35 ഉം വാക്യങ്ങൾ സ്ത്രീകൾ നിശ്ശബ്ദരായിരിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഗലാത്യർ 3ൽ 25 മുതൽ 29 വരെയുള്ള വാക്യങ്ങളിൽ സ്ത്രീയും പുരുഷനും തുല്യരാണെന്നാണ് സാരാംശം. ഇനിയും എത്രയോ വാക്യങ്ങൾ ! വേദപുസ്തകം ഒരു വിധത്തിൽ ചരിത്രരേഖയും അതിനേക്കാൾ ഉപരി ദൈവഹിതം എന്ത് എന്ന് പഠിപ്പിക്കുന്നതുമാണ്. ഓരോ കാലത്തിൻെറ ആവശ്യമനുസരിച്ച് ചിലത് അതിൽ കാണുമ്പോൾ നാം ശരിക്കും മനസ്സിലാക്കി വായിക്കേണ്ടതുണ്ട്. അല്ലെങ്കിൽ അബദ്ധധാരണകളാൽ നമ്മുടെ മനസ്സ് കലുഷിതമാകാനിടയുണ്ട്.

വേദപുസ്തകമായാലും മറ്റേത് മതഗ്രന്ഥമായാലും പതിരും കാമ്പും വേർതിരിച്ച് വായിക്കാൻ നാം പഠിക്കണം. 137 -ാം സങ്കീർത്തനത്തിൽ 'നിങ്ങളുടെ കുട്ടികളെ പാറമേൽ അടിക്കുവിൻ' എന്നു പറയുന്നു. നാം അങ്ങനെ ചെയ്യുമോ? അടിമനാട്ടിൽ നിന്ന് സ്വതന്ത്രനാട്ടിലേക്കുള്ള പലായനത്തിന്നിടയിൽ തങ്ങളുടെ പില്ക്കാല തലമുറകളെങ്കിലും കൊടും പീഡനങ്ങളിൽ രക്ഷപ്പെടണമെന്ന വൈകാരിക പ്രകടനമാണ് ആ വാക്യത്തിൻെറ ചരിത്ര പശ്ചാത്തലം. ആ ചരിത്ര പശ്ചാത്തലത്തിൽ മാത്രമേ ആ വാക്യം നമ്മോട് സംവദിക്കാവൂ. വേദപുസ്തകം നിങ്ങളെയല്ല: നിങ്ങൾ വേദപുസ്തത്തെയാണ് വായിക്കേണ്ടത്. ഇത് കൂടുതൽ വ്യക്തമാക്കാൻ ഞാൻ നിങ്ങളോട് മറ്റൊരു കഥ പറയാം.

ഒരിക്കൽ ഒരു പാവം മനുഷ്യൻ ഒരു പുരോഹിതൻെറയടുക്കൽ 'സമാധാനം' അന്വേഷിച്ചു ചെന്നു. വേദപുസ്തകം കണ്ണടച്ചു തുറന്നു കിട്ടുന്ന ഭാഗം വായിച്ച് അതനുസരിച്ച് പ്രവർത്തിക്കാനാണ് പുരോഹിതൻ ഉദ്ദേശിച്ചത്. ആ പാവം പോയി അങ്ങനെ ചെയ്തു. കിട്ടിയത് മത്തായി 27 ൽ 5 ആയിരുന്നു. യൂദാസ് കെട്ടിത്തൂങ്ങി ചത്തു കളഞ്ഞ ഭാഗം അയാൾക്ക് സമാധാനം ലഭിക്കുമോ? ഒരിക്കൽകൂടി അയാൾ പുരോഹിതനെ

സമീപിച്ചു. ഒരു തവണ കൂടി ശ്രമിച്ചു നോക്കാൻ പുരോഹിതൻ മറുപടി നല്കി. ഇത്തവണ കിട്ടിയ വാക്യം ''നീയും അങ്ങനെത്തന്നെ ചെയ്യുക'' എന്നതായിരുന്നു. പോരേ ! എങ്ങനെയുണ്ട് സമാധാനത്തിന് പോയവന് ലഭിച്ച സമാധാന സുവിശേഷം !

അതിനാൽ വേദപുസ്തകത്തെ നിങ്ങൾ നിങ്ങളുടെ ആവശ്യാനുസരണം എടുത്തുപയോഗിക്കുന്ന പ്രവണത ആദ്യമേ ഉപേക്ഷിക്കുക.

യേശു പുതുക്കത്തിൻെറ പ്രവാചകനായിരുന്നു. ഓരോ തവണയും അദ്ദേഹം തൻെറ കാലത്തിനനുസൃതമായി വിശുദ്ധ നിയമങ്ങളെ പുതുക്കിക്കൊണ്ടിരുന്നു. കാരണം മാറുന്ന ചരിത്രകാലം പുതിയ ചരിത്രത്തെ പിൽക്കാലത്തിനു വേണ്ടി സൃഷ്ടിക്കുന്നു എന്നദ്ദേഹം മനസ്സിലാക്കിയിരുന്നു. മോശയുടെ നിയമത്തെ അടിസ്ഥാനമാക്കി ഭാര്യയെ ഉപേക്ഷിക്കുന്നതിന് വിരോധമില്ല എന്നു പറഞ്ഞ പരീശൻമാരോട് യേശു ചോദിച്ചത് അന്നത്തെ നിയമം തന്നെ ഇന്നും പിന്തുടരുകയാണോ എന്നാണ്. നാമും ആ ചോദ്യം നമ്മോട് ചോദിക്കേണ്ടതുണ്ട്.

വേദപുസ്തകം കൈകാര്യം ചെയ്യാൻ യേശുവിൻെറ കാലത്ത് സ്ത്രീകൾക്ക് അവകാശമുണ്ടായിരുന്നില്ല. എന്നാൽ തൻെറ ഉയിർപ്പിൻെറ സന്ദേശം യേശു ആദ്യമായി ഏൽപ്പിച്ചത് സ്ത്രീകളെയായിരുന്നു. സ്ത്രീ സ്വത്വത്തെ അംഗീകരിക്കുകയും, ആദരിക്കുകയുമാണ് യേശു അപ്പോൾ യഥാർത്ഥത്തിൽ ചെയ്തത്. 'സ്വതവേ ദുർബല പോരെങ്കിൽ ഗർഭിണി' എന്ന ചിന്ത ആദ്യം പുരുഷൻമാരായ നാം ഉപേക്ഷിക്കുക. പുരുഷൻെറ വാരിയെല്ലിൽ നിന്ന് സ്ത്രീയെ സൃഷ്ടിച്ചു എന്നു പറയുന്ന ഉല്പത്തി പുസ്തകം തന്നെ 'ദൈവം സ്വന്തം രൂപത്തിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു' എന്നു പറയുന്നു. ബാക്കിയെല്ലാം അതതു മതങ്ങൾ കാലാകാലങ്ങളിൽ പുരുഷമേധാവിത്വം അരക്കിട്ടുറപ്പിക്കാൻ ആവിഷ്ക്കരിച്ച കാഴ്ചപ്പാടുകളാണ്. നമുക്ക് ഒന്നും നവീകരിക്കാൻ ശ്രമിക്കാം. ഓരോ സ്ത്രീയും തങ്ങളുടെ സ്വാതന്ത്ര്യവും സ്വത്വവും സമത്വവും വ്യക്തിത്വവും കണ്ടെത്താൻ ശ്രമിക്കുക. വെറും വസ്തുവോ, അടുക്കള പാത്രമോ? കിടക്കറ പങ്കാളിയോ മാത്രമാകാതെ ഭാവിയിൽ 21-ാം നൂറ്റാണ്ടിൻെറ ചരിത്രമെഴുതുമ്പോൾ കഴിഞ്ഞു പോയ 20 ശതകങ്ങളിലും സ്ത്രീകൾ നേരിട്ട അവശതകളും അതിനെതിരെ അവർ നടത്തിയ പോരാട്ടങ്ങളും ആയിരിക്കും പ്രതിപാദിക്കുക.



# 2

# പഠനങ്ങൾ


POULOSE MAR POULOSE

METROPOLITAN'S HOUSE
TRICHUR-680 001
KERALA, INDIA

Phone 0487 420970
0487 420983 (Private)

Dear Mr. Kuttykrishnan, 17-3-98

March 27 ... 'unstable engine'. ...

March 28 ...

Address
Mr. K. A. Jain
Asst. Project Manager C.C.E. (R+D)
Akbar Road, P.B. No. 1869
Secunderabad 500003
Phone: 040-7752846

P.S. ...

SENDER'S NAME AND ADDRESS: MAR POULOSE, METROP. TRINITY HOUSE, TRICHUR, KERALA, INDIA

1994 മുതൽ 1996 വരെ പ്രസിദ്ധീകരിച്ച

വൈദിക സാഹിത്യ വിഭാഗത്തിലെ

ഏറ്റവും നല്ല കൃതിക്കുള്ള

കേരള സാഹിത്യ അക്കാദമി - കെ. ആർ. നമ്പൂതിരി അവാർഡ്

ബിഷപ്പ് പൗലോസ് മാർ പൗലോസ് എഴുതിയ

**സ്വാതന്ത്ര്യമാണ് ദൈവം**

എന്ന കൃതിക്ക് നൽകിയിരിക്കുന്നു.

| എം. കുട്ടികൃഷ്ണൻ | തൃശ്ശൂർ | എം. ടി. വാസുദേവൻ നായർ |
|---|---|---|
| സെക്രട്ടറി | 30_3_'98 | പ്രസിഡന്റ് |

# ബിഷപ്പ് മാർ പൗലോസിൻെറ ദർശനം

ഇ.എം. എസ്.

ഏതാനും മാസം മുമ്പ് മാർ പൗലോസിൻേറ 14 പ്രബന്ധങ്ങളടങ്ങുനന ഒരു പുസ്തകം പ്രകാശനം ചെയ്യുന്ന ചടങ്ങിൽ പങ്കെടുക്കാൻ എനിക്കവസരം ലഭിക്കുകയുണ്ടായി. ആ ഗ്രന്ഥം അവലോകനം ചെയ്തുകൊണ്ട് ഈ പംക്തിയിൽ ഇതേവരെ എഴുതാൻ കഴിഞ്ഞില്ല. താമസിച്ചാണെങ്കിലും, ആ കൃത്യം ഇപ്പോൾ നിറവേറുകയാണ്.

ഈ ഗ്രന്ഥത്തിന് ഗ്രന്ഥകാരനെഴുതിയ ആമുഖത്തിൽ "വിമോചന ദൈവശാസ്ത്രം" എന്നറിയപ്പെടുന്ന നൂതനദർശനത്തിലേക്ക് താൻ ആകൃഷ്ടനായ സാഹചര്യം വ്യക്തമായി വിശദീകരിക്കുന്നുണ്ട്. മൂന്ന് പ്രധാന സംഭവങ്ങളിലേക്കാണ് അദ്ദേഹം വായനക്കാരുടെ ശ്രദ്ധതിരിക്കുന്നത്.

ഒന്നാമത്, ദൈവശാസ്ത്രപഠനത്തിനു വേണ്ടി അമേരിക്കയിലെ ബർക്കിലി യൂണുവേഴ്സിറ്റിയിൽ അദ്ദേഹം ചേർന്നു. വിയത്നാം യുദ്ധം കൊടുമ്പിരികൊണ്ടിരിക്കുന്ന കാലമായിരുന്നു അത്.

"വിയറ്റ്നാമിൽ നിന്ന് അമേരിക്കൻ പട്ടാളത്തെ പിൻവലിക്കണമെന്ന് മുറവിളികൂട്ടി വിദ്യാർത്ഥികൾ നടത്തിയ പ്രക്ഷോഭങ്ങൾ എൻെറ ദൈവശാസ്ത്ര വിചിന്തനങ്ങൾക്ക് ഒരു വഴിത്തിരിവായിരുന്നു. തിന്മയുടെ ശക്തികൾക്കെതിരെയുള്ള പ്രതിഷേധത്തിൻെറയും പ്രതിരോധത്തിൻെറയും വിത്ത് എന്നിൽ പാകിയത് ഈ പ്രക്ഷോഭങ്ങളാണ്."

രണ്ടാമത്, ദൈവശാസ്ത്രപഠനം നടത്തിയിരുന്ന ഗ്രന്ഥകാരൻ ബിരുദാനന്തര ബിരുദത്തിന് എടുത്തിരുന്ന വിഷയം കാറൽമാർക്സും ജർമനിയിലെ ബോൺഹോഫറും തമ്മിൽ താതമ്യേന വിവേചനം നടത്തുന്ന ഒന്നായിരുന്നു. ഒരു അക്കാദമീയ പണ്ഡിതനു യോജിച്ച വിധത്തിൽ അന്നദ്ദേഹം എഴുതിയതിൻെറ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് ഡോക്ടർ എന്ന ബിരുദാനന്തര ബിരുദം ലഭിക്കുകയും ചെയ്തു. (ആ പ്രബന്ധം ഈ പംക്തിയിൽ അവലോതനം ചെയ്തിട്ടുണ്ടെന്നാണ് എൻെറ ഓർമ്മ.) ആ വിഷയം സംബന്ധിച്ച് ഈ ഗ്രന്ഥത്തിലുള്ള ആമുഖത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു.

"കാറൽമാർക്സിൻെറ ഹ്യൂമനിസവും ജർമൻ ദൈവശാസ്ത്രജ്ഞൻ ഡീട്രിച്ച് ബോൺഹോഫറുടെ 'മതപരിവേഷമില്ലാത്ത ക്രിസ്തീയത'യും എന്നെ സ്വാധീനിച്ചതും ഈ കാലയളവിൽത്തന്നെയായിരുന്നു."

ഇവിടെ ഒരു കാര്യം എടുത്തു പറയേണ്ടതുണ്ടെന്നു തോന്നുന്നു". കാൾ മാർക്സിൻെറ ഹ്യൂമനിസം" സംബന്ധിച്ച ഗ്രന്ഥകാരൻെറ പ്ര

സ്താവം അർധസത്യമാണ്. കാറൽമാർക്സിൻെറ സാമൂഹ്യരാഷ്ട്രീയ ദർശനം വെറും ഹ്യൂമനിസമല്ല, വർഗസമരത്തിൻെറ ദർശനത്തിൽ നിന്നും ഉയർന്നു വരുന്ന ഹ്യൂമനിസമാണ്. ചൂഷിതവർഗ്ഗം ചൂഷകവർഗ്ഗത്തെ അധികാരഭ്രഷ്ടമാക്കി, ചൂഷ്ണവ്യവസ്ഥ അവസാനിപ്പിച്ച് ചൂഷണരഹിതമായ സമൂഹം സൃഷ്ടിക്കലാണ് ''മാർക്സിൻെറ ഹ്യൂമനിസം.'' മാർക്സിസത്തിൻെറ സത്തായ ഈ ഭാഗം ഗ്രന്ഥകാരൻ കാണുന്നില്ലെന്നു തോന്നുന്നു.

'മതപരിവേഷമില്ലാത്ത ക്രിസ്തീയത' എന്ന പദപ്രയോഗം കൊണ്ട് ബോൺഹോഫർ ഉദ്ദേശിച്ചത് സംഘടിത മതത്തിൻെറ രൂപം കൈകൊള്ളുന്നതിനു മുമ്പുണ്ടായിരുന്ന ആദിമ ക്രിസ്തുമതത്തിൻെറ ആധുനികരൂപമാണല്ലോ. അതിനെക്കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്ന ഒരു പ്രബന്ധം ഈപ്രബന്ധത്തിൽ അടങ്ങിയിട്ടുണ്ട്. അതിൻെറ തലവാചകം''വിധ്വംസകപ്രവർത്തകനായ സമാധാനപ്രഭു'' എന്നാണ്. അതിൽ ഇങ്ങനെ പറയുന്നു:

''ക്രിസ്മസ്സ് ആഘോഷങ്ങളും അതോടനുബന്ധിച്ച ചിന്തകളും പുൽകൂട്ടിലെ യേശുവിനെ കേന്ദ്രീകരിച്ചിട്ടുള്ളതാണ്. മാതാപിതാക്കളുടെ പരിലാളനയിൽ, സ്വർഗീയഗാനങ്ങളുടെ പശ്ചാത്തലത്തിൽ , വിദ്വാന്മാരുടെ കാഴ്ചവസ്തുക്കൾ സ്വീകരിച്ചു കൊണ്ട് പുഞ്ചിരിതൂകി കിടക്കുന്ന ശിശുവായ യേശുവിനെ മാത്രമാണ് ഈ അവസരത്തിൽ നാം സ്മരിക്ക പതിവ്. മനുഷ്യൻെറ വേദനകളുടെയും പ്രതീക്ഷകളുടെയും സമൂഹത്തിലെ സംഘട്ടനങ്ങളുടെയും പ്രശ്നങ്ങളുടെയും മധ്യത്തിൽ നിന്ന് വിമർശനങ്ങളും പീഡനങ്ങളും ഏറ്റ് അവസാനം ക്രൂശിൽ കയറിയ യേശുവിനെ നാം സൗകര്യപൂർവ്വം വിസ്മരിക്കുകയും ചെയ്യുന്നു. പുൽക്കൂട്ടിലെ യേശുവിനെയും ക്രൂശിലെ യേശുവിനെയും ഒരേ സമയം ദർശിക്കാൻ സാധിക്കുമ്പോഴാമ് ക്രിസ്മസ് ആഘോഷങ്ങൾ പ്രസക്തമാവുക. പുൽക്കൂടും ക്രൂശും പരസ്പരവിരുദ്ധങ്ങളല്ല, പരസ്പര പൂരകങ്ങളാണ്.''

ഈ ആശയം തന്നെയാണ് പ്രസിദ്ധമായ ഒരു ലേഖനത്തിൽ എംഗൽസ് ഇങ്ങനെ പറഞ്ഞത്. ''ആദിമ ക്രിസ്തുമതവും ആധുനിക തൊഴിലാളിവർഗപ്രസ്ഥാനവും തമ്മിലുള്ള സാദൃശ്യം അദ്ഭുതകരമാണ്. പ്രമാണിമാർക്കെതിരായ ചെറുത്തു നിൽപ് എന്ന നിലയ്ക്കാണ് ആദിമ ക്രിസ്തുമതം രൂപപ്പെട്ടത്. അതു നിമിത്തം അതിനു അനുഭവിക്കേണ്ടിവന്ന യാതനകൾ അവർണനീയമാണ്. അതേ പോലെ ആധുനിക തൊഴിലാളി വർഗ പ്രസ്ഥാനവും പ്രണാണി വർഗത്തിൻെറ കടന്നാക്രമണങ്ങൾക്ക് ഇരയാണ്.''

ഈ വിവരണത്തിനുശേഷം ആദിമ ക്രിസ്തുമതം എന്തായിരുന്നുവെന്നു അറിയാൻ ആഗ്രഹിക്കുന്നവൻ ആധുനിക തൊഴിലാളി പ്രസ്ഥാനത്തിൻെറ പരിപാടിയും നിയമാവലിയും പരിശോധിച്ചാൽ മതിയെന്ന് എംഗൽസ് നിരീക്ഷിക്കുന്നു.

അതുകൊണ്ടാണ് ആധുനിക സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻെറ ഉത്തമോദാഹരണങ്ങളായിരുന്ന കമ്മ്യൂണിസ്റ്റുകാരോടൊപ്പം ബോൺ ബോഫറും നാസിജർമനിയിലെ തടവറയിൽ കിടന്നു മരിക്കാനിടയായത്. ദൈവശാസ്ത്രജ്ഞനായ ആ രക്തസാക്ഷിയിൽ നിന്ന് ആവേശം ഉൾക്കൊണ്ട മാർ പൗലോസ് അദ്ദേഹത്തെയും മാർക്സിനെയും താരതമ്യപ്പെടുത്തിയത് തികച്ചും ഉചിതമാണ്.

മൂന്നാമത്തേത്, അമേരിക്കയിലെ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി ഡോക്ടർബിരുദവുമായി നാട്ടിലേക്കു തിരിച്ചെത്തിയ മാർ പൗലോസ് ചെന്നു പെട്ടത് 'രാഷ്ട്രീയ അടിയന്തിരാവസ്ഥ'യുടെ നടുവിലേക്കാണ്. നടേ സൂചിപ്പിച്ച പ്രതിഷേധത്തിൻേറയും പ്രതിരോധത്തിൻേറയും മൂർത്തമായ രൂപം കോഴഞ്ചേരുക്കാരൻ എം.എം. തോമാസിൽ ഞാൻ കണ്ടു. അടിയന്തിരാവസ്ഥക്കെതിരെ അഭിപ്രായം രൂപീകരിക്കുന്നതിനും വിചാരണ കൂടാതെ തടവിൽ കിടന്നിരുന്ന ഹതഭാഗ്യരുടെ കുടുംബാംഗങ്ങളെ സഹായിക്കുന്നതിനും കേരളത്തിൽ അങ്ങേളമിങ്ങോളം ഓടി നടക്കുകയായിരുന്നു ഡോ. എം.എം. തോമസ്.

അദ്ദേഹത്തോടൊപ്പമുള്ള പ്രവർത്തനമാണ് ബിഷപ്പ് മാർ പൗലോസിൻേറ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയത്. അതുകൊണ്ട് യഥാർത്ഥ ക്രിസ്തീയതയെ കുറിച്ച് ബിഷപ്പ് ഇങ്ങനെ പറയുന്നു:

"യേശുവിൻെറ ജീവിതമാതൃക പിന്തുടരുക എന്നു പറഞ്ഞാൽ നിലവിലുള്ള മൂല്യങ്ങളെയും വ്യവസ്ഥിതികളെയും ആവശ്യമെങ്കിൽ ചോദ്യം ചെയ്യുന്നതിനും, അപ്പോസ്തലന്മാരെപ്പോലെ ലോകത്തെ തലകീഴ്മറിക്കുന്നതിനും സമൂഹത്തിൽ മനുഷ്യനന്മക്കായുള്ള പരിവർത്തനങ്ങൾ സൃഷ്ടിക്കുന്നതിനും നാം തയ്യാറാവണമെന്നർത്ഥം."

തയ്യാറാണെങ്കിൽ ലോകം നമ്മിൽ പഴിചാരും: നിരീശ്വരവാദി, കമ്മ്യൂണിസ്റ്റുകാരൻ, വിപ്ലവകാരി, വിധ്വംസക പ്രവർത്തകൻ എന്നൊക്കെ നാം മുദ്രയടിക്കപ്പെടും. മതത്തിൻെറയും സമൂഹത്തിൻെറയും പാരമ്പര്യങ്ങളെ ധിക്കരിക്കുന്നവൻ എന്ന് കുറ്റമാരോപിക്കപ്പെടും. എപ്പോഴും ചാരന്മാർ നമ്മെ പിന്തുടരും. ദുരുദ്ദേശ്യത്തോടു കൂടിയ ചോദ്യവർഷം കൊണ്ട് വീർപ്പു മുട്ടിക്കും. ചിലപ്പോൾ നാം ക്രൂശിക്കപ്പെടുകയും ചെയ്തേക്കാം. ചുരുക്കത്തിൽ, യേശുവിൻെറ ജീവിത മാതൃക അനുസരിക്കുമ്പോൾ പീഡനങ്ങളും നഷ്ടസാദ്ധ്യതകളുമുണ്ട്. അവയെ ധാർമികമായി നേരിടാൻ നാം തയ്യാറായാൽ മാത്രമേ ക്രിസ്മസ് ആഘോഷങ്ങൾക്ക് എന്തെങ്കിലും പ്രസക്തിയുള്ളൂ."

ചുരുക്കത്തിൽ, ബിഷപ്പ് മാർ പൗലോസ് മാർ പൗലോസിൻെറ ദർശനം ശുദ്ധ ക്രിസംതീയതതന്നെയാണ്. കമ്മ്യൂണിസമല്ല, എന്നാൽ, ശുദ്ധ ക്രിസ്തീയതയും കമ്മ്യൂണിസവും ചേർന്ന് ജനങ്ങളെ സേവിക്കാനുള്ള ദർശനമാണത്.

# വിമോചനത്തിൻെറ വചനങ്ങൾ

അനിൽകുമാർ എ.വി.

അധീശാധികാരം വരയ്ക്കുന്ന നിയതവൃത്തം ഭേതിക്കുമ്പോഴാണ് ഒരാളുടെ പ്രവൃത്തികൾ സമൂഹത്തിന് ആവശ്യമാകുന്ന ഇന്ധനമായി രൂപാന്തരപ്പെടുന്നത്. ആചാരാനുഷ്ഠാനങ്ങളുടെ കരിമ്പടംകൊണ്ട് മൂടിയ മത പ്രബോധനങ്ങളും പ്രതിലോമ ശക്തികൾ തങ്ങൾക്കനുകൂലമാക്കിയ മതഗ്രന്ഥങ്ങളും ജനങ്ങൾക്കനുകൂലമായി വായിച്ചെടുക്കുന്ന മനുഷ്യ സ്നേഹിയാണ് ബിഷപ്പ് പൗലോസ് മാർ പൗലോസ്. അദ്ദേഹത്തിൻെറ സ്വതന്ത്രചിന്തകളുടെ ആവിഷ്കാരമാണ് 'സ്വാതന്ത്ര്യമാണ് ദൈവം' എന്ന കൃതി.

മതത്തിൽ അടിയുറച്ച് വിശ്വസിക്കുമ്പോൾ തന്നെ മതമൗലിക വാദത്തേയും മതപുനരുദ്ധാനവാദത്തേയും ചെറുക്കുകയാണ് വിശ്വാസിക ളുടെ കടമയെന്ന ബിഷപ്പിൻെറ ഈ കൃതി സംശയരഹിതമായി അടിവര യിടുന്നു. ചില ആശയവാദികൾ പ്രചരിപ്പിക്കുംപോലെ ലോകത്തിൽ നടമാടുന്ന ക്രമരാഹിത്യവും അസ്വസ്ഥതയും ആത്മീയ പ്രശ്നമാണെന്ന് മാത്രം വിശ്വസിക്കാൻ പൗലോസ് മാർ പൗലോസ് തയ്യാറല്ല. ഈയൊരു തുറന്നുപറച്ചിലുമായിട്ടാണ് പുരോഗമനവാദികൾ ഐക്യപ്പെടേണ്ടത്.

സംസ്കാരിക വലതുപക്ഷത്തിൻെറ ബഹുമുഖങ്ങളായ അധിനി വേശ കൗശലങ്ങളെ ബിഷപ്പ് കുറെകാലമായി ഒരു പോരാളിയെപോലെ എതിർത്തുവരുകയാണ്. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ കുരിശും ചെങ്കൊടിയും ചേർന്ന് സമഗ്രാധിപത്യത്തിൻെറ രഥയോട്ടങ്ങളെ എതി രിടുന്ന പ്രവണതയോട് അദ്ദേഹം വളരെ രചനാത്മകമായിട്ടാണ് പ്രതിക രിച്ച് വരുന്നത്.

ഇടയ്ക്കൊരു കാലയളവിൽ ഈ മുന്നേറ്റ പരിശ്രമങ്ങൾക്ക് ചില്ലറ പിന്നോട്ടടി നേരിട്ടെങ്കിലും പുതിയ കാലത്ത് അവ വീണ്ടും സജീവമാവു കയാണ്. ആഗോവൽകരണത്തിൻെറയും ഉദാരവൽകരണത്തിൻേറയും കണ്ണിൽ ചോരയില്ലാത്ത ജീവിതസത്യങ്ങൾക്കുനേരെ പള്ളികളിൽ നിന്ന് പ്രതിഷേധത്തിൻെറ പുതിയ മുദ്രാവാക്യങ്ങൾ ഉയരുകയാണ്. മൂന്നാം ലോകത്തെ മൂന്നാംലോകം എന്നറിയപ്പെടുന്ന ലാറ്റിൻ അമേരിക്കൻ ദരിദ്രരാജ്യങ്ങളുടെ പ്രതിഷേധത്തിൻെറ ശബ്ദത്തിൽ പള്ളികളും സംഭാവന നല്കുന്നുണ്ട്. അമേരിക്കയുടെ ഏകലോകധ്രുവസിദ്ധാന്ത ങ്ങൾക്കെതിരെ വിശ്വാസികൾപോലും ഇന്ന് കലാപത്തിൻെറ പാതയി ലാണ്.

സോവിയറ്റ് പ്രതിസന്ധിക്ക്ശേഷമുള്ള ആഗോളരാഷ്ട്രീയ

സാഹചര്യം സന്തോഷകരമല്ലെന്ന് മാർപാപ്പക്ക് പോലും ഒടുവിൽ പറയേണ്ടിവന്നു. ഇതൊരു പ്രവണതയാണ്. വിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസം നിലനിർത്താൻ പോലും ഇത്തരമൊരു പോരാട്ടത്തിൻെറ പാത അനിവാര്യമായിത്തീരുന്നുവെന്നതാണത്. ഈയൊരു ബദൽ ലോകരാഷ്ട്രീയപരിപ്രേക്ഷ്യത്തിൻെറ ചിന്തകളാണ് ഈ കൃതിയിലെ ലേഖനങ്ങളുടെ പൊതുദിശ.

മതവും ഭരണകൂടവും തമ്മിലുള്ള ഐക്യം വിതക്കുന്ന ആത്മീയവും ഭൗതീകവുമായ പ്രതിസന്ധികൾ ഈ ലേഖനങ്ങൾ തുറന്നു കാണിക്കുന്നുണ്ട്. മുതലാളിത്തത്തിൻെറ ക്രൗര്യങ്ങൾ തിരിച്ചറിയാത്ത ഒരാൾക്ക് ഇന്ന് ജനങ്ങൾക്കൊപ്പം നിൽക്കാനാവില്ല എന്ന മുന്നറിയിപ്പും ഇവിടെ തുടിച്ചു നിൽക്കുന്നു. ഭക്തിജീവിതത്തിൻെറ ഉപരിപ്ലവമായ 'പ്രശാന്തത' യിലേക്കും നരകത്തെകുറിച്ചുള്ള ആശങ്കകളിലേക്കും വിശ്വാസികളെ തള്ളിവിട്ട് എല്ലാം സ്വച്ഛചന്ദമാണെന്ന് വരുത്തിതീർക്കുന്ന സഭ. പ്രതിലോമരാഷ്ട്രീയത്തിൻെറ കൂടെയായിപ്പോകുന്ന ദുര്യോഗം ബിഷപ്പ് തുറന്നു പറയുന്നുണ്ട്. സ്വാതന്ത്ര്യത്തിൻെറ അതിരുകളില്ലാത്ത ആകാശത്തിലേക്ക് തുറക്കേണ്ട അന്വേഷണങ്ങൾ അധികാരശക്തികളുടെ കാൽകീഴിൽ നമിക്കുന്ന ഉപചാരങ്ങൾ മത്രമായി മാറുകയാണ് ചിലപ്പോഴെല്ലാം.

ദൈവം ജീവിച്ചിരിക്കുന്നുണ്ടോ എന്നതിനേക്കാൾ പ്രസക്തമായ ചോദ്യം ഏറ്റവും ദയനീയമായ കാലാവസ്ഥയിൽ മനുഷ്യൻ ജീവിച്ചിരിക്കുന്നുണ്ടോ എന്നതാവണമെന്ന ശരിയായ ചോദ്യം ഈ കൃതി പലേടത്തും ഉയർത്തുന്നു. ബിഷപ്പ് പൈറ്റ് സൂചിപ്പിച്ചതുപോലെ, നിത്യജീവിതത്തിൽതന്നെ ഇത്രയേറെ പ്രശ്നങ്ങൾ ഉള്ളപ്പോൾ നാം എന്തുകൊണ്ട് മരണാന്തരജീവിതത്തെ പറ്റിയുള്ള അന്വേഷണത്തിൽ മുഴങ്ങുന്നു. ഇവിടെയാണ് ഗൂഢാലോചനയുടെ പ്രശ്നം. മതവും ഭരണകൂടവും തമ്മിലുള്ള അവിഹിതമായ ബന്ധം മനുഷ്യപക്ഷം നില്ക്കുന്ന ഒരാൾക്ക് ഈ ബന്ധത്തിൻെറ ഉള്ളറകൾ അന്വേഷിക്കാതെ വയ്യ. അത്തരമൊരു അന്വേഷണത്തിനുള്ള ധീരതയും ഈ കൃതി കാണിക്കുന്നു.

പരലോകത്ത് സ്വർഗ്ഗം പണിയുന്നതിനേക്കാൾ ഇഹലോകത്ത് നല്ലൊരു ജീവിതം കെട്ടിപടുക്കലാണ് പുരോഗമന ജീവിതവീക്ഷണമെന്നത് ഈ കൃതിയിലുടനീളം വെളിച്ചമായി നിലനിൽക്കുന്നു. ഭരണകൂടത്തിൻെറ ദയാരഹിതമായ ഇടപെടലുകൾക്ക് മധുരഭാഷ്യം ചമയിക്കുന്ന ഉപകരണങ്ങളായി മതഗ്രന്ഥങ്ങൾ മാറുന്നതിനെതിരെ ബിഷപ്പ് ശക്തമായ ശക്തമായ മുന്നറിയിപ്പ് നൽകുന്നു. വ്യാഖ്യാനത്തിൻെറയും സംവാദത്തിൻെറയും വഴികളിലേക്ക് മതഗ്രന്ഥങ്ങൾ ഉയർത്തേണ്ടതിൻെറ സന്ദേശവും ഇവിടെയുണ്ട്. ''...... മതഗ്രന്ഥങ്ങൾ വായിച്ച് ഞാൻ പ്രചോദിതനാവുന്നു. പക്ഷെ മാറ്റം വരാൻ പാടില്ലാത്ത ചില കല്പനകളും അരുളപ്പാടുകളുമാണ്

അവയിൽ എഴുതപ്പെട്ടിരിക്കുന്നതെന്ന വിശ്വാസം എനിക്കില്ല. അങ്ങനെ വിശ്വാസിക്കുന്നുവെങ്കിൽ അതു മതഗ്രന്ഥങ്ങളെ ചില സങ്കല്പങ്ങളോ പുരാണകഥകളോ ആക്കി ലഘൂകരിക്കുന്നതിന് തുല്യമാണ്.....'' (പേജ് 13) മതഗ്രന്ഥങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ ഉണർത്തുകവഴി പുതിയ ജീവിതവീക്ഷണമാണ് ഇതൾ വിരിയുന്നത്.

മതഗ്രന്ഥങ്ങളുടെ പുനർവായന സംബന്ധിച്ച് എസ്. രാധാകൃഷ്ണൻെറ ചിന്തകൾ അതീവ സംഗതമാണ്. മതഗ്രന്ഥങ്ങളുടെ നിരീക്ഷണങ്ങളിൽ രണ്ടു വശമുണ്ടെന്നായിരുന്നു അദ്ദേഹം പറഞ്ഞത്. സ്ഥിരമായി നിൽക്കുന്ന കാമ്പ് ആദാൻഷേഇ മാറിക്കൊണ്ടിരിക്കുന്ന പുറന്തോട് ആമുാഇ' ഇതിൽ പുറന്തോടിൽ മാറ്റങ്ങൾ വേണമെന്ന് അദ്ദേഹം വാദിച്ചു. ഈ അർത്ഥത്തിൽ മതഗ്രന്ഥങ്ങളുടെ പുനർവായനയിൽ ഭൗതികവാദികളുടെ കൂടി സഹകരണം ഉണ്ടാവട്ടെയെന്ന ഉദാരസമീപനമാണ് ബിഷപ്പ് പുലർത്തുന്നത്. ഭരണകൂടവും മതാധികാരവും കെട്ടുപിണഞ്ഞ സംയുക്തം രൂപപ്പെടുത്തിയ വായനകളെ നിരാകരിക്കുന്ന ''മതരഹിത- മതേതര'' വ്യാഖ്യാനത്തിലൂടെ വിമോചനത്തിൻെറ പ്രതി-പ്രത്യയശാസ്ത്രം രൂപപ്പെടുത്താനാവുമെന്ന് ബിഷപ്പ് തുടർന്ന് അഭിപ്രായപ്പെടുന്നു.

സംസ്കാരിക ഫാസിസവും മതമൗലികവാദവും കൈകോർത്തുനിന്ന് ആക്രമണോത്സുകമാവുന്നതിൻെറ നിരവധി ദൃഷ്ടാന്തങ്ങൾ ഈ കൃതി പരിശോധിക്കുന്നുണ്ട്. അടഞ്ഞ വ്യവകാരങ്ങളായി മതപ്രശ്നങ്ങളെ മാറ്റി നിർത്തി ഈ പ്രതിസന്ധി മുറിച്ചുകടക്കാനാവില്ല. സംവാദത്തിൻെറയും പുൻവായനയുടേയും ഊർജ്ജം പ്രസരിക്കാതെ ഈ കെട്ടിനിൽപ്പ് മാറ്റാനാവില്ലെന്ന കണ്ടെത്തലാണ് ബിഷപ്പ് മുന്നോട്ട് വെക്കുന്നത്. സമഗ്രാധിപത്യത്തിൻെറ മറുപേരായ മുതലാളിത്തവും അടിമത്തത്തിൻെറ ഉപാസകരായ സഭകളും സ്വതന്ത്രചിന്തയെ നിരന്തരം ഭയപ്പെടുന്നുമുണ്ട്. നീതിയും പങ്കാളിത്തവും ഉറപ്പു നൽകുന്ന ലോകമാണ് വിശ്വാസിയുടെ മുന്നിലുണ്ടാവേണ്ടതെന്ന കാഴ്ചപാടാണ് ഈ കൃതിയിലെ ലേഖനങ്ങളിൽ മുഴുവൻ പ്രസരിച്ചു നിൽക്കുന്നത്.

കറുത്തശക്തികൾക്കൊപ്പം മെരുക്കപ്പെട്ട മതത്തിൻേറയും ഇരുൾ മൂടിയ മതഗ്രന്ഥങ്ങളുടെയും വിമോചനോത്സുകമാനങ്ങൾ തിരിച്ചറിയുന്ന ധാരണയാണ് ഈ ലേഖനങ്ങളുടെ ശക്തി. ''......... മനുഷ്യരുടെ ആശകളോടും നിരാശകളോടും മതം അവശ്യം പ്രതികരിക്കുന്നില്ലെങ്കിൽ, അവരുടെ പ്രതീക്ഷകളും അഭിലാഷങ്ങളും ആകുലതകളും അറിഞ്ഞില്ലെന്ന് നടിക്കുകയാണെങ്കിൽ വെറും മെരുക്കലിനുള്ള ഉപകരമാവാതെ വിമോചനത്തിൻെറ ശക്തിയായി തീരുന്നില്ലെങ്കിൽ അത് കറുപ്പായും മയക്കുമരുന്നായും ശമകമായും മുദ്രയടിക്കപ്പെടും. അതിൻെറ മയക്കുശക്തി രൂപമെടുക്കുന്നത് പരലോകത്തിലെ സന്തോഷം വാഗ്ദാനം ചെയ്ത് ഭൂമിയിലെ അസന്തുഷ്ടിയെ അംഗീകരിക്കാൻ ആവശ്യപ്പെടുമ്പോഴാണ്.....''

(പേജ് 18) എന്ന ബിഷപ്പിൻെറ കണ്ടെത്തൽ മതത്തിൻെറ വിമോചന ശക്തിയിലാണ് ഊന്നുന്നത്.

സാമ്രാജ്യത്വശക്തികൾ ജനജീവിതത്തിൻെറ ഭിന്ന മേഖലകളിൽ കാലൂന്നുന്നതിൻെറ ചില ചിതില ചിത്രങ്ങൾ ഇവിടെ വരച്ചു കാണിക്കുന്നുണ്ട്. 1959-ൽ കേരളത്തിൽ നടന്ന കുപ്രസിദ്ധമായ 'വിമോചനസമര' വേളയിൽ ക്രിസ്ത്യൻസഭ ജനവിരുദ്ധശക്തികളുടെ സമരപങ്കാളിയായി മാറിയതിനെ നിശിതമായി വിമർശിക്കുന്നു. ആവിഷ്കാരസ്വാതന്ത്ര്യത്തിന് വിലങ്ങ് തീർക്കുന്ന സഭയുടെ സങ്കുചിതചിന്തയേയും ഇവിടെ വിലയിരുത്തുന്നുണ്ട്. പുതിയ വ്യാഖ്യാനങ്ങളിലൂടെ മതം തകരുമോ എന്ന ഭീതിയുണ്ടെങ്കിൽ അത്തരം മതം കാലത്തെ അതിജീവിക്കാൻ ശേഷിയില്ലാത്തതാവും എന്ന മറുപടിയും ഒരു ലേഖനം മുന്നോട്ടു വെക്കുന്നു. ഇത്തരം 'ദൈവ' പ്രശ്നങ്ങൾ മാത്രം അജണ്ടയാക്കി കൃത്രിമമായ ആത്മീയത (Spuriou Spiritualism) യുടെ കാലാവസ്ഥ സൃഷ്ടിക്കുന്ന തന്ത്രങ്ങളെ കരുതിയിരിക്കുകയാണ് വേണ്ടത്. ഇന്ന് വായിക്കാനുള്ള സ്വാതന്ത്ര്യം കൈവിട്ടാൽ നാളെ അറിയാനുള്ള സ്വാതന്ത്ര്യം നഷ്ടമാകുമെന്ന മുന്നറിയിപ്പും ബിഷപ്പ് നൽകുന്നു.

മതവിശ്വാസികളും ഭൗതികവാദികളും മറ്റു ജനവിഭാഗങ്ങളുമെല്ലാം ആസന്ന ഭീഷണിയായി കരുതേണ്ടത് അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ ഏകലോക ധ്രുവ നടപടികളെയാണെന്ന ശരിയായ സാർവ്വദേശീയവീക്ഷണം ഈ കൃതി പങ്കുവെക്കുന്നു. ഗൾഫ് യുദ്ധത്തിൻെറ രൂപത്തിലും ക്യൂബക്കെതിരായ ഉപരോധത്തിൻെറ ഭാവത്തിലും സാന്നിധ്യം അറിയിക്കുന്ന ലോകപോലീസുകാരൻെറ കുടിലതകൾ ബിഷപ്പ് അതേ ആവൃത്തിയിൽ നമ്മോട് വിളിച്ച് പറയുന്നു.

ചെന്നായ പടിവാതിൽക്കൽ എത്തിയ ഈ നേരവും 'കടുകുമണി കീറുന്ന' പോലുള്ള അഭിപ്രായഭേദങ്ങൾ ശക്തമാക്കാതെ ഒന്നിക്കുകയാണ് വേണ്ടതെന്ന് ഓർമ്മപ്പെടുത്തുന്നുമുണ്ട്. ഈ കൃതിയിലെ ലേഖനങ്ങളെല്ലാം പൊതുവിൽ വിശ്വാസത്തിൻെറ വിമോചനോത്സുക മാനങ്ങളാണ് അവതീർണ്ണമാക്കുന്നത്. ഭൗതികവാദിയും വിശ്വാസിയും കാണേണ്ട ലോക സത്യങ്ങളാണ് ഇതിൽ വിളിച്ചു പറയുന്നത്.

# വീണ്ടുമൊരു നസ്രാണി

**–ജോയ്പോൾ കെ.**

ആശങ്കകളുടെ അധിത്യകയിലിരുന്നാണ് ഈ രചനാകർമ്മം നിർവ്വഹിക്കാനൊരുമ്പെടുന്നത്. ഇക്കാര്യത്തിന് അർഹനും പ്രാപ്തനുമാണോയെന്ന ചിന്തയാണ് എന്നെ പ്രധാനമായും വേവലാതിപ്പെടുത്തുന്നത്. സമകാലിക വിശ്വാസിവർഗ്ഗം പുരോഹിതൻെറ ഹിതമനുസരിക്കലാണ് ആത്മായൻെറ ദൗത്യമെന്ന് ഉറച്ചിരിക്കേ ഒരു ബിഷപ്പിൻെറ കൃതികളിലേക്ക് ആഴ്ന്നിറങ്ങാൻ ഞാനെങ്ങനെ അർഹതയുള്ളവനാകും? വിമോചന ദൈവശാസ്ത്രത്തിൻെറ ഗഹനതകളറിഞ്ഞില്ലെന്നതാണ് അപ്രാപ്തി. ഈ പോരായ്മകളെ മറികടന്നുവേണം എന്നിലർപ്പിച്ച ഭാരിച്ച ഉത്തരവാദിത്വം സാക്ഷാത്ക്കരിക്കാൻ.

ആരാണ് നസ്രാണിയെന്ന ലളിത സമസ്യയിൽ നിന്നുമാരംഭിക്കാമെന്നു തോന്നുന്നു. അതീവലളിതമെന്നു തോന്നുന്ന പലതും ഗാഢവിശകലനത്തിൽ അഴിയാക്കുരുകളായിത്തീരുകയാണ് പതിവ്. ഈ ചോദ്യവും അത്തരമൊരു പ്രഹേളികയിലാണ് നമ്മെക്കൊണ്ടെത്തിക്കുന്നത്. നസറായക്കാരനായ ക്രിസ്തുവിൻെറ പാത പിന്തുടരുന്നവനാണ് നസ്രാണി അഥവാ ക്രിസ്ത്യാനി. വളരെ ലളിതമായ സൂത്രവാക്യം. എന്നാൽ ഒരേയൊരു ക്രിസ്ത്യാനിയേ ഉണ്ടായിരുന്നുള്ളുവെന്നും അയാളാകട്ടെ കുരിശേറി മരിച്ചുവെന്നും നീഷേ പറയുമ്പോൾ അസംഖ്യം സങ്കീർണ്ണമായ ലൂതാതന്തുക്കൾ നമ്മുടെ ബോധത്തെ പ്രശ്നവത്ക്കരിക്കുന്നു. മഹാത്മാഗാന്ധിക്കുശേഷം ഗാന്ധിയൻമാരില്ലാതിരിക്കുന്ന ഭാരതഭൂമിയിലെ നിർവികാരകർക്ക് നീഷേയുടെ വചനം ഒരുപക്ഷേ ബാലിശമായ ഫലിതമായനുഭവപ്പെട്ടേക്കാം.നിശ്ശബ്ദതയുടെ അരാഷ്ട്രീയം അവരെ കർമ്മമേഖലകളിൽ നിന്ന് അത്രമേൽ നിർവാസിതരാക്കിയിരിക്കുകയാണ്. അവർക്കിടയിലാണ് വീണ്ടുമൊരു നസ്രാണിയുടെ അവിചാരിത ജന്മം സംഭവിക്കുന്നത്.

നിന്ദിതരും പീഢിതരും അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും പാപികളുമായ ഒരു ജനസഞ്ചയത്തിലേക്കാണ് ക്രിസ്തുവിൻെറ അവതാരം. തങ്ങൾക്ക് അത്തരമൊരു അവസ്ഥ സംജാതമായത് വിധിദോഷം കൊണ്ടാണെന്ന് വിശ്വസിക്കാൻ നിർബന്ധിതരായ ഒരു ജനത, അതിൻെറ യഥാർത്ഥ ഉത്തരവാദികളെ തിരിച്ചറിയാൻ വൈകിപ്പോയെന്നിരിക്കും. ദൈവത്തിൻെറ മകനായി ജനിച്ചിട്ടും മനുഷ്യനായി ജീവിക്കാൻ സന്നദ്ധനായ മഹാത്യാഗി എക്കാലവും തൻെറ ജനമായി അംഗീകരിച്ചത് നിലപോടുകളറിയാത്ത വേദനിക്കുന്നവരെയായിരുന്നു. അവരോടൊപ്പം ചലിച്ച് അവർക്കു വേണ്ടി വാദിച്ച് അവർക്കുവേണ്ടി മരിച്ച് അവരിലൊ

രാളായിത്തീർന്നതായിരുന്നു യേശുവിൻെറ വ്യാതിരിക്തത. ഈ വ്യാതിരിക്തത അസംബന്ധമായി വിലയിരുത്തിയതാണ് പിൽക്കാല ക്രിസ്തീയമത സ്ഥാപനങ്ങൾക്കു സംഭവിച്ച അപചയങ്ങൾക്കു കാരണം. താൻ ദൈവമല്ലെന്നു സ്ഥാപിക്കാൻ മനുഷ്യനായി കുരിശേറിയവനെ ദൈവമാക്കി വില്പനക്കു പ്രദർശിപ്പിച്ചവർ യഥാർത്ഥ ക്രിസ്തീയത തിരിച്ചറിഞ്ഞവരല്ല. ഇവർക്കിടയിലേക്കാണ് സി. ആലീസ് സൂചിപ്പിച്ചതുപോലെ "ഒരു സ്പാനിഷ് ചിത്രകാരൻ വരച്ച ക്രിസ്തുവിൻെറ മുഖച്ഛായ വഹിക്കുന്ന" ബിഷപ്പ് ക്ഷണിക്കപ്പെടാത്തവനെപ്പോലെ കടന്നു ചെല്ലുന്നത്.

മതവിശ്വാസികളിൽ നിന്നു സംഭരിക്കുന്ന ചില്ലിക്കാശുകളിൽനിന്ന് അംബരചുംബികളായ മണിമന്ദിരങ്ങൾ പണിതുയർത്തുന്ന പുരോഹിത വർഗ്ഗം ലാളിത്യത്തിൻെറ മൂർത്തിമദ്ഭാവമായ മാർ പൗലോസിനെ എപ്രകാരം സ്വീകരിക്കും? പള്ളിമേടകൾ, ആതുരാലയങ്ങൾ, കലാലയങ്ങൾ, വിദ്യാലയങ്ങൾ എന്നിവ സ്വന്തമായുള്ള സമ്പവർഗ്ഗത്തിന് നിസ്വൻെറ സുവിശേഷം കേൾക്കാൻ സാവകാശമെവിടെ? സ്വദേശത്തുനിന്നും വിദേശത്തുനിന്നും സ്വരൂപിച്ച ധനം കൊണ്ട് സേവനരൂപത്തിലുള്ള വ്യവസായസംരംഭങ്ങൾ മെനയുകയും അതുവഴി സമൂഹത്തിൽ നിർണ്ണായക ഘടകമായിത്തീരുകയും ചെയ്യുന്നവർ, വിശ്വാസികളെ പിടിച്ചുനിർത്താൻ ഹിപ്നോട്ടിക് രോഗശാന്തിമഠങ്ങൾ ആരംഭിക്കുമ്പോൾ, നമ്മുടെ ബിഷപ്പിനെപ്പോലെയുള്ളവരെ അതിൻെറ ഏതു ശ്രേണിയിൽ പ്രതിഷ്ഠിക്കാനൊക്കും? പ്രാചീനകാലത്ത് മതയുദ്ധങ്ങളിലൂടെ സംരക്ഷിക്കപ്പെട്ട വിശ്വാസം, സമകാലത്ത് അത്തരം യുദ്ധസാധ്യതകളില്ലാത്തതുകൊണ്ട് മറ്റു രഹസ്യമാർഗ്ഗങ്ങളിലൂടെ സംരക്ഷിക്കപ്പെടുകയാണ്. രാജാവ് ദുർബ്ബലനാകുമ്പോഴാണ് വീരസ്വർഗ്ഗവും,പരലോകവും കീർത്തനങ്ങളിലൂടെ സാധാരണ ജനതയെ സ്വാധീനിക്കുന്നതെന്നിരിക്കെ, ഇത്തരം നാട്യങ്ങളില്ലാതെ മാർ പൗലോസ് നമ്മുടെ പ്രജ്ഞയെ കീഴടക്കിയതെങ്ങനെ? ഈ ചോദ്യങ്ങൾക്കുത്തരം കിട്ടിക്കഴിഞ്ഞാൽ ബിഷപ്പ് പരാമർശിക്കുന്ന സകല സമസ്യകൾക്കും പൂരണം ലഭിച്ചുകഴിഞ്ഞിരിക്കും.

സ്വാതന്ത്ര്യമാണ് ദൈവം എന്ന ഗ്രന്ഥത്തിൻെറ ആമുഖത്തിൽ സൂചിപ്പിക്കുന്ന "ക്രിസ്തീയമായ അനുസരണം" എന്ന വിചിന്തനത്തിന് ബിഷപ്പ് ഉന്നയിക്കുന്ന സകല സമസ്യകൾക്കും തൃപ്തികരമായ ഉത്തരം നൽകാനാവുമെങ്കിലും "നിശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തധികാരം" എന്ന ഗ്രന്ഥനാമം പരമ്പരാഗതമായ ചിരപരിചിതമായ സമസ്തധാരണകളെയും അല്പമാത്ര വിറപ്പിച്ചേക്കും. "നിഷ്പക്ഷത ന്യായാധിപൻ കഴുകുന്ന കയ്യാണെങ്കിൽ കുരിശേറുന്നവൻെറ രക്തമിറ്റുന്ന വെള്ളിയാഴ്ചയാണെനിക്കിഷ്ടം" എന്ന രൂപകത്തെ ഓർമ്മിപ്പിക്കുന്ന ചടുലസന്നദ്ധത ബിഷപ്പിൻെറ ഗ്രന്ഥങ്ങളിലുടനീളം ആന്തരശ്രുതിയാകുന്നുണ്ട്.

സ്വാതന്ത്ര്യമാണ് ദൈവം

എല്ലാമനുഷ്യർക്കും ആത്മീയവും സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ ജീവിതം ഉറപ്പാക്കുന്നതിന് സമൂഹത്തിനുള്ളിലും തനിക്കുള്ളിൽത്തന്നെയും പ്രവർത്തിക്കാൻ തൻെറ വിശ്വാസം തന്നെ നിർബ്ബന്ധിക്കുന്നുവെന്ന് ബിഷപ്പ് ഏറ്റുപറയുന്നു. മതഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന കല്പനകളും അരുളപ്പാടുകളും പരിണാമവിധേയമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. വിഗ്രഹഭഞ്ജകരായ പ്രവാചകരെ അദ്ദേഹം പ്രവചനപുസ്തകങ്ങളിൽ ദർശിക്കുന്നുണ്ട്. “ഒരു ഈശ്വര വിശ്വാസി എന്ന നിലയിൽ എൻെറ ഉത്തരവാദിത്വം കുറെ നല്ലകാര്യങ്ങൾ ചെയ്യുക എന്നതിലും ഉപരിയാണ്. മനുഷ്യജാതിയുടെ ചരിത്രപരമായ ഭാഗധേയമായി സംജാതമാകേണ്ട പരസ്പരതക്കും സ്വയം നിർണ്ണയാവകാശത്തിനും എതിരായി പ്രവർത്തിക്കുന്ന സമൂഹത്തിലെ എല്ലാശക്തികളെയും എതിർക്കുന്നതിനും ചെറുത്തുനിൽക്കുന്നതിനും ഞാൻ നിർബ്ബന്ധിതനാണ്.”

“എന്നെ നിലനിറുത്തുന്ന വിശ്വാസം” എന്ന ശീർഷകത്തിനു കീഴെ നൽകുന്ന പ്രസ്താവം ബിഷപ്പിൻെറ മാനിഫെസ്റ്റോയാണ്. മതരംഗത്തെ കപടനാണയങ്ങൾ മുതൽ ടിയാൻമെൻസ്ക്വയർ വരെ നീളുന്ന ബിഷപ്പിൻെറ വിചിന്തനങ്ങളെ ഈ കണ്ണടവെച്ചുവേണം നോക്കിക്കാണാൻ. മതത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ വിലയിരുത്തൽ കൂശാഗ്രമാകുന്നത് മതത്തിൻെറ വിമോചക പങ്ക് എന്ന ലേഖനത്തിലാണ്.

“മനുഷ്യരുടെ ആശകളോടും നിരാശകളോടും മതം അവശ്യം പ്രതികരിക്കുന്നില്ലെങ്കിൽ അവരുടെ പ്രതീക്ഷകളും അഭിലാഷങ്ങളും ആകുലതകളും അറിഞ്ഞില്ലെന്നു നടിക്കുകയാണെങ്കിൽ, വെറും മെരുക്കലിനുള്ള ഉപകരണമാവാതെ വിമോചനത്തിൻെറ ശക്തിയായിത്തീരുന്നില്ലെങ്കിൽ അതു കറുപ്പായും മയക്കുമരുന്നായും ശമകമായും മുദ്രയടിക്കപ്പെടും. അതിൻെറ മയക്കുശക്തി രൂപമെടുക്കുന്നത് പരലോകത്തിലെ സന്തോഷം വാഗ്ദാനം ചെയ്ത് ഭൂമിയിലെ അസന്തുഷ്ടിയെ അംഗീകരിക്കാൻ ആവശ്യപ്പെടുമ്പോഴാണ്.”

വ്യാഖ്യാനം, പ്രവർത്തനത്തിൻെറ മാർഗ്ഗം, അർത്ഥവത്തായ സംവാദം എന്നീ മൂന്നു തലങ്ങളിലുള്ള ധാരണകളിലൂടെയാണ് മനുഷ്യവിമോചനത്തിനുവേണ്ട സ്പഷ്ടമായ നിലപാടു സ്വീകരിക്കാൻ മതാനുയായികൾക്കു കഴിയുക എന്ന് അദ്ദേഹം വിശ്വസിക്കുന്നു.

സമയബന്ധിതത്വം, സാരാംശം, ഗ്രാഹ്യക്ഷമത എന്നീ മൂന്നു കാര്യങ്ങൾ ഓർമ്മവെച്ചുകൊണ്ടേ ദൈവശാസ്ത്രവിചിന്തനം സാധ്യമാകൂ എന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ഔപചാരികമായ ‘മെഥഡോളജി’ എന്ന നിലയിലല്ല പ്രവർത്തനക്ഷമമായ ഇതികർത്തവ്യതയെന്ന നിലയിൽ മാത്രമാണ് ഈ വിലയിരുത്തൽ. “മർദ്ദിതനും ചൂഷിതനുമായി താദാത്മ്യം

പ്രാപിച്ചുകൊണ്ട്, പൗരസ്വാതന്ത്ര്യത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടി പൊരുതിക്കൊണ്ട് വിമോചനത്തിനുവേണ്ടി സമരം ചെയ്യുന്നവരുമായി പങ്കുചേർന്നുകൊണ്ട് സജീവരാഷ്ട്രീയപ്രവർത്തനം'' നടത്തുമ്പോഴാണെന്ന് 'മെഥഡോളജി' അർത്ഥവത്തായിത്തീരുന്നതെന്നും അദ്ദേഹം ഉറപ്പിക്കുന്നുണ്ട്.

നീതിയിലധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് പ്രചോദനം നൽകലാണ് മതത്തിൻെറ കടമയെന്ന് ബിഷപ്പ് കണ്ടെത്തുന്നു. വ്യക്തിയിൽ അധികാരം അടിച്ചേല്പിച്ച് അവനിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്ന മതാധികാരികളുടെ അജ്ഞതയെ അദ്ദേഹം വിമർശിക്കുന്നു. നീതി നിഷേധിക്കപ്പെടുമ്പോഴും അക്രമം ക്രമാതീതമാകുമ്പോഴും നിർഭയമായി സത്യം തുറന്നു പറയാനുള്ള ചങ്കൂറ്റമാണ് ക്രിസ്ത്യാനി ആർജ്ജിക്കേണ്ടത്.

''സത്യം പറയുന്നവൻ എക്കാലവും ഒറ്റപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യും. ഒറ്റപ്പെടുമെന്ന ഭീതിയുള്ളവർക്ക് ക്രിസ്ത്യാനിയെന്ന് പറയാനർഹതയില്ല''

മനുഷ്യൻ പരിപൂർണ്ണ വളർച്ച പ്രാപിക്കുമ്പോൾ പോലും അവനെ ശിശുവാക്കി അനുസരിപ്പിക്കാൻ ശ്രമിക്കുന്ന മതമേലധികാരികൾ ദൈവനിഷേധമാണ് നടത്തുന്നത്. വിശ്വാസികൾ കാണേണ്ടതും വായിക്കേണ്ടതും ആസ്വദിക്കേണ്ടതും ചിന്തിക്കേണ്ടതും നിശ്ചയിക്കുന്ന അവർ വ്യക്തിസ്വാതന്ത്ര്യത്തിൽ കടിഞ്ഞാണിടുകയാണ്. സ്വന്തം യുക്തിയും അന്തഃകരണവും അനുസരിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തി ആരജ്ജിക്കുന്നതോടെ അവൻ ദൈവത്തെ കണ്ടെത്തുകയാണ്. പാരസ്പര്യത്തിനും സ്വയംനിർണ്ണയാവകാശത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിലാണ് അദ്ദേഹം ദൈവസാന്നിദ്ധ്യം അനുഭവിച്ചറിയുന്നത്. സംഘട്ടനങ്ങളും പോരാട്ടങ്ങളും മുഖമുദ്രയായിട്ടുള്ള ഇക്കാലഘട്ടത്തിൽ മർദ്ദിതൻെറയും ബലഹീനൻെറയും പക്ഷം പിടിച്ചുകൊണ്ടായിരിക്കണം സ്നേഹത്തിന് പുതുഭാഷ്യം നൽകേണ്ടത് എന്നും അദ്ദേഹത്തിന്നഭിപ്രായമുണ്ട്.

മതം, മാനവികത, ശാസ്ത്രം, നീതിയോടുകൂടിയ സമാധാനം ഭരണകൂടങ്ങളും, സഭാദൗത്യവും, വഴിപിഴച്ചുപോകുന്ന മതാത്മകത, പോരാട്ടത്തിൻെറ ദൈവശാസ്ത്രം തുടങ്ങി ഒട്ടനേകം ശീർഷകങ്ങളിലൂടെ ബിഷപ്പിൻെറ വിചാരണധാര കടന്നു പോകുന്നുണ്ട്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിൻെറ പരിധിയും നവലോകക്രമത്തിൽ സഭകളുടെ ഉത്തരവാദിത്വവും ചർച്ചാവിഷയമാകുന്നു. ഈ ലേഖനങ്ങളിലെല്ലാം തുടിച്ചു നിൽക്കുന്നത് മേൽക്കാണിച്ച ദർശനത്തിൻെറ വ്യതിരിക്ത ഭാഷ്യങ്ങളാണ്. ''അവ്യാപ്തിയും അതിവ്യാപ്തിയും'' ഈ രചനയുടെ പോരായ്മയാണ്. ചെറുവൃത്തത്തിലൊതുങ്ങുന്ന ദർശനത്തിൻെറ അവ്യാപ്തിയോടൊപ്പം എല്ലാ ലേഖനങ്ങളിലും പടരുന്ന ഒരേ വിചാര

ധാരയുടെ അതിവ്യാപ്തിയും. ചുരുക്കിപ്പറഞ്ഞാൽ ചുങ്കക്കാരും പരീശന്മാരുമായുള്ള പോരാട്ടത്തിൽ വേദനിക്കുന്നവരുടെ ഭാഗത്ത് സുശക്തമായ പിന്തുണ നൽകുന്നവനേ യഥാർത്ഥ ക്രിസ്ത്യാനിയാവൂ എന്നദ്ദേഹം പറഞ്ഞുവെക്കുകയാണ്.

**നിശ്ശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തധികാരം?**

നിഷ്പക്ഷത കയ്യാലപ്പുറത്തെ തേങ്ങയുടെ താടിക്കു കൈയും കൊടുത്തുള്ള ഇരിപ്പാണെങ്കിൽ ആ രൂപകത്തെ തീർത്തും പ്രസക്തമാക്കുന്ന ജനത ലോകത്തെവിടെയെങ്കിലുമുണ്ടെങ്കിൽ, അവരെ നമ്മുടെ കൊച്ചുകേരളം ഉൾക്കൊള്ളുന്നു. പക്ഷം പിടിക്കുന്നത് മഹാപാപമാണെന്നു വിശ്വസിപ്പിക്കുന്ന പ്രചാരണമാധ്യമങ്ങൾ നിർണ്ണായകഘട്ടങ്ങളിൽ അധികാരം കൈയാളുന്ന ന്യൂനപക്ഷത്തിൻെറ ജിഹ്വകളായി മാറുകയും ബഹുഭൂരിപക്ഷത്തിൻെറ താത്പര്യത്തെ ഹനിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. മതം, രാഷ്ട്രീയം തുടങ്ങിയ, ബഹുഭൂരിപക്ഷത്തിൻെറ വിഹാരരംഗങ്ങളിൽ, അവരെ അപ്രസക്തരാക്കിക്കൊണ്ട് പുതിയൊരു വർഗ്ഗം ഉദയം ചെയ്തിരിക്കുന്നു. ഞാക്ക ത്സഹരൻൻ എന്നു വിളിക്കാവുന്ന ഈ പുത്തൻ ഉപജാപസംഘത്തിൻെറ നിയന്ത്രണത്തിലാണ് സമൂഹത്തിൻെറ സമസ്തമേഖലകളും.

ഈ സാഹചര്യത്തിലാണ് വിമോചനദൈവശാസ്ത്രം സാധാരണജനതയുടെ സംരക്ഷകധർമ്മം ഏറ്റെടുക്കാൻ സന്നദ്ധത പ്രദർശിപ്പിക്കുന്നത്. അഗാധമായ മനുഷ്യഭാഷ ആർജ്ജിച്ചിരിക്കുന്ന മതത്തിന് അതിൻെറ യഥാർത്ഥ സത്തയിലേക്കു വളരാൻ കഴിഞ്ഞാൽ പുരാതന പ്രവാചകരുടെ ''പ്രവാചകശബ്ദം'' ആവഹിക്കാൻ അതിനു സാധ്യമായേക്കുമെന്നു ബിഷപ്പ് പ്രത്യാശിക്കുന്നു. നിശ്ശബ്ദത പാപമാണെന്നും സത്യം വിളിച്ചു പറയുന്നതാണ് മതാത്മക കർമ്മമെന്നും നാം തിരിച്ചറിയുന്നത് അങ്ങനെയാണ്.

നിശ്ശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തധികാരം എന്ന ആദ്യലേഖനത്തിൽ ബിഷപ്പ് തൊടുത്തുവിടുന്നരൂക്ഷശരം ചെന്നുപതിക്കുന്നത്. ജനാധിപത്യവ്യവസ്ഥയുടെ ജീർണ്ണതയിലേക്കാണ്. ജനങ്ങളെ സംരക്ഷിക്കേണ്ട ജനാധിപത്യം, ഭരണകൂടത്തെ സംരക്ഷിക്കുന്ന- അധികാരത്തിലിക്കുന്നവരെയും അവരുടെ അനുയായികളെയും മാത്രം സംരക്ഷിക്കുന്ന പ്രസ്ഥാനമായി മാറുമ്പോൾ തകർന്നു വീഴുന്നത് അതിൻെറ അന്തസ്സത്തയാണ്. ഭരണഘടന വാഗ്ദത്തം ചെയ്യുന്ന മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ വിധിയെ പഴിച്ചുകൊണ്ട് ഇതികർത്തവ്യതാമൂഢരായി. പകച്ചുനിൽക്കാതെ. അവയെ തിരിച്ചു പിടിക്കാനുള്ള പോരാട്ടത്തിന് സന്നദ്ധരാകാൻ ബിഷപ്പ് ആഹ്വാനം ചെയ്യുകയാണ്. താത്ക്കാലിക രാഷ്ട്രീയതന്ത്രം എന്നതിലുപരി ചെറുത്തുനിൽപ്പ് ജീവിതരീതി തന്നെയായി വികസിക്കേണ്ടതുണ്ട്.

'എൻെറ ദൈവാനുഭവത്തിൻെറ പൊരുൾ' എന്ന ലേഖനത്തിലാകട്ടെ രാഷ്ട്രീയവും മതവും തമ്മിലുള്ള ബന്ധം വിശകലനത്തിനു വിധേയമാക്കുകയാണ്.

''ഹിംസകൊണ്ടും ജരാനരകൾകൊണ്ടും, അർത്ഥശൂന്യമായിക്കഴിഞ്ഞ രാഷ്ട്രീയത്തിന് ആർദ്രതയുടെ, സാഹോദര്യത്തിൻെറ ഒരു മനുഷ്യഭാഷയാണ് നിശ്ശേഷം നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നത്. രാഷ്ട്രീയത്തെ മനുഷ്യത്വത്തിലേക്ക് ഉയർത്തുവാൻ ആത്മീയതയുടെ അഗാധമായ സ്വാംശീകരണം ആവശ്യമായിരിക്കുന്നു. ഭാവിയിൽ മതം അതിൻെറ വിമോചകധർമ്മം നിർവ്വഹിക്കുക രാഷ്ട്രീയത്തെ, ആത്മീയവത്ക്കരിച്ചുകൊണ്ടായിരിക്കുമെന്നു തോന്നുന്നു''.

ഒറ്റനോട്ടത്തിൽ നിരുപദ്രവകരമെന്നു തോന്നിയേക്കാവുന്ന ഈ പ്രസ്താവം കൃത്യമായ നിരീക്ഷണത്തിൻെറ അപര്യാപ്തതയാൽ പഠനീയമത്രേ! രാഷ്ട്രസങ്കല്പം/ കക്ഷിരാഷ്ട്രീയം, മതസങ്കല്പം/ ക്രിസ്തീയസഭകൾ എന്നീ ശുദ്ധവും/ ദുഷിച്ചതുമായ ദ്വന്ദങ്ങളെ ശരിയാംവണ്ണം വിലയിരുത്തിയാൽ പ്രസ്താവത്തിൻെറ അപര്യാപ്തത സുതാര്യമാകും. ആദ്യദ്വന്ദത്തിലെ ദുഷിച്ചവശവും രണ്ടാമത്തെ ദ്വന്ദത്തിലെ ശുദ്ധാംശവും തമ്മിലുള്ള ഒത്തുചേർക്കൽ നീതീകരിക്കാനാവില്ല. ആട്ടിൻകുട്ടിക്കും ചെന്നായ്ക്കും ഒരേരീതി നൽകുന്ന അവസ്ഥയിൽ യാഥാർത്ഥ്യം വെളിപ്പെടാതെ പോയേക്കും. എങ്കിലും പാട്ടും പ്രാർത്ഥനയും, പെരുന്നാളും, രോഗശാന്തി ശുശ്രൂഷയും പലപ്പോഴും യഥാർത്ഥ ആത്മീയതയെ പരാജയപ്പെടുത്തുന്ന വ്യാജമേഖലകളാകാറുണ്ടെന്ന് അദ്ദേഹം തിരിച്ചറിയുന്നുണ്ട്.

ഹിറ്റ്ലറുടെ ഭീകരവാഴ്ചയിൽ യഹൂദന്മാരും, കമ്മ്യൂണിസ്റ്റുകളും, നാസിവിരോധികളും നിഷ്ക്കരുണം വായിക്കപ്പെട്ടപ്പോൾ വേദോപദേശത്തിൻെറ തണലിൽ ദേവാലയ ശുശ്രൂഷയുമായി ഒതുങ്ങികൂടിയ ക്രിസ്ത്യാനികളെ വിമർശിച്ച ബോൺഹോഫറെപ്പോലെ മാർ പൗലോസ് അടിയന്തിരാവസ്ഥക്ക് സ്തുതിഗീതം പാടിയ സമാധാനമോഹികളെ വിമർശിക്കുന്നുണ്ട്. അനുസരണയുള്ളവരായിരിക്കുക എന്നാൽ നിശ്ശബ്ദരായിരിക്കുക എന്നല്ല അർത്ഥം. ചെറുത്തുനിൽക്കുക എന്നതുതന്നെയാണ്. അനീതിക്കെതിരെയുള്ള ചെറുത്തു നിൽപ്പിനുള്ള മനസ്സാണ് ഒരുവനെ യഥാർത്ഥ ക്രിസ്ത്യാനിയാക്കിത്തീർക്കുന്നത്. 'സഭയും മനുഷ്യാവകാശങ്ങളും' എന്ന ലേഖനം ഊന്നുന്നത് ഇക്കാര്യങ്ങളിലാണ്.

ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയതകളെ ഒരുപോലെ എതിർക്കുകയും ഇല്ലാത്തവരുടെ ഐക്യമാണ് സുപ്രധാനമെന്നു സൂചിപ്പിക്കുകയുമാണ് അടുത്ത ലേഖനത്തിൽ. ഈ അഭിപ്രായം മാർക്സിത്തിൻെറ വിചാരധാരകളുമായി പൊരുത്തപ്പെട്ടു പോകുന്നതാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള പോരാട്ടത്തിൽ നിഷ്പക്ഷ മദ്ധ്യവർത്തിയാകുന്നവൻ

ഉള്ളവൻെറ പക്ഷത്താണ് നിലയുറപ്പിച്ചിരിക്കുന്നതെന്ന് പറയുന്നതോടൊപ്പം യഥാർത്ഥ ക്രിസ്ത്യാനിയുടെ നിലപാട് മറുപക്ഷം പിടിക്കലാണെന്നും കൂടി സൂചിപ്പിക്കുന്നു. ബൈബിളിനെ പരമമായി കാണുന്ന മതാധികാരികൾ കാലഘട്ടത്തിൻെറ ശാപമായി മാറുകയാണ്. ഇതു വേദപുസ്തകത്തെ വിലയിടിച്ചു കാണിക്കലാണ്. തുടർന്ന് പാപമെന്താണെന്നുകൂടി നിർവചിക്കുന്നുണ്ട്.

"അപ്പത്തിനും സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ജനതതിയുടെ പോരാട്ടങ്ങളിൽ പങ്കുകാരാകാതെ നിഷ്പക്ഷ മധ്യവർത്തികളായിരിക്കുകയും സമാധാനം എന്നത് സംഘട്ടനങ്ങളില്ലാതെ ശ്മശാനമൂകതയായി കണക്കാക്കുകയും ചെയ്യുന്നതാണ് ഇന്നത്തെ സാഹചര്യത്തിൽ 'പാപം'.

സ്ത്രീകളുടെ മനുഷ്യത്വത്തോട് നീതി പുലർത്തുക, സഭയുടെ മിഷനറി ദൗത്യം. മതേതരത്വവും ആവിഷ്ക്കാരസ്വാതന്ത്ര്യവും, മതേതരവത്ക്കരണം- ക്രൈസ്തവ സമീപനവും ഉത്തരവാദിതതവും,ക്രിസ്ത്രീയ പ്രത്യാശയും പരിപാകതയിലെത്താത്ത ആധുനിക മനുഷ്യനും എന്നിവയാണ് എടുത്ത ലേഖനങ്ങൾ. ഇവയിലും തുടിച്ചുനിൽക്കുന്നത് സമൂഹനീതിയെക്കുറിച്ചുള്ള ബിഷപ്പിൻെറ മുൻപറഞ്ഞ ദർശനങ്ങൾ തന്നെ.

താൻ ഭാഗമായിരിക്കുന്ന പ്രസ്ഥാനത്തിൽ ഉറച്ചുനിന്നുകൊണ്ട് അരുൾക്കൊള്ളുന്ന സാംസ്ക്കാരിക ജീർണ്ണതയെപ്പറ്റി വിളിച്ചുപറയാനുള്ള ചങ്കൂറ്റ പ്രദർശിപ്പിച്ചതിലാണ് ബിഷപ്പിൻെറ വ്യതിരിക്തത. സത്യം തുറന്നു പറയാനുള്ള ഈ സമൂഹബോധം രണ്ടു കൃതികളുടേയും മുഖമുദ്രയായി മാറുന്നുണ്ട്. പ്രമേയവൈവിധ്യത്തിലല്ല ബിഷപ്പിൻെറ ശ്രദ്ധ. പറഞ്ഞ കാര്യങ്ങൾ തന്നെ കൂടുതൽ തവണ ആവർത്തിച്ചു ഉറപ്പിക്കുന്നതിലാണ്. രണ്ടു ഗ്രന്ഥങ്ങളിലെയും ലേഖനങ്ങൾക്ക് സംഭവിക്കുന്ന സാരൂപ്യം ഇക്കാരണം കൊണ്ടായിരിക്കാനാണ് സാധ്യത. ഇതൊരു പോരായ്മയായി പരമ്പരാഗത വിമർശകർ വിലയിരുത്തിയേക്കാം. എന്നാൽ തനിക്കു പറയാനുള്ള കാര്യങ്ങൾ ആവർത്തിച്ചു വിളിച്ചു പറയാൻ വെച്ചിക്കൊണ്ടിരിക്കുന്ന ഒരു സത്യാന്വേഷിയുടെ ഭാഗത്തുനിന്നും നിരീക്ഷിച്ചാൽ ഈ പോരായ്മ രചനയുടെ മഹനീയതയായി പരിണാമം കൊള്ളുന്നത് ദർശിക്കാനാവും.

# 3

# അഭിമുഖം

# മതാധിപത്യ സമൂഹമല്ല മതേതര സമൂഹവുമല്ല നമുക്ക് വേണ്ടത്

## സിവിക് ചന്ദ്രൻ, വി.ജി. തമ്പി

? സ്നേഹമാണ് ദൈവം. സത്യമാണ് ദൈവം തുടങ്ങിയ സമവാക്യങ്ങൾക്കപ്പുറത്ത് സ്വാതന്ത്ര്യമാണ് ദൈവം എന്ന സമവാക്യത്തിലെത്തിയതിൻെറ പശ്ചാത്തലമെന്താണ്?

• വേദപുസ്തകത്തിൽ സൃഷ്ടിയുടെ കഥയാണ് ഒന്നാമത് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും യഹൂദ ചരിത്രം പഠിച്ചാൽ മനസ്സിലാക്കാം, അവർ ദൈവത്തെ ആദ്യം മനസ്സിലാക്കിയത് വിമോചകനായ ദൈവം എന്ന നിലയിലാണെന്ന്. അടിമ നാടായിരുന്ന ഈജിപ്റ്റിൽ നിന്ന് അവരെ സ്വതന്ത്രരാക്കിയ ദൈവമെന്ന നിലയിലാണെന്ന്. തങ്ങളുടെ സർഗ്ഗാത്മകത പൂർണ്ണമായി ഉപയോഗപ്പെടുത്താൻ സഹായിക്കുന്ന ദൈവത്തെക്കുറിച്ചുള്ള സങ്കല്പമാണ് അവർക്കുണ്ടായിരുന്നത്. വേദപുസ്തകത്തിലുട നീളം മനുഷ്യനെ സ്വതന്ത്രനാക്കുന്ന ദൈവത്തെ കാണാം. എന്നാൽ ഇന്ന് എവിടെയും സ്വാതന്ത്ര്യത്തിന്നെതിരെയുള്ള ശക്തികളാണ് കൊടികുത്തി വാഴുന്നത്. അസ്വാതന്ത്ര്യവും പാരതന്ത്ര്യവും മനുഷ്യനെ അസ്വസ്ഥനാക്കിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് “സ്വാതന്ത്ര്യമാണ് ദൈവം” എന്ന സമവാക്യത്തിന് ഊന്നൽ കൊടുക്കേണ്ടി വന്നിരിക്കുന്നത്.

? മനുഷ്യൻെറ ഏറ്റവും ഉദാത്തഭാവന എന്ന നിലയിലല്ലാതെ ദൈവത്തിൻെറ അസ്തിത്വം, അധികാരം എങ്ങനെ വിചാരിക്കുന്നു?

• മതത്തിൻെറ പഠിപ്പിക്കലിലും പ്രബോധനത്തിലുമുള്ള ദൈവം, അങ്ങകലെ മേഘപാളികൾക്കു മുകളിൽ ജരയും നരയും ബാധിച്ച് കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കാൻ കൈയിൽ വടിയും പിടിച്ചിരിക്കുന്ന ദൈവം, സ്വാതന്ത്ര്യം നഷ്ടപ്പെട്ട മനുഷ്യൻെറ ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷകൾക്കും ഭയാശങ്കകൾക്കും ഉത്തരമരുളുന്ന ദൈവമല്ല. ആ ദൈവം ചെറിയ ദൈവമാണ്. പ്രതീകമെന്ന നിലയിൽ ദൈവത്തെ ആളത്തമായി ഞാനും ആരാധിക്കുന്നു. എന്നാൽ ആ ആളത്തം ആർക്കു വേണ്ടി എന്നതാണ് പ്രശ്നം. എൻെറ വിശ്വാസം ഏറ്റു പറയുമ്പോൾ ഞാനും പരമ്പരാഗത സംജ്ഞകൾ ഉപയോഗിക്കാറുണ്ട്. എങ്കിലും സ്നേഹത്തിൻേറയും നീതിയുടേയും സ്വാതന്ത്ര്യത്തിൻേറയും മാധ്യമങ്ങളിലൂടെയേ എനിക്ക് ദൈവത്തെ വ്യാഖ്യാനിക്കാനും പരിചയപ്പെടുത്താനുമാവൂ. അജ്ഞാത മേഖലയുടെ അനന്തകോണുകളിൽ മതം പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവത്തെ മനുഷ്യൻെറ ദൈവമായി പരിചയപ്പെടുത്താനാവുമോ എന്നതാണ് എൻെറ ഉൽക്കണ്ഠ.

? ദൈവത്തെ സാമൂഹ്യശാസ്ത്രത്തിലേക്ക് സങ്കുചിതമാക്കലില്ലേ, ചരിത്രത്തിലേയ്ക്ക് ചുരുക്കലില്ലേ ഈ സമവാക്യത്തിൽ?

• ചരിത്രവൽക്കരിക്കുന്നതിൽ ഒതുങ്ങി നിൽക്കുന്ന ദൈവ സങ്കല്പമല്ല എൻേറത്. എൻെറ തന്നെ നിർവ്വചനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും അതീതനാണ് ആ ദൈവം.

? സ്നേഹം, നീതി, സ്വാതന്ത്ര്യം - വിശ്വാസികളല്ലാത്തവരുടേയും ആകാംക്ഷകളാണല്ലോ ഇവ. ഒരു ഭൗതികവാദിയിൽനിന്ന് നിങ്ങളെങ്ങനെ ഗുണപരമായി വ്യത്യസ്തനായിരിക്കുന്നു?

• ഞാനങ്ങനെ ഗുണപരമായി വ്യത്യസ്തനാകേണ്ടതുണ്ടോ?

? എങ്കിൽ നിങ്ങളെ സംബന്ധിച്ച് എന്താണ് ആത്മീയത?

• സ്വത്വത്തെ കണ്ടെത്താനുള്ള ശ്രമവും കണ്ടെത്തുമ്പോൾ എനിക്കും സമൂഹത്തിനുംവേണ്ടി അതിനെ ഉപയോഗിക്കാനുള്ള വ്യഗ്രതയുമാണ് എൻെറ ആത്മീയത. ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധത്തിലാണ് ഞാൻ അന്വേഷണം നടത്തുന്നത്. അത് നിരന്തരമായ അന്വേഷണമാണ്. ദൈവവിശ്വാസികളല്ലാത്തവർക്കും ആത്മീയതയുണ്ട്. സ്വത്വത്തെ കണ്ടെത്താനുള്ള തെരച്ചിലിൽ ഞാൻ പുലർത്തുന്ന ദൈവാശ്രയബോധമായിരിക്കാം ഒരുപക്ഷേ ഭൗതികവാദിയിൽനിന്ന് എന്നെ വ്യത്യസ്തനാക്കുന്നത്.

? മതേതരത്വം എന്ന ആശയവുമായി നിങ്ങൾ ചങ്ങാത്തത്തിലാണ്. മതേതരത്വത്തെ നിങ്ങളെങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്?

• ഏറ്റവും ലളിതമായി പറഞ്ഞാൽ, മതം നിയന്ത്രിക്കാത്ത രാഷ്ട്രമാണ് മതേതര രാഷ്ട്രം. രാഷ്ട്രത്തിൻെറ അടിസ്ഥാനം മതമോ മതനിയമങ്ങളോ മതതാൽപര്യങ്ങളോ മതസംസ്കാരമോ ആകാൻ പാടില്ല. സ്വന്തം യുക്തിയും അന്തഃകരണവും അനുസരിക്കുവാൻ കഴിവുള്ള മനുഷ്യവ്യക്തികളായിരിക്കണം. ഇപ്പറഞ്ഞതുകൊണ്ട് മതത്തിൻെറ പ്രചോദനം സമൂഹത്തിൽ ഉണ്ടാകാൻ പാടില്ല എന്നർത്ഥമാക്കുന്നില്ല. പ്രചോദനമാവാം. എന്നാൽ ആ പ്രചേദനം മനുഷ്യത്വത്തോടുള്ള ദൈവനീതിയുടെ ദർശനത്തിൽ നിന്ന് ഉടലെടുത്തതായിരിക്കണം. മതാധിപത്യസമൂഹമല്ല, മതേതര സമൂഹവുമല്ല നമുക്ക് വേണ്ടത്.

? വിശ്വാസികളുമായുള്ള സംവേദനങ്ങളെങ്ങനെ? തിരിഞ്ഞു നോക്കുമ്പോൾ എന്തു തോന്നുന്നു?

• ഈശ്വരവിശ്വാസികൾക്കിടയിൽ, പ്രത്യേകിച്ച് ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ വളരെയധികം തെറ്റിദ്ധരിക്കപ്പെട്ട ഒരാളാണ് ഞാൻ. സ്വർഗ്ഗത്തെപ്പറ്റിയും നരകത്തെപ്പറ്റിയും സംസാരിക്കുന്നതിനേക്കാൾ ലോകത്തെപ്പറ്റി സംസാരിക്കുന്നുവെന്നാണ് എൻെറ സഭാംഗങ്ങളിൽ ചിലരുടെ വിമർശനം. വാസ്തവത്തിൽ ഈ വിമർശനം അഭിനന്ദനമായാണ് ഞാനെടുക്കുന്നത്. ദൈവം ഈ ലോകം നല്ലതായി സൃഷ്ടിച്ചുവെന്നും മനുഷ്യൻ അതിനെ ദുഷിപ്പിച്ചുവെന്നും ലോകത്തെ വീണ്ടെടുക്കാനാണ് ദൈവം യേശുക്രിസ്തുവിനെ ലോകത്തിലേക്കയച്ചതെന്നും ഈ

വീണ്ടെടുപ്പിൻെറ പ്രവർത്തനത്തിൽ പങ്കാളികളാകാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത് എന്നുമാണ് ക്രിസ്തീയ വിശ്വാസം. അങ്ങിനെയെങ്കിൽ ലോകത്തെപ്പറ്റിയല്ലാതെ പിന്നെ ഞാൻ എന്താണ് പ്രസംഗിക്കേണ്ടത്?

മനുഷ്യനെ ഒരു റോക്കറ്റിൽ സ്വർഗ്ഗത്തിലേക്കെത്തിക്കുന്നതോ സ്വർഗ്ഗത്തിലേക്ക് എന്നോസി (NOC) സംഘടിപ്പിച്ച് കൊടുക്കുന്നതോ അല്ല എൻെറ ദൗത്യം. ലോകത്തിൻെറ ഉപ്പും വെളിച്ചവുമാകേണ്ട സഭയെ അതോർമ്മിപ്പിക്കുകയും അതിനു തയ്യാറാക്കുകയും ചെയ്യാൻ ഞാൻ കടപ്പെട്ടവനാണ്. അതിന് ഞാനും സഭാംഗങ്ങളും ലോകത്തിൽത്തന്നെ കാലൂന്നി നിൽക്കണം. ഈ ആശയം വ്യക്തമാക്കുന്ന ധാരാളം വേദഭാഗങ്ങളുണ്ട്. അതിലെന്നെ ഏറ്റവും ആകർഷിച്ചിട്ടുള്ളതാണ് യിരെമ്യാവു പ്രവാചകൻെറ പുസ്തകം ഇരുപത്തൊമ്പതാം അദ്ധ്യായം. ബാബിലോണിൽ പ്രവാസികളായിരുന്ന യഹൂദന്മാർക്ക് യരൂശലേമിലേക്ക് പെട്ടെന്ന് തിരിച്ചുപോകണമെന്നായിരുന്നു താല്പര്യം. എന്നാൽ പ്രവാചകൻ അവരോട് പറയുന്നത് അവർ ബാബിലോണിൽത്തന്നെ താമസിച്ച് അതിൻെറ നന്മക്കായി പ്രവർത്തിക്കണമെന്നാണ്. ബാബിലോണാകുന്ന ലോകത്തിലേയ്ക്ക് ദൈവം സഭയെ വിളിച്ചാക്കിയിട്ടുള്ളത് യെരൂശലേമാകുന്ന സ്വർഗ്ഗത്തിലേക്ക് ഓടിരക്ഷപ്പെടാനല്ല. പ്രത്യുത ലോകത്തിൻെറ നന്മക്കുവേണ്ടി പ്രവർത്തിക്കാനാണ്. സ്വർഗ്ഗം ലോകത്തിലേക്ക് ഇറങ്ങി വന്നിരിക്കുന്നുവെന്നതാണ് യേശുക്രിസ്തുവിൻെറ മനുഷ്യാവതാരത്തിലെ കാതലായ കാര്യം.

? ദൈവരാജ്യം, സ്വർഗ്ഗം, അന്ത്യവിധി- ഇതെല്ലാമുണ്ടല്ലോ, പക്ഷെ വിശ്വാസത്തിൽ ...........

• ദൈവരാജ്യം വേറെയൊരു രാജ്യമല്ല. അത് ഈ ലോകത്തിൻെറ തുടർച്ചയാണ്. ഗുണപരമായ പരിവർത്തനംകൊണ്ട് വ്യത്യസ്തമായ ലോകം. പ്രപഞ്ചത്തെ ഭൂലോകം, അധോലോകം, സ്വർലോകം എന്നിങ്ങനെ മൂന്ന് തട്ടുകളായി കണ്ട ഗ്രീക്ക് ചിന്താഗതിയുടെ സ്വാധീനമുണ്ടായിരുന്ന വേദപുസ്തക എഴുത്തുകാർ സ്വർഗ്ഗത്തെപ്പറ്റിയും നരകത്തെപ്പറ്റിയും പറയുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. എന്നാൽ കോപ്പർനിക്കസിൻേറയും ഗലീലിയോയുടേയും കണ്ടെത്തലുകൾക്ക് ശേഷം ജീവിക്കുന്ന ഇന്നത്തെ സഭ പ്രപഞ്ചത്തെ മൂന്നു തട്ടുകളായി കാണുന്നതിൽ അസാംഗത്യമുണ്ട്. വേദപുസ്തകത്തെ ഗ്രീക്ക് സ്വാധീനത്തിൽനിന്നും സ്വതന്ത്രമാക്കിയില്ലെങ്കിൽ വേദപുസ്തകസന്ദേശം മനസ്സിലാക്കാൻ സാധിക്കുകയില്ലെന്ന് കാനഡയിലെ റോമൻ കത്തോലിക്കാ ദൈവശാസ്ത്രജ്ഞനായ ലെസ്‌ലി ഡ്യൂവർട് പറയുന്നത് ഈ അർത്ഥത്തിലാണ്.

? നിങ്ങൾ സംസാരിക്കേണ്ടവർ, പക്ഷെ കരിസ്മാറ്റിക് ധ്യാനപ്പന്തലുകളിലാണല്ലോ.........

അവർക്ക് ജീവിതം കൂടുതൽ ദുസ്സഹമായിക്കൊണ്ടിരിക്കുന്നുവെന്നേ അത് അർത്ഥമാക്കുന്നുള്ളൂ. അത് ദുഃഖകരമാണ്. എൻെറ വാക്കുകൾ കേൾക്കാനിഷ്ടപ്പെടുന്നവരോടേ ഞാൻ സംസാരിച്ചിട്ടുള്ളൂ

എന്നത് എൻെറ പരിമിതിയാകാം. എൻെറ ഇച്ഛാഭംഗം ഇത്രയും പേർ തനി ആത്മിയതയിലേക്ക് തിരിച്ചുപോകുന്നതിലല്ല . എൻെറ ആത്മിയതയി ലേക്ക് ഇത്രയും പേരെ ഉയർത്തികൊണ്ടുവരാൻ സാധിക്കാത്തതിലാണ്. വിശ്വാസികളുടെ വേദികളിൽ പലപ്പോഴും വിലക്കപ്പെടുന്നതും എൻെറ നിസ്സഹായതയാകാം . എതായാലും കരിസ്മാറ്റിക് ധ്യാനത്തെ ആത്മീയ സ്വയംഭോഗം (Spiritual masturbation) എന്നുവരെ ഞാൻ വിളിക്കും.

? പകരം മതേതര---ഇടതുപക്ഷവേദികളിൽ നിങ്ങൾ വളരെയേറെ സ്വികാര്യനായിക്കൊണ്ടിരക്കുന്നു-----

• ഇടതുപക്ഷ മതേതരവേദികളിൽ സംസാരിക്കുന്നതിന് ഞാനെ ന്തിന് ഇച്ഛാഭംഗപ്പെടണം? എനിക്ക് വേദിയൊരുക്കുന്നതിന് അവർക്ക് മടിയില്ലെങ്കിൽ എൻെറ ആശയങ്ങൾ പ്രകടമാക്കാൻ ലഭിക്കുന്ന അവസരങ്ങൾ ഞാൻ നഷ്ടപ്പെടുത്തുന്നുമില്ല. എല്ലാ മനുഷ്യർക്കും സത്യ.വും നിതിയും നന്മയും സ്വാതന്ത്ര്യവും അനുഭവിക്കാൻ കഴിയുന്ന ലോകത്തിലേക്ക് മുഴുവൻ പേരുടെയും ശ്രദ്ധയാകർഷിക്കാൻ ഞാൻ ശ്രമിക്കുന്നു. അവിശ്വാസികളെ വിശ്വസികളാക്കുകയല്ല എൻെറ ലക്ഷ്യം . മാനവികതയുടെ കുടുതൽ ഉദാത്തമായ തലങ്ങളിലേക്ക് എല്ലാവരേയും ഉയർത്തുവാനാണ് ഞാൻ ശ്രമിക്കുന്നത് . ലഭിച്ച അവസരങ്ങൾ വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന കുറവ്, പക്ഷെ എന്നിൽ കണ്ടേക്കാം.

? 'മൂലധന'ത്തിൻേറ വെളിച്ചത്തിൽ ബൈബിൾ വായിക്കണമെന്ന് വിശ്വാസികളോട് പറയുകയും എന്നാൽ ബൈബിളിൻെറ വെളിച്ചത്തിൽ 'മൂലധനം' വായിക്കണമെന്ന് അവിശ്വാസികളോട് പറയാതിരിക്കുകയും ചെയ്യുന്ന ഒരു ദൗർബല്യം വിമോചന ദൈവശാസ്ത്രത്തിൽ പൊതുവേ കാണാറുണ്ടല്ലോ........

• തെറ്റിദ്ധാരണക്കിട നൽകാതിരിക്കാൻ ഞാൻ ആദ്യമേ പറയട്ടെ, ബൈബിളിൻെറ വെളിച്ചത്തിൽ ലോകത്തെ വ്യാഖ്യാനിക്കുകയാണ് എ ൻെറ രീതി, മറിച്ചല്ല. എൻെറ രീതിശാസ്ത്രത്തെപ്പറ്റി വിശദമാക്കുന്ന കൂട്ടത്തിൽ പലപ്പോഴും ഞാനിത് പറയാറുള്ളതാണ്.

ഇനി വിമോചന ദൈവശാസ്ത്രത്തിൻെറ 'ദൗർബല്യ'ത്തെപ്പറ്റി. വിമോചന ദൈവശാസ്ത്രജ്ഞന്മാരിൽ ചിലർ ബൈബിളിൻെറ വ്യാഖ്യാനത്തിന് മാർക്സിസ്ററ് സങ്കല്പനങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്നത് ശരിയാണ്. പക്ഷെ ഈയൊരു വ്യാഖ്യാനരീതിയേ അവർക്കുള്ളൂ എന്നു പറയുന്നത് മുഴുവൻ ശരിയല്ല. മർദ്ദിതരോടുള്ള ദൈവത്തിൻെറ സഹാനുഭൂതിയെ ചൂണ്ടിക്കാണിക്കുന്ന കൂട്ടത്തിൽ സമൂഹത്തെപ്പറ്റിയുള്ള മാർക്സിൻെറ സാമൂഹ്യ - സാമ്പത്തിക വിശകലനം അവർ സമൃദ്ധമായി ഉപയോഗിക്കുന്നുവെന്നേയുള്ളൂ. ഏത് ദൈവശാസ്ത്രവിചിന്തനവും അടിസ്ഥാനപരമായി വേദപുസ്തകത്തിൽ കൂടി വെളിപ്പെടുത്തപ്പെട്ടിട്ടുള്ള ദൈവവചനത്തോട് കൂറുപുലർത്തുന്നതായിരിക്കണം എന്ന നിലപാടാണ് പൊതുവെ വിമോചന ദൈവശാസ്ത്രജ്ഞന്മാർക്കുള്ളത്.

? സമൂഹത്തെപ്പറ്റിയുള്ള മാർക്സിൻെറ അപഗ്രഥനരീതി മാത്ര

മാണോ ശരിയായിട്ടുള്ളത്?

• അതു വേറെ കാര്യം. സാമൂഹ്യശാസ്ത്രം തന്നെ മാർക്സിനു ശേഷം എത്രയോ അധികം മുന്നോട്ടു പോയിട്ടുണ്ട്. അക്കാര്യത്തിൽ അവസാനത്തെ വാക്ക് മാർക്സിൻേറതല്ല. സാമ്പത്തിക ശാസ്ത്രത്തിലും സ്ഥിതി ഇതുതന്നെ. മാർക്സ് ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഈ പരിവർത്തനം അംഗീകരിച്ചേനേ എന്ന് എനിക്ക് തോന്നുന്നു. വിമോചന ദൈവശാസ്ത്രം എക്കാലവും മുന്നോട്ടു പോകേണ്ടത് മാർക്സിൻെറ അപഗ്രഥന രീതി ഉപയോഗിച്ചാണോ എന്ന കാര്യവും ഗൗരവമായി ചർച്ചചെയ്യേണ്ടതാണ്.

? ഒരു ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ വിമോചന ദൈവശാസ്ത്രവുമായുള്ള നിങ്ങളുടെ ബന്ധം വിശദമാക്കാമോ?

• എന്നെ വിമോചന ദൈവശാസ്ത്രജ്ഞൻ എന്നു വിളിക്കുന്നതിൽ അത്യുക്തിയുണ്ട് എന്ന് തോന്നുന്നു. ഒരു മതേതര ദൈവശാസ്ത്രജ്ഞൻ എന്ന് വിളിക്കുന്നതായിരിക്കും കൂടുതൽ ശരി. 1960 കളിൽ വിമോചന ദൈവശാസ്ത്രത്തിൻെറ ത്രസനകാലത്ത് ആ മേഖലയിൽ ധാരാളം ഞാൻ വായിച്ചു. ഇപ്പോഴും വായിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക തലത്തിൽ ഞാൻ വിമോചന ദൈവശാസ്ത്രം പഠിച്ചിട്ടില്ല. എന്നെ വിമോചന ദൈവശാസ്ത്രജ്ഞൻ എന്നു വിളിക്കുന്നത് അത്യുക്തിയാണ്.

ഇതിന്നർത്ഥം വിമോചന ദൈവശാസ്ത്രത്തെ ഞാൻ തള്ളിപ്പറയുന്നുവെന്നല്ല. അതിനോടൊപ്പം ഞാൻ നിൽക്കുന്നു. ചെയ്തതിലും പറഞ്ഞതിലുമെല്ലാം ഞാൻ ഉറച്ചു നിൽക്കുന്നു I don't deny it. I still stand by it എൻെറ ദൈവശാസ്ത്ര വിചിന്തനങ്ങളുടെ പ്രധാന ഭാഗമായി വിമോചന ദൈവശാസ്ത്രം വന്നിട്ടില്ല എന്നുമാത്രം.

? സംസ്ക്കാരങ്ങൾ തമ്മിൽ, നാഗരികതകൾ തമ്മിൽ ഉള്ള സംഘർഷവും ഏറ്റുമുട്ടലുമായി ചരിത്രം മാറിക്കഴിഞ്ഞ അവസ്ഥയിലും പൊതുവെ സംസ്ക്കാരം, നിങ്ങളുടെ വിചിന്തനങ്ങളിൽ ഗൗരവമായി കടന്നു വന്നിട്ടില്ലല്ലോ ...........

• ദൈവം നല്ലതായി സൃഷ്ടിച്ചതും ഇപ്പോൾ മനുഷ്യൻ അനുനിമിഷം ചീത്തയാക്കിക്കൊണ്ടിരിക്കുന്നതുമായ ലോകത്തെപ്പറ്റിയുള്ള വേവലാതികളിൽ എൻെറ ദൈവശാസ്ത്രം കുരുങ്ങിക്കിടക്കുകയാണ്. സംസ്ക്കാരം എൻെറ അന്വേഷണത്തിൻെറ ഭാഗമായിട്ടില്ല. എൻെറ ദൈവശാസ്ത്ര വിചിന്തനങ്ങളുടെ ഭാഗമായി സംസ്ക്കാരം ഇതുവരെ സ്വാംശീകരിക്കപ്പെട്ടിട്ടില്ല എന്നത് പരിമിതിയായി ഞാൻ വിലയിരുത്തുന്നു.

? എസ്. കാപ്പനും എം.എം. തോമാസും മറ്റുമാവട്ടെ പൈതൃകത്തെ, ആധുനികതയെ, പ്രതിസംസ്കൃതിയെ പ്രധാന വേവലാതിയായി അവരുടെ ദൈവശാസ്ത്ര വിചിന്തനങ്ങളിൽ സ്വാംശീകരിച്ചിട്ടുണ്ടല്ലോ.........

അവരുടെ ദൈവശാസ്ത്രപദ്ധതി ബൃഹത്താണ്. അതിനോട് താരതമ്യം ചെയ്യപ്പെടാൻ എൻെറ ചിന്തകൾ ഒന്നുമല്ല. ഞങ്ങൾക്ക് കിട്ടിയ ശിക്ഷണങ്ങൾ വ്യത്യസ്തമായതും അതിനു കാരണമാവാം. വിയറ്റ്നാം

യുദ്ധത്തോടുള്ള അമേരിക്കൻ വിദ്യാർത്ഥികളുടെ ചെറുത്തു നില്പി ൻെറയും, ഭാരതത്തിലെ ജനങ്ങളുടെ രാഷ്ട്രീയ അടിയന്തിരാവസ്ഥ യോടുള്ള എതിർപ്പിൻെറയും കാലത്താണ് ഞാൻ രൂപപ്പെട്ടതും സംസാരി ക്കാൻ തുടങ്ങിയതും. ജനങ്ങൾക്ക് മനസ്സിലാവുന്ന നീതിയുടേയും സ്വാതന്ത്ര്യത്തിൻേറയും ഭാഷയിൽ ദൈവത്തെപ്പറ്റി സംസാരിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. എൻെറ ദൈവശാസ്ത്രാന്വേഷണം മനുഷ്യൻെറ ജീവിതം, ഭാവി ഇവയിലാണ്.

? ഡോ. എം.എം. തോമാസിനെക്കുറിച്ച് കുറച്ചു കൂടി അടുത്തു നിന്ന് സംസാരിക്കാമോ?

• He is theologion of the church. ഭാരതത്തിലും ലോകത്തിലെ മ്പാടും അംഗീകൃതനായ ദൈവശാസ്ത്രജ്ഞനാണ് ഡോ. തോമാസ്. ക്രൈസ്തവ ധർമ്മ ശാസ്ത്രത്തിലും സാമൂഹ്യ ശാസ്ത്രത്തിലും അദ്ദേഹ ത്തിന് അവഗാഹമുണ്ട്. വിസ്തൃതമായ അന്വേഷണത്തിൻേറയും പഠന ത്തിൻേറയും പ്രവർത്തനത്തിൻേറയും മേഖലയാണ് അദ്ദേഹത്തിൻേറത്. ക്രൈസ്തവസഭയും ക്രിസ്ത്യേതര മതങ്ങളും മതേതര പ്രത്യയ ശാസ്ത്ര ങ്ങളും സമൂഹവും തമ്മിലുള്ള ആശാവഹമായ ബന്ധത്തെപ്പറ്റിയും ഏഷ്യയിൽ പൊതുവെയും ഭാരതത്തിൽ പ്രത്യേകിച്ചും കഴിഞ്ഞ കുറേ ദശകങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന വിപ്ലവകരമായ പരിവർത്തനങ്ങ ളെപ്പറ്റിയും വസ്തുനിഷ്ഠമായി പഠിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിൽ അന്താരാഷ്ട്ര രംഗത്ത് അതുല്യമായ സംഭാവനകൾ കാഴ്ച വെച്ചിട്ടുള്ള ഡോ. തോമാസ് ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ ബഹുമാന്യനായ പ്രതിഭാശാലിയാണ്.

? ഫാ. എസ്. കാപ്പനെക്കുറിച്ചുകൂടി അല്പം ചിലത് പറയാമോ?

• ലോജിക്കലും റാഷണലുമാണ് ഞാൻ. കാപ്പൻേറത് ഒരു അനു ഭൂതിസാക്ഷ്യമാണ്. ഞാനും കാപ്പനുമായുള്ളത് ഒരു മിസ്റ്റിക് ബന്ധമാണ്. പലപ്പോഴും കാപ്പൻെറ തിയോളജി മനസ്സിലാക്കുവാൻ വിഷമമുണ്ടായിരു ന്നിട്ടുപോലും ഈ മിസ്റ്റിക്ക് ബന്ധം എന്നെ കാപ്പനിലേക്ക് ആകർഷിച്ചു കൊണ്ടിരുന്നു. ഞാനിനിയും കാപ്പനെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ കാപ്പൻെറ ഒരു ഉപദേശം ഞാൻ മറക്കില്ല Dont depend on Secondary sources, but learn from their own mouth.മാർക്സായാലും ബൈബിളായാലും നേരിട്ടാണ് വായിക്കേണ്ടത്. കാപ്പനിലേയ്ക്ക് എനി ക്കിനിയും ദൂരമുണ്ട്.

? വേദശാസ്ത്രത്തിൻെറ പുനർവായനയെക്കുറിച്ച് നിങ്ങൾ പറ യുന്നത് വിശദീകരിക്കാമോ?

• ഭൂതകാലത്തെ അർത്ഥഭേദം വരാത്ത ചില സംഭവങ്ങൾ രേ ഖപ്പെടുത്തിയിട്ടുള്ള ഒരു പുസ്തകം മാത്രമായി വേദപുസ്തകത്തെ കണ്ടാൽ പോരാ. വിവിധ സാഹചര്യങ്ങളിൽ, വിഭിന്ന വായനക്കാർക്കും വൈവിധ്യമാർന്ന വ്യാഖ്യാനങ്ങൾ നൽകാൻ കഴിവുള്ള, ഒരു പക്ഷേ ഗ്രന്ഥകാരൻതന്നെ മുൻകൂട്ടി കാണാത്ത വ്യാഖ്യാനങ്ങൾ ആധുനിക

വായനക്കാരനു നൽകാൻ സാധിക്കുന്ന സ്വതന്ത്ര സാഹിത്യ രചനയായും ബൈബിളിനെ കാണാൻ സാധിക്കണം. ഇന്നത്തെ വായനക്കാർ തങ്ങളുടെ ഇന്നത്തെ അനുഭവങ്ങളെ വേദഭാഗങ്ങളുമായി ബന്ധപ്പെടുത്തണം. തന്മൂലം പണ്ടത്തെ വായനക്കാർക്ക് നഷ്ടപ്പെട്ട ഉൾക്കാഴ്ച വീണ്ടെടുക്കുന്നതിനും വേദഭാഗങ്ങൾ പുത്തനായി കാണുന്നതിനും അവർക്ക് സാധിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് വേദപുസ്തകത്തിൻേറ പുനർപാരായണത്തെപ്പറ്റി ഞാൻ സംസാരിക്കുന്നത്.

? സാർവദേശീയ തലത്തിൽത്തന്നെ മതത്തിന് മറ്റൊരൂഴം ലഭിക്കുകയാണ്. The god is not dead. ഇന്ത്യയിലും സാംസ്ക്കാരിക ദേശീയതയായി നിർവ്വചിക്കപ്പെടുന്ന മതമൗലികവാദത്തിൻേറ വെല്ലുവിളി ഉയർന്നു വന്നിരിക്കുകയാണല്ലോ. മതേതരത്വം സൃഷ്ടിച്ച ശൂന്യതയിലേക്കാണ് വർഗ്ഗീയത കടന്നു വന്നിരിക്കുന്നതെന്നും, മതേതരത്വം വർഗ്ഗീയതയെ നേരിടാൻ അപ്രാപ്തമാണെന്നും വിമർശനങ്ങളുയർന്നു വന്നിട്ടുണ്ട്. ഈ പുതിയ സന്ദർഭത്തിൽ മതേതരത്വത്തിൻേറ പരിമിതികളേയും സാധ്യതകളേയും പറ്റിയുള്ള ചിന്തകൾ പങ്കിടാമോ?

ഭാരതം വേദങ്ങളുടേയും ഉപനിഷത്തുകളുടേയും നാടാണ്. ഗീതയുടേയും ഗുരുഗ്രന്ഥ് സഹെബിൻേറയും നാടാണ്. ബൈബിളും ഖുറാനും ഈ നാട്ടിൽ ധാരാളം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഗൗതമബുദ്ധനും അശോക പ്രിയദർശനും ജൈനമഹാവീരനും കബീറും രാമകൃഷ്ണ പരമഹംസനും സ്വാമി വിവേകാനന്ദനും ജനിച്ചു വളർന്ന നാടാണിത്. നിസാമുദ്ദീനും അരവിന്ദഘോഷും രവീന്ദ്രനാഥ ടാഗോറും മൗലാനാ അബ്ദുൾ കലാം ആസാദും രമണ മഹർഷിയും മഹാത്മാഗാന്ധിയും സാധു സുന്ദർസിംഗും ഷിർദ്ദി സായിബാബയും ശ്രീനാരായണ ഗുരുവും ചട്ടമ്പി സ്വാമികളും തങ്ങളുടെ പാദമുദ്ര പതിപ്പിച്ചുപോയ നാടാണിത്. ഇത് ധർമ്മത്തിൻേറയും അഹിംസയുടേയും നാടാണ്. മഹർഷിമാരുടേയും ഗുരുവര്യന്മാരുടേയും നാട്. സഹസ്രാബ്ദങ്ങളായി മതങ്ങൾ തമ്മിൽ പരസ്പരാഭിമുഖ്യത്തിൽ ജീവിച്ച നാടാണിത്. ചാർവ്വാകസിദ്ധാന്തവും ഈ നാടിൻേറ ഭാഗധേയം രൂപകല്പനചെയ്യുന്നതിന് പങ്കുവഹിച്ചിട്ടുണ്ട്. 1900 -ാമാണ്ടിൽ കാലിഫോർണിയയിലെ പാസഡീനയിൽ ഷെയ്ക്സ്പിയർ ക്ലബ്ബിൽ പ്രസംഗിക്കവെ സ്വാമി വിവേകാനന്ദൻ പറഞ്ഞു. In India even if you want to set up a gang of robbers, the leader will have to preach some sort of religion എന്തിലും മതം ഒരു പ്രധാന ഘടകമാണെന്നാണ് സ്വാമികൾ പറയാൻ ശ്രമിച്ചത്. അങ്ങിനെയുള്ള ഭാരതത്തിൽ മതത്തെ തള്ളിപ്പറഞ്ഞുകൊണ്ടുള്ള മതേതരത്വം വിജയിക്കുമെന്നു തോന്നുന്നില്ല. വിവിധ മതങ്ങളുടെ ദൈവ നീതിയെപ്പറ്റിയുള്ള ദർശനത്തിൽ നിന്നും ഉടലെടുത്ത പ്രചോദനം സമൂഹത്തിൽ എന്നുമുണ്ടായിരിക്കണം. ഭാരതീയ സംസ്ക്കാരത്തെത്തന്നെ പുനർ നിർവ്വചനം ചെയ്യാനും അതിൽ ജനകീയാടിസ്ഥാനം കണ്ടെത്താനുമാണ് നാം ശ്രമിക്കേണ്ടത്. അപ്പോൾ മാത്രമാണ് രാഷ്ട്രം യഥാർത്ഥത്തിൽ ജനകീയമാകുന്നത്.

? എൻേറ രാഷ്ട്രീയമാണ് എൻേറ മതം, എൻേറ മതമാണ് എൻേറ

രാഷ്ട്രീയം - ഇങ്ങനെ നിങ്ങൾ ഗാന്ധിജിയെ ചിലപ്പോൾ ഉദ്ധരിക്കാറുണ്ടെങ്കിലും ഗാന്ധിജിയിലൂടെ ഗൗരവമായി കടന്നു പോയിട്ടുണ്ടോ?

• എൻെറ ദൈവശാസ്ത്ര പഠനത്തിന് ഈണം പകരാൻ മാർക്സിനെ ആശ്രയിച്ചിട്ടുള്ളത്രപോലും ഗാന്ധിജിയെ ആശ്രയിച്ചിട്ടില്ല എന്ന് ലജ്ജയോടെ ഞാൻ സമ്മതിക്കുന്നു. ഇത് ഗുരുതരമായ ഒരു കുറവ് തന്നെയാണ്. The only way to understand Gandhi is through him, not around him എന്ന് ഇന്നു ഞാൻ മനസ്സിലാക്കുന്നു. ജനാധിപത്യം ഭൂരിപക്ഷത്തിൻെറ ആധിപത്യമായി വ്യാഖ്യാനിക്കുന്നത് തീർത്തും തെറ്റാണെന്നും ധർമ്മത്തിൻെറ മേൽക്കോയ്മ അംഗീകരിക്കുന്ന ഒരു രാഷ്ട്രത്തിനു മാത്രമെ സാക്ഷാൽ ജനാധിപത്യ രാഷ്ട്രം എന്ന പേരിന് അർഹതയുള്ളൂ എന്നുമായിരുന്നു ഗാന്ധിജിയുടെ സിദ്ധാന്തം. മനുഷ്യനും മനുഷ്യസമൂഹങ്ങളും ധാർമ്മിക നിയമങ്ങൾക്ക് വിധേയമാണ്. ഈ വിധേയത്വം അംഗീകരിക്കാത്ത ജനാധിപത്യം നാഥനില്ലാത്ത സമൂഹമാണെന്ന് ഗാന്ധിജി വിധിയെഴുതി. ശാശ്വതങ്ങളായ ധാർമ്മിക നിയമങ്ങളോടുള്ള മനുഷ്യൻേറയും മനുഷ്യസമൂഹത്തിൻേറയും ഉത്തരവാദിത്തമാണ് ജനാധിപത്യത്തിൻെറ അടിത്തറയെന്ന ഗാന്ധിയൻ തത്വം അംഗീകരിക്കാത്തതാണ് നമ്മുടെ രാജ്യം നേരിടുന്ന പ്രതിസന്ധിക്ക് പ്രധാനപ്പെട്ട ഒരു കാരണം.

? ദൈവശാസ്ത്ര മേഖലയിൽ പുതിയ വെല്ലുവിളികളെ നേരിടാൻ കൂടുതൽ സജ്ജമാകേണ്ടതുണ്ട് എന്നു തോന്നുന്നുണ്ടോ?

• ആഗോളവൽക്കരണവും ഉദാരവൽക്കരണവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ, അണുവായുധങ്ങൾ നിയന്ത്രിക്കാമെന്നായിട്ടും ലോക സമാധാനം നേരിടുന്ന പ്രശ്നങ്ങൾ, മതമൗലികത ഉണർത്തുന്ന പ്രശ്നങ്ങൾ, സ്ത്രീ - പുരുഷ ബന്ധത്തിലുള്ള ഉച്ചനീചത്വങ്ങൾ, പെരുകി വരുന്ന ആക്രമങ്ങൾ തുടങ്ങിയവയെല്ലാം ദൈവരാജ്യത്തെപ്പറ്റിയുള്ള എൻെറ സങ്കല്പങ്ങൾ അനുദിനം മാറ്റിക്കൊണ്ടിരിക്കുന്നു. എക്യുമെനിക്കൽ ദൈവശാസ്ത്രം ഈ സാഹചര്യത്തിൽ എനിക്ക് മാർഗ്ഗദർശനം നൽകുന്നുണ്ട്. എക്യുമെനിസം സൂചിപ്പിക്കുന്ന ഐക്യം സഭകളുടെ ഐക്യം മാത്രമല്ല, പ്രപഞ്ചത്തിൻെറ വിശാലതയും സമഗ്രതയുമാണ് വിഭാവനം ചെയ്യുന്നത്. ദൈവാനുഭവങ്ങളുടെ, അനുഭൂതിയുടെ അന്ധമേഖലകളുണ്ട് എനിക്ക്. നാളത്തെ ദൈവശാസ്ത്രത്തിൽ ഞാനിനിയും എത്തിച്ചേർന്നിട്ടില്ല...............

# ജീവിതം എന്ന സാഹസിക യാത്ര

## പ്രൊഫ. മാത്യു കോശി പുനയ്ക്കാട്

? യേശുവിൻെറ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് ധാരാളം വിവാദങ്ങൾ ഉണ്ടല്ലോ. ഇതിനോട് അങ്ങയുടെ പ്രതികരണം എങ്ങനെയാണ്?

• യേശുവിനെ പരസ്യമായാണ് ക്രൂശിച്ചത്. മൃതദേഹം കല്ലറയിൽ അടക്കം ചെയ്തതും പരസ്യമായി തന്നെ. മൂന്നുനാൾ കഴിഞ്ഞു ചില യഹൂദസ്ത്രീകൾ കല്ലറയ്ക്കൽ ചെന്നപ്പോൾ, കല്ലറ തുറന്നിരിക്കുന്നതും ശൂന്യമായി കിടന്നതും കണ്ടു. യേശു രഹസ്യമായി ഉയിർത്തെഴുന്നേറ്റുവെന്ന വാർത്ത പെട്ടന്നാണ് പരന്നത്. ആ വാർത്ത കേട്ട് ശിഷ്യന്മാർ അത്ഭുതപ്പെട്ടു.

എങ്കിലും യേശു ശരീരത്തോടു കൂടി ഉയിർത്തെഴുന്നേറ്റുവെന്നു തെളിയിക്കുന്നതിനോ, മൃതദേഹം മോഷ്ടിച്ചു കൊണ്ടു പോയതല്ല എന്നു തിട്ടപ്പെടുത്തുന്നതിനോ, കല്ലറയ്ക്കൽ ചെന്ന സ്ത്രീകൾക്ക് സ്ഥലം തെറ്റിപ്പോയോ എന്ന് അന്വേഷിക്കുന്നതിനോ ശിഷ്യന്മാർ മെനക്കെട്ടില്ല. അതൊന്നും അവർക്ക് പ്രശ്നമേ അല്ലായിരുന്നു. ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം യേശു വെറും മരിച്ച ഓർമയായിരുന്നില്ല. ജീവിക്കുന്ന സാന്നിധ്യമായിരുന്നു. തങ്ങൾ ആരോടൊത്തു ജീവിക്കയും ആരുടെ ജീവിതത്തിൽ പങ്കാളിയാകയും ചെയ്തുവോ ആ മനുഷ്യൻ തൻെറ മരണം കൊണ്ടും കബറടക്കം കൊണ്ടും തങ്ങളിൽ നിന്നു തിരോധാനം ചെയ്തിട്ടില്ലെന്നും ജീവിതത്തിൽ തങ്ങൾക്ക് മാർഗദർശനം നല്കുന്ന ശക്തിയായി ഇന്നു ജീവിച്ചിരിക്കുന്നുവെന്നും അവർ വിശ്വസിച്ചു. ഈ വിശ്വാസമാണ് ഈസ്റ്റർ സംഭവത്തിലെ കാതലായ കാര്യം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒഴിഞ്ഞ കല്ലറയല്ല, ജീവിക്കുന്ന ഓർമയും അതുമൂലമുള്ള സാന്നിധ്യവുമാണ് ഉയിർത്തെഴുന്നേല്പിൻെറ സത്ത

? എന്താണ് ഈസ്റ്റർ നല്കുന്ന സന്ദേശം ?

• ഈസ്റ്റർ മരണത്തെപ്പറ്റിയുള്ള ഭയാശങ്കകൾ ദൂരീകരിക്കുകയല്ല, ജീവിതത്തെപ്പറ്റിയുള്ള പ്രതീക്ഷകൾ അർത്ഥവത്താക്കുകയാണ് ചെയ്യുന്നത്. ഏകാന്തതയും നിരർത്ഥകതയും ശൂന്യതാബോധവും, നിരാശയും, ദു;ഖഭാരവും ഗ്രസിച്ചു കൊണ്ടിരിക്കുന്ന കുറേ മനുഷ്യർ പ്രത്യാശയും ക്രിയാത്മകതയും സമർപ്പണവുമുള്ള മനുഷ്യരായി രൂപാന്തരപ്പെട്ട്, പരസ്പര കരുതലിൽ ജീവിക്കുവാൻ തുടങ്ങിയ സംഭവമാണ് ഈസ്ററർ കഥയിലെ ഉള്ളടക്കം.

'ചത്തതിനൊക്കുമേ' എന്ന മട്ടിലാണ് ജീവിക്കുന്നതെങ്കിലും നാളത്തെ ദിവസം വ്യത്യസ്തമാകും എന്ന പ്രത്യാശയാണ് ഈസ്റ്റർ

നല്കുന്നത്. എല്ലാ ചത്ത അവസ്ഥയിൽ നിന്നുമുള്ള വിമോചനമാണ് ഉയിർത്തെഴുന്നേല്പ്. മനുഷ്യൻ തൻെറ സർവസാധ്യതകളും ഉപയോഗിക്കുകയാണെങ്കിൽ എല്ലാ തിന്മയുടെ ശക്തികളെയും തോല്പിച്ചു ജീവിതം കൂടുതൽ അർഥവത്താക്കാം എന്ന പ്രതീക്ഷയാണ് ഈസ്റ്ററിൻെറ കേന്ദ്രബിന്ദു. മർത്യതയിൽ നിന്ന് അമർത്യതയിലേയ്ക്കുള്ള വിമോചനമാണ് ഉയിർത്തെഴുന്നേല്പ്. അടിസ്ഥാന ജനവിഭാഗം തങ്ങളുടെ സർവസാധ്യതകളുപയോഗിച്ച്, ജീവിച്ചിരിക്കുമ്പോൾതന്നെ ഉയിർത്തെഴുന്നേല്ക്കണമെന്ന് യേശു തൻെറ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും കാണിച്ചുതന്നു.

? മരണത്തിനപ്പുറത്തുള്ള ഒരു ജീവിതത്തെക്കുറിച്ച് ഈസ്റ്റർ പ്രതീക്ഷ നല്കുന്നില്ലേ?

• പ്രഥമമായും പ്രധാനമായും, മനുഷ്യൻ ജീവിച്ചിരിക്കുന്ന ലോകത്തിലേക്കാണ് ഈസ്റ്റർ വിരൽ ചൂണ്ടുന്നത്. ജനനാനന്തര പ്രശ്നങ്ങളുമായി മല്ലടിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളോട് മരണാനന്തര പ്രശ്നങ്ങളെപ്പറ്റിപ്പറഞ്ഞു ശ്രദ്ധതിരിച്ചു വിടുന്നതിൽ അപാകതയുണ്ട്. നരകത്തിലെ യാതനകളെപ്പറ്റി പറഞ്ഞു മനുഷ്യനെ ഭീഷണിപ്പെടുത്തുന്നതും, സ്വർഗത്തിലെ സുഖസൗകര്യങ്ങളെപ്പറ്റി വർണിച്ചു മനുഷ്യനെ പ്രലോഭിപ്പിക്കുന്നതും തല്ക്കാലം എൻെറ അജണ്ടയിലെ വിഷയങ്ങളല്ല. അത് ബൈബിളിൻേറയും പ്രധാനപ്പെട്ട ചിന്താവിഷയമാണെന്നും തോന്നുന്നില്ല.

? വേദപുസ്തകത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ച് ചില സൂചനകളുണ്ടല്ലോ?

• പരസ്പരബന്ധമില്ലാതെ അവിടെനിന്നും ഇവിടെ നിന്നുമൊക്കെ ചില വാക്യങ്ങൾ എടുത്തു മനനം ചെയ്താൽ അങ്ങനെയൊരു ധ്വനിയുള്ളതായി തോന്നിയേക്കാം. പ്രപഞ്ചത്തെ ഭൂലോകം, അധോലോകം, സ്വർഗലോകം എന്നിങ്ങനെ മൂന്നു തട്ടുകളിലായി കാണുന്ന യവന ചിന്താഗതിയുടെ സ്വാധീനം പുതിയ നിയമത്തിൽ കുറച്ചൊന്നുമല്ല ഉള്ളത്. സ്വർഗം, നരകം, മരണാനന്തര ജീവിതം എന്നീ വിഷയങ്ങളിലുള്ള അമിതമായ ഊന്നൽ ഈ സമീപനം കൊണ്ട് വന്നു കൂടിയതായിരിക്കാം. എന്തായാലും വേദഗ്രന്ഥത്തിലെ കഥകളും സംഭവങ്ങളും വിവിധ ഭാഗങ്ങളും ഗ്രന്ഥത്തിൻെറ മൊത്തത്തിലുള്ള സന്ദേശത്തിൻെറ വെളിച്ചത്തിൽ അപഗ്രഥിച്ചില്ലെങ്കിൽ കാര്യം കുഴഞ്ഞതു തന്നെ ! "നിൻെറ കുഞ്ഞുങ്ങളെ പിടിച്ചു പാറമേൽ അടിച്ചു കളയുന്നവൻ ഭാഗ്യവാൻ" എന്ന സങ്കീർത്തനക്കാരൻെറ (സങ്കി; 137;8) ആത്മഗതം നടപ്പിലാക്കി ഭാഗ്യവാനാകുവാൻ ഇന്നാരെങ്കിലും ശ്രമിക്കുമോ? മരണാനന്തര ജീവിതമല്ല, ഗുണകരമായി രൂപാന്തരപ്പെട്ട ഈ ഭൂമിയിലെ ജീവിതമാണ് വേദപുസ്തത്തിൻെറ സന്ദേശം.

? വേദപുസ്കം പരിശുദ്ധാത്മാവിനാലാണ് എഴുതപ്പെട്ടത് എന്നാണല്ലോ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്?

• വേദപുസ്തകം എഴുതിയത് പരിശുദ്ധാത്മാവല്ല, മനുഷ്യരാണ്. ചോരയും നീരും അനുഭവങ്ങളും ദർശനവും ഉൾക്കാഴ്ചയുമുള്ള മനുഷ്യർ. ഈ മനുഷ്യർക്ക് ദൈവനിയോഗമുണ്ടായിരുന്നുവെന്ന അർത്ഥത്തിൽ പരിശുദ്ധാത്മപ്രേരിതരായാണ് അവർ എഴുതിയെതെന്ന് സഭ പഠിപ്പിക്കുന്നുണ്ട്. വേദപുസ്കത്തിന് സഭ കല്പിക്കുന്ന ആധാരികതയ്ക്ക് നിദാനം ദൈവനിയോഗത്തെപ്പറ്റിയുള്ള ഒരു ധാരണയാണ്.

ചരിത്രത്തിൽ ഒരു പ്രത്യേക കാലഘട്ടത്തിലെ ഒരു പ്രത്യേക ഭൂപ്രദേശത്തെ ജനതയുടെ വളർച്ചയുടെ പ്രതിഫലനമാണ് നാം വേദപുസ്തകത്തിൽ കാണുന്നത്. ദൈവിക വെളിപാടിനെ ബൈബിളിലെ അറുപത്തിയാറ് പുസ്തകത്തിൽ തളച്ചിടുന്നത് യുക്തിസഹമല്ല. ദൈവം ഇന്നും വിവിധ തരത്തിൽ തൻെറ ഉന്നങ്ങളും ഉദ്ദേശ്യങ്ങളും വെളിപ്പെടുത്തിക്കൊണ്ടിരിക്കയാണ്. പരമ്പരാഗതമായി ലഭിച്ചിട്ടുള്ള വേദപുസ്കത്തിൻേറ മൂല്യം കുറച്ചു കാണിക്കുകയല്ല. മനുഷ്യനെ മനുഷ്യനാക്കാൻ നടത്തിക്കൊണ്ടിരിക്കുന്ന നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിലൂടെ കടലാസും മഷിയുമില്ലാതെ ഒരു പുതിയ വേദപുസ്തകം എഴുതപ്പെടുന്നുണ്ട്. സാമാന്യജനങ്ങളുടെ പോരാട്ടത്തിൽ പങ്കാളികളായിട്ടേ ഈ വേദപുസ്തകം വായിക്കുവാൻ സാധിക്കൂ.

? മനുഷ്യർ എഴുതിയ ഒരു പുസ്തകമാണെങ്കിൽ അതിൽ തെറ്റുകൾ കാണില്ലേ?

• തെറ്റ് പറ്റാത്ത വാക്കുകളുടെ സമുച്ചയമല്ല വേദപുസ്തകം. ഏത് ഗ്രന്ഥരചനയിലും ഉണ്ടാകാവുന്ന തെറ്റുകൾ വേദപുസ്തകത്തിലും കണ്ടേക്കാം. ചരിത്രാവബോധത്തിലുള്ള തെറ്റുകൾ, എഡിറ്റിങ്ങിലെ പോരായ്മകൾ, അച്ചടിപ്പിശകുകൾ, ആശയം പറഞ്ഞു ഫലിപ്പിക്കുവാനുള്ള ശ്രമത്തിൽ അമിതാവേശം കൊണ്ടുണ്ടായിട്ടുള്ള പാകപ്പിഴകൾ, പുരുഷമേധാവിത്ത്വം നിലനിർത്തുന്ന ഭാഷാ പ്രയോഗങ്ങൾ, വായ്മൊഴി വരമൊഴിയാകുമ്പോൾ സംഭവിക്കാവുന്ന തെറ്റുകൾ ഇവയൊക്കെ വേദപുസ്തകത്തിൽ കാണുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ല. മനുഷ്യർ എഴുതിയ ഗ്രന്ഥമല്ലേ!

ഇന്ന് ബൈബിളിൽ കാണുന്ന അറുപത്താറു പുസ്തകങ്ങൾ മാത്രമല്ല ആദിമ നൂറ്റാണ്ടിൽ പ്രചാരത്തിലുണ്ടായിരുന്നത്. വിവരദോഷങ്ങൾ അടങ്ങുന പുസ്തകങ്ങളുടെ ബാഹുല്യമുണ്ടായപ്പോൾ അവയെ തടയേണ്ടത് ആവശ്യമാണെന്ന് ആദിമ പിതാക്കന്മാർക്ക് തോന്നി. അങ്ങനെയാണ് ബൈബിളിന് 'കാനൻ' (മാനദണ്ഡം) നിശ്ചയിച്ചത്.

? 'വിവരദോഷങ്ങളടങ്ങിയ പുസ്തകങ്ങൾ' എന്നതു കൊണ്ടു എന്താണ് അർത്ഥമാക്കിയത്?

• ഉദാഹരണത്തിന്, അന്ന് നിലവിലുണ്ടായിരുന്ന ഒരു പുസ്തകമാണ് വിശുദ്ധ തോമാസിൻെറ സുവിശേഷം. യേശു നന്നേ ചെറുപ്പത്തിൽ തന്നെ അത്ഭുത സിദ്ധികളുള്ളവനായിരുന്നുവെന്ന് സമർത്ഥിക്കുവാൻ

ഗ്രന്ഥകാരൻ ശ്രമിക്കുന്നുണ്ട്. കൂട്ടുകാരുമൊത്ത് കടൽപ്പുറത്തു കളിച്ചു കൊണ്ടിരിക്കുമ്പോൾ യേശു മണൽ കൊണ്ട് പക്ഷികളെയുണ്ടാക്കുകയും, തൻെറ ആജ്ഞകേട്ട് പക്ഷികൾ പറന്നു പോകുകയും ചെയ്തുവത്രേ. യേശുവിനെ ഒരു മാന്ത്രികനായി ചിത്രീകരിക്കുവാനായിരിക്കും ഗ്രന്ഥകാരൻ ശ്രമിച്ചത്. ആദിമ പിതാക്കന്മാർ അത്തരം കഥകളെ പ്രോത്സാഹിപ്പിച്ചില്ല. നിലവിലുള്ള ബൈബിളും യേശു ചെയ്ത 'അത്ഭുതങ്ങളെ' ക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.പക്ഷേ അവയുടെ സാഹചര്യത്തെപ്പറ്റിയുള്ള പഠനങ്ങൾ തെളിയിക്കുന്നത്, യേശു മാന്ത്രികശക്തി ഉപയോഗിച്ചു വെന്നല്ല, പിന്നെയോ സന്ദർഭത്തിനൊത്തുയർന്ന് ആവശ്യങ്ങൾ നിറവേറ്റിക്കൊടുത്തുവെന്നാണ്. യേശു എങ്ങനെ 'അത്ഭുതങ്ങൾ' ചെയ്തുവെന്നതിനേക്കാൾ എന്തുകൊണ്ട് ചെയ്തുവെന്നതാണ് നമ്മെ ചിന്തിപ്പിക്കേണ്ടത്. വേദനിക്കുന്നവരേയും കഷ്ടപ്പെടുന്നവരേയും കണ്ടു മനസ്സലിവ് തോന്നിയാണ് അവൻ 'അത്ഭുതങ്ങൾ' ചെയ്തത്. യേശുവിൻെറ 'അത്ഭുതങ്ങൾ' ദൈവരാജ്യത്തിൻെറ അടയാളങ്ങളായിരുന്നു.

? ക്രൈസ്തവേതര മതനേതാക്കന്മാരേയും ദേവന്മാരേയും താരതമ്യം നടത്തി ക്രിസ്തുമാത്രമാണ് യഥാർത്ഥ ദൈവം എന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് ശരിയായൊരു പ്രവണതയാണോ?

• ക്രിസ്തു അങ്ങനെയുള്ള അവകാശവാദങ്ങൾ നടത്തിയിട്ടില്ലല്ലോ. അവകാശവാദങ്ങൾ ഉന്നയിക്കുന്നുവെന്ന് തോന്നിച്ചേക്കാവുന്ന പ്രസ്താവനകൾ സുവിശേഷങ്ങളിൽ കണ്ടേക്കാം. ഇതു സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണ്. വേദപുസ്തകത്തിലെ മൊത്തം സന്ദേശത്തിൻെറ വെളിച്ചത്തിലേ വിവിധ ഭാഗങ്ങളെ മനസ്സിലാക്കാൻ സാധിക്കൂ എന്ന് നേരത്തെ ഞാൻ സൂചിപ്പിച്ചു. യേശു ഒരിക്കൽ പറഞ്ഞു. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ എത്തുന്നില്ല (യോഹന്നാൻ 14:6)." ഇത് വളരെ സങ്കുചിതമായ പ്രസ്താവനയായി തോന്നിച്ചേക്കാം. സത്യം നേരെ മറിച്ചാണ്. യേശുവിൻെറ വഴി കുരിശിൻെറ വഴിയാണ്. അത് കഷ്ടതയുടേയും, ത്യാഗത്തിൻേറയും, സ്നേഹത്തിൻേറയും, മരണത്തിൻേറയും, ഉയിർത്തെഴുന്നേല്പിൻേറയും വഴിയാണ്. ആ വഴിയിൽ കൂടിയേ മനുഷ്യന് രക്ഷയുള്ളൂ; മനുഷ്യൻെറ ജീവിതം അർത്ഥവത്താകുകയുള്ളൂ. കുരിശിൻെറ വഴി ക്രിസ്തുമതത്തിൽ മാത്രമല്ല, ഇതരമതങ്ങളിലും, മതേതര പ്രത്യയശാസ്ത്രങ്ങളിലുമുണ്ട്. പേരിലെന്തിരിക്കുന്നു ! മാർഗമാണ് കാര്യം. നല്ലമാർഗം എവിടെ കണ്ടാലും അതിനെ ആദരിക്കണം, അത് പിൻതുടരാൻ ശ്രമിക്കണം.

നാം ആചരിക്കുന്ന പാരമ്പര്യത്തിൽ നിന്നുകൊണ്ടുതന്നെ അപരനെ മനസ്സിലാക്കാനും തീവ്രമായ ശ്രമം നടത്തേണ്ടതുണ്ട്. ഈ പരസ്പരാഭിമുഖ്യമാണ് മതസഹിഷ്ണുതയും, മതസഹവർത്തിത്വവും നിലനില്ക്കുന്ന ഒരു പുതിയ ഭാരതീയ സംസ്ക്കാരം മെനഞ്ഞെടുക്കുവാൻ നമ്മെ സഹായിക്കുന്നത്. ശ്രീബുദ്ധനും, ശ്രീകൃഷ്ണനും, ശ്രീയേശുവും, നബി

തിരുമേനിയും, ശ്രീനാരായണഗുരുവുമൊക്കെ തങ്ങളുടെ കാലത്തെ സംസ്ക്കാരത്തെ സമ്പന്നമാക്കിയത് ഈ പരസ്പരാഭിമുഖ്യത്തിന് പ്രേരണ നല്കിക്കൊണ്ടാണ്. അവരെപ്പറ്റിയുള്ള ഐതിഹ്യങ്ങളും കെട്ടുകഥകളും നാം ഗൗരവമായെടുക്കുകയും പുരാണകഥകൾക്ക് പിന്നിലുള്ള യഥാർത്ഥമനുഷ്യനെ വിസ്മരിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഇന്ന് വളർന്നു വരുന്നത്. മത അസഹിഷ്ണുതയ്ക്കു കാരണവും അതുതന്നെ യാണ്. 'നിങ്ങളുടെ ദൈവത്തേക്കാൾ വലിയവനാണ് എൻെറ ദൈവം' എന്ന നിലപാട് മനുഷ്യൻെറ അല്പത്തമാണ് കാണിക്കുന്നത്.

1893 ൽ ഷിക്കാഗോയിൽവെച്ച് നടത്തപ്പെട്ട ലോകമതങ്ങളുടെ പാർലമെൻറിൻെറ അവസാനയോഗത്തിൽ വിവേകാനന്ദസ്വാമികൾ പറഞ്ഞത് ഞാൻ ഉദ്ധരിക്കട്ടെ: "മതങ്ങളുടെ പാർലമെൻറ് ലോകത്തിന് അർത്ഥവത്തായി എന്തെങ്കിലും കാണിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അത് ഇതാണ് - വിശുദ്ധി. പവിത്രത, ഭൂതദയ എന്നൊക്കെ പറയുന്നത് ഏതെങ്കിലുമൊരു മതത്തിൻെറ കുത്തകയല്ലെന്നും, സ്വഭാവവിശിഷ്ടതയിൽ ശ്രേഷ്ഠരായ സ്ത്രീപുരുഷന്മാർ ഏതു മതത്തിലും ഉണ്ടെന്നും ഈ പാർലമെൻറ് തെളിയിച്ചിട്ടുണ്ട്. ഈ സത്യത്തിൻെറ പശ്ചാത്തലത്തിൽ ഞാൻ പറയട്ടെ, തൻെറ മതം മാത്രം നിലനില്ക്കണമെന്നും, മറ്റേല്ലാം നശിക്കണമെന്നും ആരെങ്കിലും സ്വപ്നം കാണുന്നുണ്ടെങ്കിൽ, എൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും എനിക്ക് അവരോട് വെറുപ്പു തോന്നുന്നു."

? കൺവെൻഷൻ പ്രസംഗങ്ങളിലെ മറ്റൊരു വാദം യേശുവിൽ കൂടി മാത്രമേ രക്ഷയുള്ളൂ എന്നാണ്. ഇതിനോട് എന്താണ് അങ്ങയുടെ പ്രതികരണം?

• രക്ഷയെപ്പറ്റിയുള്ള വളരെ സങ്കുചിത ചിന്താഗതിയാണ് ഇത്തരത്തിലുള്ള പൊള്ളയായ അവകാശവാദങ്ങൾക്ക് കാരണം. വേദപുസ്തകത്തിൻെറ പഠിപ്പിക്കലനുസരിച്ച് രക്ഷ എന്നത് മനുഷ്യനെ പൂർണ്ണനാക്കുന്ന പ്രക്രിയയാണ്. അത് ഈ ലോകത്തിൽ തന്നെ അനുഭവിക്കുവാൻ സാധിക്കുകയും വേണം. ജർമൻ നാടകകൃത്ത് Bertolt Breeht പറഞ്ഞതു പോലെ We have to change the world, and then we shall have to change the changed world അപ്പോഴാണ് എല്ലാവർക്കും രക്ഷ അനുഭവിക്കുവാൻ സാധിക്കുന്നത്. ഈ രക്ഷയെ ഏതെങ്കിലും ചിന്താപദ്ധതിയുടെ കുടുസ്സായ കൊത്തളങ്ങളിൽ തളച്ചിടുന്നത് മനുഷ്യത്വത്തെ അവഹേളിക്കലായിരിക്കും.

? 'യേശു എൻേറ രക്ഷകനാണെന്നു' പറയുവാൻ അങ്ങു ഉദ്ദേശിക്കുന്നില്ലെ?

• ഒരു പ്രത്യേക മതത്തിൻെറ ചട്ടക്കൂട്ടിനുള്ളിൽ പരമ്പരാഗതമായി ഉപയോഗിച്ചു വരുന്ന ഒരു ഭാഷാപ്രയോഗമെന്ന നിലയിൽ അങ്ങനെ പറയുവാൻ എനിക്ക് വൈമുഖ്യമില്ല. യേശുവിൻെറ പഠിപ്പിക്കലിനോടുള്ള

ആഭിമുഖ്യം മറ്റു ഗുരുക്കന്മാരെ നിന്ദിക്കുവാൻ എന്നെ പഠിപ്പിക്കുന്നുമില്ല.

? സുവിശേഷ പ്രവർത്തനങ്ങളോട് എന്താണ് അങ്ങയുടെ പ്രതികരണം?

• സുവിശേഷത്തെ വേദനയനുഭവിക്കുന്നവർക്കും കഷ്ടപ്പെടുന്നവർക്കുമുള്ള സാന്ത്വനത്തിൻെറ വാക്കുകൾ മാത്രമായി കാണുന്നത് ശരിയല്ല. സുവിശേഷത്തിൽ തള്ളിപ്പറയലിൻെറ (Denouncement) രോഷവും അടങ്ങിയിട്ടുണ്ട്. അധികാര ദുർവിനിയോഗവും, സ്വജനപക്ഷപാതവും, ഹവാല പണവും നാടുമുടിക്കുമ്പോൾ അതിൻെറ ഏജൻറുമാരെ അസ്വസ്ഥരാക്കുന്ന വിധത്തിൽ സുവിശേഷം ഘോഷിക്കപ്പെടണം. നന്മ ചെയ്തു കൊണ്ട് ജീവിച്ച യേശു തൻെറ കാലത്തെ തിന്മയുടെ ഏജൻറുമാരെ വെള്ളതേച്ച ശവക്കല്ലറകളെന്നാണ് സംബോധന ചെയ്തത്. അവർക്കെതിരെ 'അയ്യോ കഷ്ടം' പ്രസംഗിക്കുവാനും യേശു മറന്നില്ല. ഈ മാതൃക ഇന്നത്തെ കാലത്തും പ്രസക്തമാണ്.

? അതിനൊരു രാഷ്ട്രീയ ചുവയില്ലേ?

• ഉണ്ട്, ഞാൻ വിഭാവനം ചെയ്യുന്ന 'രക്ഷയ്ക്ക്' ഒരു രാഷ്ട്രീയ മാനം ഉണ്ട്. രാഷ്ട്രീയമില്ലാതെ ജീവിക്കുന്നത് ശ്വാസോച്ഛ്വാസം ചെയ്യാതെ ജീവിക്കുവാൻ ശ്രമിക്കുന്നതുപോലെയാണ്. പുതിയ നിയമത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയുമാകുന്ന വിശുദ്ധ നഗരത്തിനു മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന പദം 'പോളിസ്' എന്നാണ്. 'പൊളിറ്റിക്കൽ' വാക്ക് ഗ്രീക്ക് പദത്തിൽ നിന്നുത്ഭവിച്ചതാണ്. അതായത്, നാം വിഭാവനം ചെയ്യുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും തീർച്ചയായും ഒരു രാഷ്ട്രീയ മാനം ഉണ്ട്.

? 'വിവാഹമോചനം അനുവദിക്കണം' എന്നു ഹൈക്കോടതിയിൽ ഈയിടെ നടന്ന ഒരു സമ്മേളനത്തിൽ അങ്ങ് പ്രസംഗിച്ചതായി കേട്ടു. ഇത് സഭയുടെ പഠിപ്പിക്കലുകൾക്ക് വിരുദ്ധമല്ലേ?

• വിവാഹജീവിതത്തിൽ ഭാര്യാഭർത്താക്കന്മാരെ ബന്ധിപ്പിക്കുന്നത് സ്നേഹമാണ്. സ്നേഹം ഇല്ലാത്തിടത്ത്, അവർ മതത്തിൻേറയും സമൂഹത്തിൻേറയും നിർബന്ധത്തിനു വഴങ്ങി ഒന്നിച്ചു ജീവിക്കണമെന്നു പറയുന്നതിൽ അപാകതകളുണ്ട്. ഇപ്പറഞ്ഞതുകൊണ്ട് ഷർട്ട് മാറുന്ന ലാഘവത്തോടെ വിവാഹമോചനമാകാമെന്ന് അർത്ഥമാകുന്നില്ല. വിവാഹബന്ധത്തിനു പരിശുദ്ധിയുണ്ട്. അത് സംരക്ഷിക്കപ്പെടണം. വിവാഹമോചനം അരുത് എന്ന സഭയുടെ പഠിപ്പിക്കൽ മാറ്റം വരാൻ പാടില്ലാത്ത കല്പനയല്ല. സ്നേഹത്തിലധിഷ്ഠിതമായ സുസ്ഥിരമായ വിവാഹമാണ് മാതൃകാപരമായത് എന്നാണ് സഭ പറയാൻ ശ്രമിക്കുന്നത്. സ്നേഹം നശിക്കുമ്പോൾ, ഭാര്യാഭർത്താക്കന്മാരെ തിരികെ സ്നേഹത്തിൻെറ പാതയിൽ കൊണ്ടുവരാൻ സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വത്തിൽ തോല്ക്കുമ്പോൾ നരകതുല്യമായ ജീവിതം നയിക്കുവാൻ സഭ അവരെ തള്ളിവിടരുത്. അത് അവർക്കും അവരുടെ

മക്കൾക്കും സമൂഹത്തിനും നല്ലതല്ലല്ലോ.

? നമ്മുടെ ജനത പല തരത്തിലുള്ള മലിനീകരണ ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഔദാര്യവൽക്കരണത്തിൻേറ ഫലമായി വ്യവസായവൽക്കരിക്കപ്പെടുവാനുള്ള ശ്രമത്തിൻേറ ഭാഗമാണിത്. എന്താണ് അങ്ങയുടെ പ്രതികരണം?

• അടിമത്തത്തിൽ നിന്നുള്ള വിടുതലാണ് വികസനം. മനുഷ്യനെ മനുഷ്യനായി വളരുവാൻ അനുവദിക്കുന്ന വ്യവസ്ഥിതിയിലേയ്ക്കുള്ള വളർച്ചയാണ് വികസനം. വികസനം ആത്യന്തിക വിശകലനത്തിൽ ജനപങ്കാളിത്തമാണ്. ആസൂത്രണത്തിൽ ജനങ്ങളുടെ പങ്കാളിത്തം വേണം. സമ്പന്ന രാഷ്ട്രങ്ങൾ പറയുന്നത്, ഏതു തരം വികസനമാണ് നിങ്ങൾക്ക് വേണ്ടതെന്നു ഞങ്ങൾ തീരുമാനിച്ചു കൊള്ളാമെന്നാണ്. വികസ്വര രാജ്യങ്ങളിലെ ഭരണാധികാരികളും അങ്ങനെ പറയുന്നു. ഇന്ത്യയിൽ ഔദാര്യവല്ക്കരണത്തിൻേറ വേലിയേറ്റത്തിൽ ജനപങ്കാളിത്തം നഷ്ടമായിക്കൊണ്ടിരിക്കുന്നു. എല്ലാ തലത്തിലും വികേന്ദ്രീകരണത്തിൻേറതായ ഒരു ദർശനം വേരോടണം. വികസനവും വികേന്ദ്രീകരണവും പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. ഏതു തരത്തിലുള്ള വികസനം വേണമെന്നു തീരുമാനിക്കുവാൻ ജനങ്ങൾക്കായിരിക്കണം അവകാശം. മനുഷ്യൻേറ നിലനില്പിനെ ഭീഷണിപ്പെടുത്തുന്ന സകല വികസന പദ്ധതികളും ചോദ്യം ചെയ്യപ്പെടണം. ലാഭം കൊയ്തെടുക്കാൻ വേണ്ടി, മാനവരാശിയുടെ ഭാവി ദുരിതപൂർണമാക്കുവാൻ ആരേയും അനുവദിച്ചുകൂടാ.

? മറ്റ് ക്രൈസ്തവ സഭകളോ മറ്റ് സഭാ മേലധ്യക്ഷന്മാരോ അങ്ങയുടെ അഭിപ്രായങ്ങളോട് യോജിക്കുന്നില്ലല്ലോ?

• പണ്ട് സഭ മനുഷ്യർക്ക് ദൈവത്തെ കാട്ടിക്കൊടുത്തിരുന്നത് വെള്ളപ്പൊക്കം, പകർച്ചവ്യാധി, ഭൂകമ്പം തുടങ്ങി മനുഷ്യന് പരിഹരിക്കാൻ സാധിക്കാത്ത പ്രശ്നങ്ങളിലൂടെയായിരുന്നു. എന്നാൽ, പ്രകൃതിയിലെ രഹസ്യങ്ങളെ അനാവരണം ചെയ്യാൻ കഴിവു ലഭിച്ച മനുഷ്യൻ ഈ പ്രശ്നങ്ങളെ പഹിഹരിക്കുവാൻ തുടങ്ങിയിരിക്കുന്നു. ദൈവത്തെ ഇനിയും കയ്യെത്താത്ത ദൂരത്ത് പ്രതിഷ്ഠിക്കാനാണ് ഇപ്പോഴും സഭയുടെ ഭാവം. ഇതൊരു നഷ്ടക്കച്ചവടമാണെന്നാണ് എൻേറ അഭിപ്രായം. മനുഷ്യരുടെ പ്രായ പരിപാകതയെ സഭ അംഗീകരിക്കണം. അവരെ ഇനിയും ശിശുക്കളായി കാണരുത്. എന്തിലും ഏതിലുമുള്ള സഭയുടെ രക്ഷാകർത്തൃ മനോഭാവം കൈവെടിഞ്ഞേ മതിയാകൂ. ഇവിടെയാണ് അഭിപ്രായ സംഘർഷം. പക്ഷേ, അത് ആശാവഹമായ ഒരു സംഘർഷമാണെന്നു തോന്നുന്നു.

1996 ഏപ്രിൽ

# 'ബന്ദിതനായ രാജകുമാരൻ'

പി.എൻ. ബഞ്ചമിൻ, ഫിലിപ്പ് മാത്യു

? യേശുവിൻെറ ജനനത്തിൻെറ ഓർമ്മ പുതുക്കുന്ന പരമ്പരാഗത ക്രിസ്തുമസ് ആഘോഷങ്ങൾ, ആ സംഭവത്തിൻെറ ഉൾക്കാമ്പായവിമോചനനാംശത്തെ മറച്ചുവെയ്ക്കുന്ന, ഒരു മുതലാളിത്ത അപഭ്രംശത്തിലൂടെ, ഒരു അനുഷ്ഠാനം ആയി തീർന്നിട്ടില്ലേ?

• എന്നെ സംബന്ധിച്ചിടത്തോളം, ദൈവത്തിൻെറ വിമോചക പ്രവർത്തനത്തിൻെറ ആഘോഷമാണ് ക്രിസ്തുമസ്സ്. സുവിശേഷങ്ങളിൽ, യേശുവിൻെറ ജനനം സംബന്ധിച്ച വിവരണങ്ങളുടെ ശക്തി കുടികൊള്ളുന്നത്. ആ സംഭവത്തെ യേശുവിൻെറ ജീവിതത്തിൻെറ അവസാനഘട്ടവുമായി ബന്ധിച്ചുള്ള വ്യക്തമായ വിവരണങ്ങളിലാണ്. ഇക്കാരണത്താൽ, യേശുവിൻെറ ജനനത്തെ സംബന്ധിച്ച സുവിശേഷ ഭാഗങ്ങളുടെ വ്യാഖ്യാനത്തിൽ നിന്നും, ഒരുവൻ സുവിശേഷത്തെ ആകമാനം എങ്ങനെ വ്യാഖ്യാനിക്കുന്നുവെന്നത് സംബന്ധിച്ച സൂചനകൾ ലഭിക്കുന്നു. അഥവാ. ഒരുവൻെറ ക്രിസ്തുമസ് ആഘോഷത്തിൻെറ സ്വഭാവം ക്രിസ്തീയതയെപ്പറ്റിയുള്ള അവൻെറ ദർശനം വെളിപ്പെടുത്തുന്നു.

ദൈവത്തിൻെറയും ദൈവസ്നേഹത്തിൻെറയും സാന്നിദ്ധ്യം നമ്മെ അനുസ്മരിപ്പിക്കുന്ന ക്രിസ്തുമസ്, യഥാർത്ഥത്തിൽ ചരിത്രത്തിലെ ദൈവത്തിൻെറ ഇടപെടലിൻെറയും മർദിതരുമായുള്ള ഏകീഭാവത്തിൻെറയും വെളിപാടാണ്. മറിയയുടെയും (ലൂക്കൊസ് 1:46 - 55) സഖര്യാവിൻെറയും (ലൂക്കൊസ് 1:68 -79) ശിമ്യോൻേറയും (ലൂക്കൊ 2:29 - 35) ഗാനങ്ങൾ വ്യക്തമാക്കുന്നത് നിലവിലിരിക്കുന്ന സാമൂഹ്യക്രമത്തിൻെറ തകിടം മറിച്ചിലും പരമമായി ലോകത്തിൻേറ പരിവർത്തനവുമാണ് ദൈവത്തിൻെറ പ്രവർത്തനം എന്നതാണ്. മർദ്ദിതരോട് പക്ഷം ചേർന്ന്, അന്യവത്കരിക്കപ്പെട്ട ജനതയിലൂടെ ലോകത്തെ വിമോചിപ്പിക്കുന്നതിനായുള്ള ദൈവത്തിൻെറ നിശ്ചയദാർഢ്യവും ഈ ഗാനങ്ങളിൽ നമുക്ക് ദർശിക്കുവാൻ സാധിക്കും. ഈ ദർശനം, പരമ്പരാഗത സഭാരൂപങ്ങൾക്ക് തങ്ങളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്നതായി തോന്നിയേക്കാം. മർദ്ദിതരെ സംബന്ധിച്ചിടത്തോളം ഇതൊരു സുവാർത്തയാണ്.

സഭകളിലും പുറത്തും ക്രിസ്തുമസ് അനുഷ്ഠാനമായി അധഃപതിച്ചിരിക്കുന്നുവെന്ന സത്യം ഞാനും അംഗീകരിക്കുന്നു. അതിൻെറ വിമോചക മൂല്യത്തിന് തേയ്മാനം സംഭവിച്ചിരിക്കുന്നു. പകരം ഇന്ന് ക്രിസ്തുമസ് ഒരു ഉത്സവകാലമാണ്. വ്യക്തികളും സംഘടനകളും മുൻകൂട്ടി ആഘോഷങ്ങൾ ക്രമീകരിക്കുന്നു. പ്രത്യേക വസ്ത്രങ്ങൾ

അണിയുന്നു. വീടുകൾ മനോഹരമായി അലങ്കരിക്കുന്നു. സമ്മാനങ്ങൾ കൈമാറുന്നു. യുദ്ധങ്ങൾക്കൊരു താൽക്കാലിക വെടിനിർത്തലും പ്രഖ്യാപിക്കപ്പെടുന്നു. ഉത്സവകാലം കഴിയുമ്പോൾ സമ്മാനങ്ങൾ തരംതിരിച്ച് അനുയോജ്യമായ സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്നു. അലങ്കാരങ്ങൾ മാറ്റുന്നു. യുദ്ധം വീണ്ടും ആരംഭിക്കുന്നു. ഏതായാലും സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും വേണ്ടി സമ്മാനങ്ങൾ അന്വേഷിക്കുന്നത് താൽക്കാലികമായെങ്കിലും അവസാനിക്കുന്നത് ഒരു ആശ്വാസമാണ്.

സഭയുടെ ക്രിസ്തുമസ് ആഘോഷങ്ങൾ ഉണ്ണിയേശുവിൽ കേന്ദ്രീകൃതമാണ്. ഉണ്ണി യേശുവിനോടുള്ള നമ്മുടെ അത്യധികമായ ആകർഷണം മനുഷ്യൻെറ ഉദാത്തമായ അവസ്ഥക്ക് മങ്ങലേൽപ്പിക്കുന്നതിന് ഇടയാക്കുന്നു. യഥാർത്ഥത്തിൽ കീറ്റുശീലയും പുൽതൊട്ടിയും, വേർപാടിൻെറയും ദാരിദ്ര്യത്തിൻെറയും മർദ്ദനത്തിൻെറയും ഇല്ലായ്മയുടെയും പ്രതീകമാണ്. ഉണ്ണിയേശുവിനോടുള്ള നമ്മുടെ അത്യഗാധമായ സ്നേഹം യഥാർത്ഥത്തിൽ നമ്മെപ്പറ്റി തന്നെയുള്ള പല കാര്യങ്ങളും പറയുന്നുണ്ട്. ക്രിസ്തീയ വെളിപാടിൻെറ അറിവിൽ നാം അധികം വളർന്നിട്ടില്ല എന്നതിൻെറ തെളിവാണ് ശിശുവിൽ കേന്ദ്രീകൃതമായ നമ്മുടെ ആരാധന. നമ്മുടെ പ്രത്യാശ പുൽകൂട്ടിലെ ഉണ്ണിയേശുവിൽ മാത്രം ഒതുങ്ങാതെ ക്രൂശിലെ യേശു എന്ന മനുഷ്യനിലേക്ക് വളരേണ്ടിയിരിക്കുന്നു. നാം അധിവസിക്കുന്ന കാലഘട്ടത്തിലെ മനുഷ്യരാശി നേരിടുന്ന നിസ്സഹായാവസ്ഥയിൽ, യേശു അർത്ഥരഹിതനാണെങ്കിൽ, ലോകത്തിന് കുളിർമ്മ പകരുവാൻ പര്യാപ്തമായ മറ്റേതെങ്കിലും പ്രസ്ഥാനങ്ങളുടെ അനുയായികളാവുകയാണ് നമ്മെ സംബന്ധിച്ചിടത്തോളം നല്ലത്. നിരവധി ക്രൈസ്തവർ വളരെ നേരത്തെ സ്വീകരിച്ച ഒരു നിലപാടാണിത്.

? ഭാരതത്തിലെ ക്രിസ്തീയതയ്ക്ക്, വിശിഷ്യാ തോമ്മാശ്ലീഹായുടെ പാരമ്പര്യം അഭിമാനിക്കുന്ന ക്രിസ്തീയതയ്ക്ക്, അതിൻെറ ജന്മനാട്ടിൽ ഉള്ള അത്രതന്നെ പാരമ്പര്യം അവകാശപ്പെടാവുന്നതാണ്. ഇവിടെ ക്രിസ്തു തൻെറ സഭയിലൂടെ ഈ രാജ്യത്ത് സന്നിഹിതനും പ്രവർത്തന നിരതനും ആയിരുന്നുവെങ്കിൽ, മൗലികമായ മനുഷ്യാവകാശങ്ങൾ നിരന്തരം സഭക്കുള്ളിൽ ധ്വംസിക്കപ്പെടുന്നതിന് കാരണം എന്താണ്? സത്യസന്ധമായ ഒരു മറുപടി നല്കുവാൻ അങ്ങയ്ക്കു സാധിക്കുമോ?

• നിങ്ങളുടെ ആരോപണത്തെ ഞാൻ നിഷേധിക്കുന്നില്ല. പോയ കാലങ്ങളിൽ, ഭാരതത്തിലെ സഭ, കാര്യമായ വിമോചന ദൗത്യം നിർവ്വഹിച്ചിരുന്നില്ല, ഭാരതീയ സഭ, മത ന്യൂനപക്ഷബോധം ഉണർത്തുന്ന ചിന്തകളിൽ മുഴുകി തങ്ങളുടെ താരതമ്യേന കുറവായ അവകാശങ്ങളെപ്പറ്റിയും സ്ഥാനത്തെപ്പറ്റിയും ഓർത്ത് വ്യാകുലചിത്തരായി കഴിയുകയാണ് എന്ന സത്യം ഞാൻ തുറന്നു സമ്മതിക്കുന്നു. തങ്ങൾ ന്യൂനപക്ഷമെന്നതിൽ ക്രൈസ്തവർ ഭീതിതരാണ്. ഒരു ന്യൂനപക്ഷ വിഭാഗം

എന്ന നിലയ്ക്ക്, രാഷ്ട്രത്തിൻെറ പൊതു കാര്യങ്ങൾ നമുക്ക് താത്പര്യമില്ല. നമ്മുടെ കാലഘട്ടത്തിലെ രാഷ്ട്രീയ സാമൂഹ്യ, സാമ്പത്തിക സമരങ്ങളിൽ പങ്കാളിയാകുന്നതിൽ നിന്നും ഭയം നമ്മെ പിന്തിരിപ്പിക്കുന്നു. സാമൂഹ്യ നീതിക്കുവേണ്ടി പോരാടുന്നവരോടൊത്ത് കൈകോർത്തു പിടിച്ച് പോരാടേണ്ട ഉത്തരവാദിത്തത്തെപ്പറ്റി നാം കാര്യമായി ചിന്തിച്ചിട്ടേയില്ല. ഭൗമികമായ ബാബിലോൺ ഉപേക്ഷിച്ച് സ്വർഗ്ഗീയ യറുസലേം പ്രാപിക്കുന്നതിനുള്ള തത്രപ്പാടിലാണല്ലോ നാം എല്ലാവരും. അതേ സമയം നമ്മുടെ സ്വർഗ്ഗീയ താൽപര്യങ്ങൾക്ക് കോട്ടം സംഭവിക്കും എന്ന് നമുക്ക് തോന്നിയാൽ രാഷ്ട്രീയ രംഗത്ത് വരുവാൻ നാം മടിക്കാറില്ല. 1959 ൽ കേരളത്തിൽ നടന്ന വിമോചന സമരം ഓർമ്മിക്കുമല്ലോ?

ന്യൂനപക്ഷബോധം ഒരർത്ഥത്തിൽ ഇവിടത്തെ ക്രൈസ്തവരെ വളരെയധികം അസ്വസ്ഥരാക്കിയിരിക്കയാണ്. അതിൻെറ ഫലമായി ഭാരതീയ സഭ ഇന്ന് ഏറ്റവും അധികം ശ്രദ്ധ ചെലുത്തുന്നത് തങ്ങളുടെ അവകാശങ്ങളും അംഗീകാരവും സംരക്ഷിക്കുന്നതിനായുള്ള ശ്രമത്തിലാണ്. ഇവിടെ നാം ഒരു വസ്തുത അറിഞ്ഞിരിക്കേണ്ടതുണ്ട്. അക്രൈസ്തവ രാജ്യങ്ങളിലെ സഭകൾക്കും മതേതര പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്ന നിരീശ്വരൻ എന്ന് മുദ്രകുത്തപ്പെട്ടിരിക്കുന്ന രാജ്യങ്ങളിലെ സഭകൾക്കും എന്തിനധികം ക്രൈസ്തവ രാജ്യങ്ങൾ എന്നഭിമാനിക്കുന്ന രാഷ്ട്രങ്ങളിലെ സഭകൾക്കും ദിവസംതോറും അവകാശങ്ങളും സ്ഥാനങ്ങളും അംഗീകാരവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവകാശങ്ങൾ നഷ്ടപ്പെടുന്ന സഭ ആധുനിക മതേതരയുഗത്തിൽ ഒരു വസ്തു നിഷ്ഠയാഥാർത്ഥ്യമാണ്. അഥവാ, ലോകമെമ്പാടും സഭ ഇന്ന് സ്ഥാനമാനങ്ങൾ നഷ്ടപ്പെട്ട അവസ്ഥയിലാണ്. ഈ പശ്ചാത്തലത്തിൽ, മനുഷ്യരാശിയുടെ ആകമാനമായ അവകാശങ്ങൾക്കും മാന്യതക്കും വേണ്ടി നില കൊള്ളാതെ തങ്ങളുടെ സ്വന്തം സ്വാധീന ശക്തിക്കും അംഗീകാരത്തിനും വേണ്ടി സഭ വാദിക്കുന്നത് ദുഃഖകരമാണ്. യേശുവിൻെറ സഭയെ അവഹേളിക്കുകയാണ്.

സഭയ്ക്കു നേരിടുന്ന നഷ്ടങ്ങൾ ഒരു മതിലിന്മേലുണ്ടാകുന്ന വിള്ളലുകളായി കണ്ട് അവയെ ശക്തിമത്താക്കണം എന്ന ധാരണ അടിസ്ഥാനപരമായി തെറ്റാണ്. പ്രത്യുത സഭയുടെ സ്വയം കേന്ദ്രീകൃത ഭിത്തികളിൽ വിള്ളലുകൾ ഉണ്ടാക്കിയ മതേതര ലോകത്തെ നാം കൃതജ്ഞതാപൂർവ്വം വീക്ഷിക്കുകയാണ് വേണ്ടത്. സമൂഹത്തിലുള്ള സുരക്ഷിതത്വത്തിൻെറ അടിസ്ഥാനത്തിൽ സഭ നിലനില്ക്കുകയോ നശിക്കുകയോ ഇല്ല. സംഖ്യാബലത്തിലോ, സ്ഥാപനങ്ങളുടെ എണ്ണത്തിലോ, ബാങ്ക് നിക്ഷേപങ്ങളിലോ, ധനത്തിലോ അല്ല സഭ ജീവിക്കുന്നത്. സമൂഹത്തിൻെറ ഔദാര്യത്തിലോ കാരുണ്യത്തിലോ അല്ല സഭയുടെ ജീവൻ കുടികൊള്ളുന്നത്. യഥാർത്ഥത്തിൽ സഭയുടെ ശക്തി അതിൻെറ ദൗർബല്യാവസ്ഥയിലാണ്. എങ്കിൽ മാത്രമേ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സുവിശേഷത്തിലെ സത്യത്തെപ്പറ്റിയുള്ള വിശ്വാസ

ത്തിലും ജീവിക്കുന്നതിലൂടെ ക്രൂശിൻെറ പാത പിന്തുടരുന്നതിന്, സ്നേഹത്തിൻേറയും കരുണയുടേയും ത്യാഗത്തിൻേറയും മരണത്തിൻേറയും ഉയർപ്പിൻേറയും പാതയിൽ പോരാടുന്നതിന് സഭ പ്രചോദിതയാവുകയുള്ളൂ.

? ഭാരതത്തിലെ ക്രിസ്തീയ സമൂഹം -പുരാതനവും ആധുനികവും, ഓർത്തഡോക്സ് വിഭാഗങ്ങളും പ്രൊട്ടസ്റ്റൻറ് വിഭാഗങ്ങളും - അവയുടെ മദ്ധ്യത്തിൽ വസിക്കുന്ന മർദ്ദിതരുടെ വിമോചനം ഒരു ആവശ്യകതയായി മനസ്സിലാക്കിയില്ലെന്നു മാത്രമല്ല, ചൂഷക - മർദ്ദക ഘടനകൾക്കു തുല്ല്യമായ ഘടനകളെ നിർമ്മിക്കുകയാണ് ചെയ്യുന്നതെന്ന് പറഞ്ഞാൽ അങ്ങ് യോജിക്കുമോ?

• ഉവ്വ്. നിരവധി സാമൂഹ്യ സേവന പദ്ധതികളും ധർമ്മ സ്ഥാപനങ്ങളും ഉള്ള ഭാരതീയ സഭ തങ്ങൾ ശരിയായി കടമകൾ നിർവ്വഹിക്കുന്നുവെന്ന സ്വയം സംതൃപ്തിയിൽ മുഴുകിയിരിക്കുകയാണ്. എന്നാൽ ദൈവത്തിൻെറ ജനത എന്ന വിശാല അർത്ഥത്തിലുള്ള സഭ വിശക്കുന്നവരുടേയും ആവശ്യത്തിലിരിക്കുന്നവരുടേയും ദരിദ്രരുടേയും മർദ്ദിതരുടേയും സമഗ്രമായ ക്ഷേമവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സഭയെപ്പറ്റിയുള്ള വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ സങ്കല്പങ്ങളെക്കുറിച്ചുള്ള ഒരു പുത്തൻ അറിവോടു കൂടെ ഈ ദുരിതപൂർണ്ണമായ ലോകത്തിൻെറ മൂല്യങ്ങളേയും മുൻഗണനകളേയും പരിവർത്തന വിധേയമാക്കുന്നതിനായുള്ള ശ്രമങ്ങളിൽ മുന്നണി പടയാളികൾ ആകുന്നതിൽ കുറഞ്ഞ ഒരു ദൗത്യംകൊണ്ട് നമുക്ക് തൃപ്തിപ്പെടുവാൻ സാദ്ധ്യമല്ല. ഈ പ്രശ്നങ്ങളോട് നാം പ്രതികരിക്കുമ്പോൾ, നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്ന അനീതിയുടെ തായ്വേരുകളായ ഘടനകളുടെ മുമ്പിൽ നിശബ്ദരായി നിലകൊള്ളുന്നതിന് സഭയെ സഹായിച്ച വേദപുസ്തകപരവും ദൈവശാസ്ത്രപരവുമായ സങ്കല്പങ്ങളെയും നാം ചോദ്യം ചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമേ, ദാരിദ്ര്യത്തിൻെറയും കഷ്ടതയുടെയും ബന്ധനത്തിൻെറയും പോഷകാഹാരക്കുറവിൻെറയും ഇരകളെ ശുശ്രൂഷിക്കുമ്പോൾതന്നെ തായ്വേരുകളെ ആക്രമിക്കുന്ന പ്രവർത്തനത്തിൽ സഭക്ക് സ്വതന്ത്രമായി പങ്കെടുക്കുവാൻ സാധിക്കൂ.

ദൈവ സ്നേഹത്തിൻെറ പങ്കാളിത്തം ശരിയായും സൂക്ഷ്മമായും നിരീക്ഷിക്കുന്നതിനാണ് നമ്മൾ ആശുപത്രികളും വിദ്യാലയങ്ങളും അഗതി മന്ദിരങ്ങളും നടത്തുന്നത് എന്നാണ് സഭയുടെ വാദം. എന്നാൽ, ഇത്തരം സ്ഥാപനങ്ങൾ, മരണത്തിൻെറ ശക്തികൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാകുന്നതിനും നിലനില്ക്കുന്നതിനും കാരണഭൂതമായ സംവിധാനത്തെ ഉടച്ചുവാർക്കുന്നതിനാവശ്യമായ ശക്തി സംഭരിക്കുവാൻ ദരിദ്രരെ സഹായിക്കുന്നുവോ എന്ന ചോദ്യം നിരന്തരം ഉന്നയിക്കേണ്ടതുണ്ട്. വേദപുസ്തകത്തിലെ ഒരു പ്രതിരൂപത്തിൻെറ സഹായത്തോടെ പറഞ്ഞാൽ,

ഒരു പാത്രം തണുത്ത ജലം നല്കുക എന്ന അടിയന്തിര ആവശ്യം മാത്രം നാം കണക്കിലെടുത്താൽ പോരാ; പ്രത്യുത, ആ പ്രവൃത്തിയുടെ പരിണിത ഫലങ്ങൾ ആ ജലം കുടിക്കുന്ന വ്യക്തി ശക്തിപ്രാപിക്കുന്നുവോ അതോ അയാൾക്ക് ദാഹം ഉണ്ടാക്കുന്ന ക്രമങ്ങളെ ബലപ്പെടുത്തുന്നതു വഴി അയാളെ തളർത്തുകയാണോ - എന്നു കൂടി കണക്കിലെടുക്കണം. ഞാൻ തെറ്റിദ്ധരിക്കപ്പെടരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. തണുത്ത ജലം നല്കുന്ന പ്രവൃത്തി അർത്ഥശൂന്യമാണെന്നല്ല ഞാൻ പറയുന്നത്. ആർച്ച് ബിഷപ്പ് ഹെൽഡർ കാമറ പറഞ്ഞതുപോലെ: 'ഇവർ (താത്ക്കാലികമായി വിശ്രമം ആവശ്യമായ സൈനികർ) എൻെറ മുറിവേറ്റ പടയാളികളാണ്. യുദ്ധ ഭൂമിയിൽ മുറിവേറ്റ ഭടനെക്കൊണ്ട് നിങ്ങൾക്ക് എന്തു ചെയ്യുവാൻ സാധിക്കും? അയാൾക്ക് യുദ്ധം ചെയ്യുവാൻ കഴിയില്ല. നിങ്ങൾ അയാളെ നിങ്ങളുടെ ചുമലിൽ വഹിച്ചു കൊണ്ട് അവനെ കരുതണം. അപ്പോഴും യുദ്ധം തുടരുകയായിരിക്കും.'

? സഭ - കൗൺസിലും സുന്നഹദോസും - അതിനുള്ളിലെ മാർക്സിസ്റ്റ് ക്രിസ്ത്യൻ സമ്പർക്കത്തെ ആദ്യമൊക്കെ അവഗണിക്കുകയും ഇപ്പോൾ എതിർക്കുവാനും, ഒതുക്കുവാനും, അതിജീവിക്കുവാനും ശ്രമിക്കുകയും ചെയ്യുന്നു എന്നത് ശരിയല്ലേ?

• അല്ല. സത്യത്തിൽ നേരെ തിരിച്ചാണ് നടക്കുന്നത്. സഭ ആദ്യം മാർക്സിസത്തെ ആക്രമിച്ചു. ഇപ്പോൾ അവഗണിക്കുന്നു. ജനങ്ങൾ മാർക്സിസത്തെ പുണരുന്നതിൽ നിന്നും തടയുന്നതിനായി കമ്മ്യൂണിസ്റ്റ് ബോഗിയെയും അജ്ഞരായ ജനങ്ങളുടെ കമ്മ്യൂണിസത്തോടുള്ള വീരക്തിയെയും സഭ ചൂഷണം ചെയ്ത നിരവധി സംഭവങ്ങൾ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. മാർക്സിസത്തെ അമാനുഷികവും, പൂർണ്ണമായും വികലമായതും, ഏതാണ്ട് പൈശാചികവും എന്ന രീതിയിൽ വിവരിക്കുന്നതിന് സഭ എന്നും ശ്രമിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, പോയനാളുകളിൽ അടിസ്ഥാനപരമായി അവിശ്വസ്തൻ, ഉത്തരവാദിത്ത ബോധമില്ലാത്തവൻ, അധാർമ്മികൻ എന്നീ നിലയിലാണ് സഭ ഒരു മാർക്സിസ്റ്റിനെ വീക്ഷിച്ചിരുന്നത്. ഫലമോ മാർക്സിസം അവിശുദ്ധവും ധാർമിക സീമകൾ ലംഘിക്കുന്നതും എന്നതിനാൽ അതർഹിക്കുന്ന അവജ്ഞയോടെ എതിർക്കപ്പെടേണ്ടതാണ് എന്ന ഒരു ചിന്ത പ്രബലപ്പെട്ടിരുന്നു. കമ്മ്യൂണിസ്റ്റ് ആഭിമുഖ്യത്തിൻെറ പേരിൽ കൂദാശകളും എന്തിനധികം മാന്യമായ ശവസംസ്ക്കാരം പോലും നിഷേധിക്കപ്പെട്ട നിരവധി സംഭവങ്ങൾ സഭാചരിത്രത്തിലുണ്ട്. എന്നാൽ, ഈ സംഭവം സഭ ഇന്നും പുലർത്തുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല. മാർക്സിസ്റ്റുകളുമായി ഒരു വിമർശനാത്മകമായ ഐക്യത പുലർത്തുന്നതിൽ തെറ്റില്ല എന്നു കരുതുന്ന ക്രൈസ്തവരുടെ സംഖ്യ വർദ്ധിച്ചു വരികയാണ്. സഭ, ശക്തിഹീനർക്കെതിരെയുള്ള മർദ്ദകരുടെ ആക്രമണങ്ങളെ പിന്തുടരുന്നതിന് ക്രൈസ്തവ വിശ്വാസത്തെ ഉപയോഗിച്ചപ്പോൾ, സമൂഹത്തിൽ വിമോചനത്തിൻെറ ഉണർത്തു പാട്ട് പാടിയിരുന്നത് മാർക്സിസ്റ്റുകൾ ആയിരു

ന്നുവെന്നു മനസ്സിലാക്കിയവരാണ് ഇവർ. ഒരുപക്ഷേ ഇത്തരം പുരോഗമന സ്വഭാവമുള്ള ജനങ്ങളെ തൃപ്തിപ്പെടുത്തുവാനായിരിക്കാം സഭ ഇന്ന് മാർക്സിസ്റ്റുമായി നേരിട്ടൊരു യുദ്ധത്തിന് ഒരുമ്പെടുന്നില്ല. അവഗണിക്കുവാനാവാത്ത ഒരു ശക്തിയായി മാർക്സിസത്തെ സഭ ഇന്ന് അംഗീകരിക്കുന്നതിനാലാണ് സന്തുഷ്ടിയില്ലാത്ത സഹവർത്തിത്വം എന്ന നയം സ്വീകരിച്ചിരിക്കുന്നത്.

? വർത്തമാനകാല സമസ്യകളുടെ വെളിച്ചത്തിൽ, സുവിശേഷത്തിലെ വിമോചക ധാരകൾ കണ്ടെത്തുന്നതിനും സഭയുടേയും രാഷ്ട്രത്തിൻേറയും ജീവിതത്തിൽ അവ ഗണ്യമായ സ്വാധീനം ചെലുത്തുന്നതിനും സഭ എന്തു ചെയ്യേണ്ടിയിരിക്കുന്നു?

? മരണത്തിൻെറ ശക്തികൾ ആധിപത്യം അരുളുന്ന ഒരു രാഷ്ട്രത്തിൽ സമൃദ്ധിയായ ജീവൻെറ സുവിശേഷം പ്രഘോഷിക്കുന്നതിനാണ് ഭാരത സഭ വിളിക്കപ്പെട്ടിരിക്കുന്നത്. അനീതിയും, മർദ്ദനവും, പട്ടിണിയും ഒക്കെ നിലനില്ക്കുന്ന ഈ സമൂഹത്തിൽ സമൃദ്ധിയായ ജീവൻെറ സുവിശേഷം പ്രഘോഷിക്കണമെങ്കിൽ നീതിനിഷ്ഠമായ ഒരു സമൂഹത്തിനും മനുഷ്യരാശിയുടെ സമഗ്രമായ വിവേചനത്തിനുമായുള്ള ഒരു തീവ്രമായ പ്രതിജ്ഞാബദ്ധത അനിവാര്യമാണ്. പൈശാചികമായ രാഷ്ട്രീയ സാമ്പത്തിക ശക്തികളുടെ ബന്ധത്തിൽനിന്നുമുള്ള ജനങ്ങളുടെ ഭൗതികമായ സ്വാതന്ത്ര്യത്തെ വിസ്മരിച്ചു കൊണ്ട് പാപത്തിൻെറ ബന്ധനത്തിൽ നിന്നുമുള്ള ആത്മീയവിടുതലിനെപ്പറ്റി മാത്രം പറയുന്നത് ശരിയല്ല. അതുകൊണ്ട്, ഭാരത സഭ അതിൻെറ വിളിയോട് വിശ്വസ്തത പുലർത്തുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ അതിൻെറ ധനവും, മഹിമയും, സ്വാധീനവും, വിഭവങ്ങളും നഷ്ടമാകുമെന്ന സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് ദാരിദ്രർക്കും മർദ്ദിതർക്കും നീതിയും പൂർണ്ണതയും ലഭ്യമാക്കുന്നതിലൂടെ അവർക്ക് ജീവൻ ഉണ്ടാകുന്നതിനും സമൃദ്ധിയായി വളരുന്നതിനും വേണ്ടി പ്രയത്നിക്കേണ്ടിയിരിക്കുന്നു.

സ്വാതന്ത്ര്യം ഘോഷിക്കുന്ന സുവിശേഷത്തിന് ജനങ്ങളുടെ ചരിത്രപരമായ പോരാട്ടങ്ങളുടെ മുമ്പിൽ നിഷ്പക്ഷമാകുവാനോ നിഷേധാത്മകമാകുവാനോ കഴിയില്ല. ദരിദ്രരോടും നിന്ദിതരോടും സംഘം ചേരുന്നതിന് അത് വഴിമരുന്നിടും. സഭയ്ക്ക്, എപ്പോൾ ദരിദ്രരുടേയും ശക്തിഹീനരുടേയും പക്ഷത്തു നില്ക്കുന്നതിനുള്ള ധൈര്യം നഷ്ടപ്പെടുന്നുവോ, അപ്പോൾ അത് ധനവാന്മാരുടേയും ബലവാന്മാരുടേയുംമതമായി തീരും. തള്ളപ്പെട്ടവരെ സ്നേഹിക്കുന്നതിലൂടെയും രോഗികളെയും വിശക്കുന്നവരെയും ശുശ്രൂഷിക്കുന്നതിലൂടെയുമാണ് തൻെറ വിമോചന പ്രക്രിയ പൂർത്തീകരിക്കുവാൻ ദൈവം നിശ്ചയിച്ചത്. ഇത്തരം സന്ദർഭങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ഒരു നിശബ്ദനായ കാഴ്ചക്കാരൻെറ ഭാഗം അഭിനയിക്കുക സഭയ്ക്ക് സാദ്ധ്യമല്ല. എത്രതന്നെ അപായകരമാണെങ്കിലും ഒരു ശക്തമായ നിലപാട്

സഭ എടുക്കേണ്ടതുണ്ട്. ഇവിടെ സഭയുടെ നിശബ്ദത ഒരു നിഷ്പക്ഷ നിലപാട് അല്ല ; പ്രത്യുത ബലവാന്മാരുമായുള്ള ഒരു സഖ്യത്തെയാണ് സൂചിപ്പിക്കുന്നത്. സുവിശേഷഘോഷണം ഇന്ന് അർത്ഥവത്താകുന്നത് ദരിദ്രരോടും മർദ്ദിതരോടും പൂർണ്ണമായും ഏകീഭാവം പുലർത്തുന്നതിലൂടെയാണ്.

? വിമോചന ദൈവശാസ്ത്രത്തിൻെറ ആധുനിക വിവർത്തനം രൂപം കൊണ്ട ലാറ്റിനമേരിക്കയിൽ മർദ്ദിതനും മർദ്ദകനും റോമൻ കത്തോലിക്കാസഭയിലെ 'ആടു' കളാണല്ലോ. ഭാരതത്തിൽ ക്രൈസ്തവർ ഒരു ചെറിയ ന്യൂനപക്ഷം മാത്രമാണ്. വേദപുസ്തകത്തിൽ അധിഷ്ഠിതമായ വിമോചനം അവർ പ്രഘോഷിച്ചാൽ അതൊരു തിരിച്ചടിയിൽ കലാശിക്കില്ലേ? ഇതിനൊരു പരിഹാരം നിർദ്ദേശിക്കാമോ?

• മർദ്ദിത ജനത ആഗ്രഹിക്കുന്നത് തങ്ങളുടെ മനുഷ്യത്വം അപഹരിക്കുന്ന ശക്തികളിൽ നിന്നുമുള്ള വിമോചനം ആണ്. തങ്ങളുടെ വിമോചനം ഉറപ്പാക്കിയത് വേദപുസ്തകമാണോ ഗീതയാണോ, ഖുറാനാണോ, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയാണോ എന്നത് അവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്.

ഭാരതത്തിലെ ക്രൈസ്തവർ ന്യൂനപക്ഷമാണെന്ന് പറഞ്ഞു. എന്നാൽ ആരാണ് യഥാർത്ഥത്തിൽ ന്യൂനപക്ഷം? നിഘണ്ടുവിൻെറ നാവിലൂടെ പറഞ്ഞാൽ എണ്ണത്തിൽ ചെറിയ സംഘമാണ് ന്യൂനപക്ഷം. എന്നാൽ തിരുവചനം ന്യൂനപക്ഷത്തെ സംബന്ധിച്ച ഒരു പുതിയ ദർശനം നമുക്ക് നല്കുന്നുണ്ട്. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട - മർദ്ദിതരും, ചൂഷിതരും, കഷ്ടപ്പെടുന്നവരും, ശക്തിഹീനരും, ശബ്ദരഹിതരും, ഒക്കെയാണ് യഥാർത്ഥ ന്യൂനപക്ഷം. സംഖ്യയിൽ അവർ ഭൂരിപക്ഷമാണ്. നമ്മുടെ ഇന്നത്തെ സമൂഹം, ഭൂരിപക്ഷം വരുന്ന ദരിദ്ര ജനതയെ വാഴുന്ന ഒരു ചെറിയ ന്യൂനപക്ഷമായ സമ്പന്നവർഗത്തിൻെറ അധീശത്വത്തിലാണ്. തങ്ങളുടെ സ്വകീയ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായുള്ള അദ്ധ്വാനം അവസാനിപ്പിച്ച്, ഭൂരിപക്ഷം വരുന്ന ഈ മർദ്ദിത ജനതയോടൊത്ത് അവരുടെ ജാതിയും വംശവും നോക്കാതെ അവരുടെ വിടുതലിനായുള്ള സമരങ്ങളിൽ പങ്കാളിത്തം വഹിക്കുന്നുവെങ്കിൽ സഭയ്ക്ക് യാതൊരു തിരിച്ചടിയും ഉണ്ടാവാനിടയില്ല.

എന്തായാലും, ജനങ്ങൾക്ക് പാൽ ലഭിച്ചാൽ അവർ സന്തുഷ്ടരാകും. കറുത്ത പശുവിൻെറ പാലാണോ വെളുത്ത പശുവിൻെറ പാലാണോ എന്നതൊന്നും അവർക്കു പ്രശ്നമല്ല. പക്ഷേ പാൽ ദാനം ചെയ്യുന്നതിൽ, ശുദ്ധമല്ലാത്ത ഉദ്ദേശ്യങ്ങളോ, സ്വകീയ താൽപര്യമോ ഉണ്ടെങ്കിൽ, തിരിച്ചടി ഉണ്ടാവാം.

? മർദ്ദനത്തിന് അറുതി വരുത്തുന്നതിനായുള്ള സമരങ്ങളിൽ പുരോഹിതന്മാരുടെ പങ്കാളിത്തം ശരിയാണോ? എങ്കിൽ ഏതു തരം പുരോഹിതർ? അവരെ ഈ ലക്ഷ്യത്തിലേക്ക് സജ്ജമാക്കുന്നത് എന്താണ്?

വേദപുസ്തകമോ മൂലധനമോ? ക്രിസ്തുവോ മാർക്സോ?

• സുവിശേഷ ഘോഷണം ഇന്ന് അർത്ഥപൂർണ്ണമാകണമെങ്കിൽ, ജനങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും പൂവണിയുന്നതിനായുള്ള സമരങ്ങളുമായി അത് ഗാഢമായി ബന്ധപ്പെടേണ്ടതുണ്ട്. വേറൊരർത്ഥത്തിൽ പറഞ്ഞാൽ, സുവിശേഷഘോഷണം നടക്കേണ്ടത് മനുഷ്യൻെറ സാമൂഹ്യ ഐക്യദാർഢ്യത്തിലാണ്. തിന്മയുടെ ശക്തികൾ വാഴുന്ന ഒരു സമൂഹത്തിൽ, പുരോഹിതന്മാരെ സംബന്ധിച്ചിടത്തോളം സുവിശേഷഘോഷണം എല്ലായ്പ്പോഴും കഷ്ടതയും വേദനയും പ്രദാനം ചെയ്യുന്നതാണ്. സമൂഹത്തെപ്പറ്റി കരുതലില്ലാതെ മാനസാന്തരത്തിൻെറ ആവശ്യമില്ലാത്ത ഹല്ലേലുയ്യാ മുഴക്കുന്നവരോടൊത്തു നിന്നാൽ ഈ പ്രശ്നം ഒന്നുമുണ്ടാവില്ല എന്ന വസ്തുതയും ഇവിടെ പറയേണ്ടതുണ്ട്. എന്നാൽ ക്രിസ്തുവിൻെറ ശുശ്രൂഷ തുടരുവാനായുള്ള അവരുടെ വിളിയോട് കാട്ടുന്ന മറുതലിപ്പാണു അത്. മതാത്മകത ഒരു ആഭാസമാക്കി മാറ്റിയ മനുഷ്യരുടെ മുമ്പിൽ സുവിശേഷത്തെ അതിൻെറ എല്ലാ വിമോചന മാനങ്ങളോടും പ്രഘോഷിക്കുകയാണ് വേണ്ടത്. ഈ പ്രവർത്തനത്തിനാവശ്യമായ തന്ത്രങ്ങൾ ആർക്കും നിർണ്ണയിക്കാം: ആരും മറ്റുള്ളവർക്കുവേണ്ടി നിർവ്വചിക്കേണ്ടതില്ല.

? എല്ലാ ക്രൈസ്തവ സഭകളിലും ഉണർവ് സംഘങ്ങളും, യാഥാസ്ഥികരും, അധികാരികളോടും പഴയ തലമുറയോടും ചേർന്ന് വിമോചന ധാരകളെ എതിർക്കുന്നു. ഇവരുടെ മേൽ എങ്ങനെ വിജയം കൈവരിക്കുവാൻ സാധിക്കും? അത് സാദ്ധ്യമല്ലെങ്കിൽ, അവയെ തടഞ്ഞു നിർത്തുവാനോ നിയന്ത്രണ വിധേയമാക്കുവാനോ എങ്ങനെ സാധിക്കും?

• ഇത്തരം സംഘങ്ങൾ എന്തുകൊണ്ട് വിമോചന ദൈവശാസ്ത്രത്തെ എതിർക്കുന്നുവെന്ന് സൂചിപ്പിക്കുകയല്ലാതെ, ഈ ചോദ്യത്തിനൊരുത്തരം നല്കുവാൻ എനിക്ക് അറിയില്ല എന്ന് ആദ്യമേ പറയട്ടെ. ഉണർവ്വുകാരും യാഥാസ്ഥിതികരും വിമോചന ദൈവശാസ്ത്രത്തെ എതിർക്കുന്നതിനുള്ള പ്രധാന കാരണം മാർക്സിസ്റ്റ് സാമൂഹ്യ വിശകലനത്തെ അത് കാര്യമായി എടുക്കുന്നുവെന്നതാണ്. അത് മാർക്സിസ്റ്റ് കേന്ദ്രീകൃതമോ, മാർക്സിസം ഉൾപ്പെടുന്നതോ തുടങ്ങിയ അവകാശവാദങ്ങൾ, വിശാലമായി പരിശോധിക്കേണ്ടതിനാൽ ഈ അഭിമുഖത്തിൻെറ പരിധിക്ക് പുറത്താണ്. എനിക്ക് പറയുവാനുള്ളത് ഇതു മാത്രമാണ് : വിമോചന ദൈവശാസ്ത്രം മാർക്സിസ്റ്റ് എന്നതിലുപരി പ്രവാചകാത്മകമാണ്. മർദ്ദക സാമൂഹ്യസാമ്പത്തിക സംവിധാനങ്ങൾക്കെതിരായുള്ള ഒരു എതിർപ്പും നീതിനിഷ്ഠമായ ഒരു സാമൂഹ്യക്രമത്തിനു വേണ്ടിയുള്ള സമരങ്ങളിൽ പങ്കാളികളാകണമെന്ന ഒരു ആഹ്വാനവുമാണത്. സുഖപ്രദമായ ഗവേഷണശാലകൾ ഉപേക്ഷിച്ച് തെരുവുകളിലേക്ക് വരുന്നതിനായി ദൈവശാസ്ത്രത്തെ വെല്ലുവിളിക്കുകയത്രേ അത് ചെയ്യുന്നത്. വിമോചന ദൈവശാസ്ത്രത്തിൻെറ ഈ പറഞ്ഞ പ്രത്യേക

തകളാണ് അതിനെ മാർക്സിസം എന്ന് മുദ്രകുത്തുവാൻ കാരണം.

ആഴത്തിലുള്ള വിശകലനത്തിൽനിന്നും മനസിലാകുന്ന വസ്തുത, സഭയിലെ അധികാരവർഗത്തെ അലട്ടുന്ന വിമോചന ദൈവശാസ്ത്രത്തിലെ ഘടകം, അത് വ്യവസ്ഥാപിത സഭയുടെ അധികാര ശക്തികളെ ചോദ്യം ചെയ്യുന്നുവെന്നതാണ്. സഭക്ക് അതിൽ തന്നെ ഒരു അധികാരിവർഗം ഉണ്ടെന്ന ആരോപണം വിമോചന ദൈവശാസ്ത്രം ഉന്നയിക്കുന്നുണ്ട്. അധികാരകേന്ദ്രീകരണത്തേയും ശാക്തിക ചേരികളിലൂടെയുള്ള ഭരണനിർവ്വഹണ ശൈലിയേയും, വിയോജനമുന്നയിക്കുന്ന നാവുകളെ ഒതുക്കുന്ന പ്രവണതയേയും ശക്തമായി എതിർക്കുന്നു. ചുരുക്കത്തിൽ അത്മായ പങ്കാളിത്തത്തിനും, പ്രാർത്ഥനയും രാഷ്ട്രീയ പ്രബോധനവും ഒത്തു ചേർന്നുള്ള സുവിശേഷ ശൈലിക്കും, ഊന്നൽ നല്കികൊണ്ട് വ്യവസ്ഥാപിതസഭയുടെ മുമ്പിൽ ഒരു പ്രായോഗിക വെല്ലുവിളിയാണ് വിമോചന ദൈവശാസ്ത്രം ഉയർത്തിയിരിക്കുന്നത്.

? നമ്മുടെ പഠന, പരിശീലന ഗൃഹങ്ങളുടെ, വിശിഷ്യാ സെമിനാരികളുടെ നാലു ചുവരുകൾക്കുള്ളിൽ നിന്നുമൊരു ഭാരതീയ ക്രൈസ്തവ വിമോചന ദൈവശാസ്ത്രം രൂപപ്പെടുത്തുവാൻ കഴിയുമോ? ഇല്ലെങ്കിൽ എന്താണ് അടുത്ത സാദ്ധ്യത? ഇത് എല്ലായ്പോഴും ഇറക്കുമതി ചെയ്യപ്പെടേണ്ടതാണോ?

• ദേശീയ ധാരയോട് ബുദ്ധിപൂർവമായും സുധീരമായും ഒത്തുചേർന്ന്, ഭാരതത്തിലെ സാമൂഹ്യ രാഷ്ട്രീയ മുന്നേറ്റങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നതു വഴി ഭാരതീയ ജീവിതത്തിൽ പങ്കാളികളാകുന്നതിന് സഭ തയ്യാറാകുകയാണെങ്കിൽ, സംഗതമായ ഒരു ഭാരതീയ ക്രൈസ്തവ വിമോചന ദൈവശാസ്ത്രം സഭക്കുള്ളിൽ നിന്നു തന്നെ രൂപം പ്രാപിക്കുവാൻ സാധിക്കും. ദൈവശാസ്ത്ര ഗ്രന്ഥങ്ങളിൽ അരിസ്റ്റോട്ടിലിൻേറയും പ്ലേറ്റോയുടേയും സ്ഥാനത്ത് ശങ്കരാചാര്യരേയും രാമാനുജനേയും ദീർഘമായി ഉദ്ധരിക്കുകയും ലത്തീൻ - ഗ്രീക്ക് പ്രയോഗങ്ങളുടെ സ്ഥാനത്ത് സംസ്കൃത പ്രയോഗങ്ങൾ കാരുണ്യപൂർവ്വം ചേർക്കുകയും ചെയ്തുകൊണ്ട് ഭാരതീയ ക്രൈസ്തവ വിമോചന ദൈവശാസ്ത്രത്തിൻെറ പാത സുഗമമാവുകയില്ല. സഭയുടെ ദൗത്യത്തിൻെറ ഹൃദയമായ സുവിശേഷത്തെ മാനവരാശിയുടെ ആവശ്യങ്ങളോടുള്ള ഒരു പ്രതികരണമായി നാം മനസിലാക്കേണ്ടിയിരിക്കുന്നു. സുവിശേഷത്തെ കാലഘട്ടത്തിനനുസൃതമായി പൊരുൾ തിരിയ്ക്കുകയാണ് ദൈവശാസ്ത്രത്തിൻെറ ചുമതലയെങ്കിൽ ജനങ്ങളുടെ ആവശ്യമെന്തെന്ന് അവർ പറയുന്നത് കേൾക്കുവാനുള്ള മനോഭാവം ഉണ്ടാവേണ്ടതുണ്ട്. അഥവാ ഭാരതത്തിലെ ജനതയുടെ സ്വപ്നങ്ങളോടും ആശകളോടും പ്രതികരിക്കുന്നതിലൂടെ മാത്രമെ സംഗതമായ ഒരു ഭാരതീയ ക്രൈസ്തവ ദൈവശാസ്ത്രം ഉരുത്തിരിയാൻ സാധിക്കൂ.

# ന്യൂനപക്ഷം ഇന്നത്തെ സങ്കല്പം ശരിയല്ല

## ഇ.സി മാധവൻ നമ്പ്യാർ

? മതവിശ്വാസ സംരക്ഷണം ഇന്നു ഒരാവശ്യമായി തീർന്നിട്ടുണ്ടോ?

• വിശ്വാസത്തിനെന്തു സംരക്ഷണം? വിശ്വാസത്തെ സംരക്ഷിക്കേണ്ട ആവശ്യമൊന്നുമില്ല. എന്നാൽ അങ്ങിനെയൊരു താല്പര്യം വളർത്തിയെടുക്കാൻ ശ്രമം നടക്കുന്നുണ്ട്. തല്പര കക്ഷികളെ പ്രീണിപ്പിച്ച് 'വോട്ടുബാങ്കുകൾ' ഉണ്ടാക്കി ഭരണകൂടവും മുതലെടുക്കുന്നു. വിശ്വാസ സംരക്ഷണം എന്നത് വ്യക്തികളുടെ ചിന്തയിൽ കടിഞ്ഞാണിട്ടുകൊണ്ടോ അവരെ മെരുക്കിയെടുത്തുകൊണ്ടോ ആകരുത്. വിശ്വാസ സംരക്ഷണം ഇപ്പോൾ ഏതാണ്ട് വ്യാപാരി - വ്യവസായി സംഘടനകളെപ്പോലെയായിരിക്കുന്നു. വ്യാപാരി താല്പര്യം സംരക്ഷിക്കാൻ വ്യാപാരികൾ സംഘടിക്കുന്നത് മനസ്സിലാക്കാം. എന്നാൽ സഭ അങ്ങിനെ ആയിക്കൂടാ. യേശുവിൻേറ അപരോന്മുഖാസ്തിത്വമായിരിക്കണം സഭയുടെ ജീവിത മാതൃക - മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നതിനുള്ള താല്പര്യം.

? ഇന്ത്യയിൽ ആകമാനവും ലോകത്ത് പലേടത്തും മതമൗലിക വാദം വളർന്നുകൊണ്ടിരിക്കുകയല്ലേ? അതിനെന്താണ് കാരണം?

• അതിനു പല കാരണങ്ങളുണ്ട്. മനുഷ്യജീവിതത്തിന് ആത്മീയമായ പിന്തുണ നല്കാൻ സാധിക്കുന്നത് തങ്ങൾക്ക് മാത്രമാണെന്ന് മതങ്ങൾ അവകാശപ്പെടാൻ തുടങ്ങിയിരിക്കുന്നത് ആപൽക്കരമായ സ്ഥിതിവിശേഷമാണ് സൃഷ്ടിച്ചിട്ടുള്ളത്. ആത്മീയതയെപ്പറ്റി പറയാൻ മതത്തിനു മാത്രമേ കഴിവുള്ളൂ, അവകാശമുള്ളൂ, എന്നൊക്കെ തോന്നും ഭരണകൂടത്തിൻേറ നിലപാടു കണ്ടാൽ. ഈ നിലപാടാണ് മതമൗലികവാദം ഇത്രയും ശക്തിയായി നമ്മുടെ രാജ്യത്തിൽ വളരുന്നതിനിടയാക്കിയത്. ആത്മീയതയുടെ കാര്യങ്ങളെല്ലാം മതങ്ങൾക്ക് അങ്ങിനെയങ്ങ് വിട്ടുകൊടുക്കാമോ? ഇവിടുത്തെ നിരീശ്വരവാദികൾക്കും യുക്തിവാദികൾക്കും മതേതരർക്കുമൊന്നും ആത്മീയതയില്ലേ? ഉണ്ടെന്നാണ് എൻേറ വിശ്വാസം. മനുഷ്യർ തങ്ങളുടെ സ്വയത്തെപ്പറ്റി ഒരു പുതിയ അവബോധത്തിലേക്ക് എത്തുകയും തനിക്കും സമൂഹത്തിനും ഗുണകരമായ വിധത്തിൽ സ്വയത്തെ നിയന്ത്രിക്കുകയും ചെയ്യുന്നതല്ലേ ആത്മീയത? അത് മതപരമോ മതേതരമോ ആകാമല്ലോ? കേട്ടാൽ തോന്നും, മതമൗലികവാദം മതത്തിൻേറ മൗലിക തത്വങ്ങളിലേക്കുള്ള തിരിച്ചു പോക്കാണെന്ന്. സത്യം നേരെ മറിച്ചാണ്. മതത്തോടുള്ള മതമൗലികവാദികളുടെ താല്പര്യം വെറും

ബാഹ്യമാണ്, ഉപരിവിപ്ലവമാണ്, കൃത്രിമമമാണ്. അവരുടെ അധികാരത്തോടുള്ള താല്പര്യമാണ് ശ്രദ്ധേയം. മതത്തിൻെറ മൗലിക തത്വങ്ങളിൽ നിന്ന് അകന്നു പോയതാണ് ആധുനിക സമൂഹത്തിൻേറ അധപതനത്തിന് കാരണമെന്ന് ഇക്കൂട്ടർ പറയുന്നു. യഥാർത്ഥത്തിൽ മതാധിപത്യത്തിനുവേണ്ടിയുള്ള ത്വരയാണ് ഈ നിലപാടിൻെറ അടിസ്ഥാനം.

? ഒരു സഭാമേലധ്യക്ഷനെന്ന നിലയിൽ ക്രൈസ്തവ സഭകളിൽ വിമോചക മൂല്യങ്ങളോടുള്ള സമീപനത്തെ എങ്ങനെയാണ് താങ്കൾ നോക്കിക്കാണുന്നത്?

• വിമോചക മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയാണെങ്കിൽ സഭയ്ക്കു ധാരാളം നഷ്ടപ്പെടാനുണ്ട് എന്ന മിഥ്യാബോധം സഭകൾക്കുണ്ടെന്നാണ് എൻെറ വിശ്വാസം. സമൂഹത്തിലെ ക്രമം തെറ്റിയ സാമൂഹ്യ വ്യവസ്ഥകളെയും ഘടനകളെയും ചോദ്യം ചെയ്യുന്ന സഭക്ക് സ്വന്തം ഘടനയെയും ചോദ്യം ചെയ്യേണ്ടി വരും. പങ്കാളിത്ത സ്വഭാവമുള്ള സമൂഹം സൃഷ്ടിക്കാൻ ആഹ്വാനം ചെയ്യുന്ന സഭക്ക് സ്വന്തം അധികാര ശ്രേണികളിൽ Hieraechey പരിവർത്തനങ്ങൾ സൃഷ്ടിക്കേണ്ടിവരം. എന്തിന് ഈ പൊല്ലാപ്പിന് പോകുന്നു ; നമുക്ക് നിഷ്പക്ഷരായിരിക്കാം എന്ന നിലപാടാണ് സഭയ്ക്കുള്ളതെന്ന് തോന്നുന്നു.

? ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടത്ര സംരക്ഷണം കിട്ടുന്നില്ലെന്ന് പരാതി ഉയരുന്നുണ്ടല്ലോ? യഥാർത്ഥത്തിൽ ന്യൂനപക്ഷങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്ന് താങ്കൾ കരുതുന്നുണ്ടോ?

• 'ന്യൂനപക്ഷം' എന്നതിനെപ്പറ്റിയും'സംരക്ഷണം' എന്നതിനെപ്പറ്റിയും ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ന്യൂനപക്ഷത്തിന് 'സെക്യൂരിറ്റി' നല്ലതുമാണ്. എന്നാൽ ന്യൂനപക്ഷം എന്നതിനെക്കുറിച്ചുള്ള ഇന്നത്തെ സങ്കല്പം ശരിയല്ല. ന്യൂനപക്ഷം എന്നാൽ എണ്ണത്തിൽ കുറവായവരല്ല. 'ന്യൂനതയുള്ള പക്ഷ'മാണ് ന്യൂനപക്ഷം. എന്തെങ്കിലും കുറവ് അനുഭവിക്കുന്നവർ; വികസന സാധ്യത കുറവുള്ളവർ. അത്തരത്തിലുള്ളവർക്ക് സെക്യൂരിറ്റി വേണം.

? ന്യൂനപക്ഷ സമുദായങ്ങൾക്കും മതങ്ങൾക്കും പ്രത്യേക സംരക്ഷണം വേണ്ടെന്നാണോ താങ്കൾ ഉദ്ദേശിക്കുന്നത്?

• അവശത അനുഭവിക്കുന്ന പല വിഭാഗങ്ങളുമുണ്ട്. അവർക്ക് പ്രത്യേക പരിഗണന നൽകുക തന്നെ വേണം; സാമൂഹ്യമായി 'മെയിൻ സ്ട്രീ'മിലേക്ക് വരുന്നതുവരെയെങ്കിലും. അല്ലാതെ മതത്തിൻേറയും മറ്റും പേരിൽ സംരക്ഷണം എന്നത് ശരിയല്ല. മറ്റുള്ളവർക്ക് കൊടുക്കുന്ന പരിഗണനയേ മതത്തിനും പാടുള്ളൂ.

? സംരക്ഷണം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മാത്രം എന്നാണോ?

• അല്ല, സാമ്പത്തികവ്യവസ്ഥ കൂടാതെ ചില പ്രത്യേക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടിവരും, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരെ മുന്നിലെത്തിക്കാൻ. കാശുള്ളതുകൊണ്ട് മാത്രം എല്ലാമായില്ല.

? അപ്പോൾ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സംരക്ഷണം നൽകുന്നതെങ്ങനെ സാധ്യമാകും? താങ്കൾ ഒരിക്കൽ മതത്തിൻെറ പേരിൽ പരിഗണന പാടില്ലെന്നും മറ്റൊരിക്കൽ ചില വിഭാഗങ്ങൾക്ക് അതാകാമെന്നും പറയുന്നു?

• ഇക്കാര്യത്തിൽ വിവേചനാധികാരം പ്രയോഗിക്കേണ്ടവരും. ആരാണ് സാമൂഹ്യമായി പിന്നിലെന്ന് മനസ്സിലാക്കിത്തന്നെ വേണം പരിഗണന നൽകുവാൻ.

? ക്രൈസ്തവ സഭകളാണല്ലോ ന്യൂനപക്ഷാവകാശങ്ങൾക്കും സംരക്ഷണത്തിനും വേണ്ടി ഇന്ന് ഏറെ വാദിക്കുന്നത്. സഭകളുടെ ഈ അഭിപ്രായത്തോട് താങ്കൾ എങ്ങിനെ പ്രതികരിക്കുന്നു?

• യേശുക്രിസ്തു ന്യൂനപക്ഷ സമുദായമായ യഹൂദമതക്കാരനായിരുന്നു. എന്നിട്ടും അദ്ദേഹം ഒരിക്കൽപ്പോലും തൻെറ സമുദായത്തിന് ന്യൂനപക്ഷ സംരക്ഷണം വേണമെന്ന് പറഞ്ഞിട്ടില്ല. മനുഷ്യപക്ഷത്തായിരുന്നു യേശു.

വേദപുസ്താധിഷ്ഠിതമായ ധാരണകളുടെ വെളിച്ചത്തിൽ മർദിതരും ചൂഷിതരും കഷ്ടപ്പെടുന്നവരും അധികാരമില്ലാത്തവരും പൊതുവെ പറഞ്ഞാൽ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്നവരുമാണ് ന്യൂനപക്ഷം. ഈ ന്യൂനപക്ഷം ഇന്ന് വാസ്തവത്തിൽ എണ്ണത്തിൽ കൂടുതലാണ്. അവർ ഭൂരിപക്ഷമാണ്. നമ്മുടെ നാട്ടിൽ എല്ലാ അവകാശങ്ങളും കയ്യടക്കിവെച്ചിരിക്കുന്ന ഒരു ന്യൂനപക്ഷം എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ടിട്ടുള്ള ഭൂരിപക്ഷത്തെ ഭരിച്ചുകൊണ്ടിരിക്കയാണ്. ഈ ന്യൂനപക്ഷത്തിൻെറ മൃഗീയാവകാശങ്ങൾ സംരക്ഷിക്കാനാണോ നാം ശ്രദ്ധിക്കേണ്ടത്? അതോ എല്ലാം നിഷേധിക്കപ്പെട്ട ഭൂരിപക്ഷത്തിൻെറ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനോ?

? ക്രൈസ്തവ സഭകൾ ഇന്ന്, ഐക്യത്തിൻെറ പാതയിലാണല്ലോ - എക്യൂമെനിസം. ഇതേക്കുറിച്ച് താങ്കളുടെ വിലയിരുത്തലെന്താണ്?

• ഭിന്നിച്ചു നില്ക്കുന്ന സഭാവിഭാഗങ്ങളുടെ പരസ്പര ധാരണയും ഐക്യവും മാത്രമാണ് എക്യൂമെനിസം എന്ന ധാരണ ശരിയല്ല. അത്തരത്തിലുള്ള ഐക്യം ആവശ്യമാണെങ്കിലും യഥാർത്ഥ എക്യൂമനിസം സഭകളെ മാത്രം ബാധിക്കുന്ന കാര്യമല്ല. അത് മനുഷ്യ കുടുംബത്തിൻെറ ഐക്യമാണ്. സർവജീവജാലങ്ങളും പ്രകൃതിയും ഉൾപ്പെടുന്ന സമസ്ത സൃഷ്ടിയുടെ ഐക്യം. ഈ യാഥാർത്ഥ്യം അംഗീകരിക്കാതെ

വിവിധ സഭകൾ തമ്മിലുള്ള ഐക്യം മാത്രം ഊന്നിപ്പറഞ്ഞാൽ അതിന് ബൈബിളിൻെറ അടിസ്ഥാനമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സംഘടനാശക്തി തെളിയിക്കുന്നതിനും സ്വന്തം താൽപര്യം പരിരക്ഷിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും മാത്രമാണ് ക്രിസ്ത്യാനികൾ ഒന്നിക്കുന്നതെങ്കിൽ വ്യാപാരി വ്യവസായി സംഘടനകൾ പോലെ ഒരു സംഘടനയായിത്തീരും. സഭ ഒരു സംഘടനയല്ല. അതൊരു പ്രസ്ഥാനമാണ്.

നിലയ്ക്കൽ സംഭവത്തിൻെറ കാലത്ത് പ്രദർശിപ്പിച്ച സഭകളുടെ ഐക്യം എക്യൂമനിസത്തിൻെറ സത്ത ഉൾക്കൊള്ളുന്നില്ല. അത് ശക്തി പ്രകടനമായിരുന്നെന്നാണ് എൻെറ പക്ഷം. ന്യൂനപക്ഷങ്ങളുടെ ഇത്തരത്തിലുള്ള കുടുസ്സായ ചിന്തയും ശക്തിപ്രകടനങ്ങളും ഭൂരിപക്ഷവർഗീയതയെ ശക്തിപ്പെടുത്തുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. മതങ്ങൾ സമ്മതിച്ചാലും ഇല്ലെങ്കിലും സമൂഹത്തിൽ ഇന്ന് മറ്റൊരു എക്യൂമെനിസം വളർന്നു വരുന്നുണ്ട്. 'സെക്കുലർ എക്യൂമെനിസം ' എന്ന് വേണമെങ്കിൽ അതിനെ പറയാം. മനുഷ്യനെ ബാധിച്ചിട്ടുള്ള ചങ്ങലകൾ തകർക്കുന്നതിനും അവരെ വേർപ്പെടുത്തിയിട്ടുള്ള മതിലുകൾ ഇടിച്ചു വീഴ്ത്തുന്നതിനും നടത്തപ്പെടുന്ന കൂട്ടായ ജനകീയ മുന്നേറ്റം. സെക്കുലർ എക്യൂമെനിസത്തിന് സഭകളുടെ എക്യൂമെനിസം ഒരു വെല്ലുവിളിയാവാൻ പാടില്ല.

? ഇന്ത്യയിൽ ഇന്ന് രാഷ്ട്രീയത്തിൻെറ പ്രധാനഭാഗമായിക്കഴിഞ്ഞല്ലോ വർഗീയത? ഇതേക്കുറിച്ച് താങ്കൾ എങ്ങിനെ ചിന്തിക്കുന്നു?

• കഴിഞ്ഞ കുറച്ചു നാളായി വർഗീയ പാർട്ടികൾ വളരുയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും വർഗീയതയെ താലോലിക്കുന്നു. അതൊരു വോട്ട് ബാങ്ക് പ്രശ്നമാണ്.

? മതവും രാഷ്ട്രീയവും കൂടിക്കലരുന്നു എന്നൊരു ആരോപണം ഇന്ന് നിലവിലുണ്ട്. താങ്കൾ തന്നെ കഴിഞ്ഞ തിരഞ്ഞടുപ്പു കാലത്ത് ഒരു കക്ഷിക്ക് പിന്തുണ പ്രഖ്യാപിച്ചിരുന്നു. മതമേലധ്യക്ഷന്മാരും പുരോഹിതന്മാരും ഇങ്ങനെ പക്ഷം പിടിക്കുന്നത് ശരിയാണോ?

• മതമേലധ്യക്ഷനോ മതമോ രാഷ്ട്രീയരംഗത്ത് അഭിപ്രായം പ്രകടിപ്പിക്കുന്നത് ശരിയല്ല എന്ന ആശയത്തോട് എനിക്ക് യോജിക്കുവാൻ വയ്യ. എൻെറ മതവിശ്വാസത്തിന് ഒരു യഹൂദ - ക്രൈസ്തവ പശ്ചാത്തലവും പാരമ്പര്യവുമുണ്ട്. അതു പ്രവാചന്മാരുടേയും യേശുക്രിസ്തുവിൻേറയും അപ്പോസ്തലന്മാരുടേയും പാരമ്പര്യമാണ്. അവർ സ്വന്തം പാർട്ടികളുണ്ടാക്കിയില്ല. സ്വന്തം താല്പര്യം സംരക്ഷിക്കാൻ വേണ്ടി ബഹളം കൂട്ടിയില്ല. ദൈവനീതിയെ കുറിച്ചുള്ള ദർശനത്തിൻെറ വെളിച്ചത്തിൽ അവർ രാജാക്കന്മാരെയും പ്രഭുക്കന്മാരെയും അധികാരം കൈയാളിയിരുന്നവരെയും ചോദ്യം ചെയ്തു. അവർ ശബ്ദഹീനരുടെ പക്ഷം ചേർന്നു. അവർക്കുവേണ്ടി വാദിച്ചു. ഒരു മതമേലധ്യക്ഷനെന്ന

നിലയിൽ സമൂഹത്തിലെ ചെയ്തികൾ കണ്ട് 'ഇതു തെറ്റ്, ഇതു ശരി' എന്നു വസ്തുനിഷ്ഠമായി ഞാൻ പറഞ്ഞാൽ മാത്രം പോരാ. ഞാൻ ഉൾക്കൊള്ളുന്ന യഹൂദ - ക്രൈസ്തവ പാരമ്പര്യത്തിനനുസരിച്ച് ഞാൻ പക്ഷം പിടിക്കേണ്ടിവരും. തിരഞ്ഞെടുപ്പ് വരുമ്പോൾ ആർക്കാണ് വോട്ടുചെയ്യേണ്ടത് എന്ന് വേദപുസ്തകംപഠിപ്പിക്കുന്നില്ലെങ്കിലും ആരുടെ പക്ഷമാണ് പിടിക്കേണ്ടതെന്നും ആ പക്ഷത്തിൻെറ താല്പര്യം സംരക്ഷിക്കാൻ ഏതു കൂട്ടുകെട്ടുമായാണ് താദാത്മ്യം പ്രാപിക്കേണ്ടതെന്നും അതിൽ വ്യക്തമായി പറയുന്നുണ്ട്. 'ന്യൂട്രൽ' ആകുക എന്നത് ഒരുതരം സൂത്രവിദ്യയാണ്. അതു ശക്തരെ തുണയ്ക്കലും ബലഹീനരെ അവഗണിക്കലുമാണ്.

? താങ്കൾ പുരോഗമനാശയക്കാരെന്നു കരുതുന്ന രാഷ്ട്രീയ നേതാക്കൾ വരെ 'മതം മതത്തിൻെറ കാര്യം നോക്കുക, രാജ്യകാര്യങ്ങളിൽ ഇടപെടേണ്ടതില്ല' എന്ന അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടല്ലോ?

• ശരിയാണ്. എന്നാൽ തനി ആത്മീയവും തനിവ്യക്തിപരവുമായ ഒരു കാര്യമായി മതത്തെ വ്യാഖ്യാനിക്കുന്നതു ശരിയല്ല. അതു വെറും തെറ്റിദ്ധാരണയാണ്. ജീവിതത്തിൻെറ എല്ലാ ഭാഗങ്ങളിലും പ്രവാചക തുല്യമായ സേവനം അനുഷ്ഠിക്കാൻ മതങ്ങൾക്ക് സാധിക്കണം. ആരാധന ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. എല്ലാ രാഷ്ടസംഘടനകളിലും ഏർപ്പെടുക, ഗുണകരമായ പരിവർത്തനത്തിനു ശ്രമിക്കുക എന്നിവയും മതത്തിൻെറ ലക്ഷ്യമാണ്.

? സഭകളിൽ പുരോഗമനാശയങ്ങളുടെ സന്തതിയായി ഉടലെടുത്ത 'ലിബറേഷൻ തിയോളജി' ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലും മറ്റും ശക്തി പ്രാപിച്ചുവരികയാണല്ലോ. ഇവിടെ എന്തു കൊണ്ടങ്ങനെ സംഭവിക്കുന്നില്ല?

• ഇവിടെ വളരുന്നില്ല എന്ന വാദം ശരിയല്ല. എന്നാൽ ലാറ്റിൻ അമേരിക്കയിലും മറ്റും അവസ്ഥ മറ്റൊന്നാണ്. കഠിനമായ ദാരിദ്ര്യം, കഠിനമായ അടിമത്തം എന്നിവയൊക്കെ ദൈനംദിന ജീവിതത്തിൽ ലാറ്റിൻ അമേരിക്കയെ അപേക്ഷിച്ച് നമ്മുടെ നാട്ടിൽ കുറവാണ്. നമ്മുടെ രാജ്യത്ത് ജീവകാരുണ്യപ്രവർത്തനത്തിനാണ് നീതിപ്രവർത്തനത്തേക്കാൾ ഊന്നൽ. അടിമത്വപരമായ ക്ഷമയും സഹനമനോഭാവവും നമ്മുടെ കൂടപ്പിറപ്പാണെന്നു തോന്നുന്നു. കാരുണ്യപ്രവർത്തനം ആവശ്യമില്ല എന്നല്ല. അതു തീർച്ചയായും വേണം. എന്നാൽ ദാഹിച്ചു വരണ്ട് കഷ്ടപ്പെടുന്നവർക്ക് ഒരിറ്റു വെള്ളം കൊടുത്ത് പുഞ്ചിരി തൂകി മരിക്കാൻ അവരെ സാഹായിക്കുക മാത്രമായിരിക്കാൻ പാടില്ല സഭകളുടേയും മതങ്ങളുടേയും പ്രവർത്തനം. പുഞ്ചിരിച്ചുകൊണ്ട് ജീവിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനുള്ള പ്രവർത്തനവും ഒപ്പം വേണം എന്നാണ് ഞാൻ പറയാൻ ശ്രമിക്കുന്നത്.

# മതേതരത്വത്തെ തെറ്റായി വ്യാഖ്യാനിക്കുന്നു.

## ടി.പി സുധാകരൻ

? മതന്യൂനപക്ഷങ്ങൾ പ്രത്യേകാവകാശം അർഹിക്കുന്നില്ല എന്ന് താങ്കൾ ഈയിടെ പ്രസ്താവിക്കുകയുണ്ടായല്ലോ? ഭരണഘടനയുടെ മുപ്പതാം വകുപ്പ് മതന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷമതാനുയായികൾക്കില്ലാത്ത ചില ആനുകൂല്യങ്ങൾ നൽകുന്നുമുണ്ട്. താങ്കളുടെ കാഴ്ചപ്പാട് വിശദീകരിക്കാമോ?

• മതത്തിൻെറ അടിസ്ഥാനത്തിൽ ഭൂരിപക്ഷം, ന്യൂനപക്ഷം എന്ന വിഭജനം ശരിയല്ല. മനുഷ്യപക്ഷമാണ് പ്രധാനം. അവശരും ആർത്തരും ആലംബഹീനരുമാണ് ഇവിടെ ഭൂരിപക്ഷം, ധനവാന്മാരും സ്ഥാപിതതാത്പര്യക്കാരും ന്യൂനപക്ഷവുമാണ്. മതേതരത്വം എന്ന പ്രയോഗംതന്നെ സ്ഥാപിത താല്പര്യക്കാർ ഇന്ന് തെറ്റായ രീതിയിലാണ് വ്യാഖ്യാനിക്കുന്നത്. മതേതരത്വം മതവുമായി ബന്ധപ്പെട്ടതല്ല.

? ശക്തിപ്പെട്ടു വരുന്ന വർഗീയതയ്ക്ക് കാരണം രാഷ്ട്രീയക്കാരല്ല, ന്യൂനപക്ഷ സമുദായങ്ങളുടെ മേലുള്ള പുരോഹിതാധിപത്യവും അവരുടെ സ്വാധീനഫലമായി അവർക്ക് പുറകേ പോകേണ്ടിവരുന്ന രാഷ്ട്രീയക്കാരുടെ നിസ്സഹായാവസ്ഥയുമാണെന്ന് ഈയിടെ ജോസഫ് പുലിക്കുന്നേൻ ഒരു ലേഖനത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ താങ്കളുടെ അഭിപ്രായമെന്താണ്.?

• ജോസഫ് പുലിക്കുന്നേലിൻെറ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു, ആർ എം. എൽ എ യാകണം, എം.പി.യാകണം എന്നെല്ലാം തീരുമാനിക്കുന്നത് രാഷ്ട്രീയപ്പാർട്ടികളുടെ ഓഫീസുകളിലല്ല, പള്ളിയുടെ അരമനകളിലും എൻ എസ് എസ്, എസ്. എൻ ഡി പി ഓഫീസികളിലുമാണ്.

? ഹൈന്ദവ പുനരുദ്ധാനവാദം ഇന്ത്യയിൽ ശക്തിപ്പെട്ടു വരികയാണെന്നൊരുഭിപ്രായമുണ്ടല്ലോ. താങ്കളുടെ അഭിപ്രായമെന്താണ്.

• ഹിന്ദുമതം എന്നൊരു മതമില്ല. അത് ഒരു സംസ്ക്കാരത്തിൻെറ തുടർച്ച മാത്രമാണ്. മറ്റു മതങ്ങളെപ്പോലെ ഒരു സ്ഥാപകനോ ചട്ടക്കൂടോ ഇല്ലാത്ത അതിനെ ഒരു ചട്ടക്കൂടിലൊതുക്കാൻ ശ്രമം നടന്നുവരുന്നുണ്ട്. മറ്റ് മതങ്ങൾ ബോധപൂർവ്വം കെട്ടിപ്പടുത്തതാണെങ്കിൽ പ്രകൃതിയിൽ സ്വാഭാവികമായി വളർന്നുണ്ടായ വൃക്ഷങ്ങളെപ്പോലെയാണ് ഹൈന്ദവ സംസ്ക്കാരം. എന്നാൽ അവിടെയും സ്ഥാപിത താല്പര്യക്കാരായ മൗലികവാദികൾ അതിൻെറ വളർച്ചയെ പുറകോട്ടു കൊണ്ടു പോകാൻ ശ്രമം നടത്തുന്നുണ്ട്.

? 'കാറൽമാർക്സിൻെറ മതവിമർശനത്തിന് ഒരു ബോൺ

ഹഫേറിയൻ തിരുത്തൽ' എന്നതായിരുന്നുവല്ലോ താങ്കളുടെ ഗവേഷണ വിഷയം. ചോദ്യം ചെയ്യപ്പെടാത്ത നേതൃത്വവും കടുംപിടുത്തക്കാരായ വിശ്വാസികളും ഉൾപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു മതത്തിൻെറ സ്വഭാവമാണുള്ളതെന്ന ടോയൻബിയുടെ വിലയിരുത്തലിനോട് താങ്കൾക്കുള്ള പ്രതികരണമെന്താണ്?

• ടോയൻബിയുടെ അഭിപ്രായം പൂർണമായും ശരിയല്ല. എന്നാൽ ജൂത - ക്രൈസ്തവ പാരമ്പര്യങ്ങളുടെ തുടർച്ച അതിലുണ്ട്. ആദ്യകാല ക്രിസ്ത്യാനികളുടേയും ആദ്യകാല കമ്മ്യൂണിസ്റ്റുകളുടേയും ജീവിതരീതിക്കും പ്രവർത്തനശൈലിക്കും തമ്മിൽ സാമ്യമുണ്ടെന്ന് 'ആദ്യകാല ക്രിസ്തുമതത്തിൻെറ ചരിത്രം' എന്ന ലേഖനത്തിൽ ഏംഗൽസു തന്നെ പറയുന്നുണ്ട്.

? താങ്കൾ സോവിയറ്റ് യൂണിയൻ സന്ദർശനത്തിന് പുറപ്പെടുകയാണല്ലോ. അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ എങ്ങിനെയാണ് നോക്കിക്കാണുന്നത്?

• കഴിഞ്ഞ പത്തുവർഷമായി ഞാൻ തുടർച്ചയായി സോവിയറ്റ് യൂണിയനിൽ പോകാറുണ്ട്. ഈ വർഷംതന്നെ രണ്ടു തവണ പോകുകയുണ്ടായി. റഷ്യൻ ഓർത്തഡോക്സ് ചർച്ചിൻെറ ആയിരാം വാർഷികാഘോഷത്തിൽ പങ്കെടുക്കാനാണ് വേൾഡ് ക്രിസ്ത്യൻ സ്റ്റുഡൻറ് ഫെഡറേഷൻെറ ചെയർമാനെന്നനിലയ്ക്ക് ഞാൻ ഒടുവിലായി പോയത്. അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഓരോ സന്ദർശനങ്ങളിലും അനുഭവപ്പെടാറുണ്ട്. ഗോർബച്ചേവ് വന്നതുകൊണ്ടുമാത്രം ഉണ്ടായതല്ല ആ മാറ്റം. മാറ്റത്തിനുവേണ്ടിയുള്ള ആഗ്രഹം അതിനു മുമ്പു തന്നെ സോവിയറ്റ് ജനതയിൽ പ്രകടമായിക്കൊണ്ടിരിക്കുകയായിരുന്നു.

? അവിടെ നടക്കുന്നത് മുതലാളിത്ത പുനഃസ്ഥാപനമാണ്. അമേരിക്കൻ സാമ്രാജ്യത്വവുമായി സഹകരിക്കുന്ന നയമാണ് എന്നീ വിലയിരുത്തലുകളെക്കുറിച്ചും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃതലങ്ങളിൽ അതുണ്ടാക്കിയിരിക്കുന്ന ആശയക്കുഴപ്പങ്ങളെക്കുറിച്ചും എന്തു പറയുന്നു?

• ആ വാദഗതികളോട് എനിക്ക് യോജിപ്പില്ല. മൂന്നാം ലോകരാഷ്ട്രങ്ങളോടുള്ള സോവിയറ്റ് യൂണിയൻെറ സമീപനത്തിൽ മാറ്റമൊന്നും വന്നിട്ടില്ല. അഭിപ്രായസ്വാതന്ത്ര്യവും ലോകസമാധാനവും കൈവരുത്താനുള്ള നീക്കത്തെ എതിർക്കണമെന്ന് പറയുന്നതിനോട് യോജിക്കുക സാദ്ധ്യമല്ല.

? താങ്കൾ വിമോചന ദൈവശാസ്ത്രത്തിൻെറ വക്താവായാണല്ലോ അറിയപ്പെടുന്നത്. അതിൻെറ മറ്റൊരു വക്താവായ ക്യൂബൻ പ്രസിഡണ്ട് ഫിഡൽ കാസ്ട്രോ 'കമ്മ്യൂണിസ്റ്റുകാർ ദൈവശാസ്ത്രകാരന്മാരായിക്കൊണ്ടിരിക്കുന്നു, ദൈവശാസ്ത്രകാരന്മാർ കമ്മ്യൂണിസ്റ്റുകാരുമാകുന്നു' എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. വൈരുദ്ധ്യാത്മക ഭൗതികവാദത്തിൽ വിശ്വസിക്കുന്ന മാർക്സിസവും ആത്മീയതയിലും ദൈവപുത്രനിലും

സ്വർഗരാജ്യത്തിലുമെല്ലാം വിശ്വസിക്കുന്ന ക്രിസ്തുമതവും തമ്മിലെങ്ങിനെയാണ് പൊരുത്തപ്പെടുന്നത്?

• ആത്മീയതയെക്കുറിച്ചുള്ള തെറ്റായ ധാരണകൊണ്ടാണ് അങ്ങിനെ തോന്നുന്നത്. ഒരു മനുഷ്യനാകാൻ ശ്രമിക്കുന്നതിലും എളുപ്പമാണ് ഒരു വിശുദ്ധനാകുന്നത് എന്ന് മാർക്സ് തന്നെ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിലുള്ള ആത്മീയത പോരാട്ടത്തിനുള്ള മനുഷ്യ മനസ്സിൻെറ തയ്യാറെടുപ്പാണ്. മാർക്സ് മതത്തെ എങ്ങിനെ നോക്കിക്കാണുന്നു എന്ന് വിലയിരുത്തിയല്ല വിമോചന ദൈവ ശാസ്ത്രത്തെ നോക്കിക്കാണേണ്ടത്. ദൈവരാജ്യത്തിൽ പള്ളി തന്നെയില്ല. (വെളിപാട് 21, 22) ഭരണകൂടമില്ലാത്തതും വർഗ്ഗരഹിതവുമായ ഒരു സമൂഹം ആദർശമാക്കുന്നവരുമായി സഹകരിക്കുന്നതിൽ അപാകതയില്ല.

? നിക്കരാഗ്വയിലെ കമ്യൂണിസ്റ്റ് ഗവർമെൻറിൽ രണ്ട് മതപുരോഹിതന്മാർ മന്ത്രിമാരായുണ്ടല്ലോ? ഭരണകൂടവും മതവും തമ്മിലുള്ള സഖ്യം കമ്യൂണിസത്തിന് നിരക്കുന്നതാണോ?

• ഞാൻ നിക്കാരാഗ്വയിലെ മന്ത്രിയായ ഫാദർ ഏണസ്റ്റോകാർസിനലിനെ മെക്സിക്കോയിൽ വെച്ച് പരിചയപ്പെടുകയുണ്ടായി. അദ്ദേഹം ഒരു കത്തോലിക്കാ പുരോഹിതനാണ്. അവിടെ ഭരണകൂടം സ്ഥാപിത താൽപ്പര്യങ്ങൾക്കെതിരായുള്ള സമരത്തിനുള്ള പാതയിലാണ്. അമേരിക്കൻ സാമ്രാജ്യത്വം ആ ഗവർമെൻറിനെതിരാണ്. സഭ വിമോചനത്തിൻെറ പാത സ്വീകരിക്കുന്നിടത്തോളം കാലം ആ ഭരണകൂടവുമായി സഹകരിക്കുന്നതിൽ അപാകതയില്ല. ഞാൻ ക്യൂബയിൽ പോയപ്പോഴും ക്രിസ്തുമതത്തിന് അവിടത്തെ കാസ്ട്രോ ഭരണകൂടവുമായി എന്തെങ്കിലും വൈരുധ്യമുള്ളതായി തോന്നിയിട്ടില്ല.

? ക്രിസ്തുവിൻെറ ആറാം തിരുമുറിവ് എന്ന നാടകത്തിൻെറ പ്രദർശനം ഒരു വിവാദവിഷയമായപ്പോൾ താങ്കൾ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിൻെറ പക്ഷത്തായിരുന്നു. ഇടതുപക്ഷ ഗവർമെൻറ് അധികാരത്തിൽ വന്നപ്പോൾ അന്ന് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനു വേണ്ടി വാദിച്ചിരുന്നവരെല്ലാം നിശബ്ദരാകുന്നതാണ് കണ്ടത്. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരത്തിൻെറ നേതൃനിരയിലുണ്ടായിരുന്ന താങ്കൾ ഇന്ന് ആ പ്രശ്നത്തെ എങ്ങനെ വീക്ഷിക്കുന്നു.?

• എൻെറ താത്പ്പര്യം നാടകത്തിലായിരുന്നില്ല, നാടക വിവാദത്തിലായിരുന്നു. ഇന്ത്യയിൽ മതേതരത്വം നേരിടുന്ന പ്രതിസന്ധി, ഭരണകൂടവും മതനേതൃത്വവും തമ്മിലുള്ള അവിഹിതമായ ബന്ധം, മത പുനരുത്ഥാന വാദത്തിൻെറ പ്രശ്നം എന്നീ വിഷയങ്ങളിലേക്ക് ആ വിവാദം വഴിതെളിയിച്ചു. കലാകാരന് ആവിഷ്ക്കാര സ്വാതന്ത്ര്യം ഉണ്ടായിരിക്കണം എന്നതുതന്നെയാണ് എൻെറ ഇപ്പോഴത്തേയും അഭിപ്രായം. സുപ്രീംകോടതിതന്നെ ആ നാടകത്തിൻെറ പ്രദർശനം വിലക്കിയിരിക്കുന്ന സാഹചര്യത്തിൽ അതിനെക്കുറിച്ച് കൂടുതലെന്തെങ്കിലും പറയുന്നത് ശരിയല്ല.

1988

# മാർക്സ് മാത്രമല്ല, വേറെയും ഗുരുക്കൾ വേണം

കെ.ആർ.വി

? ഗോർബച്ചേവിനുമുമ്പും സോവിയറ്റു യൂണിയനിൽ പോകാൻ അവസരം ലഭിച്ചിട്ടുള്ള അങ്ങേക്ക് അവിടെ ഈയിടെ നടന്ന 'കുദാത്തെ'യെക്കുറിച്ചെന്തു തോന്നി. ?

• അതെന്നെ അസ്വസ്ഥനും ആകുലചിത്തനുമാക്കി. ലോകസമാധാനത്തിൻേറ ഭാവിയെപ്രതി ഞാൻ ഭയപ്പെട്ടു. 1978 മുതൽ 89 വരെയുള്ള കാലയളവിൽ നിരവധി തവണ സോവിയറ്റ് യൂണിയനിൽ പോകുവാൻ എനിക്കവസരം ലഭിച്ചിട്ടുണ്ട്. വർഷത്തിൽ ഒന്നോ രണ്ടോ എന്ന കണക്കിൽ. ലോകസമാധാന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടായിരുന്നു യാത്രകളെല്ലാം. ലോകചരിത്രത്തിൻേറ ഗതി നിയന്ത്രിക്കുന്നതിൽ ഗോർബച്ചേവിൻേറ നിർണ്ണായകപങ്ക് എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

? രാഷ്ട്രീയ നിരീക്ഷകൻ എന്ന നിലയിലോ?

• അല്ല. സാമ്പത്തിക വിദഗ്ധൻ എന്ന നിലയിലുമല്ല. തികച്ചും മാനുഷിക പരിണഗണനകളുടെ വെളിച്ചത്തിൽ - മറ്റു വാക്കുകളിൽ പറഞ്ഞാൽ സോഷ്യലിസ്റ്റ് സഹയാത്രികൻ എന്ന നിലയിൽ

? ഗോർബച്ചേവിൻേറ കാലത്തെ മാറ്റങ്ങൾ എങ്ങിനെ മനസ്സിൽ കൊണ്ടു?

• 1985 നു ശേഷമുള്ള സോവിയറ്റ് യൂണിയനിലേയും അതുവഴി കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധങ്ങളിലേയും മാറ്റങ്ങൾ അതീവ ശ്രദ്ധേയങ്ങളാണ്.

പെരിസ്ട്രോക്കയുടേയും ഗ്ലാസ്നൊസ്റ്റിൻേറയും സ്വാധീനം കൊണ്ട് സോവിയററ് യൂണിയനിൽ ഉണ്ടായ മാറ്റങ്ങൾ ഏറെ വ്യക്തവും പ്രകടവുമായിരുന്നു. മറ്റാരെങ്കിലും തങ്ങളുടെ ചുമലിനു മീതെക്കൂടെ എത്തിനോക്കുന്നുവെന്ന തോന്നലില്ലാതെ സാധാരണ ജനങ്ങൾ പെരുമാറി. ഇമിഗ്രേഷൻ നടപടിക്രമങ്ങൾ എളുപ്പം സാധിച്ച് അകത്തു കടക്കുവാൻ കഴിയുമായിരുന്നു. പത്രസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം എന്നിവയൊക്കെ എന്നെ ആകർഷിച്ചു. വളരെയേറെ സന്തോഷിപ്പിച്ചു. പൊതുവെ ജനങ്ങൾ സ്വതന്ത്രരായിരുന്നു. കിഴക്കും പടിഞ്ഞാറും തമ്മിൽ കൂടുതൽ സൗഭ്രാത്രത്തോടെ കഴിഞ്ഞു പോന്നു.

? ശത്രുക്കൾ ആക്ഷേപിക്കും പോലെ സോഷ്യലിസത്തിൻേറ മുഖം ഗോർബച്ചേവ് വികൃതമാക്കിയിട്ടുണ്ടെന്നു തോന്നിയിട്ടുണ്ടോ?

തീർച്ചയായുമില്ല. സോഷ്യലിസത്തെ കൂടുതൽ അർത്ഥവത്തും

മാനുഷികവുമാക്കാനുള്ള തീവ്രയത്നത്തിൽ അദ്ദേഹം ഏർപ്പെട്ടതിൻെറ ലക്ഷണങ്ങളാണ് എനിക്ക് കാണാൻ കഴിഞ്ഞത്. എന്നുവെച്ച് പരിവേഷം വാരിവിതറുന്ന ഒരമാനുഷനോ, കല്ല് അപ്പമാക്കുന്ന മന്ത്രവാദിയോ ആണ് ഗോർബച്ചേവെന്നും തോന്നിയിട്ടില്ല. സോഷ്യലിസത്തോടു പ്രതിബന്ധത യും മനുഷ്യമഹത്വത്തോട് ആദരവുമുള്ള മഹാനുഭാവനുമാണദ്ദേഹം. പൊതുവെപ്പറഞ്ഞാൽ ''മാനുഷികമായ യാതൊന്നും എനിക്കന്യമല്ല'' എന്നു പറഞ്ഞ മാർക്സിൻെറ യഥാർത്ഥാനുയായി.

? ഗോർബച്ചേവിൻെറ പരീക്ഷണങ്ങൾ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടില്ലേ?

• തീർച്ചയായും. പരിവർത്തനചക്രം കൈനൊന്തുതന്നെ തിരിക്കണം. രാഷ്ട്രീയത്തിലും മതത്തിലും സാമൂഹ്യഘടനയിലും ഇതാണു ശരി. സോഷ്യലിസം വിജയിക്കണമെങ്കിൽ സ്വാതന്ത്ര്യം അനിവാര്യമാണ്. സ്വാതന്ത്ര്യവും ലൈസൻസും തമ്മിലുള്ള പ്രകടമായ വ്യത്യാസം ഇവിടെ മനസ്സിലാക്കിയേ ഒക്കൂ. സ്വാതന്ത്ര്യത്തിനു ചുമതലകളും ഉത്തരവാദിത്വങ്ങളുമുണ്ട്. ലൈസൻസാണെങ്കിൽ അവകാശം പറയുകയും നിരുത്തരവാദിത്വപരമായി പെരുമാറുകയുമാവാം. പെരിസ്ട്രോയ്ക്കയും ഗ്ലാസ്നൊസ്റ്റും നടപ്പാകുമ്പോൾ ലൈസൻസാണുണ്ടാവുകയെങ്കിൽ അതപകടം വരുത്തും, തീർച്ച. അച്ചടക്കമില്ലാത്തിടത്ത് പെരിസ്ട്രോയിക്കയും ഗ്ലാസ്നൊസ്റ്റും മാത്രമല്ല യാതൊന്നും നടക്കില്ല. സോഷ്യലിസ്റ്റ് സാമൂഹ്യഘടനയിൽ ഓരോരുത്തരും അന്നന്നത്തെ അപ്പത്തിനുള്ള സാദ്ധ്യതകൾ മാത്രം കണ്ടു തൃപ്തിപ്പെട്ടു കൂടാ. ഏതു സമ്പദ് വ്യവസ്ഥയിലും വളർച്ചയും വൈവിദ്ധ്യവും ആവശ്യമാണ്. സമൂഹത്തെ ഒരു ''ഉപഭോക്തൃസ്വർഗ്ഗ'' മാക്കണമെന്നല്ല വിവക്ഷ. ഉല്പാദനോപകരണങ്ങളുടെ പൊതുവുടമസ്ഥതാ സമ്പ്രദായം ഉപേക്ഷിക്കാതെതന്നെ വൈവിദ്ധ്യത്തിനു വേണ്ടി ശ്രമിച്ചു കൂടെ

എൻെറ സോവിയറ്റ് ദിനങ്ങളിൽ മതനേതാക്കളും രാഷ്ട്രീയനേതാക്കളും നൽകിയ വിരുന്നുകളിലൊക്കെ വോഡ്ക്കയും കോഞ്ഞിയാക്കും വീഞ്ഞും മുമ്പൊക്കെ ഒഴുകുമായിരുന്നു. ഇന്നതില്ല. മദ്യനിരോധനം നിയമം മൂലം നടപ്പിലാക്കാതെ തന്നെ മദ്യത്തിൻമേൽ നിയന്ത്രണം കൊണ്ടുവന്നു. മദ്യവിപത്തിൽ നിന്നു മനുഷ്യരെ വിമുക്തരാക്കി, അവരിൽ സർഗ്ഗശേഷി, അദ്ധ്വാനിക്കുന്നതിനുള്ള ശേഷി വളർത്തുകയായിരുന്നു ഗോർബച്ചേവിൻെറ നയം.

? ലോകസമാധാന സൃഷ്ടിയിൽ പെരിസ്ട്രോയിക്കയുടെയും ഗ്ലാസ്നൊസ്റ്റിൻേറയും പങ്കെന്തെന്നു പറയാമോ?

• ശീതസമരത്തിൻെറ ശക്തി കുറച്ചു. ലോകസമാധാനത്തിൻെറ സാദ്ധ്യത അതുകൊണ്ട് വർദ്ധിച്ചു. ആയുധപന്തയം കുറക്കാനും കാര്യമായി നിയന്ത്രിക്കാനുമായി. വിശേഷിച്ചും ന്യൂക്ലിയർ - രാസായുധരംഗത്ത്. അണ്വായുധമെന്നത് ഒരു വിദൂര സാദ്ധ്യത മാത്രമായി. ആയുധനിർമ്മാണത്തിനുപയോഗിക്കുന്ന പണം മനുഷ്യനന്മക്കും വികസനത്തിനും

ഉതകുന്ന പദ്ധതികളിലേക്ക് തിരിച്ചു വിടാമെന്നായി.

? അങ്ങയുടെ ഈ കാഴ്ചപ്പാട് ഗൾഫ് യുദ്ധത്തിൻെറ പശ്ചാത്തലത്തിൽ തെറ്റല്ലേ?

• എനിക്കു വിശദീകരണമുണ്ട്. ഗൾഫ്യുദ്ധത്തിൻെറ അവസാനത്തിൽ പ്രസിഡണ്ട് ബുഷ് പറഞ്ഞു. ഇത് ഐക്യരാഷ്ട്രസഭയുടേയും മുഴുവൻ മനുഷ്യരാശിയുടേയും നിയമാധിഷ്ഠിതഭരണത്തിൻേറയും സത്യമായ എല്ലാറ്റിൻേറയും വിജയമാണെന്ന്. ബുഷിൻെറ അവകാശവാദം തെറ്റാണ്. ഇറാക്കിൻെറ കടന്നാക്രമണം തീർച്ചയായും തെറ്റായിരുന്നു.

കുവൈറ്റിനെ ആക്രമിക്കാനും കയ്യേറാനും ഇറക്കിനർഹതയില്ല. നിയമവിരുദ്ധമായ, അസ്വീകാര്യമായ നീക്കമായിരുന്നു അത്. പക്ഷെ അങ്ങനെമാത്രം പറഞ്ഞവസാനിപ്പിച്ചാൽ പോരാ. കുവൈറ്റിൽ നിന്നും ഇറാക്കിനെ ഓടിച്ച അമേരിക്ക, പാസല്തീൻകാരെ നിഷ്കരുണം വധിച്ചു കൊണ്ടിരിക്കുന്ന ഇസ്രായേലിനെ സംരക്ഷിക്കുന്നു. സമാധാനത്തിൻെറയും ജനാധിപത്യത്തിൻേറയും കാവൽക്കാർ എന്നറിയപ്പെടുന്ന അമേരിക്ക അഫ്ഗാനിസ്ഥാനിലെ മതമൗലികവാദികൾക്ക് കൂട്ടുനിൽക്കുന്നു. ദക്ഷിണാഫ്രിക്കയിലെ അപ്പാർത്തീഡിനെതിരെ അവർക്കൊരക്ഷരം പറയാനില്ല. കമ്പൂച്ചിയായിൽ ദശലക്ഷക്കണക്കിനാളുകളെ കൊന്നൊടുക്കിയ, ഇപ്പോഴും കൊല്ലാൻ തക്കം പാർത്തിരിക്കുന്ന ഖമാർറുജ് ചെമ്പടയെപ്പറ്റി അവർക്കൊന്നും പറയാനില്ല.

ഇതും തീർത്തും തെറ്റായ യുദ്ധമായിരുന്നു. ശീതസമരത്തിനന്ത്യം കുറിച്ചശേഷം അന്താരാഷ്ട്രസമൂഹം നേരിട്ട ഒന്നാമത്തെ പരീക്ഷണമാണ് ഗൾഫ് യുദ്ധം. അന്താരാഷ്ട്ര സമൂഹം ഇതിൽ തോറ്റുവെന്നു പറയണം. ഇതൊഴിവാക്കാമായിരുന്ന യുദ്ധമായിരുന്നു. ഏകപക്ഷീയവും ചടുലവുമായ തീരുമാനം ബുഷ് നടപ്പിലാക്കിയിരുന്നു. മുഖം രക്ഷിക്കാൻ കുറച്ചു കൂടി സമയം കൊടുത്തിരുന്നുവെങ്കിൽ സദ്ദാം ഹുസൈൻ പിൻവാങ്ങിയേനേ!

? മുഖ്യശത്രുവിനെ കണ്ടെത്താൻ എളുപ്പമായ സാഹചര്യം ഏതാണ്?

• പറയാം, ഏകാധിപത്യമോ അടിയന്തിരാവസ്ഥയോ ഉള്ള ഒരു രാജ്യത്ത് ശത്രുവിനെ തിരിച്ചറിയുക താരതമ്യേന എളുപ്പമത്രെ - നേരിടാൻ വിഷമമാണെങ്കിലും. എന്നാൽ പാർലിമെൻററി ജനാധിപത്യപ്രക്രിയയിൽ ഈ പണി കൂടുതൽ വിഷമകരമാണ്. ഇവിടെ ശത്രുക്കൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരാവണമെന്നില്ല. ഈ ശത്രുക്കൾ ജനങ്ങളോട് ഉത്തരവാദിത്വമോ വിധേയത്വമോ ഇല്ലാത്ത കമ്പനികൾ, ജന്മിമാർ, ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾ എന്നിവരാകാം. സെൻറ് പോൾ പറഞ്ഞതോർക്കുന്നോ - ''നമുക്കു പോരാട്ടമുള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിൻെറ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേവയോടും ആണ്.''

? ജനാധിപത്യം രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ

അടിസ്ഥാനങ്ങളിന്മേലല്ല, ആത്മീയതയിലാണൂന്നേണ്ടതെന്നു അങ്ങൊരു പ്രഭാഷണത്തിൽ പറയുകയുണ്ടായി - വിശദീകരിക്കാനാവുമോ?

ആത്മീയത എന്നു ഞാൻ വിവക്ഷിക്കുന്നത് പാട്ടും പ്രാർത്ഥനയുമൊന്നുമല്ല. മനുഷ്യൻെറ സ്വത്വം കണ്ടെത്താനുള്ള ശ്രമമാണത്. അതു മതപരമാകാം, മതേതരവുമാകാം ലോകസമാധാനത്തിനു വേണ്ടി ഉഴന്ന പഴയ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ഹാമർഷോൾഡ് കുരിശിൻെറ സാമീപ്യമാണ് സമത്വത്തിൻെറ അടിസ്ഥാനമെന്നു കണ്ടറിഞ്ഞു. തൻെറ മരണശേഷം "മാർക്കിങ്ങ്സ്" എന്നിവരിൽ സുഹൃത്തുക്കൾ പ്രസിദ്ധീകരിച്ച ഡയറിക്കുറിപ്പുകളിൽ ഈ വെളിച്ചത്തിൻെറ പൊരുൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതു മതപരമായ ആത്മീയത. മതേതരവിശ്വാസിയായിരുന്നില്ലേ? ഭക്രാനംകലിൻെറ ഉദ്ഘാടനവേളയിൽ അദ്ദേഹം പറഞ്ഞു; "ആധുനികഭാരതത്തിൻെറ പുണ്യതീർത്ഥങ്ങൾ ഇനിമേൽ കാശിയും രാമേശ്വരവുമല്ല: ഭിലായും ദുർഗ്ഗാപുരുമാണ്". ഇത് മതേതരമായ രമണീയത. ഏതു വിധേനയായാലും സ്വത്വത്തെ അന്വേഷിക്കാൻ സ്വാതന്ത്ര്യമെത്തിടത്ത് ജനാധിപത്യത്തിനു നിലനില്ക്കാൻ കഴിയില്ല.

? പെരിസ്ട്രോയിക്കയും ഗ്ലാസ്നൊസ്റ്റും ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾക്കിനിയും മനസ്സിലായിട്ടില്ലെന്നുണ്ടോ?

• മനസ്സിലാവായ്കയല്ല പ്രശ്നം. ആഗോളാടിസ്ഥാനത്തിൽ അത് നടപ്പായാൽ ഉണ്ടാകുന്ന ആശ്രിതമനോഭാവത്തിൻെറ നഷ്ടത്തിലാണവർക്ക് വേവലാതി. കിഴക്കൻ യൂറോപ്പിലേയും സോവിയറ്റ് യൂണിയനിലേയും മാറ്റങ്ങൾ വികസ്വര രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുകാർക്കും ജനകീയ പ്രസ്ഥാനങ്ങൾക്കും ഒരു ഭീഷണിയായിട്ടുള്ളതുപോലെ തോന്നുന്നു. ഈ ഭയം അസ്ഥാനത്താണ്. ഇതുവരെയും ഇക്കൂട്ടർ സോഷ്യലിസ്റ്റ് രാജ്യങ്ങളെയാണ് തങ്ങളുടെ മോഡലാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ സോഷ്യലിസം പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുമ്പോൾ തങ്ങൾക്ക് ഒരു താത്വിക ചട്ടക്കൂട് നഷ്ടപ്പെട്ടിരിക്കുകയാണെന്ന് അവർക്കു തോന്നുന്നു. വാസ്തവത്തിൽ ഈ പ്രതിസന്ധി കമ്മ്യൂണിസ്റ്റുകാരെയും ജനകീയ പ്രസ്ഥാനങ്ങളേയും നിരാശപ്പെടുത്തുകയല്ല. പുതിയ മോഡലുകളും സാധ്യതകളും മെനഞ്ഞെടുക്കാൻ അവരെ വെല്ലുവിളിക്കുകയാണ് വേണ്ടത്. ഗുരു മാർക്സ് മാത്രമായാൽ പോരാ വേറെയും ഗുരുക്കൻമാർ വേണം.

? ഇന്ത്യൻ കമ്മ്യൂണിസ്റ്റ് നേതാക്കൾക്കുള്ള മറ്റൊരു കുഴപ്പം കണ്ണിൽ പെട്ടിട്ടുണ്ടോ? വിമർശനം........

• പിന്നാല്ലാതെ. ക്രിയാത്മക വിമർശനം അവർ നേരിടാൻ തയ്യാറാവണം. വിമർശകരെ വിരുദ്ധരായി കരുതിക്കൂടാ. സ്വയം നീതീകരണവും കർക്കശബുദ്ധിയും കുതറികളഞ്ഞാലേ ക്രിയാത്മക വിമർശനം നേരിടാൻ അവർക്കാവൂ.

? ക്ഷമിക്കണം തിരുമേനി. അങ്ങ് ഒരേസമയം ക്രിസ്ത്യാനിയും സോഷ്യലിസ്റ്റുമായി തുടരുന്നതിൻെറ ന്യായം?

• സത്യമോതുവാൻ എനിക്ക് ത്രാണിയുണ്ട്. വിശ്വാസത്തിൻെറ പേരും പറഞ്ഞ് ക്രിസ്ത്യാനികൾ എത്രയോ ആയിരങ്ങളെ പീഡിപ്പിക്കുകയും കൊന്നുകളയുകയും ചെയ്തിരിക്കുന്നു. നിരീശ്വരവാദികൾ, പാഷാണ്ഡമതക്കാർ മന്ത്രവാദികൾ എന്നുവേണ്ട പലരേയും കൊന്ന ചരിത്രം പിന്തിരിഞ്ഞുനോക്കിയാൽ കാണാം. എന്നിട്ടും ഞാൻ ക്രിസ്ത്യാനിയായി തുടരുന്നു. കാരണം വിമോചിപ്പിക്കുന്നവനും മുറവുണക്കുന്നവനും അനുരഞ്ജിപ്പിക്കുന്നവുമായി ഈശ്വരൻെറ ദർശനമാണ്. തിന്മകൾ ഏറെ ഉണ്ടായിട്ടും ക്രിസ്തുമതത്തിൽ എന്നെ തുടരാൻ പ്രേരിപ്പിക്കുന്നത്. സോഷ്യലിസത്തിനുമുണ്ട് ഏറെ തകരാറുകൾ. ഭൂർഷ്വാസികൾ വിഭിന്ന ആശയഗതിക്കാർ നിഷ്കളങ്കർ തുടങ്ങി എത്രയോ പേരെ സോഷ്യലിസ്റ്റുകാർ പീഢിപ്പിച്ചുകൊന്നു എന്നിട്ടും ഒരു സോഷ്യലിസ്റ്റ് സഹയാത്രികനാണ് ഞാൻ. ദാരിദ്ര്യവും അനീതിയും ലഘൂകരിക്കുകയോ ഇല്ലായ്മ ചെയ്യുകയോ ചെയ്യുന്നതിന് സാധിക്കുന്ന ഒരു ലോക സാമ്പത്തിക വ്യവസ്ഥിതിയെ കുറിച്ചുള്ള ദർശനമാണ് ഈ സഹയാത്രക്ക് എൻെറ അവലംബം. ഇവ രണ്ടും പരസ്പര വിരുദ്ധങ്ങളല്ല. പരസ്പര പൂരകങ്ങളാണ്.

? ഒടുവിൽ ചോദിക്കട്ടെ. മാർക്സ് ലോഗും മാർക്കിസ്റ്റുകളും തമ്മിൽ എന്താണ് വ്യത്യാസം?

• ആദ്യത്തെ കൂട്ടർ മാർക്സിൻെറ ഉദ്ധരണികൾ വള്ളിപുള്ളി വ്യത്യാസം കൂടാതെ ഏറ്റു പറയുന്നവർ. സ്ഥലകാലഭേദം നോക്കാതെ കാലികപ്രസക്തി വ്യാഖ്യാനിക്കാതെ വേദപുസ്തകത്തിലെ വാക്യവും അദ്ധ്യായവും ഉദ്ധരിച്ച് ആത്മ സംതൃപ്തി അടയുന്ന ക്രൈസ്തവ സഭയിലെ യാഥാസ്തിതികരായ ഉപദേശികളെ പോലെ ദാസ് ക്യാപിറ്റലും കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയും വായിച്ചാൽ അവർക്ക് മുഴുവൻ മാർക്കിസമായി.

യഥാർത്ഥ മാർക്കിസ്റ്റുകൾ പക്ഷെ അത്തരക്കാരല്ല. അവർ മാർക്സിൻെറ വൈരുദ്ധ്യാത്മക ബൗദ്ധികചിന്തയെ ഗൗരവപൂർവ്വം കണക്കിലെടുത്ത് അവിടെ ഒതുങ്ങിനിൽക്കാതെ മാർക്സിനും അപ്പുറത്തേക്ക് കടന്നുചെല്ലുന്നു. ജനതയുടെ നാഡിസ്പന്ദം തിരിച്ചറിയും അവർ പ്രതികരിക്കുകയും ചെയ്യും. അവരിലൊരാളാണ് ഗോർബച്ചോ

പ്രത്യയശാസ്ത്രപരമായ പ്രതിസന്ധിയാണോ ഇന്ത്യയിലെ കമ്മ്യുണിസ്റ്റുകാരുടെ പ്രശ്നം?

• ആണെന്ന് സംശയിക്കണം. പ്രത്യയശാസ്ത്രം ഇരുമ്പുലക്ക പോലെ വളക്കാൻ പറ്റാത്തതും മെരുക്കാൻ പാടില്ലാത്തതുമായ ഒരു കാര്യമാകാൻ പാടില്ല. ഭൂതകാലം വിലയിരുത്താനും വർത്തമാന കാലപ്രവർത്തനങ്ങൾക്ക് ഊടും ഭാവവും നൽകാനും ഭാവിയെ രൂപപ്പെടുത്താനും ഉള്ളാതാണത്. കാലത്തിൻെറ ചുമരെഴുത്ത് അറിഞ്ഞ് പ്രതികരിക്കേണ്ടിവരും. കൂടുതൽ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പൗരൻമാരുടെ ഒടുങ്ങാത്ത തൃപ്തിക്ക് കീഴ്പ്പെടാതെ ഒരു പ്രത്യയശാസ്ത്രത്തിനും നിലനിൽപില്ല.

# മതത്തിൻെറ പ്രസക്തി എത്രത്തോളം

## ഹമീദ് ചേന്നമംഗലൂർ

? മതങ്ങൾ നിലനിൽക്കുകയും അവ മനുഷ്യജീവിതത്തിൽ സജീവമായി ഇടപെടുകയും ചെയ്യുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. പക്ഷേ, ഇത്ര ശക്തമായ മത സാന്നിധ്യമുണ്ടായിട്ടും നാനാവിധ തിന്മകൾ സമൂഹത്തിൽ വളരുന്നതാണ് കാണുന്നത്. മനുഷ്യൻെറ ആർത്തി കൂടിയതല്ലാതെ ഒട്ടും കുറഞ്ഞിട്ടില്ല. അത്യാർത്തിയുടെ ഫലമായുണ്ടാകുന്ന അഴിമതി ജീവിതത്തിൻെറ എല്ലാ മേഖലകളിലേക്കും വ്യാപിച്ചിരിക്കുന്നു. അതുപോലെ ഹിംസയും ക്രൂരതയും വഞ്ചനയും തട്ടിപ്പും നാൾ ചെല്ലുന്തോറും ഏറിവരികയാണ്. ലൈംഗിക കുറ്റകൃത്യങ്ങളും അമ്പരപ്പിക്കുന്ന വേഗതയിൽ വളരുന്നു. മനുഷ്യനെ സംസ്കരിക്കുന്നതിൽ മതങ്ങൾ പരാജയപ്പെട്ടിരിക്കുന്നു എന്നല്ലേ ഇതൊക്കെ കാണിക്കുന്നത്?

• ഈ ചോദ്യത്തിന് മറുപടി പറയുമ്പോൾ ആദ്യമായി ഒരുകാര്യം വ്യക്തമാക്കേണ്ടതുണ്ട്. ലോകത്തുണ്ടായിട്ടുള്ള എല്ലാ മതങ്ങളും മനുഷ്യൻെറ സൃഷ്ടിയാണ് എന്നതാണത്. മനുഷ്യ നിർമിതങ്ങളായ ഈ മതങ്ങൾ സ്വയം അത്ര കേമമല്ല എന്ന് വിമോചന ദൈവശാസ്ത്രജ്ഞനായ കാൾ ബാർഥ് അഭിപ്രായപ്പെട്ടിട്ടുമുണ്ട്. ഇതിനർത്ഥം മനുഷ്യനെ സംസ്ക്കരിക്കാൻ മതങ്ങൾക്ക് കഴിയില്ല എന്നല്ല. വാസ്തവത്തിൽ സാമൂഹികതിന്മകൾ ഒരു വലിയ പരിധിവരെ ഇല്ലാതാക്കാനുള്ള വിഭവം (Potential) മതങ്ങൾക്കുണ്ട്. അത് ഉപയോഗപ്പെടുത്തപ്പെടുന്നില്ല എന്നതാണ് കാര്യം. സത്യം പറഞ്ഞാൽ, മനുഷ്യനെ സംസ്കൃത ചിത്തനാക്കുക എന്നത് മതങ്ങളുടെ മുഖ്യ പ്രശ്നമല്ലാതായി മാറിയിരിക്കുന്നു. അധികാരവും സമ്പത്തും ആർജിക്കുന്നതിലാണ് അവയ്ക്ക് താൽപ്പര്യം. കാലത്തിനനുസരിച്ച് മാതൃകകൾ സൃഷ്ടിക്കാനോ കാലഘട്ടത്തിൻെറ ആവശ്യങ്ങളോട് സാർത്ഥകമായി പ്രതികരിക്കാനോ അവ ശ്രമിക്കുന്നില്ല. ധനാധികാരങ്ങൾക്ക് പിറകെ പോകുന്ന മതങ്ങൾ പഴയ സൂക്തങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുകയേ ചെയ്യൂ. വേദസൂക്തങ്ങൾക്ക് കാലോചിതവും മനുഷ്യോന്മുഖവുമായ വ്യാഖ്യാനങ്ങൾ നൽകാൻ അവ മുന്നോട്ട് വരില്ല. അത്തരം മതങ്ങൾ മനുഷ്യനെ സംസ്കരിക്കുന്നതിൽ പരാജയപ്പെടുന്നതിൽ എന്ത്ദ്ഭുതമിരിക്കുന്നു?

? ഇന്നത്തെ മതങ്ങളൊക്കെ സംഘടിത മതങ്ങളാണ്. അവ അടിസ്ഥാനപരമായി ഈശ്വര കേന്ദ്രിതങ്ങളുമാണ്. മതങ്ങൾ മനുഷ്യ കേന്ദ്രിതമാകുന്നതിന് പകരം ഈശ്വര കേന്ദ്രിതമാകുന്നത് കൊണ്ടല്ലേ ദേവാലയങ്ങളുടെ പേരിൽ ഇവിടെ വഴക്കുണ്ടാക്കുന്നത്?

• അതേ. മതങ്ങൾ മനുഷ്യന് വേണ്ടി നിലകൊള്ളുന്നതിന് പകരം ഈശ്വരന് വേണ്ടി നിലകൊള്ളുമ്പോൾ ദേവാലയങ്ങളുടെ പേരിൽ അവ തമ്മിൽ തല്ലാനുള്ള സാധ്യത വളരെ കൂടുതലത്രെ. ഇന്ന് സംഘടിത മതങ്ങൾ പ്രവർത്തിക്കുന്നത്തന്നെ ദൈവത്തിന് സമൂഹത്തിൽ എന്തെങ്കിലും സീറ്റ് വാങ്ങിക്കൊടുക്കാനാണ്. ദൈവത്തിനാകട്ടെ അതിൻെറ ആവശ്യം ഒട്ടുമില്ല. സ്വന്തം ദൈവം മറ്റുള്ളവരുടെ ദൈവത്തേക്കാൾ വലുതാണെന്ന് കാണിക്കലാണ് ഇന്ന് ഒരോ മതത്തിൻെറയും പ്രധാന ജോലി. യഥാർത്ഥ ഈശ്വരപൂജ മനുഷ്യൻെറ നാനാമുഖക്ഷേമത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണെന്നോ, ഈശ്വരൻ എന്ന സംജ്ഞയുണ്ടാകുന്നതുതന്നെ മനുഷ്യബന്ധങ്ങളിൽ നിന്നാണെന്നോ, അവ മനസ്സിലാക്കുന്നില്ല. ഈശ്വരൻെറ സാന്നിധ്യമില്ലാത്ത അൾത്താരയിലും അമ്പലത്തിലും മസ്ജിദിലുമാണ് അവ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ പാഴ്വേലയുടെ നിരർഥകതയിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് ടാഗോർ 'ഗീതാഞ്ജലി' യിൽ പാടിയത്. ''ഭജനം പൂജനമാരാധനയും സാധനയും ഹേ, നിർത്തുക സാധോ'' എന്ന്. കരിനിലമുഴുന്ന കർഷകരോടും കരിങ്കൽ പാറനുറുക്കിയൊരുക്കുന്ന പണിയാളരോടുമൊപ്പമാണ് ഈശ്വരൻ എന്നാണ് ടാഗോർ പറഞ്ഞത്. പണിയാളരിൽ, വിയർപ്പൊഴുക്കുന്നവരിൽ ഈശ്വരനെ ദർശിക്കുന്നവർ ദേവാലയങ്ങളുടെ പേരിൽ വഴക്കടിക്കില്ല.

? എല്ലാ മതങ്ങളുടെയും സാരം ഒന്നാണെന്നും വ്യത്യസ്ത മതങ്ങൾ ദൈവത്തിലേക്കുള്ള വിവിധ പാതകളാണെന്നും പറയാറുണ്ടെങ്കിലും പ്രയോഗതലത്തിൽ ഒരു മതം മറ്റൊന്നിനെ സമശീർഷമായി കാണുന്നില്ല. സാധാരണ മതവിശ്വാസി തൻെറ മതം മറ്റു മതങ്ങളെക്കാൾ ശ്രേഷ്ഠമാണെന്ന് അന്ധമായി വിശ്വസിക്കുന്നവനാണ്. അത്തരമൊരു സാമാന്യ ബോധത്തിനകത്താണ് വിശ്വാസികൾ ചെറുപ്പംതൊട്ടേ വളരുന്നത്. ഈ സ്വമതശ്രേഷ്ഠംബോധമല്ലേ വർഗീയതയുടെ രാസത്വരകമായി പ്രവർത്തിക്കുന്നത്?

• സ്വമതശ്രേഷ്ഠംബോധം വർഗീയതയുടെ പ്രധാനപ്പെട്ട രാസത്വരകങ്ങളിൽ ഒന്നാണെന്ന കാര്യത്തിൽ സംശയമില്ല. അപരമതങ്ങളെക്കുറിച്ച് പഠിക്കാനുള്ള അവസരം ഒരു മതവും നൽകാത്തതാണ് സങ്കുചിതമായ സ്വമതശ്രേഷ്ഠംബോധം വളരാനുള്ള കാരണം. ഹിന്ദുവിന് ഹൈന്ദവേതര മതങ്ങളെക്കുറിച്ചോ ക്രിസ്താനിക്ക് അക്രൈസ്തവ മതങ്ങളെക്കുറിച്ചോ മുസ്ലിമിന് ഇസ്ലാമേതര മതങ്ങളെക്കുറിച്ചോ കാര്യമായൊന്നുമറിഞ്ഞുകൂട. അതിനുള്ള അവസരം വ്യത്യസ്ത മതവിഭാഗങ്ങൾ സൃഷ്ടിക്കുന്നില്ല. ഇന്നിപ്പോൾ, മതങ്ങൾ തമ്മിലുള്ള സംവാദം (diologue) എന്ന പേരിൽ ചിലർ ചില പരിപാടികൾ നടത്തുന്നുമുണ്ട്. ഒരു ഫാഷൻ എന്നതിലപ്പുറം അതിന് പ്രാധാന്യമില്ല. ഇത്തരം ഔപചാരിക സംവാദങ്ങളല്ല. വ്യത്യസ്ത മതങ്ങളിൽപെടുന്നവർ ഒരു മേൽക്കൂരയ്ക്കു കീഴിൽ ഒന്നിച്ചുജീവിക്കുന്ന അവസ്ഥ (community living) യാണ് വേണ്ടത്. വാക്കുകളിലൂടെയല്ല. ജീവിതത്തിലൂടെയുള്ള സംവാദം അവിടെ നടക്കും. ഇങ്ങനെ ഒന്നിച്ചു

ജീവിക്കുമ്പോഴാണ് തൻെറ മതവും അപരൻെറ മതവും തമ്മിൽ സാരമായ അന്തരങ്ങളില്ലെന്ന് ഓരോരുത്തർക്കും മനസ്സിലാവുക.

? മത്തായിയുടെ സുവിശേഷത്തിൽ, 'ദരിദ്രർ അനുഗൃഹീതർ സ്വർഗരാജ്യം അവർക്കുള്ളതാണ്' എന്നുപറയുന്നുണ്ട്. മഹാത്മാഗാന്ധിയും ഏതാണ്ട് ഇതേ നിലപാടെടുക്കുകയും ദാരിദ്ര്യത്തിൻെറ മഹത്ത്വത്തെക്കുറിച്ച് എഴുതുകയും ചെയ്തിട്ടുണ്ട്. മദർ തെരേസയെപ്പോലുള്ളവരും സ്വീകരിച്ചത് ഇതേ സമീപനം തന്നെയാണ്. ദാരിദ്ര്യത്തെ ഒരു അനുഗൃഹീതാവസ്ഥയായി കാണുന്ന ഈ രീതി ദാരിദ്ര്യം ഒരു സ്വാഭാവിക, ശാശ്വത പ്രതിഭാസമാണെന്ന് അംഗീകരിക്കലല്ലേ? അങ്ങനെ അംഗീകരിച്ചുകഴിഞ്ഞാൽ ദാരിദ്ര്യത്തിനെതിരെയുള്ള പോരാട്ടം അനാവശ്യമാണ് എന്നല്ലേ വന്നുചേരുന്നത്?

• ദാരിദ്ര്യത്തെ കേവലാർത്ഥത്തിൽ ഒരു അനുഗൃഹീതാവസ്ഥയായി കാണുന്ന രീതി ദാരിദ്ര്യം ഒരു ശാശ്വത പ്രതിഭാസമാണെന്ന് അംഗീകരിക്കുന്നിടത്താണ് ചെന്നെത്തുക എന്ന കാര്യത്തോട് ഞാൻ യോജിക്കുന്നു. പക്ഷേ, താങ്കൾ ഉദ്ധരിച്ച യേശുവിൻെറ വചനം ദാരിദ്ര്യത്തെ ശാശ്വതീകരിക്കുന്ന ഒരു പ്രസ്താവനയല്ല. അവിടെ ദരിദ്രർ അനുഗൃഹീതരാകുന്നത് ദാരിദ്ര്യം പുണ്യം കിട്ടാനുള്ള മാർഗമായതുകൊണ്ടല്ല, മറിച്ച് ദാരിദ്ര്യം അനീതിക്കെതിരെ പോരാടാൻ ദരിദ്രർക്ക് പ്രേരണയും പ്രചോദനവും നൽകുന്നു എന്നതു കൊണ്ടാണ്. ഏതു സമൂഹത്തിലും നീതിയുടെ പടവാളായി മാറുന്നത് ദരിദ്രരാണ്. ആ അർഥത്തിലാണ് ദരിദ്രർ അനുഗൃഹീതർ എന്ന് യേശു പറഞ്ഞത്. എന്നാൽ, ഇന്ന് ദരിദ്രസേവയിലും, ജീവകാരുണ്യപ്രവർത്തനങ്ങളിലും ഏർപ്പെടുന്ന പലരും ദാരിദ്ര്യത്തെ ഒരു സ്വാഭാവിക, ശാശ്വത, അവസ്ഥയായി കാണുന്നവരാണ്. മദർ തെരേസതന്നെ പറഞ്ഞത് താൻ പാവപ്പെട്ടവരെ പുഞ്ചിരിച്ച് മരിക്കാൻ സഹായിക്കുന്നു എന്നതാണ്. പാവപ്പെട്ടവർക്ക് പുഞ്ചിരിച്ച് ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് യഥാർത്ഥത്തിൽ വേണ്ടത്.

? വിധിവിശ്വാസം മതങ്ങൾ പ്രോത്സാഹിപ്പിക്കുന്നു, ദാരിദ്ര്യവും സമ്പന്നതയുമൊക്കെ ഓരോരുത്തരുടെ വിധിയാണെന്നാണ് പല മതങ്ങളും നൽകുന്ന ബോധം. ദാരിദ്ര്യം ദൈവദത്തമായ ഒരവസ്ഥയാണെന്ന ബോധമുണ്ടാകുന്നത് മതവിശ്വാസികളുടെ ശരിയായ ദിശയിലുള്ള രാഷ്ട്രീയവൽക്കരണത്തെ പ്രതികൂലമായി ബാധിക്കില്ലേ?

• ദാരിദ്ര്യം വിധിയാണെന്നും സമ്പന്നത ദൈവാനുഗ്രഹമാണെന്നുമുള്ള തെറ്റായ വിശ്വാസം സമൂഹത്തിലുണ്ട്. ആ വിശ്വാസം ഉറച്ചുപോയാൽ ദാരിദ്ര്യം ദൈവദത്തമായ അവസ്ഥയാണെന്ന നിലവന്നാൽ ദാരിദ്ര്യത്തിനെതിരെ പോരാടാനുള്ള രാഷ്ട്രീയ ഇച്ഛ ദുർബലമാകും. അതുകൊണ്ടാണ് വിമോചന ദൈവശാസ്ത്രജ്ഞർ വേദപുസ്തകത്തെ ശരിയായി മനസ്സിലാക്കാൻ സാമൂഹികാപഗ്രഥനം കൂടിയേ തീരു എന്ന് പറയുന്നത്. ഇത്തരം അപഗ്രഥനത്തിന് വേണ്ടിയാണ് അവർ മാർക്സിനെ ആശ്രയിക്കുന്നത്. ശാസ്ത്ര-സാങ്കേതിക മുന്നേറ്റത്തിൻെറ ഫലമായി

ദാരിദ്ര്യം ഉന്മൂലനം ചെയ്യാനുള്ള കരുത്ത് ഇന്ന് സമൂഹം നേടിയിട്ടുണ്ട്. എന്നിട്ടും ലോകത്ത് ദാരിദ്ര്യം നിലനിൽക്കുന്നുവെങ്കിൽ അതിനുകാരണം ഈശ്വരൻ കോപിച്ചതോ പ്രകൃതി കനിയാത്തതോ ഒന്നുമല്ല. മനുഷ്യ സമൂഹങ്ങളെ ഭരിക്കുന്നത് സ്നേഹത്തിൻെറ ആത്മാവല്ലാത്തത് കൊണ്ടാണ്. സ്നേഹം എന്നത് കേവലം ഒരു മൃദുല പദമല്ല. തീഷ്ണമായ പോരാട്ടത്തിൻെറ ഒരു വശമുണ്ടതിന്. ഇല്ലാത്തവന് നേടിക്കൊടുക്കാൻ വേണ്ടി പോരാടലാണ് സ്നേഹം. അതാണ് പ്രവാചകപാരമ്പര്യം.

? ദാരിദ്ര്യത്തെ വിധിയായും സ്ഥായിയായ അവസ്ഥയായും കാണുമ്പോഴുണ്ടാകുന്ന മറ്റൊരപകടം 'ചാരിറ്റി' (ദീനവത്സലത) പ്രസക്തി കൈവരിക്കുകയും ക്രമേണ 'ചാരിറ്റി' ഒരു വൻ ബിസിനസ്സായി മാറുകയും ചെയ്യുന്നു എന്നതാണ്. ഈ ബിസിനസ്സിൻെറ ഭാഗമായി അഗതി മന്ദിരങ്ങളും അനാഥമന്ദിരങ്ങളും പൊങ്ങി വരുന്നു. ഈ സ്ഥാപനങ്ങൾ ദാരിദ്ര്യത്തിൻെറ ലക്ഷണങ്ങളെ ചികിത്സിക്കുന്നു എന്ന് വേണമെങ്കിൽ പറയാം. പക്ഷേ, അവ രോഗത്തിൻെറ കാരണങ്ങളിലേക്ക് കടന്നു ചെല്ലുന്നേയില്ല. ദാരിദ്ര്യത്തിൻെറ മൂലകാരണങ്ങൾ കണ്ടെത്തി അവയ്ക്ക് ഘടനാപരമായ പരിഹാരം കാണാൻ ശ്രമിക്കാതെ ദാരിദ്ര്യത്തിൻെറ ബാഹ്യലക്ഷണങ്ങളെ ചികിത്സിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടേണ്ട ഒരു മഹദ്യത്നമാണോ?

• ദാരിദ്ര്യത്തിൻെറ ബാഹ്യലക്ഷണങ്ങളെയല്ല, മൂലകാരണങ്ങളെ ത്തന്നെയാണ് ചികിത്സിക്കേണ്ടത്. ദീനവത്സലതയും ജീവകാരുണ്യ പ്രവർത്തനങ്ങളും (ചാരിറ്റി) ബിസിനസ്സായി മാറുമ്പോൾ ദാരിദ്ര്യം നിലനിൽക്കേണ്ടത് അത്തരം ബിസിനസ്സുകാരുടെ ആവശ്യമായിത്തീരുന്നു. ഈ സ്ഥിതിവിശേഷം ഒട്ടും ആശാസ്യമല്ല. നാട്ടിൽ കൂടുതൽ അഗതിമന്ദിരങ്ങളും അനാഥമന്ദിരങ്ങളും ഉയർന്നുവരുന്നുണ്ടെങ്കിൽ അത് സമൂഹത്തിൻെറ മഹത്ത്വത്തെയല്ല, അധഃപതനത്തെയാണ് കാണിക്കുന്നത്. അഗതികളും അനാഥരുമില്ലാത്ത സമൂഹം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളാണാവശ്യം. എന്നാൽ, യുദ്ധം നടക്കുമ്പോൾ റെഡ്ക്രോസ്സും മറ്റും നടത്തുന്നതുപോലുള്ള യാതനാശമന പ്രവർത്തനങ്ങൾ ആവശ്യമാണെന്നതുപോലെ, ദാരിദ്ര്യം നിലനില്ക്കുമ്പോൾ ബിസിനസ്സിൻെറ അംശം തീരെയില്ലാത്ത, ജീവകാരുണ്യപ്രവർത്തനങ്ങൾ ആവശ്യമായിവരാം. പക്ഷേ, അതിനർത്ഥം ദാരിദ്ര്യത്തിനുള്ള പ്രതിവിധി ജീവകാരുണ്യ പ്രവർത്തനങ്ങളാണെന്നല്ല. യുദ്ധവേളയിൽ യാതനാശമനപ്രവർത്തനം നടത്തുമ്പോൾ തന്നെ യുദ്ധം ഒഴിവാക്കാനുള്ള പ്രവർത്തനങ്ങളും ആവശ്യമാണെന്നതുപോലെ ദരിദ്രർക്കുവേണ്ടി ധർമസ്ഥാപനങ്ങൾ നടത്തുമ്പോൾ തന്നെ ദാരിദ്ര്യത്തിൻെറ ഉച്ചാടനത്തിനുവേണ്ടി ഘടനാതലത്തിലുള്ള പ്രവർത്തനങ്ങളും ആവശ്യമാണ്. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് സമൃദ്ധിയുടെ മധ്യത്തിൽ ദാരിദ്ര്യം നിലനില്ക്കുമ്പോൾ ഭൂപരിഷ്ക്കരണത്തിനും സമ്പത്തിൻെറ സന്തുലിത വിതരണത്തിനുംവേണ്ടി പോരാടാതെയുള്ള ജീവകാരുണ്യപ്രവർത്തനം മർമ്മമറിഞ്ഞുള്ള ചികിത്സയല്ല.

? വിമോചന ദൈവശാസ്ത്രത്തിൻെറ വക്താക്കൾ, വിശേഷിച്ച് എൽസാൽവഡോറിൽ കൊലചെയ്യപ്പെട്ട ആർച്ച്ബിഷപ്പ് ഓസ്ക്കാർ റൊമെറോയെപ്പോലുള്ളവർ, ദാരിദ്ര്യത്തിൻെറ ഘടനാപരമായ കാരണങ്ങൾക്കെതിരെ, മുതലാളിത്ത ചൂഷണങ്ങൾക്കെതിരിൽ പോരാടാനാണല്ലോ വിശ്വാസികളോടാവശ്യപ്പെട്ടത്. ഇന്ത്യയിലെ മതപ്രസ്ഥാനങ്ങൾ ആ തലത്തിലേക്ക് ഉയരാത്തത് എന്തുകൊണ്ടാണ്?

• ഇന്ത്യയിലെ പ്രബല മതസഭകളോ മതപ്രസ്ഥാനങ്ങളോ ഘടനാപരമായ മാറ്റം ഇഷ്ടപ്പെടുന്നില്ല. നിലവിലുള്ള സാമൂഹിക ഘടനയും മൂല്യവ്യവസ്ഥയും നിലനിർത്താനാണവർ ആഗ്രഹിക്കുന്നത്. കാരണം ഘടനാപരമായ മാറ്റം സംഭവിച്ചാൽ അവരുടെ അധികാരവും സമ്പത്തും നഷ്ടപ്പെടും. പിന്നെ സ്കൂളുകളിലും കോളേജുകളിലും തങ്ങൾക്കിഷ്ടപ്പെട്ടവർക്ക് മാത്രം ജോലി കൊടുക്കാൻ അവർക്ക് കഴിയില്ല. നോർമൽ ഡെലിവറിക്ക് ആസ്പത്രിയിലെത്തുന്ന ഗർഭിണികളെ സിസേറിയൻ നടത്തിയും ചെറിയ തലവേദനയുമായി എത്തുന്നവരെ സ്കാൻചെയ്തും കാശ് പിഴിയാൻ പിന്നെ അവർക്ക് സാധിക്കില്ല. വാസ്തവത്തിൽ അധികാരവും സമ്പത്തുമില്ലാത്ത ബലഹീനങ്ങളായ സഭയ്ക്കേ ഘടനകളെ ചോദ്യം ചെയ്യാൻ കഴിയൂ. എൽസാൽവഡോറിൽ മാത്രമല്ല, ലാറ്റിനമേരിക്കയിൽ പൊതുവെയും സഭകൾ സാമ്പത്തികമായി ബലഹീനങ്ങളാണ്. അത്തരം സഭകളും മതസംഘങ്ങളും മതസംഘടനാപരമായ കാരണങ്ങൾക്കെതിരെ പോരാടുന്ന തലത്തിലേക്ക് ഉയരും.

? മതങ്ങൾക്ക് ഇനിയുള്ള കാലം എത്രത്തോളം പ്രസക്തിയുണ്ട്?

• കഴിഞ്ഞ കാലങ്ങളിൽ മതങ്ങളുടെ പേരിൽ ധാരാളം അത്യാചാരങ്ങൾ നടന്നിട്ടുണ്ട്. ജനങ്ങളെ അടിച്ചമർത്താൻ മതങ്ങൾ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. കുപ്രസിദ്ധമായ ഇൻക്വിസിഷനും കുരിശ് യുദ്ധങ്ങളുമൊക്കെ നടന്നത് മതത്തിൻെറ പേരിലാണ്. ഇന്നും മതങ്ങളുടെ പേരിൽ അത്യാചാരങ്ങൾ നടക്കുന്നുണ്ട് എന്നതും വസ്തുതയാണ്. എന്നുവെച്ച് നന്മ ചെയ്യാനുള്ള ശേഷിയും വിഭവവും മതങ്ങൾക്ക് നഷ്ടപ്പെടുന്നില്ല. സ്റ്റാലിൻെറ കാലത്ത് സോവിയറ്റ് യൂണിയനിലും പോൾപോട്ടിൻെറ കാലത്ത് കമ്പോഡിയയിലും സാംസ്കാരിക വിപ്ലവത്തിൻെറ കാലത്ത് ചൈനയിലും അത്യാചാരങ്ങൾ നടന്നെന്നുവെച്ച് മാർക്സിസത്തിൻെറ പ്രസക്തി നഷ്ടപ്പെടാത്തതുപോലെ, ചരിത്രത്തിൽ പലപ്പോഴും മതങ്ങളുടെ പേരിൽ ജനമർദനം നടന്നു എന്നതുകൊണ്ട് മതങ്ങളുടെ പ്രസക്തി നഷ്ടപ്പെടുന്നില്ല. ഏത് മതം യാഥാസ്ഥിതികത്വം ഉപേക്ഷിച്ച് വിപ്ലവാത്മകമാവുകയും മർദിതൻെറ പക്ഷത്തുനിന്നുകൊണ്ട് ഒരു പുതിയ ഭൂമിക്കും പുതിയ ആകാശത്തിനുംവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കെടുക്കുകയും ചെയ്യുന്നുവോ ആ മതത്തിന് എന്നും പ്രസക്തിയുണ്ട്. അതേസമയം നാം ജീവിക്കുന്ന ലോകത്തിൻെറ യാഥാർത്ഥ്യങ്ങളിലേക്ക് കണ്ണയക്കാതെ പരലോകത്തേക്ക് മാത്രം നോക്കിനില്ക്കുന്ന മതങ്ങൾക്ക് പ്രസക്തിയില്ലതാനും.

# യേശുവിനോടുകൂടി ക്രൂശിക്കപ്പെടുക

## ക്രൈസ്തവദീപികയുമായി നടത്തിയ അഭിമുഖം 1996

? ആദർശങ്ങളിലുറച്ചു നില്ക്കുന്ന ഒരു രാഷ്ട്രീയ സംഘടനയും ഇന്ന് ഇന്ത്യയിലില്ല. ദേശീയമായി ശിഥിലീകരണ പ്രവണത ഭയപ്പെടുത്തുമാറ് പ്രബലമായിരുന്നു. ഒരു രാജ്യമെന്ന നിലയ്ക്ക് ഇന്ത്യയുടെ അഖണ്ഡതയും നിലനില്പും ഉത്കണ്ഠാജനകമായ ഒരവസ്ഥയിലാണെന്നതു സത്യമല്ലോ? ഈ പ്രതിസന്ധിയെക്കുറിച്ച് അങ്ങേയ്ക്ക് എന്തു തോന്നുന്നു. ?

• നിങ്ങളുടെ ഉത്കണ്ഠയിൽ ഞാൻ പങ്കു കൊള്ളുന്നു. ആദർശസ്ഥിരതയും ത്യാഗമനസ്ഥിതിയുമുള്ള നേതാക്കന്മാരാണ് സ്വാതന്ത്ര്യസമരക്കാലത്ത് നമുക്കുണ്ടായിരുന്നത്. രാഷ്ട്രീയ പ്രവർത്തനം അവർക്ക് സമർപ്പിത സേവനമായിരുന്നു. വ്യക്തിപരമായി എന്തെങ്കിലും നേടിയെടുക്കണമെന്ന് വിചാരിച്ചല്ല അവർ സ്വാതന്ത്ര്യസമരത്തിലേക്കും രാഷ്ട്രീയപ്രവർത്തനത്തിലേക്കും എടുത്ത് ചാടിയത്. മറിച്ച് അവർക്കുള്ളതെല്ലാം നഷ്ടപ്പെടുകയായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. രാഷ്ട്രീയ പ്രവർത്തനം ധനസമ്പാദനത്തിനുള്ള ഒരു ജോലി മാത്രമായാണ് അധികം പേരും കണക്കാക്കുന്നത്. കൂടുതൽ സമ്പാദിച്ചവൻ പിന്നേയും കൂടുതൽ വലിയ രാഷ്ട്രീയനേതാവാകുന്നു. പിന്നെ രാഷ്ട്രീയത്തിൽ ധർമ്മം നിലനില്ക്കുമോ? ധർമ്മത്തിൻെറ മേൽക്കോയ്മ അംഗീകരിക്കുന്ന ഒരു രാഷ്ട്രത്തിനു മാത്രമെ ജനാധിപത്യരാഷ്ട്രം എന്ന പേരിനു അർഹതയുള്ളൂ എന്ന് ഗാന്ധിജി പഠിപ്പിച്ചു. മനുഷ്യനും സമുഷ്യസമൂഹങ്ങളും ധാർമ്മികനിയമങ്ങൾക്ക് വിധേയമാകണം. ഈ വിധേയത്വം അംഗീകരിക്കാത്ത ജനാധിപത്യം നാഥനില്ലാത്ത സമൂഹമാകുമെന്ന് ഗാന്ധിജി മുൻകൂട്ടി കണ്ടു. നാം അത് മനസ്സിലാക്കാൻ വൈകിയിരിക്കുന്നു.

? വ്യക്തിജീവിതത്തിലെ വിശുദ്ധി നിലനിർത്താൻ കഴിയുന്നില്ല. പൊതുജനപ്രവർത്തകരും ഉദ്യോഗസ്ഥന്മാരും വൻതോതിലുള്ള അഴിമതിയുടെ പേരിൽ കോടതി കയറുന്നു. ഇതിനെന്തെങ്കിലും പരിഹാരം ഉണ്ടെന്നു തോന്നുന്നുണ്ടോ?

• പരിഹാരമുണ്ട്. തീർച്ചയായും ഉണ്ട്. ജനാധിപത്യത്തിൻെറ കാവൽഭടന്മാർ ജനങ്ങളാണ്. പോലീസും കോടതിയുമൊക്കെ രണ്ടാം സ്ഥാനത്തേ വരുന്നുള്ളൂ. ധർമ്മത്തിലധിഷ്ഠിതമായ ജനാധിപത്യം വിജയിക്കണമെങ്കിൽ നാം കൊടുക്കേണ്ട വില നിദാന്ത ജാഗ്രതയാണ്.

ആദർശശാലികളായ, സ്വഭാവശുദ്ധിയുള്ള, രാഷ്ട്രത്തിൻെറ ഭാഗധേയത്തെപ്പറ്റി ഉൾക്കാഴ്ചയുള്ള, അധഃസ്ഥിതരുടെ വേവലാതികളെപ്പറ്റി മനസ്സലിവുള്ള ശ്രേഷ്ഠവ്യക്തികളെ തെരഞ്ഞെടുത്തു വിവിധ

തലങ്ങളിലുള്ള പ്രതിനിധി സഭകളിലേക്ക് അയക്കുവാൻ നാം മെനക്കെടണം. അത് സംഭവിക്കാറില്ല. ഈ ഗുണങ്ങളൊന്നുമില്ലാത്ത സ്ഥാനാർത്ഥികളുടെ കാപട്യത്തിൻെറ മൂടുപടം അനാവരണം ചെയ്ത് കള്ളി പുറത്താക്കണം. ഇതിനൊന്നും തയ്യാറാകാത്ത പൗരന്മാർക്ക് അവർ അർഹിക്കുന്ന നേതാക്കന്മാരെ കിട്ടും. ആ നേതാക്കൾ കട്ടു മുടിക്കും, ഖജനാവ് കാലിയാക്കും, ഭിക്ഷക്കാരൻെറ പിച്ചപ്പാളയിൽ പോലും കൈയിട്ടുവാരും. അവരുടെ ഭരണകാലത്ത് അഴിമതി അംഗീകരിക്കപ്പെട്ട ജീവിതവൃത്തിയാകും. ജനങ്ങൾ സംഘടിക്കുകയാണെങ്കിൽ, ചെറുത്തുനിൽപ്പിനു മുതിരുകയാണെങ്കിൽ അഴിമതിക്ക് പരിഹാരമുണ്ട്. ഈ തുറയിൽ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളേയും, അപൂർവ്വമായുള്ള ഉദ്യോഗസ്ഥരേയും നാം പ്രോത്സാഹിപ്പിക്കുകയും അവരുമായി സഹകരിക്കുകയും വേണം. അതിനു തയ്യാറല്ലെങ്കിൽ, അഴിമതിയുടെ പേരിൽ ഇപ്പോൾ കോടതി കയറിയിറങ്ങുന്ന പല രാഷ്ട്രീയ നേതാക്കന്മാരും അടുത്ത തെരഞ്ഞെടുപ്പിൽ ജയിച്ച് പ്രധാനമന്ത്രി പദം വരെ അലങ്കരിച്ചേക്കും.

? തെറ്റായ വഴിക്ക് ഭരണയന്ത്രം ചരിക്കുകയും അഴിമതി ഒരു ശീലമായിത്തീരുകയും ചെയ്യുമ്പോൾ ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കേണ്ട സംഘടിതസഭ ഇന്ന് സങ്കുചിത താൽപര്യങ്ങളുടെ പേരിൽ ഈ അഴിമതിയിൽ തന്നെ ഭാഗഭാക്കാകുന്നു എന്നതല്ലേ സത്യം! ഇതിനെന്തുണ്ടു പരിഹാരം?

• സഭ എന്ന വാക്കിൻെറ മൂല അർത്ഥം വിളിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ്. എന്ത് ഉദ്ദേശ്യത്തോടുകൂടി വിളിക്കപ്പെട്ടിരിക്കുന്നു എന്ന സത്യം മറന്ന് ഇന്ന് സഭകൾ പൊതുവെ സ്വന്തം താല്പര്യം മാത്രം പരിരക്ഷിക്കുന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ പോലെയാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. മാനസാന്തരത്തിൻേറ സുവിശേഷം പ്രസംഗിച്ചു കൊണ്ടിരിക്കുന്ന സഭ ആദ്യം സ്വയം മാനസാന്തരപ്പെടണം. സഭ സംസാരിക്കേണ്ടപ്പോൾ സംസാരിക്കുകയും, സംസാരിക്കരുതാത്തപ്പോൾ സംസാരിക്കുകയും ചെയ്യുന്ന കുററത്തെ ഓർത്ത് പശ്ചാത്തപിക്കണം. ഭരണകൂടവുമായി വിമർശനാത്മക സഹകരണമേ സഭയ്ക്ക് വേണ്ടൂ. പക്ഷേ പലപ്പോഴും മറിച്ചാണ് കഥ. വോട്ടുബാങ്കുകൾ സൃഷ്ടിക്കുന്ന രാഷ്ട്രീയ തന്ത്രങ്ങളിൽ സഭ എളുപ്പം അകപ്പെട്ടു പോകുന്നു. പ്രത്യേകാനുകൂല്യങ്ങൾ ഭരണകൂടത്തിൽ നിന്ന് പിടിച്ചു പറ്റുവാൻവെമ്പൽ കൊള്ളുന്ന സഭയ്ക്ക് പ്രവാചക ശബ്ദം ഉയർത്തുന്നതിനുള്ള ധാർമ്മിക ശക്തി നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. സഭ സ്വകീയതാൽപര്യങ്ങൾ മറന്ന് സമൂഹത്തിലെ ശക്തിഹീനരുടേയും ശബ്ദഹീനരുടെയും വക്താവായി നിലകൊള്ളുന്നുവെങ്കിൽ മാത്രമേ ദാവീദുരാജാവിനോട് ആ 'മനുഷ്യൻ നീ തന്നെ' എന്ന് നിർഭയം പറഞ്ഞ നാഥാൻ പ്രവാചകൻെറ പാരമ്പര്യം പിൻതുടരാൻ അതിനു സാധിക്കുകയുള്ളൂ. അധികാരം കൊണ്ടും സമ്പത്തുകൊണ്ടും സഭ ശക്തിയാർജ്ജിച്ചു കൂടാ. ബലഹീ

നമായ സഭക്കേ ദൈവകരങ്ങളിൽ സ്വയം സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

? കേരളത്തിലെ സംഘടിതമായ സാക്ഷരതാ പ്രവർത്തനത്തിനു നേതൃത്വം നല്കുകയും വിദ്യാഭ്യാസപ്രവർത്തനത്തിനടിത്തറപാകുകയും ചെയ്ത ക്രൈസ്തവ സഭ ഇന്ന് വിദ്യാഭ്യാസത്തിൻെറ മലിനീകരണത്തിന് മുഖ്യ ഉത്തരവാദികളാകുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളെ മികച്ച ധനാഗമ മാർഗ്ഗമാക്കുക, പരിശീലനമോ പരീക്ഷായോഗ്യതയോ ഇല്ലാത്ത അദ്ധ്യാപകർ, അശാസ്ത്രീയമായ അധ്യാപനരീതി, കുട്ടികളുടെ സാമൂഹികവത്കരണവും സ്വാതന്ത്ര്യവും നിഷേധിക്കുന്ന കർശനമായ അച്ചടക്കം - ആകെക്കൂടി 'പെർവെർഷൻ' സംഭവിച്ച ഒരു തലമുറയെ സൃഷ്ടിക്കാനല്ലേ ഇവർക്കു കഴിയൂ?

• കേരളത്തിൽ വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവസഭ നൽകിയിട്ടുള്ള സംഭാവനകൾ പ്രശംസനീയമാണ്. ചിലപ്പോൾ മതപരിവർത്തനം നടത്തണമെന്ന ലാക്കോടുകൂടിയും, മിഷ്യനറിമാർ ഈ തുറയിൽ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും, അജ്ഞതയുടെ അനന്ത കോണുകളിൽ ജീവിച്ചിരുന്ന അനേകലക്ഷം കേരളീയർക്ക് വിജ്ഞാനത്തിൻെറ വെളിച്ചം പകർന്നു കൊടുക്കാൻ അവർക്ക് കഴിഞ്ഞുവെന്നത് ചെറിയ കാര്യമല്ല. കേരളീയരെ മുഴുവൻ എഴുത്തും വായനയും പഠിപ്പിക്കാൻ സർക്കാറിന് പരിമിതികൾ ഉണ്ടായിരുന്ന കാലത്തെ ചരിത്രമാണത്. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. വിദ്യാഭ്യാസരംഗത്ത് ഇന്ന് എത്രയോ ഏജൻസികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട് സഭയ്ക്ക് പുതിയ പ്രവർത്തനമേഖലകൾ കണ്ടെത്തിക്കൂടാ? സഭ പിന്നേയും അവിടെ അള്ളിപ്പിടിച്ചു നിൽക്കുന്നതിൻെറ കാരണം എന്താണ്? കച്ചവടക്കണ്ണോടുകൂടി സഭ വിദ്യാഭ്യാസ പ്രവർത്തനത്തെ കാണുന്നുണ്ടോ? ഇത്തരം ചോദ്യങ്ങൾ സഭ തന്നെത്താൻ ചോദിക്കുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. വിദ്യാഭ്യാസ പ്രവർത്തനം സഭയുടെ ചുമതലയിൽപെട്ടതല്ല എന്നൊന്നുമല്ല ഞാൻ പറയാൻ ശ്രമിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസരംഗത്ത് മത്തിച്ചന്തയിലേതിനേക്കാൾ ദുർഗന്ധം അനുഭവപ്പെടുന്നുണ്ടെങ്കിൽ, അതിന് സഭക്കും പങ്കുണ്ടോ എന്ന് നാം പരിശോധിക്കേണ്ടതുണ്ട്.

ആതുര ശുശ്രൂഷാരംഗത്തെ സഭയുടെ സേവനവും പുനപരിശോധന അർഹിക്കുന്നില്ലേ? നഗരത്തിലെ സമ്പന്നരായ രോഗികൾക്ക് പരമാവധി ആധുനികമായ ചികിത്സാ സൗകര്യമേർപ്പെടുന്നതിലാണ് ക്രൈസ്തവസഭ ഇന്നു ശ്രദ്ധിക്കുന്നത്. ആതുരശുശ്രൂഷാരംഗത്തെ സ്ഥിതിയും മുൻ പറഞ്ഞതിൽ നിന്ന് വ്യത്യസ്തമല്ല. നമ്മുടെ ഒരു മുൻമന്ത്രി സരസമായി, എന്നാൽ ഒപ്പം വിമർശനാത്മകമായി പറഞ്ഞതുപോലെ, മെഡിക്കൽ മിഷൻ 'മേടിക്കൽ മിഷ്യൻ' ആയിത്തീർന്നിരിക്കുന്നു. പാവങ്ങളെപ്പറ്റി കരുതലില്ലാതിരിക്കുകയും സമ്പന്ന വിഭാഗങ്ങളുടെ ആവശ്യങ്ങൾക്കു കൂടുതൽ ഊന്നൽ കൊടുക്കുകയും ചെയ്യുന്നു എന്നുമാത്രമല്ല പ്രശ്നം. ആരോഗ്യപരിപാലനത്തെപ്പറ്റി നമുക്ക് ഒരു സമഗ്ര വീക്ഷണം

ഇനിയും ലഭിച്ചിട്ടില്ല. ഒരു മെഷീൻ കേടുവന്നാൽ നന്നാക്കുന്നതുപോലെ ശരീരത്തിൻെറ വിവിധ ഭാഗങ്ങളുടെ കേടുപാടുകൾ തീർക്കാമെന്ന സമീപനരീതി സ്വീകാര്യമല്ല. രോഗങ്ങൾക്ക് കാരണം ജീവശാസ്ത്രപരമായ കാര്യങ്ങൾ മാത്രമല്ലെന്നും, സാമൂഹ്യവും സാമ്പത്തികവും ആത്മീയവുമായ ഘടകങ്ങളും കണക്കിലെടുക്കേണ്ടതുണ്ടെന്നും സഭ മനസ്സിലാക്കണം. എല്ലാറ്റിലുമുപരി, സഭാവക സ്ക്കൂളുകളായാലും ആശുപത്രികളായാലും മെഡിക്കൽ കോളേജുകളായാലും അവ 'അധികാര കേന്ദ്രങ്ങൾ' ആയിത്തീരുന്നുവെന്ന ആരോപണം നിലവിലുണ്ട്. അധികാരം കയ്യാളി മറ്റുള്ളവരെ തങ്ങളുടെ ചൊൽപ്പടിക്ക് നിറുത്തുന്നതിനുള്ള ഉപാധികളാണ് ഇവ പലപ്പോഴും. പാവങ്ങൾക്കാണെങ്കിൽ അധികാരം ഒട്ടുമില്ലതാനും. രോഗത്തെ ആക്രമിച്ച് തോൽപ്പിക്കേണ്ട ആശുപത്രികൾ പാവങ്ങളായ രോഗികളെ അവഗണിച്ച് പരോക്ഷമായാണെങ്കിലും അവരെ രോഗത്തിൽ നിലനിറുത്തുന്ന സ്ഥിതിവിശേഷം തുടർന്നു കൂടാ.

? മതങ്ങൾ എല്ലാം സമാധാനത്തെക്കുറിച്ചാണ് പ്രഭാഷണം നടത്തുന്നത്. പക്ഷേ കലാപങ്ങളും രക്തച്ചൊരിച്ചിലും സൃഷ്ടിക്കുകയല്ലാതെ എവിടെയെങ്കിലും സമാധാനം സ്ഥാപിക്കാൻ മതം സഹായിച്ചിട്ടുണ്ടോ? ഈ വൈരുദ്ധ്യത്തിന് എന്തു വിശദീകരണം നല്കാനാവും?

• സമാധാനത്തിൻെറ സംസ്ഥാപനത്തിന് മതങ്ങൾ യാതൊന്നും ചെയ്യുന്നില്ല എന്ന് പറയുന്നത് ശരിയല്ല. കേരളത്തിൻെറ ചരിത്രത്തിലേക്ക് പിൻതിരിഞ്ഞുനോക്കുമ്പോൾ മതങ്ങൾ തമ്മിൽ കലഹിച്ചിട്ടുള്ള ചില സന്ദർഭങ്ങൾ കാണാൻ കഴിയും. പക്ഷെ നമ്മുടെയൊക്കെ ഭവനങ്ങളിൽ സംഭവിക്കുന്നതുപോലെ അവയൊക്കെ മറന്നും പൊറുത്തും പരിഹരിക്കുകയാണ് ചെയ്തിട്ടുള്ളത്. പൊതുവെ പറഞ്ഞാൽ മതസഹിഷ്ണുതയുടെ പാരമ്പര്യമാണ് നമുക്കുള്ളത്. എന്നാൽ ഈയടുത്തകാലത്ത് മഹത്തായ ഈ പാരമ്പര്യത്തിന് കോട്ടം തട്ടിയിരിക്കുന്നു. സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും പ്രവാചകദൗത്യം നിർവ്വഹിക്കുന്നതിന് പകരം സമൂഹത്തേയും രാഷ്ട്രീയത്തേയും നിയന്ത്രിക്കാൻ ഒരുമ്പെട്ടതാണ് ഈ കോട്ടത്തിനു കാരണമെന്ന് തോന്നുന്നു. മതത്തിന് പ്രചോദനം നൽകാം, പക്ഷെ സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയും നിയന്ത്രണം ഏറ്റെടുത്തു കൂടാ. അത് അപകടകരമാണ്. ഭിന്ന മതങ്ങളും സമുദായങ്ങളുമുള്ള ഭാരതത്തിൽ മതം സമൂഹത്തിൻെറ നിയന്ത്രണം ഏറ്റെടുക്കുകയാണെങ്കിൽ അത് പരസ്പര വിദ്വേഷത്തിനും സംശയത്തിനും ഇടയാക്കും. ഓരോ മതവും സമുദായവും പ്രൈവറ്റ് ലിമിറ്റഡ് കമ്പനികളെപ്പോലെ പ്രവർത്തിക്കുന്നതും ഏക സമൂഹം എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ നമ്മെ സഹായിക്കുകയില്ല.

? പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുക എന്ന ദൗത്യം നിറവേറ്റണമെങ്കിൽ അതിന് ഇന്നത്തെ ക്രൈസ്തവ സമൂഹത്തിൻെറ കാഴ്ചപ്പാടിൽ വരുത്തേണ്ട മാറ്റമെന്താണ്?

• പണ്ട് കോൺസ്റ്റൻൈറൻ ചക്രവർത്തി ക്രിസ്ത്യാനിയായി

ത്തീർന്നപ്പോൾ അതുവരെ പീഡനമേറ്റിരുന്ന ക്രൈസ്തവസഭയ്ക്ക് ദേശീയ അംഗീകാരം ലഭിച്ചു. സാമ്പത്തിക സഹായവും സുരക്ഷിതത്വവും അനുഭവപ്പെട്ടപ്പോൾ സഭ സുഖലോലുപതിയിലേയ്ക്ക് തിരിഞ്ഞു. മാത്രമല്ല, ലോകത്തിൻെറ മുഴുവൻ അധിപന്മാരായാണ് തങ്ങൾ നിയമിക്കപ്പെട്ടിരിക്കുന്നത് എന്ന ഭാവവും അവർക്കുണ്ടായി. അന്നുമുതൽ ഇന്നുവരെ തങ്ങളാണ് ലോകത്തിൻെറ കാര്യവിചാരകന്മാരും അധിപന്മാരും എന്ന മട്ടിലാണ് ക്രൈസ്തവ സഭ എങ്ങും പ്രവർത്തിച്ചു പോന്നിട്ടുള്ളത്. ഈ നിലപാട് മാറണം. സത്യം തങ്ങളുടെ കൈവശം മാത്രമാണുള്ളതെന്നും എല്ലാ ചോദ്യങ്ങൾക്കും ഉത്തരം തങ്ങളുടെ പക്കലുണ്ടെന്നുമുള്ള സങ്കുചിത നിലപാട് സഭ കൈവിടണം. കുഞ്ഞിന് ജന്മം നൽകുവാൻ സഹായിക്കുന്ന മിഡ്‌വൈഫിനെപ്പോലെ സത്യത്തിന് ജന്മം നൽകാൻ, എല്ലാ മനുഷ്യരിലുമുള്ള നന്മയെ ത്രസിപ്പിക്കാൻ, പ്രവർത്തിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. 'ഭൂമിയുടെ ഉപ്പ്', 'അപ്പത്തിലെ പുളിപ്പ്' എന്നൊക്കെയുള്ള വേദപുസ്തക സംജ്ഞകൾ ക്രിസ്ത്യാനികളെ സംബന്ധിച്ച് അർത്ഥവത്താകുന്നത് അപ്പോൾ മാത്രമാണ്. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാൻ ക്രിസ്ത്യാനികൾക്കുമാത്രമെ സാധിക്കുയുള്ളൂ എന്നും, അവർ ഒറ്റക്കാണ് അത് ചെയ്യേണ്ടത് എന്നുമൊക്കെയുള്ള ചിന്താഗതി മൗഢ്യമാണ്. ഭൂമിയിൽ സന്മനസ്സുള്ള ആരുമായും ക്രിസ്ത്യാനികൾ സഹകരിക്കുകയും തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം അനുസരണയുള്ളവനായിത്തീർന്ന യേശുവിൻെറ മാതൃക അനുകരിക്കുകയും വേണം.

? ഈ ക്രിസ്തുമസിന് അങ്ങു നല്കുന്ന സന്ദേശമെന്താണ്?

• ക്രിസ്തുമസ് ആഘോഷങ്ങൾ സാധാരണഗതിയിൽ പുൽക്കൂടിനെ കേന്ദ്രീകരിച്ചാണ്. മാതാപിതാക്കന്മാരുടെ പരിലാളനയിൽ, സ്വർഗ്ഗീയ ദൂതന്മാരുടെ ഗാനാലാപങ്ങളുടെ പശ്ചാത്തലത്തിൽ, വിദ്വാൻമാരുടെ കാഴ്ചവസ്തുക്കൾ സ്വീകരിച്ചു കൊണ്ട്, പുഞ്ചിരിതൂകി കിടക്കുന്ന ഉണ്ണിയേശുവിനെയാണ് ക്രിസ്തുമസ് സീസണിൽ ഓർക്കുക പതിവ്. ഉണ്ണിയേശു വളർന്ന് വലിയ മനുഷ്യനായി. സമൂഹത്തിലെ സംവാദങ്ങളുടെയും, സംഘർഷങ്ങളുടെയും, സംഘട്ടനങ്ങളുടെയും മദ്ധ്യത്തിലേക്ക് അവൻ ഇറങ്ങി വന്നു. സംഘട്ടനങ്ങളുടെയും സംഘർഷങ്ങളുടെയും മദ്ധ്യത്തിൽ അവൻ നിഷ്പക്ഷമദ്ധ്യവർത്തിയായി നിന്നില്ല. അവൻ പക്ഷം പിടിച്ചു. ബലഹീനരുടെയും ഒന്നുമില്ലാത്തവരുടെയും, മർദ്ദിതരുടേയും, സമൂഹത്തിൽനിന്ന് പുറംതള്ളപ്പെട്ടവരുടേയും കൂടെ നിന്നു. അതിൻെറയൊക്കെ ഫലമായി അവസാനം കുരിശിൽ കയറി. പുൽക്കൂടും കുരിശും പരസ്പരവിരുദ്ധങ്ങളല്ല, പരസ്പരപൂരകങ്ങളാണ്. യേശുവിനോടുകൂടി ക്രൂശിക്കപ്പെടാൻ തയ്യാറുള്ളവർക്കേ ക്രിസ്തുമസ് ആഘോഷിക്കാൻ അർഹതയുള്ളൂ.

# എക്യൂമെനിസം എന്നതു ക്രിസ്തീയ സഭയുടെ ഐക്യമല്ല

**ബർലിൻ എക്യൂമെനിക്കൽ മിഷൻ സെൻററിലെ റവ. എറൻഫ്രീഡ് റൂപ്ക്കേ, ബിഷപ്പ് പൗലോസ് മാർ പൗലോസുമായി നടത്തിയ ഇൻർർവ്യൂവിലെ പ്രസക്ത ഭാഗങ്ങൾ**

? ഭാരതത്തിലെ ക്രിസ്ത്യാനികളുടെ ഇന്നത്തെ ദൈവവിളിയും ഉത്തരവാദിത്തവും എന്താണെന്നാണ് അങ്ങു കരുതുന്നത്?

• മതജീവിതത്തിൽ ഒരു പുതിയ വികാസം ഇന്നു ഉണ്ടായിട്ടുണ്ട്. മനുഷ്യരുടെ സാമൂഹ്യബന്ധത്തിൽ ഇതു നിഴലിച്ചു കാണുന്നു. ജീവിതത്തോട് ഒരു പുതിയ ആദരവ് എന്ന് ഇതിനെ വിളിക്കാം. ഇതിൻെറ ഫലമായി ജനങ്ങളിൽ ഭാവിയെ സംബന്ധിച്ച് ഒരു പുതിയ പ്രത്യാശയും പ്രതീക്ഷയും കാണുന്നുണ്ട്. ജനങ്ങൾ ചരിത്രത്തിൻെറ വെറും ഭാജനങ്ങളായിരിക്കാൻ തയ്യാറില്ല, മറിച്ച്, ചരിത്രത്തിൻേറ സൃഷ്ടികർത്താക്കളാകുവാൻ ആഗ്രഹിക്കുന്നു. ഈ പുതിയ അവബോധവും പ്രത്യാശയും ഇന്നു നടക്കുന്ന വിവിധമായ പോരാട്ടങ്ങളിൽ പ്രകടമായിക്കൊണ്ടിരിക്കുന്നു - ഭക്ഷണത്തിനും, നീതിക്കും, സ്വാതന്ത്ര്യത്തിനുമായുള്ള പോരാട്ടങ്ങൾ. ക്രിസ്ത്യാനികളുടെ കടമയെക്കുറിച്ച് ചോദിക്കുമ്പോൾ, എനിക്കു പറയുവാനുള്ളത്, ഈ പോരാട്ടങ്ങളിൽ ക്രിസ്ത്യാനികൾ സജീവമായി പങ്കെടുക്കുന്നുണ്ട് എന്നാണ്. അതേസമയം ഈ പോരാട്ടങ്ങളിൽ നിഷ്പക്ഷത പാലിക്കാനും അല്ലെങ്കിൽ പക്ഷപാതരഹിതമായ മാദ്ധ്യസ്ഥതയ്ക്കുമുള്ള പ്രവണതയും ദൃശ്യമാണ്. ഇതു ശരിയല്ല. സഭയുടെ നിഷ്പക്ഷത യഥാർത്ഥത്തിൽ സമ്പന്നൻെറയും ചൂഷകൻെറയും മർദ്ദകൻേറയും ഭാഗം പിടിക്കൽ തന്നെയാണ്. എന്നാൽ,സഭ മർദ്ദിതരുടെയും പീഡിതരുടെയും പക്ഷം പിടിക്കുകയാണു വേണ്ടത്. യേശുക്രിസ്തു അതാണു ചെയ്തത്.

? അങ്ങു കുറേനാൾ ജി.ഡി.ആർ - ൽ ഉണ്ടായിരുന്നല്ലോ. ഒരു സോഷ്യലിസ്റ്റു സമൂഹം കെട്ടിപ്പടുക്കുവാനുള്ള ശ്രമകരമായ ഞങ്ങളുടെ പരിശ്രമങ്ങളെക്കുറിച്ച് എന്താണു പറയുവാനുള്ളത്?

• നിങ്ങളുടെ രാജ്യത്തെക്കുറിച്ചു കുറെയേറെ മുൻവിധികളുമായാണു ഞാൻ വന്നത്. നിഷേധാത്മകമായ ധാരാളം പ്രചരണങ്ങൾ കേട്ടിട്ടുണ്ടായതായിരുന്നു അവ. ഇവിടെ വരികയും, ഇവിടുത്തെ ജനങ്ങളുമായി ഇടപഴകുകയും ചെയ്തതിൻെറ വെളിച്ചത്തിൽ എനിക്കു പറയുവാൻ കഴിയും, ഇവിടെജനങ്ങളുടെ പ്രാഥമികമായ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുണ്ട് എന്ന്. നീതിനിഷ്ടമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ നിങ്ങൾ നടത്തുന്ന ധീരവും ആത്മാർത്ഥവുമായ ശ്രമങ്ങൾ എന്നെ

ആവേശഭരിതനാക്കുന്നു. സാമ്പത്തികമായ അന്തരങ്ങൾ സമൂഹത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യാനുള്ള ശ്രമങ്ങളും ഗണ്യമായി വിജയിച്ചിട്ടുണ്ട്. എന്നാൽ ഞാൻ ചോദിക്കട്ടെ: ഇതിൽ കൂടുതലായി ഒന്നും ചെയ്യുവാനില്ലെ? എൻെറ അഭിപ്രായത്തിൽ ഉണ്ട്. ചരിത്രത്തിൻെറ ഒരു ഘട്ടവും പൂർണ്ണത ആർജ്ജിക്കുന്നില്ല. എപ്പോഴും കൂടുതൽ മെച്ചപ്പെടേണ്ടതായ പലതും അവശേഷിക്കുകതന്നെ ചെയ്യും.

? ജീ.ഡീ. ആറിലുള്ള ദേവലായങ്ങളും ഇടവകകളും അങ്ങു സന്ദർശിച്ചല്ലോ. ഇവിടുത്തെ ക്രിസ്ത്യാനികൾ അവരുടെ ചുമതലകളെ വേണ്ടത്ര ഗൗരവമായി എടുത്തിട്ടുണ്ട് എന്ന് അങ്ങേയ്ക്കു ബോധ്യപ്പെട്ടിട്ടുണ്ടോ?

• എൻെറ അഭിപ്രായം ഇവിടുത്തെ ക്രിസ്ത്യാനികൾ അവരുടെ ചുമതലകൾക്കും, അവരുടെ ക്രിസ്തീയദൗത്യത്തിനും അർഹമായ ഗൗരവം നല്കിയിട്ടില്ല എന്നാണ്. സമൂഹജീവിതത്തിൽ നിന്നും വേറിട്ടു നില്ക്കാനാണവരുടെ പ്രവണത. ഒരു പ്രത്യേക വർഗ്ഗവും വിഭാഗവും ആയി നില്ക്കുന്നതിനാൽ അവർ സ്വയം നീതീകരണം കണ്ടെത്തുന്നു. ഇവിടുത്തെ ക്രിസ്ത്യാനികൾ പലപ്പോഴും ചിന്തിക്കുന്നതു 'ദൈവികസത്യങ്ങൾ' മറ്റുള്ളവരെ - അതായത് കമ്യൂണിസ്റ്റുകാർ, നിരീശ്വരർ, സോഷ്യലിസ്റ്റുകാർ തുടങ്ങിയവരെ - പഠിപ്പിക്കുകയെന്നതാണവരുടെ ചുമതല എന്നത്രെ. ദൈവികസത്യങ്ങളുടെ കുത്തകതങ്ങൾക്കാണെന്നവർ വിശ്വസിക്കുന്നു. അത് ഒട്ടും ശരിയല്ല. ക്രിസ്തീയ ജീവിതത്തിൻെറ പ്രസക്തി ലൗകിക മനുഷ്യ സമൂഹത്തിനപ്പുറം അന്വേഷിക്കുകയല്ല, മറിച്ചു തങ്ങളായിരിക്കുന്ന പശ്ചാത്തലത്തിൽ തന്നെ ആ ദൗത്യം നിർവ്വഹിക്കുവാനുള്ള ദൈവവിളിയാണ് അവർ ഉൾക്കൊള്ളേണ്ടത്. ഇവിടെ യിരമ്യാപ്രവാചകൻെറ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്. ബാബിലോണിലെ പ്രവാസകാലത്ത് ഇസ്രയേൽക്കാരോടു പ്രവാചകൻ പറയുന്നു; 'നിങ്ങൾ ഇവിടം വിട്ടു പോകരുത്. ബാബിലോണിൻെറ സമാധാനം നിങ്ങളുടെ സമാധാനമാണ്. എന്തുകൊണ്ടെന്നാൽ യഹോവാ നിങ്ങളെ ഇവിടെയത്രെ ആക്കിയിരിക്കുന്നത്.' യിരമ്യാവ് പ്രവാസികളോട് അരുളിചെയ്തതുപോലെ എനിക്കു നിങ്ങളോടും പറയുവാനുള്ളത്, നിങ്ങൾ ഇവിടെനിന്നും പലായനം ചെയ്യാനുള്ള പ്രവണത ഉപേക്ഷിക്കണം. പിടഞ്ഞാറെ ജർമ്മനിയിലേക്കു കടന്നുകളയുവാൻ ഉള്ള ശ്രമങ്ങൾ അവസാനിപ്പിച്ച് ഇവിടെ ക്രിസ്തീയസാക്ഷ്യം നിർവഹിക്കുവാൻ നിങ്ങൾക്കു കഴിയണം.

? ബോൺഹോഫറിൻെറയും കാറൽമാർക്സിൻെറയും കൃതികളെ സംബന്ധിച്ച് അങ്ങു നടത്തിയിട്ടുള്ള പഠനങ്ങളുടെ വെളിച്ചത്തിൽ അവരുടെ ദൈവശാസ്ത്രപരവും എക്യുമെനിക്കലും ധനതത്വശാസ്ത്രപരവുമായ സംഭാവനകളെക്കുറിച്ച് അങ്ങയുടെ അഭിപ്രായങ്ങൾ എന്താണ്?

• കാറൽമാർക്സിൻെറയും ബോൺഹോഫറിൻെറയും ദർശനങ്ങൾ തമ്മിൽ പല കാര്യങ്ങളിലും സാമ്യമുണ്ട്. ദൈവത്തെ എതിർക്കുക

എന്നതല്ലായിരുന്നു മാർക്സിൻെറ പ്രധാന ലക്ഷ്യം. മറിച്ചു മനുഷ്യനെക്കുറിച്ചുള്ള കരുതലായിരുന്നു അദ്ദേഹത്തിൻെറ മുഖ്യപ്രേരണാശക്തി. മനുഷ്യൻെറ സ്വാതന്ത്ര്യം, പ്രത്യാശ, സ്വാശ്രയത്വം, പ്രതീക്ഷകൾ ഇവയിലൊക്കെയായിരുന്നു അദ്ദേഹത്തിനു താൽപര്യം. ബോൺഹോഫറിൻെറ ദർശനവും മനുഷ്യനിൽ കേന്ദ്രീകരിച്ചതായിരുന്നു. ദൈവസ്വരൂപത്തിലുള്ള മനുഷ്യൻെറ സാമൂഹ്യ സാമ്പത്തിക അവസ്ഥയും, ഭാവിയും അദ്ദേഹത്തിൻെറ പ്രധാന ചിന്താവിഷയമായിരുന്നു. നിരീശ്വരവാദമോ, നാസ്തികവാദമോ വിശ്വാസാവിശ്വാസങ്ങളോ അല്ല പരമപ്രധാനമായത്. അവയ്ക്കു സ്വകീയമായ മൂല്യങ്ങളില്ല. ദൈവത്തിൻെറ പ്രവർത്തനങ്ങളോടുള്ള മാനുഷിക പ്രതികരണമാണു വിശ്വാസം. ദൈവത്തിൻെറ പ്രവർത്തനങ്ങളോടു ക്രിസ്ത്യാനികൾ ഒരുവിധത്തിലും ക്രിസ്തേതരും, അവിശ്വാസികളും മറ്റൊരു വിധത്തിലും പ്രതികരിക്കുന്നു. അതുകൊണ്ട് ഒരാൾ വിശ്വാസി ആണോ എന്നതല്ല പ്രധാനപ്പെട്ടകാര്യം. നമ്മളെല്ലാം മനുഷ്യനുവേണ്ടി നിലകൊള്ളണം എന്നതാണു സർവ്വപ്രധാനമായ കാര്യം - മനുഷ്യനിൽ വ്യക്തികളെന്ന നിലയ്ക്കല്ലാ മറിച്ച് അവൻേറ സമഗ്രതയിൽ, സമ്പൂർണ്ണതയിൽ, സമൂഹത്തിലും ലോകത്തിലും ഉള്ള അവൻെറ അസ്തിത്വത്തിൽ അതുകൊണ്ടു സഭയ്ക്കൊരു ആഗോളദർശനമുണ്ടാകണം, അതായിരിക്കണം എക്യുമെനിസത്തിൻെറ കാതൽ. എക്യുമെനിസമെന്നതുകൊണ്ടു നിലവിലുള്ള എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും ഒരു വേദിയിൽ അണിനിരക്കുക എന്നല്ല ഉദ്ദേശിക്കുന്നത്. മറിച്ചു സർവജനങ്ങളേയും ആഗോളാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയാണു വേണ്ടത്. മനുഷ്യനെ സമഗ്രമായി കാണുക എന്നു പറഞ്ഞാൽ മനുഷ്യനെ ഒറ്റപ്പെട്ട വ്യക്തികളായി - അവരെ രൂപപ്പെടുത്തുന്ന സമൂഹിക സാമ്പത്തിക യാഥാർത്ഥ്യങ്ങളിൽ നിന്ന് അടർത്തിമാറ്റി - കാണാതിരിക്കുക എന്നാണർത്ഥം. അപ്പോൾ സമഗ്രദർശനം സമ്പദ്‌വ്യവസ്ഥയുടെ പ്രാധാന്യം സ്പഷ്ടമാക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ എക്യൂമെനിസവും സാമ്പത്തികശാസ്ത്രവും പരസ്പരം ബന്ധപ്പെട്ടാണു കിടക്കുന്നത്. സഭാവിഭാഗങ്ങൾ ഒരുമിച്ചുവരുക എന്നു പറഞ്ഞാലെന്താണു സംഭവിക്കുക? പരസ്പരം കണ്ടാൽ മിണ്ടുകപോലും ചെയ്യാത്ത വിവിധ സഭാനുയായികൾ എക്യൂമെനിസത്തിൻെറ പേരിൽ നടത്തപ്പെടുന്ന ഏതെങ്കിലും ഒരു ചടങ്ങിൻെറ ഭാഗമായി ഒരുമിച്ചു വരികയും പാട്ടുപാടി പ്രാർത്ഥിച്ചു പിരിയുകയും ചെയ്യുന്നു. ഇതു യഥാർത്ഥ എക്യൂമെനിസമല്ല. യഥാർത്ഥ എക്യൂമെനിസം കെട്ടിപ്പടുക്കുന്നു മനുഷ്യൻെറ സാമ്പത്തിക പ്രശ്നങ്ങളെ നേരിട്ടു കൊണ്ടല്ലാതെ സാധ്യമല്ല.

? ഈ ലോകത്തിലെ അനീതികളെ സംബന്ധിച്ച് എക്യൂമെനിക്കൽ ജീവിതക്രമത്തിൻെറ അടിസ്ഥാനത്തിൽ എന്താണ് അങ്ങേയ്ക്കു പറയുവാനുള്ളത്? അനീതിപരമായ സാഹചര്യങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങളെ സംബന്ധിച്ച അങ്ങയുടെ വീക്ഷണം എന്താണ്?

• ലോകം ഇന്നു വളരെ ചുരുങ്ങിയിരിക്കുന്നു. ലോകജനതയെ മൊത്തത്തിൽ ഒരു കുടുംബത്തിലെ അംഗങ്ങളായോ ഒരു ആഗോളഗ്രാമത്തിലെ നിവാസികളായോ മാത്രമെ ഇന്നു കാണുവാൻ സാധിക്കൂ. ലോകത്തിലെ ഏതെങ്കിലും ഒരുഭാഗത്ത് ഉള്ള ജനങ്ങൾക്ക് അവരുടെ പ്രാഥമിക ജീവിതാവശ്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ മറുഭാഗത്തുള്ളവർക്ക് അതു തങ്ങളുടെ പ്രശ്നമല്ല എന്നു പറഞ്ഞ് ഒഴിഞ്ഞുമാറുവാൻ സാദ്ധ്യമല്ല. അതുപോലെ ഏതെങ്കിലും ഒരു പ്രദേശത്തുള്ള ജനങ്ങൾ അടിച്ചമർത്തപ്പെടുമ്പോൾ മറ്റു പ്രദേശങ്ങളിലുള്ളവർക്കും കണ്ടില്ലെന്നു നടിക്കാൻ സാദ്ധ്യമല്ല. ഒരുത്തൻ പീഡിപ്പിക്കപ്പെടുമ്പോൾ അതെല്ലാവരുടേയും പീഡനമാണ്. ഒരുവൻെറ സ്വാതന്ത്ര്യനിഷേധം എല്ലാവരുടെയും അസ്വാതന്ത്ര്യമാണ്. നാം ഏതു തുറയിൽ പ്രവർത്തിക്കുന്നവരായാലും, ഏതു സാമ്പത്തികാവസ്ഥയിൽ കഴിയുന്നവരായാലും ലോകത്തിലെല്ലായിടത്തുമുള്ള മനുഷ്യരുടെ ജീവിതാവസ്ഥകളെക്കുറിച്ചു നാം കരുതലുള്ളവരായിരിക്കണം. ആഗോളാടിസ്ഥാനത്തിലുള്ള സാമ്പത്തിക നീതിയും അവസരസമത്വവും ആയിരിക്കണം നാം ലക്ഷ്യമാക്കേണ്ടത്. ഇവിടുത്തെ എൻെറ ജീവിതാനുഭവങ്ങളിൽ നിന്നും ഒരു കാര്യം ചൂണ്ടിക്കാണിക്കട്ടെ. മനുഷ്യർക്കു നല്കപ്പെടേണ്ട മാംസാഹാരം പട്ടികൾക്കു കൊടുക്കുന്നത് എനിക്കു കാണുവാൻ കഴിഞ്ഞു. ഞാൻ താമസിച്ച വീട്ടിൽ ഞാനിതു കണ്ടു. മറ്റു ഭവനങ്ങളിലും ഇതു തന്നെയായിരിക്കും നടക്കുന്നത്. ഈ ലോകത്തിൽ അനേകലക്ഷങ്ങൾക്ക് ഏറ്റവും താണതരം ഭക്ഷണംപോലും ലഭിക്കാത്ത അവസ്ഥയിൽ, കൊഴുപ്പും എല്ലും നീക്കം ചെയ്ത മേൽത്തരം മാംസം പട്ടികളെ തീറ്റുവാൻ ഉപയോഗിക്കുന്ന കാഴ്ച എന്നെ ഞെട്ടിപ്പിച്ചു.

? ജി.ഡി. ആർ. മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു ദൈവരാജ്യത്തോട് ഒരു പടി കൂടി അടുത്തു നിൽക്കുന്നു എന്നു അങ്ങു സൂചിപ്പിച്ചല്ലോ? എന്താണ് അതിൻെറ അർത്ഥം?

• അതീതകാലത്തെങ്ങോ രൂപമെടുക്കുന്ന ഒന്നായിട്ടല്ല ഞാൻ ദൈവരാജ്യത്തെക്കാണുന്നത്. മനുഷ്യഭാവനയ്ക്കപ്പുറമായ ഏതോ ഒരു കാലത്ത് അത് സ്ഥിതിചെയ്യുന്നു എന്നും ഞാൻ കരുതുന്നില്ല. സർവ്വാതിശായിയായ ഒരു ലോകത്തെക്കുറിച്ചുള്ള സങ്കല്പങ്ങളും എനിക്കില്ല. ദൈവത്താൽ ഭരിക്കപ്പെടുന്ന ഒരു വ്യവസ്ഥിതിയാണു ദൈവരാജ്യം. ചൂഷണവും യാതൊരുവിധമായ അനീതിയും നിലനില്ക്കാത്തതും, സമാധാനവും, സന്തോഷവും, പ്രത്യാശയും പരിലസിക്കുന്നതുമായ ഇടമായിരിക്കുമത്. ഞാൻ കഴിഞ്ഞ രണ്ടു മൂന്നാഴ്ചകളായി സന്ദർശിച്ച മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു കൂടുതൽ നീതിയും അവസരസമത്വവും ജനപങ്കാളിത്തവും, സഹകരണവും ഇവിടെ എനിക്കു കാണുവാൻ കഴിഞ്ഞു. അതുകൊണ്ടാണ് ഇതരരാജ്യങ്ങളേക്കാൾ ഈ രാജ്യം ദൈവരാജ്യത്തോട് ഒരു പടികൂടി അടുത്തു നിൽക്കുന്നു എന്നു ഞാൻ സൂചിപ്പിച്ചത്.

# മതത്തിന് ഭ്രാന്തു പിടിച്ചിരിക്കുന്നു.

അനിൽകുമാർ എ.വി.

? ഈശ്വരവിശ്വാസവും, പൊതു പ്രവർത്തനവും എങ്ങനെയാണ് ബന്ധപ്പെടുത്തുന്നത്?

• ഈശ്വരൻ ക്രിസ്ത്യാനിയുടെയും ക്രൈസ്തവസഭയുടെയും മാത്രമല്ല. എല്ലാ മനുഷ്യവ്യക്തികളുടെയും സമൂഹങ്ങളുടെയും സകല ലോകത്തിൻെറയും അധിപനാണെന്ന വിശ്വാസമാണ് സാമൂഹ്യ - രാഷ്ട്രീയ-സാംസ്ക്കാരിക രംഗങ്ങളിൽ ഇടപെടാൻ എന്നെ പ്രേരിപ്പിക്കുന്നത്. താൻ നല്ലതായി സൃഷ്ടിച്ചതും മനുഷ്യൻ വികൃതമാക്കുന്നതുമായ ലോകത്തെ ഈശ്വരൻ ഇപ്പോഴും പുതുക്കിക്കൊണ്ടിരിക്കുന്നു. ഗുണകരമായ പരിവർത്തനത്തിനുവേണ്ടിയുള്ള ആ പ്രവർത്തനത്തിൽ പങ്കുകാരാകുകയാണ് മനുഷ്യധർമ്മമെന്ന് ഞാൻ വിശ്വസിക്കുന്നു.

1926 ൽ ഇംഗ്ലണ്ടിലെ കൽക്കരി ഖനിതൊഴിലാളികൾ നീണ്ടുനിന്ന പണിമുടക്കിലേർപ്പെട്ടിരുന്നു. ഖനിയുടമകളുടെയും ഗവർമെൻറിനെയും ഒന്നിച്ചു കൊണ്ടു വന്ന് ചർച്ചകളിലൂടെ പ്രശ്നപരിഹാരത്തിന് അവിടുത്തെ ബിഷപ്പുമാർ ഒരു ശ്രമം നടത്തുകയായിരുന്ന ബാൾഡ്വിന് ശുണ്ഠി വന്നു. അദ്ദേഹം ചോദിച്ചുവത്രെ. അത്തനേഷ്യസിൻെറ വിശ്വാസപ്രമാണം പരിഷ്ക്കരിക്കുവാൻ അയെൺ ആൻറ്സ്റ്റീൽ ഫെഡറേഷനെ ഏല്പിച്ചാൽ എങ്ങിനെയായിരിക്കുമെന്ന് ! ആവശ്യമില്ലാത്ത കാര്യങ്ങളിൽ ബിഷപ്പുമാർ ഇടപെടുന്നുവെന്നാണ് ബാൾഡ്വിൻ സൂചിപ്പിച്ചത്. ബിഷപ്പുമാർ വിട്ടില്ല. അവർ പറഞ്ഞു ; ട്രേഡ് യൂണിയനും രാഷ്ട്രീയവും സർക്കാരുമൊക്കെ ഈശ്വരൻെറ മേഖലയ്ക്കപ്പുറത്തല്ല എന്ന്. സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള മതത്തിൻെറ സങ്കുചിത രാഷ്ട്രീയമല്ല. പരലോകത്തേക്ക് കണ്ണുംനട്ടുള്ള ഈശ്വരവിശ്വാസിയുടെ ശ്രദ്ധ ഇഹലോകത്തേക്ക് തിരിച്ചുവിടണമെന്ന ദൈവശാസ്ത്ര നിലപാടാമ് ഇവിടെ ശ്രദ്ധേയമായ കാര്യം. ഈ നിലപാട് എന്നെ സമൂഹത്തോട് പ്രതിബദ്ധതയുള്ളവനാക്കുന്നു.

'മാനുഷികമായ യാതൊന്നും എനിക്ക് അന്യമല്ല' എന്ന മാർക്സിൻെറ വചനവും എന്നെ കുറച്ചൊന്നുമല്ല സ്വാധീനിച്ചിട്ടുള്ളത്.

? മാർക്സിസത്തോടുള്ള പ്രതിബന്ധതയും ദൈവവിശ്വാസവും വൈരുദ്ധ്യവും സൃഷ്ടിച്ചിട്ടുണ്ടോ?

• ഒട്ടുമില്ല. നേരെമറിച്ച്, എൻെറ ദൈവവിശ്വാസത്തെദൃഢമാക്കുന്നതിനും അർത്ഥവത്താക്കുന്നതിനും മാർക്സിസം, പ്രത്യേകിച്ച്

മാർക്സിയൻ ഹ്യൂമനിസം സഹായിച്ചിട്ടുണ്ട്. ദൈവാസ്തികത്വത്തെ ഖണ്ഡിക്കുകയോ, മതത്തെ നശിപ്പിക്കുകയോ അല്ലായിരുന്നു മാർക്സിന്റെ ജീവിത ലക്ഷ്യം. നിരീശ്വരവാദം മാർക്സിസത്തിന്റെ ഒഴിച്ചു കൂടാനാവാത്ത ഘടകമാണെന്ന വിശ്വാസവും എനിക്കില്ല. മനുഷ്യന്റെ വികാസം, വളർച്ച, സ്വാതന്ത്ര്യം, പുരോഗതി ഇതൊക്കെയായിരുന്നു മാർക്സിന്റെ ലക്ഷ്യം. അതിന് തടസ്സമായി നിൽക്കുന്ന തിന്മയുടെ ശക്തികളെ മാർക്സ് എതിർത്തു. മനുഷ്യനെപ്പറ്റിയുള്ള മാർക്സിന്റെ ഉന്നത ദർശനത്തിന്റെ ഒരു ഭാഗം മാത്രമാണ് മത വിമർശനം. ഈശ്വരൻ ജീവിച്ചിരിപ്പുണ്ടോ എന്നതല്ല ഇന്നത്തേയും പ്രശ്നം. പ്രസക്തമായ ചോദ്യം, മനുഷ്യൻ ജീവിച്ചിരിപ്പുണ്ടോ എന്നതാണ്. ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ മാർക്സിസ്റ്റുകാരും ഈശ്വരവിശ്വാസികളും എല്ലാ മനുഷ്യസ്നേഹികളും ഒന്നിച്ചു നിന്നേ മതിയാകൂ. അതിൽ വൈരുദ്ധ്യത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. അഭിപ്രായസ്വാതന്ത്ര്യത്തിനു നേരെ വാളോങ്ങുന്ന മതയാഥാസ്ഥികത്വത്തിന്റെ നടപടികളെക്കുറിച്ച്........

പ്രാണവായുവില്ലാതെ ശ്വസിക്കാൻ കഴിയാത്തതു പോലെ സ്വാതന്ത്ര്യമില്ലാത്തിടത്ത് മനുഷ്യന്റെ സൃഷ്ടി വൈഭവം ഉപയോഗിക്കാൻ സാധിക്കില്ല. മതയാഥാസ്ഥിതികത്വവും ഭരണകൂടവും അനഭിലഷണീയമായ കൂട്ടുകെട്ടിൽ ഏർപ്പെടുമ്പോഴാണ് അഭിപ്രായ സ്വാതന്ത്ര്യത്തിന് ഭീഷണിയുണ്ടാകുന്നത്. പരമ്പരാഗതമായ മതനിയമങ്ങളിൽ നിന്നും ആചാരാനുഷ്ഠാനങ്ങളിൽ നിന്നും വ്യത്യസ്തമായ ധാർമ്മികബോധത്തിൽ മതപ്രമാണിമാർ ആത്മീയതയുടെ കുറവുകൾ കാണും. നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥയ്ക്കും, ആ വ്യവസ്ഥയിൽ നിന്ന് ഉരുത്തിരിയുന്ന സാംസ്ക്കാരിക ബോധത്തിനും വിപരീതമായ നീതിബോധത്തെ യഥാതഥാവസ്ഥ പാലിക്കാൻ വ്യഗ്രത കാണിക്കുന്ന ക്രമസമാധാന പാലകർ അക്രമമായി പരിഗണിക്കും. മതപ്രമാണികളും ക്രമസമാധാനപാലകരും ഒത്തുചേർന്നാലുള്ള കഥ പറയുകയും വേണ്ട. യേശുവിനു പറ്റിയത് അതല്ലേ? യേശു നീതിമാനായിരുന്നുവെന്ന് പീലാത്തോസിന് അറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തിന് നീതിയേക്കാൾ പ്രധാനം ക്രമസമാധാന പാലനമായിരുന്നു. യഹൂദ ജനത്തിന്റെ സമ്മർദ്ദത്തിനു വഴങ്ങി പീലാത്തോസ്, അക്രമിയും കൊള്ളക്കാരനുമായിരുന്ന ബറബ്ബാസിനെ വിടുവിക്കുകയും യേശുവിനെ കുരിശിൽ തറയ്ക്കാൻ വിധിക്കുകയും ചെയ്തു. തങ്ങളുടെ ആവശ്യം നിറവേറ്റിയില്ലെങ്കിൽ അക്രമം പ്രവർത്തിക്കുമെന്ന് ഭീഷണിപ്പെടുത്തിയ ജനത്തെ പ്രീതിപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം ക്രമസമാധാനം നടപ്പിലാക്കിയത്. ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്നതും മറിച്ചല്ല.

? രാഷ്ട്രീയത്തെ നിന്ത്രിക്കുന്ന, മതത്തിൻ പേരിൽ രൂപപ്പെട്ട സമ്മർദ്ദ ഗ്രൂപ്പുകളെ എങ്ങനെ വിശദീകരിക്കുന്നു?

• മതതത്വങ്ങളോടുള്ള അതിരില്ലാത്ത ആഭിമുഖ്യമോ, മതപരമായ ജീവിതം നയിക്കാനുള്ള തീവ്രമായ വെമ്പലോ അല്ല അത്തരം സമ്മർദ്ദ ഗ്രൂപ്പുകളെ നിയന്ത്രിക്കുന്നത്. കേട്ടാൽ തോന്നും ഇവരൊക്കെ മതത്തിൻെറ മൗലിക തത്വങ്ങളിലേക്ക് തിരിച്ചു പോവുകയാണെന്ന്. സത്യം നേരെ മറിച്ചാണ്. മതത്തെ സ്വന്തം താത്പര്യ സംരക്ഷണത്തിനായുള്ള ഉപാധിയാക്കുന്ന ഉപരിവർഗ്ഗ സമീപനമാണ് ഇതിനുള്ളിൽ ഒളിച്ചിരിക്കുന്നത്. മതത്തോടുള്ള ഇക്കൂട്ടരുടെ താത്പര്യം ഉപരിവിപ്ലവമാണ്. കൃത്രിമമാണ്. അധികാരത്തോടുള്ള താത്പര്യമാണ് ഇവിടെ ശ്രദ്ധേയമായ കാര്യം. മതത്തിൻെറ മൗലിക തത്വങ്ങളിൽ നിന്ന് അകന്നു പോയതാണ് ആധുനിക സമൂഹത്തിൻെറ അധ;പതനത്തിന് കാരണമെന്ന് ഇക്കൂട്ടർ പറയുന്നു. വാസ്തവത്തിൽ, രാഷ്ട്രീയത്തെ നിയന്ത്രിച്ച് മേൽത്തട്ടിലുള്ള കുറേപ്പേരുടെ കാര്യം നേടിയെടുക്കാനുള്ള ത്വരയാണ് ഈ പ്രബോധനത്തിൻെറ അടിസ്ഥാനം. മതാഹ്വാനങ്ങൾ കേട്ട് മഴയത്തും വെയിലത്തും വഴിയിലിറങ്ങി ബഹളം കൂട്ടി പ്രകടനങ്ങൾ നടത്തിയിട്ട് മതവിഭാഗങ്ങളിലെ പാവപ്പെട്ടവർ എന്തെങ്കിലും നേടിയിട്ടുണ്ടോ? നേടിയത് അവരുടെ നേതാക്കൻമാരാണ് എന്നതല്ലേ യാഥാർത്ഥ്യം.

? മതസ്വാതന്ത്ര്യത്തിൻെറ പ്രശ്നങ്ങൾ വിശദീകരിക്കാമോ? മതസ്വാതന്ത്ര്യമെന്നതുകൊണ്ട് എന്താണ് അർത്ഥമാക്കേണ്ടത്?

• മതസ്വാതന്ത്ര്യം പൗരസ്വാതന്ത്ര്യത്തിൻെറ അവിഭാജ്യഘടകമാണ്. സത്യത്തിൻേറ വെല്ലുവിളി മനുഷ്യൻ സ്വീകരിച്ച്, സത്യാന്വേഷികളായി തീർന്ന് സത്യമെന്ന് ബോധ്യപ്പെടുന്ന മതം സ്വീകരിക്കുന്നതിനും മതമെല്ലാം അസത്യമായിതോന്നിയാൽ മതം ത്യജിക്കുന്നതിനും മനുഷ്യന് സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. സത്യം അറിയുവാനും അറിയുന്ന സത്യത്തോട് കൂറു പുലർത്താനുമുള്ള ഉത്തരവാദിത്വമാണ് മനുഷ്യനെ മനുഷ്യനാക്കി ത്തീർക്കുന്നതെങ്കിൽ പൗരൻമാരുടെ അവകാശങ്ങളിൽ മതസ്വാതന്ത്ര്യം മൗലികമാണ്- മാത്രമല്ല. അത് സകല മനുഷ്യസ്വാതന്ത്ര്യങ്ങളുടേയും പ്രാഥമിക വ്യവസ്ഥയും രക്ഷാകർത്താവുമാണ്.

എന്നാൽ ഈ സ്വാതന്ത്ര്യം ന്യൂനപക്ഷത്തിൻെറയും ഭൂരിപക്ഷത്തിൻെറയും പേരുപറഞ്ഞ് ദുരുപയോഗപ്പെടുത്തുന്ന പ്രവണത നിർഭാഗ്യകരമാണ്. മതസ്വാതന്ത്ര്യത്തിൻെറ പേരിൽ ഒരുകൂട്ടർ മറ്റൊരു വിഭാഗത്തിൻെറ ആരാധനാലയങ്ങൾ നശിപ്പിക്കുന്നതിനും വേറെ ചിലർ വഴിയുടെ ഒത്ത നടുവിൽ നേർച്ചപ്പെട്ടികൾ സ്ഥാപിക്കുന്നതിനും മുന്നിട്ടിറങ്ങിയാൽ നാട്ടുകാർവലഞ്ഞതു തന്നെ. എന്തായാലും മതസ്വാതന്ത്ര്യത്തിൻെറ പേരിൽ പിടിച്ചു പറിക്കുള്ള അവകാശത്തിനുവേണ്ടി ആരും പ്രകടനം നടത്തിയിട്ടില്ല എന്ന് നമുക്ക് ആശ്വസിക്കാം ! എന്നാൽ മതസ്ഥാപനങ്ങളുടെ അമിതമായ ലാഭേച്ഛയെ പരോക്ഷമായിട്ടെങ്കിലും പിടിച്ചു പറിയുടെ കൂട്ടത്തിൽപ്പെടുത്താമെങ്കിൽ അവിടെയും മതവിഭാഗങ്ങളുടെ റെക്കോഡ് അത്ര നല്ലതല്ല.

ഇനി മറ്റൊരു നിലപാട് ആരാധനാ സ്വാതന്ത്ര്യം കൊണ്ട് മതസ്വാതന്ത്ര്യം പൂർണ്ണമായി എന്ന് ചിലർ വാദിക്കുന്നു. ഈ വാദത്തിന് ഉപോൽബലകമായി രണ്ടു കാര്യങ്ങളാണ് അവർ പറയുന്നത് ; 1, മതം ആത്മീയ കാര്യങ്ങൾ ലാക്കാക്കിയുള്ളതാണ്. ലൗകിക കാര്യങ്ങളോട് അതിന് ബന്ധമില്ല. ചുരുക്കത്തിൽ രാഷ്ട്രീയത്തിൽ മതം കൈകടത്താൻ പാടില്ല. 2. മതം വ്യക്തിപരമായ കാര്യമാണ്. സാമൂഹ്യമായി സംഘടിക്കുകയോ സാമൂഹ്യ ജീവിതത്തിൽ അത് പങ്കെടുക്കുകയോ അരുത്. ഈ രണ്ടു നിഗമനങ്ങളും ശരിയാമെന്നു തോന്നുന്നില്ല. തനി ആത്മീയവും തനി വ്യക്തിപരവുമായ ഒരു കാര്യമായി മതത്തെ വ്യാഖ്യാനിക്കുന്നത് തെറ്റാണ്. ജീവിതത്തിൻേറ എല്ലാ തുറകളിലും പ്രവാചകധർമ്മം നിർവ്വഹിക്കാൻ മതത്തിന് സാധിക്കണം.

? മതം രാഷ്ട്രീയ മേഖലകളിൽ ഇടപെടുമ്പോൾ ഉണ്ടായേക്കാവുന്ന അപകടസാധ്യതകൾ ഞാൻ വിസ്മരിക്കുന്നില്ല. മതസമ്മർദ്ദ ഗ്രൂപ്പുകളും മതപാർട്ടികളും സൃഷ്ടിച്ച് തൻകാര്യം നേടിയെടുക്കുന്നതിനുള്ള പ്രവണത തീർത്തും നിരാകരിക്കേണ്ടതാണ്. മതഗ്രന്ഥങ്ങളുടെ പുനർ വായനയെക്കുറിച്ച്.........

• മതാനുയായികളെന്നോ നിർമതസ്ഥരെന്നോ ഉള്ള വ്യത്യാസമില്ലാതെ എല്ലാ മനുഷ്യർക്കും തങ്ങളുടെ വ്യക്തിത്വം പ്രകാശിപ്പിക്കാൻ കഴിയുന്ന മതേതര സംസ്ക്കാരം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിൽ മതങ്ങൾക്കും മതഗ്രന്ഥങ്ങൾക്കും കൂടുതൽ മാനവികമായ വ്യാഖ്യാനങ്ങൾ ആവശ്യമാണ്. അവയിൽ നിത്യ സത്യമായതെന്താണെന്നും കാലഘട്ടത്തിൻേറ സ്വാധീനം കൊണ്ട് നുഴഞ്ഞുകയറിയതെന്നും തിരിച്ചറിയാനുള്ള വിവേകം നാം കാണിക്കണം. പുതിയ വ്യാഖ്യാനങ്ങൾ വ്യവസ്ഥാപിത മതങ്ങൾക്കെതിരെയുള്ള ഭീഷണിയായോ വെല്ലുവിളിയായോ കണക്കാക്കേണ്ടതില്ല. നാമൊക്കെ ഒറ്റപ്പെട്ട ദീപുകൾ പോലെ ജീവിക്കേണ്ടവരല്ലെന്നും നാം ആയിരിക്കുന്ന പാരമ്പര്യത്തിൽ നിന്നു കൊണ്ടു തന്നെ അപരനെ മനസ്സിലാക്കുവാനും ഉൾക്കൊള്ളാനും തീവ്രമായ ശ്രമം നടത്തേണ്ടതുണ്ടെന്നും പുതിയ വ്യാഖ്യാനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുകയാണു ചെയ്യുന്നത്. ഈ പരസ്പരാഭിമുഖ്യമാണ് മതസഹിഷ്ണുതക്കും മതസഹവർത്തിത്വവും നിലനിൽക്കുന്ന മതേതര സംസ്കാരം മെനഞ്ഞെടുക്കാൻ നമ്മെ സഹായിക്കുക. ശ്രീബുദ്ധനും ശ്രീകൃഷ്ണനും യേശുവും മുഹമ്മദ്നബിയും ശ്രീനാരായണ്ഗുരുവുമൊക്കെ തങ്ങളുടെ കാലത്തെ സംസ്ക്കാരത്തെ സമ്പന്നമാക്കിയത് ഈ പരസ്പരാഭിമുഖ്യത്തിന് പ്രേരണ നൽകികൊണ്ടാണ്. എന്നാൽ വാസ്തവത്തിൽ അവരെപ്പറ്റിയുള്ള ഐതിഹ്യങ്ങളും കെട്ടുക്കഥകളും നാം ഊതിവീർപ്പിക്കുകയും പുരാണകഥകൾക്കു പിന്നിലെ യഥാർത്ഥ മനുഷ്യനെ വിസ്മരിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഇന്നുള്ളത്.

? മൂന്നാം ലോകരാജ്യങ്ങളിൽ വേരുപിടിച്ചിരിക്കുന്ന കൃത്രിമമായ ആത്മീയത Suurious sprituality യെക്കുറിച്ച്.......

• 1940 കളോടെയാണ് മിക്കവാറും മൂന്നാംലോക രാഷ്ട്രങ്ങൾ സ്വതന്ത്രമാകാൻ തുടങ്ങിയത്. അന്നൊക്കെ അടിസ്ഥാന ജനവിഭാഗത്തിന് തങ്ങളുടെ ഭാവിയെപ്പറ്റി പല നല്ല പ്രതീക്ഷളും ഉണ്ടായിരുന്നു. അടിമത്വതഇൽ നിന്നുള്ള വിടുതൽ മാത്രമല്ല, കൂടുതൽ തൊഴിലവസരം, അവസരസമത്വം, സുരക്ഷിതത്വം, നീതിയും സമാധാനവും അനുഭവിക്കാൻ സാധിക്കുന്ന വ്യവസ്ഥിതി - ഇതൊക്കെയാണ് അവർ സ്വപ്നം കണ്ടത്. സ്വാതന്ത്ര്യം ലഭിച്ച് ദശകങ്ങൾ പിന്നിട്ടിട്ടും ഇവയൊക്കെ യാഥാർത്ഥ്യമായില്ലെന്നു മാത്രമല്ല. ഭരണകൂടങ്ങളുടെ പീഡനങ്ങൾക്ക് മൂന്നാം ലോകരാജ്യങ്ങളിലെ സാധാരണ ജനങ്ങൾ ഇരയാവുകയും ചെയ്തു. കൊളോണിയലിസത്തിൻെറ സ്ഥാനത്ത് പുത്തൻ കൊളോളിയലിസം ഫണമുയർത്തി. അതുകൊണ്ടുണ്ടായ നിരാശയും ഭയാശങ്കയും മർദ്ദിത ജനവിഭാഗത്തെ ഒരുതരം ആത്മീയാന്വേഷണത്തിലേക്ക് തിരിച്ചു വിട്ടു. ഇഹലോകത്തിൽ കഷ്ടപ്പെട്ടാലും പരലോകത്തിൽ എല്ലാ നന്മകളും പതിന്മടങ്ങ് ലഭിക്കുമെന്ന പഴഞ്ചൻ ധാരണയാണ് അവരെ സ്വാധീനിച്ചത്. ആത്മീയാന്വേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങൾ തങ്ങൾക്കെതിരെ വെല്ലുവിളി ഉയർത്തുകയില്ലെന്ന് കണക്കുകൂട്ടിയ മർദ്ദക ഭരണകൂടങ്ങളും ബഹുരാഷ്ട്ര കുത്തകകളും അധികാരമോഹികളായ മതമൗലികവാദികളും ഈ കൃത്രിമ ആത്മീയാന്വേഷണത്തെ പ്രോത്സാഹിപ്പിച്ചു. സാമ്പത്തിക സഹായങ്ങളും ആകർഷണീയമായ പരസ്യങ്ങളും തിളക്കമാർന്ന വാഗ്ദാനങ്ങളും കൊണ്ട് അവർ പാവങ്ങളെ തങ്ങളുടെ വരുതിയിൽ നിറുത്തി. എല്ലാം സഹിക്കാൻ പ്രേരിപ്പിക്കുന്ന ആത്മീയതക്കു പകരം അധികാരത്തോടും വാഴ്ചകളോടും പോരാടാനും തിന്മയുടെ ശക്തികളെ ചെറുത്തു നിൽക്കാനും സ്വന്തം ഭാഗധേയം സൃഷ്ടിക്കാനും കഴിവു നൽകുന്ന ആത്മീയത നാം വികസിപ്പിക്കണം. പ്രവാചകന്മാരുടെ ആത്മീയത അതായിരുന്നു.

? ഡീറ്റ്റിക് ബോൺഫോഫറുടെ ചിന്തകൾ ഏതർത്ഥത്തിലാണ് സ്വാധീനമായത്?

• മനുഷ്യൻെറ അനന്തമായ സർവ സാധ്യതകളിൽ അഭിമാനം കൊള്ളുകയും ലോകത്തിൻെറ പ്രായപരിപാകതയെ ഗൗരവമായെടുക്കുകയും ചെയ്ത ദൈവശാസ്ത്രജ്ഞനായിരുന്നു ഡീറ്റ്റിക്ബോൺഹോഫർ (1906 -54). ഈ സാധ്യതകൾക്ക് തടസ്സമായി നിൽക്കുന്ന ഏതു ഘടനയെയും ചിന്താഗതിയെയും അദ്ദേഹം ചോദ്യം ചെയ്തു. ഏതു പ്രതിസന്ധിയെയും തരണം ചെയ്യുന്നതിന് ദൈവം മനുഷ്യന് ശക്തി നൽകിയിട്ടുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. എന്നാൽ മതത്തിൻെറ രക്ഷാകർത്തൃ മനോഭാവത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു.

മനുഷ്യൻെറ ബലഹീനതകളുടെ വെളിച്ചത്തിൽ നരകത്തെപ്പറ്റി പറഞ്ഞ് അവനെ ഭയപ്പെടുത്തുകയോ ഭക്തിജീവിതം കൊണ്ട് ലാഭിച്ചേക്കാവുന്ന സ്വർഗ്ഗത്തെപ്പറ്റി പറഞ്ഞ് അവനെ പ്രലോഭിപ്പിക്കുകയോ അല്ല. ദൈവദത്തമായ സർവ സാധ്യതകൾകൊണ്ട് ലോകത്തെ രൂപാന്തരപ്പെടുത്താമെന്നു കാട്ടിക്കൊടുക്കുകയാണ് മതം ചെയ്യേണ്ടതെന്ന് അദ്ദേഹം വിശ്വസിച്ചു. ഈ നിലപാടാണ് ഹിറ്റ്ലറെ ചെറുത്തു നിൽക്കാൻ അദ്ദേഹത്തിനു പ്രേരണയായത്. ഹിറ്റ്ലർ ബോൺഹോഫറെ അതുകൊണ്ടു മാത്രം തൂക്കിക്കൊന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൻെറ ബൗദ്ധിക മണ്ഡലത്തിൽ ഫേയർബാക്കിൻെറ നിർണ്ണായക സ്വാധീനം എടുത്തുകാട്ടാൻ അന്നത്തെ ദൈവശാസ്ത്രജ്ഞരോടും തത്വചിന്തകന്മാരോടും കാററർമാർക്സ് പറഞ്ഞില്ലേ... സത്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള പാത അഗ്നി - അരുവിയിൽക്കൂടി മാത്രമാണെന്ന്, ഫൊയർ ബാക്ക് എന്ന പേരിൻെറ അക്ഷരാർത്ഥം 'അഗ്നിയരുവി' എന്നാണ്. ബോൺ ഹോഫറെപ്പറ്റിയും ഏറെക്കൂറെ ഇതുപോലെ പറയാം. ബോൺഫോഫറെ കണക്കിലെടുക്കാതെയുള്ള ദൈവശാസ്ത്ര വിചിന്തനം ഈ നൂറ്റാണ്ടിൽ പൂർണ്ണമാവുകയില്ല.

? മാർക്സിസത്തിൻെറ സമകാലീന ''പ്രതിസന്ധി''യെ എങ്ങനെ വിലയിരുത്തുന്നു?

• ചരിത്രത്തിലെ ഒരു കാലഘട്ടവും, ഘടനയും പ്രത്യയശാസ്ത്രവും, മതം പോലും അതിൽത്തന്നെ പൂർണ്ണവും കുറ്റമറ്റതുമല്ല. മാറ്റം അനിവാര്യമാണ്. മാറ്റമില്ലാത്തതൊക്കെ മുരടിച്ചുപോകാൻ സാധ്യതയുണ്ട്. പ്രത്യയശാസ്ത്രത്തിൻെറ കാര്യത്തിലും ഇത് ശരിയാണ്.

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധപ്പെടുത്തി 24 വർഷം കഴിഞ്ഞ് ജർമ്മൻ പതിപ്പ് പുറത്തിറക്കിയപ്പോൾ മാർക്സും എംഗൽസും 1848 നു ശേഷം ലോകവ്യാപകമായി, പ്രത്യേകിച്ചും വ്യവസായ മേഖലയിൽ ഉണ്ടായ മാറ്റങ്ങളെപ്പറ്റി അതിൻെറ മുഖവുരയിൽ വിശദീകരിച്ചിട്ടുണ്ട്. ഈ മാറ്റങ്ങളുടെ വെളിച്ചത്തിൽ മാനിഫെസ്റ്റോയിലെ ചില ഭാഗങ്ങൾ, അതിൻെറ വിശദാംശങ്ങളിൽ പഴഞ്ചനായിട്ടുണ്ടെന്ന്. അവർ തന്നെ സമ്മതിക്കുന്നു. എങ്കിലും മാനിഫെസ്റ്റോ ഇതോടെ ചരിത്രപ്രധാനമായ ഒരു രേഖയായിത്തീർന്നതിനാൽ തൽക്കാലം മാറ്റങ്ങൾ വരുത്തുന്നില്ലെന്നും എന്നാൽ അതിലെ തത്വങ്ങൾ പ്രയോഗത്തിൽ വരുത്തുമ്പോൾ ചരിത്രപരമായ സാഹചര്യങ്ങൾ കണക്കിലെടുക്കണമെന്നും അവർ പറയുന്നുണ്ട്. വെറും 24 വർഷം കൊണ്ടുണ്ടായ മാറ്റങ്ങൾക്ക് ഇത്രയും പ്രാധാന്യം മാർക്സും എംഗൽസും കൽപ്പിച്ചുവെങ്കിൽ ഒരു നൂറ്റാണ്ടിലേറെക്കാലം കൊണ്ടുണ്ടായിട്ടുള്ള മാറ്റങ്ങളെ ഗൗരവമായി കണക്കിലെടുക്കേണ്ടതല്ലേ? എല്ലാം മാറ്റത്തിന് വിധേയമാണെന്ന് എംഗൽസ് പറഞ്ഞത് അതിനാലാണ്.

? കൂടുതൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള

പൗരന്മാരുടെ ഒടുങ്ങാത്ത ആഗ്രഹങ്ങളെ അടിച്ചമർത്തിക്കൊണ്ട് ഒരു പ്രത്യയശാസ്ത്രത്തിനും നിലനിൽക്കാനാവില്ല. ഇപ്പോഴത്തെ പ്രതിസന്ധി ബിഷപ്പിനെ വ്യക്തിപരമായി തളർത്തിയിട്ടുണ്ടോ?

• ഇല്ല. ക്രിസ്തുമതം വിശ്വാസത്തിൻെറ പേരിൽ എത്രയോ മുസ്ലീങ്ങളേയും നാസ്തികരേയും ആഭിചാരപ്രവർത്തകരേയും മറ്റും ക്രൂരമായി പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തിരുന്നു. അക്കാരണം കൊണ്ട് ഞാൻ ക്രിസ്തുമതം ഉപേക്ഷിച്ചിട്ടില്ല. അനുരഞ്ജിപ്പിക്കുന്നവനും മുറിവുണക്കുന്നവനും സ്നേഹസമ്പന്നനുമായ യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് എന്നെ ക്രിസ്തുമതത്തിൽ നിലനിർത്തുന്നത്. സോഷ്യലിസം ബൂർഷ്വാസികളെയും ഭിന്നാഭിപ്രായക്കാരെയും നിരപരാധികളായ മറ്റനേകരെയും കടുത്ത മർദ്ദനങ്ങൾക്ക് വിധേയരാക്കിയിട്ടുണ്ട്. എന്നിട്ടും സോഷ്യലിസത്തോടുള്ള പ്രതിപത്തി ഞാൻ കൈവെടിഞ്ഞിട്ടില്ല. ദാരിദ്ര്യവും അനീതിയും താരതമ്യേന കുറവായ ഒരു ലോകരാഷ്ട്രീയ - സാമ്പത്തിക വ്യവസ്ഥയെപ്പറ്റിയുള്ള പ്രത്യാശയാണ് ഈ പ്രതിപത്തിക്ക് അടിസ്ഥാനം. ദുരുപയോഗം ഉപയോഗത്തെ അസാധുവാക്കുന്നില്ല.

? മതവും ഭരണകൂടങ്ങളും തമ്മിലുള്ള പുതിയ ബന്ധത്തെ എങ്ങനെ കാണുന്നു?

• മതവും ഭരണകൂടങ്ങളും തമ്മിൽ അനഭിലഷണിയമായ കൂട്ടുകെട്ട് ഇന്ന് വളർന്നുവരുന്നുണ്ട്. മതനേതാക്കൾ അധികാര കേന്ദ്രങ്ങളുടെ ഇടനാഴികളിൽ അലഞ്ഞുനടക്കുകയാണ്. ശബ്ദഹീനരുടെയും ശക്തിഹീനരുടെയും നാവായി നിലകൊള്ളേണ്ട മതം ഭരണകൂടത്തിന് വിമർശനാത്മകമായ ഐക്യദാർഢ്യം മാത്രമെ നൽകാവൂ.

? ദൈവശാസ്ത്രത്തെ എങ്ങനെ നിർവചിക്കാനാണ് ആഗ്രഹിക്കുന്നത്?

• ദൈവം മുതൽ ഇലക്ട്രോൺ വരെയുള്ള സകലതിനും അതതിൻെറ സ്ഥാനം നിർണ്ണയിച്ചു നൽകുന്ന ഒരു അഭൗതികശാസ്ത്രം കെട്ടിപ്പടുക്കുകയല്ല ദൈവശാസ്ത്രത്തിൻെറ ലക്ഷ്യം. ദൈവത്തിന് മനുഷ്യനെക്കുറിച്ചും പ്രപഞ്ചത്തെപ്പറ്റിയുമുള്ള കരുതൽ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുക എന്നതാണ് ദൈവശാസ്ത്രത്തിൻെറ കർത്തവ്യം. ഈ ലോകം മനുഷ്യരുൾപ്പെടെ എല്ലാ ജിവജാലങ്ങൾക്കും എല്ലാ കാലത്തും സന്തോഷത്തിൻെറയും സമാധാനത്തിൻെറയും മഹത്വത്തിൻെറയും സ്ഥലമായിരിക്കണം എന്നതാണ് ആ കരുതലിലെ മുഖ്യ താല്പര്യം.

? ന്യൂനപക്ഷങ്ങളുടെ അവശതയെക്കുറിച്ച് എന്താണ് തോന്നുന്നത്?

• ന്യൂനതയുള്ളവരാണ് യഥാർത്ഥത്തിൽ ന്യൂനപക്ഷം. മറിച്ച് എണ്ണത്തിൽ കുറവായവരല്ല. വേദപുസ്തകാധിഷ്ഠിതമായ കാരണങ്ങളാൽ ഞാൻ പറയും മർദ്ദിതർ ,ചൂഷിതർ, കഷ്ടപ്പെടുന്നവർ, അധികാരമില്ലാത്തവർ, പൊതുവേ പറഞ്ഞാൽ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെ

ട്ടവർ- ഇവരാണ് ന്യൂനപക്ഷം. ഇക്കൂട്ടർ എണ്ണത്തിൽ കുടുതലാണ്. ഇന്ന് നമ്മുടെ സമൂഹത്തിൽ എല്ലാഅവകാശങ്ങളും കൈയ്യടക്കിവച്ചിരിക്കുന്ന ന്യൂനപക്ഷം എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ടിട്ടുള്ള ഭൂരിപക്ഷത്തെ അടിച്ചമർത്തിക്കൊണ്ടിരിക്കികയാണ്. മതത്തിൻെറയും ജാതിയുടെയും പേരിൽ മനുഷ്യരെ ഭൂരിപക്ഷമെന്നും ന്യൂനപക്ഷമെന്നും മുദ്രയടിക്കകയും എന്നാൽ അവശത അനുഭവിക്കുന്നവരെ തിർത്തും അവഗണിക്കകയും ചെയ്യുന്ന ഇന്നത്തെ പതിവ് നിതിനിഷേധമാണ്.

? ഇന്ന് ലോകത്തെമ്പാടും ജനാധിപത്യത്തിന് സംഭവിച്ചിട്ടുള്ള മൂല്യച്യുതിയെപ്പറ്റി എന്തു പറയുന്നു?

• ജനാധിപത്യം എന്ന ആശയം ഇന്ന് മനുഷ്യൻെറ സ്വാതന്ത്ര്യത്തോട് എന്നതിനേക്കാൾ കൂടുതൽ സ്വതന്ത്ര വിപണിയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത് എന്ന് തോന്നുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരം കൈയാളുന്നവർക്കേ ജനാധിപത്യത്തിൻെറ വക്താക്കളും നേതാക്കളും ആവാനാവൂ എന്ന സ്ഥിതി ആപൽക്കരമാണ്.

? ഇന്ത്യയിൽ നിന്നു നോക്കുമ്പോൾ പ്രത്യാശയുടെ ഏതെങ്കിലും കിരണങ്ങൾ......

• എല്ലാ വാതിലുകളും കൊട്ടിയടയ്ക്കപ്പെട്ടിരിക്കുന്നു. പുറത്തേക്ക് വഴിയില്ല എന്നു തോന്നുന്ന പരിത;സ്ഥിതിയിൽ പ്രത്യാശയെപ്പറ്റി എന്തു പറയാൻ. നീതി എന്നും നമ്മുടെ കൺമുന്നിൽ ക്രൂശിക്കപ്പെടുമ്പോൾ പ്രത്യാശയെപ്പറ്റി എന്തെങ്കിലും പറയാനാകുമോ? ജനാധിപത്യം കശാപ്പു ചെയ്തുകൊണ്ടിരിക്കുന്ന രാജ്യത്ത് നിരാശയെപ്പറ്റി പറയാനല്ല എളുപ്പം. എന്നിട്ടും പ്രത്യാശയുടെ കിരണങ്ങൾ ഞാൻ കാണുന്നു.

അനിശ്ചിതത്വത്തിനും നിശ്ചിതത്വത്തിനും മദ്ധ്യേ. മരണത്തിനും ജീവനും മദ്ധ്യേ, വേദനയ്ക്കും സന്തോഷത്തിനും മദ്ധ്യേ , വിഗ്രഹാരാധനയ്ക്കും ആദ്ധ്യാത്മികതയ്ക്കും മദ്ധ്യേ, കുരിശിനും ഉയിർത്തെഴുന്നേല്പിനും മദ്ധ്യേ. ഈ വൈരുദ്ധ്യങ്ങളുടെ നടുക്ക് പ്രത്യാശയോടെ നാം ജീവിക്കണം. കാലത്തിൻേറ ചുവരെഴുത്തുകൾ മനസ്സിലാക്കാൻ ശ്രമിക്കുകയും അവയോട് പ്രസക്തമായി പ്രതികരിക്കുകയും ചെയ്യുമ്പോഴാണ് പ്രത്യാശയുടെ രശ്മികൾ കണ്ടെത്തുന്നത്. ലോകത്തിൻെറ ഗതി മാറ്റി മറിക്കുന്ന വലിയ സംഭവവികാസങ്ങളിൽ മാത്രമല്ല, സാധാരണ മനുഷ്യരുടെ ദൈനംദിന ജീവിതത്തിലെ പിരിമുറുക്കത്തിലും കാലത്തിൻേറ ചുവരെഴുത്തു കാണാൻ കഴിയും. പ്രതികരണശേഷി നഷ്ടപ്പെട്ട ജനക്കൂട്ടത്തിന് നൈരാശ്യത്തെപ്പറ്റി മാത്രമേ പറയാനുള്ളൂ.

# ക്രിസ്തുവിന് രക്ഷകൻ ആവശ്യമില്ല

ബിഷപ്പ് ഡോ: പൗലോസ് മാർ പൗലോസ്

*'ക്രിസ്തുവിൻെറ ആറാം തിരുമുറിവ്' എന്ന നാടകത്തിനെതിരെയുള്ള പ്രക്ഷോഭത്തിനെതിരെ നടത്തിയ പ്രസ്താവന*

*(ഇന്ത്യൻ എക്സ്പ്രസ്സ് 1986 നവംബർ 6)*

"എനിക്കുവേണ്ടി വിലപിക്കാതിരിക്കുക പകരം നിങ്ങൾക്കും നിങ്ങളുടെ കുഞ്ഞുങ്ങൾക്കും വേണ്ടി വിലപിക്കുക" എന്നു ക്രിസ്ത്യാനികളെ ഉപദേശിച്ച ക്രിസ്തുവിനെ സംരക്ഷിക്കുന്നതിന് ക്രിസ്ത്യാനികൾ കമ്മിറ്റികളും പ്രതിഷേധ റാലികളും സംഘടിപ്പിക്കുന്നതിന് യാതൊരു ന്യായീകരണവും എനിക്ക് കാണാൻ കഴിയുന്നില്ല.

ക്രിസ്തുവിനേയും വിശ്വാസത്തേയും സംരക്ഷിക്കുന്നതിൻേറ പേരിൽ ക്രിസ്തുവിൻെറ അനുയായികൾ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്നത് ക്രിസ്തുവിൻെറ പല പ്രബോധനങ്ങൾക്കും എതിരെ പ്രവർത്തിക്കുകയാണ്.

നിരർത്ഥകമായ ഒരു "യുദ്ധ"ത്തിനുവേണ്ടി അനുയായികളെ വലിച്ചിഴക്കുന്നവർക്ക് ക്രിസ്തു മാപ്പു കൊടുക്കുകയില്ല. ഇത്തരം പ്രക്ഷോഭണങ്ങൾക്കു പുറകിൽ മറ്റു ചില ഉദ്ദേശങ്ങൾ കാണുമെന്നു ഞാൻ ഊഹിക്കുന്നു.

ഒരു സിനിമയോ, നാടകമോ കാണുന്നതിലൂടെ ക്രിസ്ത്യാനികളുടെ വിശ്വാസം ഉരുകിപ്പോകുമോ? എരിവെയിലിലെ വെണ്ണപോലെ ഉരുകിപ്പോകാനേയുള്ളൂ വിശ്വാസമെങ്കിൽ അത്തരം ഒരു വിശ്വാസത്തിൻെറ തന്നെ ആവശ്യമില്ല.

വിവിധ ക്രിസ്ത്യൻ മതമേധാവികളുടെ കാർമ്മികത്വത്തിൽ തിങ്കളാഴ്ച ഇവിടെ നടന്ന പ്രകടനവും ഉപവാസവും മതവൈരം വളർത്തുന്നതിനു മാത്രമേ സഹായിക്കൂ. ഇത് മതേതരത്വത്തിൻെറ തത്വങ്ങൾക്ക് എതിരാകുന്നു.

ഒരു നാടകത്തിനെതിരെ പ്രക്ഷോഭണമഴിച്ചു വിടുന്നതിലൂടെ പള്ളി അതിൻേറ കർമ്മ പദ്ധതികളുടെ ക്രമം തെറ്റിച്ചിരിക്കുകയാണ്. പീഡിതാത്മാക്കളായ പാവങ്ങളുടെ യാതനകൾക്കറുതി വരുത്താൻ ക്രിസ്തുവിൻേറ പ്രബോധനങ്ങളുടെ വഴിയെ സഭ എന്തു ചെയ്തു? നിത്യേനയെന്നോണം സ്ത്രീകൾ ബലാൽക്കാരത്തിന് വിധേയമാക്കപ്പെടുന്നു, കൊല്ലപ്പെടുന്നു. സ്ത്രീധന കൊലപാതകങ്ങൾ ഇന്ന് ധാരാളമാണ്. കരിഞ്ചന്തയും കൊള്ളലാഭവും പാവങ്ങൾക്ക് ജീവിതം സഹിക്കാവുന്നതിലേറെ ദുരിതപൂരിതമാക്കിയിരിക്കുന്നു. പ്രാഥമികമായ ഈ കർത്തവ്യങ്ങൾ എല്ലാം തന്നെ

പള്ളി അവഗണിക്കുകയാണ്.

മതത്തിൻേറ സർട്ടിഫിക്കറ്റോടുകൂടി മാത്രമേ കലയ്ക്കും, സാഹിത്യത്തിനും വളരാൻ കഴിയൂ എന്ന നില ഇവിടെ സംജാതമായിരിക്കുന്നതു അങ്ങേയറ്റം ഖേദകരമാണ്. ആശയങ്ങളുടെയും ചിന്തകളുടെയും സ്വതന്ത്രമായ ആവിഷ്ക്കരണത്തിനും, ശരിയായ വീക്ഷണത്തിലുള്ള കലാരൂപങ്ങളുടെ സത്യസന്ധമായ അവതരണത്തിനും സ്വാതന്ത്ര്യം വേണം. ഇല്ലെങ്കിൽ അത് കലയുടെയും സംസ്ക്കാരത്തിൻേറയും വികാസത്തിന് തടസ്സം നിൽക്കുന്ന ആപൽക്കരമായ സാംസ്ക്കാരിക ഫാസിസമാവും ഫലം. മാരകമായ ഈ സാംസ്ക്കാരികത്തിനെതിരേ കലാസ്നേഹികൾ ഈ സന്ദർഭത്തിൽ പ്രതിരോധശക്തിയായി ഉണർന്നെണീക്കേണ്ടതുണ്ട്.

ലോകത്തെങ്ങുമുള്ള ഉന്നത മതാചാര്യന്മാർ അങ്ങേയറ്റം ബഹുമാനിക്കുന്ന ഒരു നോവലിസ്റ്റാണ് കന്നൻദ്സാക്കീസ് അദ്ദേഹത്തിൻേറ "അന്ത്യ പ്രലോഭനം" അമേരിക്കയിലെ വിവിധ ദൈവശാസ്ത്ര സെമിനാരികളിൽ പഠിപ്പിച്ചു വരുന്നുണ്ട്, കത്തോലിക്കർ മേധാവിത്വം വഹിക്കുന്ന ഒരു രാജ്യത്തും ഈ പുസ്തകം ഏതെങ്കിലും തരത്തിലുള്ള പ്രതിഷേധം ഉണർത്തി വിട്ടിട്ടില്ല.

കസൻദ് സാക്കീസ് ഒരു നിരീശ്വരവാദിയല്ല. ഗ്രീക്ക് യാഥാസ്ഥിതിക പള്ളിയുടെ ഒരു ഉറച്ച വിശ്വാസിയാണ്. തൻെറ അവസാനത്തെ കൃതിയായ "റിപ്പോർട്ട് ടു ഗ്രെക്കോ" യ്ക്ക് കസൻദ് സാക്കീസ് എഴുതിയ മുഖവുരയിൽ നിന്ന് ഇത് വ്യക്തമാണ്. അതിൽ അദ്ദേഹം പറയുന്നു. മനുഷ്യപുത്രനെന്ന് വാഴ്ത്തപ്പെടാൻ അർഹതയുള്ള ഓരോ മനുഷ്യനും അവൻെറ കുരിശുമേന്തി അവൻെറ ഗൊൽഗോഥ കയറുന്നുണ്ട്. ഈ ആത്മീയാരോഹണത്തിൻെറ ഒന്നാമത്തേയോ രണ്ടാമത്തേയോ ഘട്ടങ്ങളോളം മാത്രമേ പലരും ഉയരുന്നുള്ളു ; ഗൊൽഗോഥയുടെ കൊടുമുടി പ്രാപിക്കാതെ, മറ്റു വാക്കിൽ അവരവരുടെ ജന്മദൗത്യത്തിൻെറ പാരമ്യം പ്രാപിക്കാതെ, വഴി മദ്ധ്യേ തളർന്ന് വീഴുകയാണവർ - ക്രൂശിക്കപ്പെടാനും ഉയിർത്തെണീക്കാനും സ്വന്തം ആത്മാവിനെ വിമോചിപ്പിക്കുവാനും, ഉയിർത്തെഴുന്നേൽപ്പിനുള്ള ഏകമാർഗ്ഗം കുരിശു മാത്രമാണെന്ന് അവരറിയുന്നതേയില്ല. വേറേ ഒരു വഴിയുമില്ല.

ക്രിസ്തുവിൻെറ അന്ത്യപ്രലോഭനത്തിനും അതിനെ ആധാരമാക്കിയുള്ളനാടകത്തിനുമെതിരെ ഇപ്പോൾ പ്രതിഷേധം ഉയർന്ന് വന്നിരിക്കുന്നുവെന്നത് അങ്ങേയറ്റം പരിതാപകരമാണ്.

ഒരു നാടകകൃത്ത് സ്വന്തം കൃതി ശക്തവും മനസ്സിൽ തറക്കുന്നതും ആക്കി തീർക്കുന്നതിൽ യാതൊരു തെറ്റുമില്ല.

ഇപ്പോൾ ഇവിടെ ഒരു തെറ്റായ മതാർപ്പണവാം വളർന്നു വന്നിട്ടുണ്ട്. 1957ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭക്കെതിരായ വിമോചനസമരമെന്ന് പറയപ്പെടുന്ന സംഭവത്തിലും നിലക്കൽ പ്രശ്നത്തിലും അവസാനമായി ഈ നാടക പ്രശ്നത്തിലും 'ഐക്യപ്പെട്ടിരി"ക്കുന്ന ക്രിസ്ത്യാനികൾ

ഇന്നു രാജ്യത്ത് പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പാവങ്ങളുടെ ജീവിതത്തെ യാതനാ പൂർണ്ണമാക്കുന്ന കുഴപ്പങ്ങൾക്കും, അനാരോഗ്യകരമായ പ്രവണതകൾക്കും എതിരെ ഇതേശക്തിയോടെ ഐക്യപ്പെടുമോ?

''ന്യൂനപക്ഷ അവകാശ''ത്തിനെ ഉപയോഗിച്ചു കൊണ്ട് നവം;3ന് ഈ നാടകത്തിനെതിരെയുള്ള പ്രകടനത്തിനും ഉപവാസത്തിനും വേണ്ടി തൃശൂരിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിട്ടു. ഈ സ്ക്കൂളുകളിൽ ക്രൈസ്തവർ മാത്രമാണോ പഠിക്കുന്നത്? ഇങ്ങനെ ചെയ്യുന്നതിലൂടെ മറ്റു വിഭാഗങ്ങളുടെ അവകാശങ്ങളെ നിഷേധിക്കുകയാണ് ചെയ്യുന്നത്.

വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള ഒരു ഏറ്റുമുട്ടലായി അന്നത്തെ പ്രക്ഷോഭണത്തെ നോക്കീക്കാണാൻ എനിക്കാവുന്നില്ല. ഇതിനെ പൗരൻെറ മൗലിക അവകാശത്തെ അട്ടിമറിക്കുന്നതിനുള്ള ഉഴപ്പങ്ങൾ കുത്തിപ്പൊക്കുന്നതായിട്ടേ കാണാനാവൂ.

ക്രിസ്തുവിനെ സംരക്ഷിക്കാനായി രൂപീകരിക്കപ്പെട്ട വിവിധ സമിതികളോട് എനിക്ക് സഹതാപമേയുള്ളൂ. ഇത്തരം ചെയ്തികൾ ക്രൈസ്തവ തത്വസംഹിതകളെ പരസ്യമായി അവഹേളിക്കാനേ സഹായിക്കൂ.

ക്രിസ്തുവിൻെറ ആറാം തിരുമുറിവ് എന്ന നാടകം തൃശൂർ ജില്ലയിൽ നിരോധിച്ചതിനെപ്പറ്റി

''ചരിത്രം ആവർത്തിച്ചു കലാവിഷ്ക്കരണ സ്വാതന്ത്ര്യം കുരിശിലേറ്റി. ലോകചരിത്രത്തിൽ എപ്പോഴും ആവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രവണതയാണിത്. പരമ്പരാഗതമായ മതനിയമങ്ങൾക്കും ആചാരാനുഷ്ടാനങ്ങൾക്കും അതീതമായോ, വിപരീതമായോ ഉള്ള ധാർമ്മിക ബോധത്തിൽ മതപ്രമാണികൾ ആത്മീയതയുടെ കുറവുകാണും. നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥിതിക്കും അതിൽ നിന്ന് ഉരുത്തിരിയുന്ന സാംസ്ക്കാരിക ബോധത്തിനും അതീതമായോ, വിപരീതമായോ ഉള്ള നീതിബോധത്തെ യഥാതഥാവസ്ഥ പാലിക്കാൻ വ്യഗ്രത കാണിക്കുന്ന ക്രമസമാധാനപലാകർ അക്രമമായി പരിഗണിക്കും. ''അവഹേളിക്കപ്പെട്ടു'' എന്നു ആരോപിക്കപ്പെടുന്ന യേശുവിന് സംഭവിച്ചതല്ലേ? പരിശൻണാരുടേയും, ശാസ്ത്രിമാരുടേയും അധികാരം കയ്യാളിയിരുന്നവരുടേയും പ്രേരണകൊണ്ട് വികാരഭരിതമായി മുദ്രാവാക്യങ്ങൾ മുഴക്കിയ ജനങ്ങൾ ആവശ്യപ്പെട്ടതെല്ലാം ഗത്യന്തരമില്ലാതെ പിലാത്തോസ് അനുവദിച്ചു കൊടുത്തു. യേശുനിരപരാധിയാണെന്ന് അറിയാതെയല്ല. പക്ഷെ ഭരണകൂടത്തിന് നീതിയേക്കാൾ പ്രധാനപ്പെട്ടത് ക്രമസമാധാന പരിപാലനമായിരുന്നു.

# ഒരു ശിഷ്യൻെറ അന്ത്യപ്രണാമം

## ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ്

ഞങ്ങളുടെ തോമാച്ചൻ യാത്രയായി. ഡോ. എം.എം.തോമാസിനെ വാത്സല്യത്തോടെ, ആദരവോടെ ഞങ്ങൾ തോമച്ചനെന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിൻെറ ചിന്തകളുടെ കയത്തിലേക്ക് ഊളയിടാൻ ഞാൻ അപ്രാപ്തനാണ്. എങ്കിലും എം.എം. തോമസ് എന്ന മനുഷ്യനെ കുറിച്ച് എനിക്ക് പറയാതെ വയ്യ.

കുരിശിൻെറ മാർഗ്ഗം ക്രിസ്ത്യാനികളുടെ കുത്തകയല്ലെന്ന സത്യം എനിക്കു പഠിപ്പിച്ചുതന്നത് തോമച്ചനാണ്. കുരിശിൻെറ മാർഗ്ഗത്തിലേക്ക് വിരൽ ചൂണ്ടുന്ന പ്രവാചകൻമാരും നേതാക്കന്മാരും മറ്റുമതങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും ഉണ്ടെന്ന് അദ്ദേഹം പഠിപ്പിച്ചു. അത്തരം ഒരു നിലപാട് ഭരതത്തിലെ ദൈവശാസ്ത്രചിന്തനത്തിന് പുതിയ മാനം നൽകി.

വെറും ഒരു സാധാരണക്കാരനായി ജനിച്ച അദ്ദേഹത്തിന് സാധാരണ വിദ്യാഭ്യാസം മാത്രമേ കിട്ടിയുള്ളു. പക്ഷെ, സ്വപ്രയത്നത്തിലൂടെ മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലേക്ക് ആഴത്തിൽ അദ്ദേഹം കടന്നുചെന്നു. ഒരു വിഞ്ജാനമേഖല സ്വയം വളർത്തിയെടുത്തു. ലോകത്തിൻെറ നാനാ ഭാഗത്തുമുള്ള സർവകലാശാലകൾ ഓണററിബിരുദം നൽകി അദ്ദേഹത്തെ ബഹുമാനിച്ചു. തൻെറ ചിന്തയെ കേന്ദ്രീകരിച്ച് മാനവികതയുടെ വളർച്ചക്ക് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളെ വിലയിരുത്തി ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള വിദ്യാർത്ഥികൾ ഗവേഷണപ്രബന്ധങ്ങൾ നൽകി ഡോക്ടർ ബിരുദം സമ്പാദിച്ചു. 'തോമസ് സ്കൂൾ ഓഫ് തോട്ട്' എന്നൊരു ചിന്താരീതി തന്നെ ഭാരതത്തിലും വെളിയിലും അങ്ങനെ വളർന്നു.

'നീതി അന്വേഷിക്കുന്ന, നീതി തേടുന്ന വിശ്വാസം' അതാണ് ഡോ.തോമസിൻെറ ചിന്തയുടെ അടിസ്ഥാനം. അടിയന്തിരാവസ്ഥയുടെ അതിക്രമങ്ങളെ അദ്ദേഹം അവലംബിച്ചു. അടിയന്തിരാവസ്ഥയെ ചെറുത്തുനിന്നു ജയിലിൽ പോകേണ്ടിവന്ന ഹതഭാഗ്യരുടെ കുടുംബങ്ങളെ സഹായിക്കാൻ തീവ്രയത്നം നടത്തി. മനുഷ്യാവകാശങ്ങൾക്കും പൗരസ്വാതന്ത്ര്യത്തിനുവേണ്ടി ഇസ്രായിലിലെ പ്രവാചകന്മാരെപോലെ ശബ്ദമുയർത്തി. ദേശീയസുരക്ഷിതത്വനിയമങ്ങൾപോലുള്ള കരിനിയമങ്ങൾക്കെതിരെ സന്ധിയില്ലാ സമരം ചെയ്തു. ഇതേകുറിച്ചൊക്കെ തെരഞ്ഞെടുപ്പുവേളകളിൽ തൻെറ നിലപാട് വ്യക്തമാക്കി. ജനകീയ പ്രസ്ഥാനങ്ങൾക്ക് ആവശ്യമായ ഐക്യദാർഢ്യം നൽകി. ഇതൊക്കെ ചെയ്യുമ്പോഴും ആഴത്തിലുള്ള തൻെറ വിശ്വാസത്തിന് ഈശ്വരാനുഭ

വത്തിനും അദ്ദേഹം മൂർത്തമായ രൂപവും ഭാവവും നൽകുമായിരുന്നു.

തിരുവല്ലക്ക് സമീപം മഞ്ഞാടിയിലെ തൻെറ ഭവനത്തിൻെറ കോലായാണ് അദ്ദേഹത്തിൻെറ പണിപുര. കൊച്ചിയിലെ പാസ്പോർട്ട് ഓഫീസിൻെറ വരാന്തയിലും മറ്റും അപേക്ഷഫോറങ്ങൾ പൂരിപ്പിച്ചുകൊടുക്കാൻ ഇരിക്കുന്നവരുടെ ലാഘവത്തോടെയാണ് ഈ ധർമ്മാന്വേഷികൻ തൻെറ ഗംഭീരമായ പുസ്തകങ്ങൾ അവിടെയിരുന്ന് എഴുതിയത്. പട്ടാപകൽ നിങ്ങൾ അദ്ദേഹത്തെ രണ്ടുമണിക്കൂർ നേരത്തേക്ക് നിരീക്ഷിച്ചിരുന്നെങ്കിൽ -പുസ്തകമെഴുത്ത്, കുശലം പറച്ചിൽ, ചെസ്സുകളി, ചെറിയ ഒരു പൂച്ചയുറക്കം, കൊക്കോചെടിയുടെ ആരോഗ്യം തിരക്കൽ തുടങ്ങിയ ചിട്ടയായ ദിനചര്യ അദ്ദേഹം ചെയ്തുതീർക്കുന്നതു കാണാമായിരുന്നു. ഇതുപോലുള്ള നിരവധി രണ്ടുമണിക്കൂറുകൾ കഴിഞ്ഞാൽ ചിലപ്പോൾ നല്ലൊരു സിനിമകാണുന്നതിന് അദ്ദേഹത്തിന് സമയമുണ്ട്. There should be a balance between work and worship and play (പ്രവൃത്തിയും ആരാധനയും കളിയും തമ്മിൽ സംതുലനം ചെയ്യേണ്ടതുണ്ട്.) എന്ന തത്വം പൂർണമായും അദ്ദേഹം ജീവിതത്തിൽ അംഗീകരിച്ചു.

കഴിഞ്ഞ പത്തിരുപതു വർഷമായി അദ്ദേഹം എഴുതികൊണ്ടിരുന്ന 'ബൈബിളിൻെറ വ്യാഖ്യാനകൃതികൾ' മലയാളത്തിലാണ്. ഇതിനോടകം അതിനു പ്രചുരപ്രചാരം ലഭിച്ചിട്ടുണ്ട്. 'ഈ പുസ്തകത്തിൻെറ വ്യാഖ്യാനങ്ങൾ തീർത്തും 'സോഷ്യോളജിക്കൽ ഇൻറർപ്രട്ടെഷൻ' (സാമൂഹിക വ്യാഖ്യാനം) മാത്രമാണല്ലോ എന്ന വിമർശനം ഒരിക്കൽ ഞാൻ ഡോ. തോമസിൻെറ ശ്രദ്ധയിൽപെടുത്തുകയുണ്ടായി. വേദപുസ്തകം അങ്ങനെമാത്രമേ വ്യാഖ്യാനിക്കാവൂ എന്നായിരുന്നു അദ്ദേഹത്തിൻെറ പ്രതികരണം. യഥാർത്ഥ ചരിത്ര സംഭവങ്ങളോടും അതതു കാലഘട്ടങ്ങളിലെ മനുഷ്യരുടെ പ്രത്യേക ആവശ്യങ്ങളോടുമുള്ള ബന്ധത്തിൽ നൂതനവും ധീരവുമായ രൂപങ്ങൾ സ്വീകരിക്കുന്നതിലൂടെ മാത്രമേ സുവിശേഷത്തിനും അതിൽനിന്ന് ഉരുത്തിരിയുന്ന ദൈവശാസ്ത്രത്തിനും സമയബന്ധിതമായിരിക്കാൻ കഴിയൂ എന്നതാണ് അദ്ദേഹത്തിൻെറ നിലപാട്.

പ്രചുരപ്രചാരം ലഭിക്കുന്നതിന് ഒരു പ്രധാന കാരണം ബൈബിളിനെ സാമൂഹികമായൊരു വ്യാഖ്യാനം നൽകുന്നു എന്നതാണ്. ഏഷ്യയിൽ പൊതുവെയും ഭാരതത്തിൽ പ്രത്യേകിച്ചും കഴിഞ്ഞ കുറെ ദശകങ്ങളായി സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെ സുവിശേഷത്തിൻെറ വെളിച്ചത്തിൽ വ്യക്തമായും വിശദമായും അദ്ദേഹം വികലനം ചെയ്തു. ഗുണകരമായ പരിവർത്തനങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ പങ്കുകാരാവാൻ ദൈവം മനുഷ്യനെ എങ്ങനെ വിളിച്ചുകൊണ്ടിരിക്കുന്നുവെന്ന് വസ്തുനിഷ്ഠമായി പഠിച്ചു. വ്യാഖ്യാനിച്ചു. ഇക്കാര്യത്തിൽ അന്താരാഷ്ട്രരംഗത്ത് അതുല്യമായ സംഭാവനകൾ അദ്ദേഹം കാഴ്ചവെച്ചു. ഡോ. തോമസ് ആധുനിക ദൈവശാസ്ത്ര പണ്ഡിത

ന്മാരുടെ കൂട്ടത്തിൽ ബഹുമാന്യനായ പ്രതിഭാശാലിയാണ്.

ദൈവശാസ്ത്രരംഗത്ത് ഇന്ന് രണ്ടുതരം പ്രവണതകൾ കാണുന്നുണ്ട്. ഈശ്വരനെ കയ്യെത്താദൂരത്ത് കുടിയിരുത്തുന്നതിനും ജീവിതത്തിലെ യഥാർത്ഥ്യങ്ങളെ അവഗണിച്ചുകൊണ്ടുള്ള ലോകാധീതയെക്കുറിച്ച് പരിചിന്തനം ചെയ്യുന്നതിനുമുള്ള പ്രവണത ഒരു വശത്ത് ദൈവത്തെ പരുശുദ്ധനും കൂടുതൽ പരിശുദ്ധനും മാത്രമായി ചിത്രീകരിക്കുന്നതും സമകാലിക സമൂഹത്തിൻെറ വേദനകളും പ്രതീക്ഷകളുമായി ബന്ധമില്ലാത്തതുമായ ഈ ദൈവശാസ്ത്രത്തിൽ എളിയ കാമ്പുണ്ടെന്നു തോന്നുന്നില്ല.

ആധുനികതയുടേയും സാംഗത്യത്തിൻേറയും വിപ്ലവത്തിൻേറയും പേരിൽ ദൈവത്തെ കൂടാതെയുള്ള ദൈവശാസ്ത്രം കെട്ടെപ്പെടുക്കാനുള്ള പ്രവണതയാണ് മറുവശത്ത്. ഇതും വെറും ഉപരിപ്ലവമായ ഭൗതിക വ്യായാമമാണ്. ദൈവശാസ്ത്രരംഗത്തെ ഇത്തരം കസർത്തുകൾ കണ്ട് കടുത്ത നിരാശയും അമ്പരപ്പും അനുഭവപ്പെടുന്നവർക്ക് ഡോ. തോമസിൻെറ ദൈവശാസ്ത്രം (അദ്ദേഹത്തിൻെറ തന്നെ വാക്കുകളിൽ പറഞ്ഞാൽ 'ക്രൈസ്തവ ധർമ്മാന്വേഷണം') പ്രത്യാശയുടെ കിരണങ്ങൾ പ്രധാനം ചെയ്യുന്നു.

ലോകത്തെ പുതുക്കിക്കൊണ്ടിരിക്കുകയും മനുഷ്യജനത്തിനെ കൂടുതൽ മനുഷ്യവത്കരിക്കുകയും ചെയ്യുന്ന ഈശ്വരൻെറ അവിശ്രമമായ പ്രവർത്തനത്തിൽ പങ്കാളികളാകുവാനാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്. മനുഷ്യനന്മയെ ലാലാക്കാകൊണ്ടുള്ള സകല വിപ്ലവങ്ങളുടെയും മുൻപന്തിയിൽ തന്നെ ഈശ്വരൻ നിലകൊള്ളുന്നു എന്നും ഗുണകരമായ പരിവർത്തനങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ പങ്കുകാരാകുമ്പോൾ ആ ഈശ്വരനെ പിൻതുടരുക മാത്രമാണ് നാം ചെയ്യുന്നതെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. അദ്ദേഹത്തിൻെറ അധാതമായ പാണ്ഡിത്യവും പ്രവാചക തുല്യമായ സാമൂഹികവിമർശനങ്ങളും വ്യക്തിവൈശിഷ്ഠ്യവും സ്വഭാവനൈർമികവും ലളിത ജീവിതവും ക്രൈസ്തവ ലോകത്തിനു മാത്രമല്ല മനുഷ്യകുടുംബത്തിന് മുഴുവനും ഒരു മുതൽകൂട്ടാണ്.

ക്രൈസ്തവ സഭയും ക്രിസ്തേതര മതങ്ങളും മതേതര പ്രത്യയശാസ്ത്രങ്ങളും സമൂഹവും തമ്മിലുള്ള ആശാവഹമായ ബന്ധത്തെ വസ്തുനിഷ്ഠമായി പഠിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിൽ അന്താരാഷ്ട്രരംഗത്ത് ഡോ. തോമസ് അതുല്യമായ സംഭാവനകൾ കാഴ്ചവെച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ 'മുറ്റത്തെ മുല്ലക്ക് മണമില്ല', 'ഒരു പ്രവാചകനും സ്വന്തം നാട്ടിൽ മാനിക്കപ്പെടാറില്ല' എന്നുള്ള പഴഞ്ചൊല്ലുകൾ ഡോ. തോമസിനെ സംബന്ധിച്ചിടത്തോളം ശരിയാണെന്ന് തോന്നുന്നു. ലോകമെന്നും വിജ്ഞാന കുതുകികളുടേയും ദൈവശാസ്ത്ര

EP18



ജ്ഞൻമാരുടേയും സാമൂഹ്യശാസ്ത്രജ്ഞൻമാരുടേയും ഇടയിൽ അറിയപ്പെട്ടിരുന്ന ഡോയ തോമസ് കേരളത്തിലെ ജനങ്ങൾക്ക് സുപരിചിത നായത് നാലഞ്ച് വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം നാഗലൻറിൽ ഗവർണറാ യപ്പോഴാണ് എന്നത് വിരോധാഭാസമായി തോന്നുന്നു.

സുവിശേഷദർശനത്തിൽനിന്നും ഉരുത്തിരിഞ്ഞിട്ടുള്ള മാനവിക തയെ ലക്ഷ്യമാക്കി കർമ്മനിരതനായിരുന്ന ഈ വിജ്ഞാനവൃദ്ധനെ കേരളത്തിൽ ഇനിയും അർഹിക്കുന്ന അംഗീകാരം ലഭിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. അദ്ദേഹത്തിൻെറ പ്രധാനപ്പെട്ട പ്രവർത്തന്കേന്ദ്രങ്ങൾ ലോകവ്യാപകമായിരിക്കുന്നതുകൊണ്ടും. അദ്ദേഹത്തിൻെറ ഈടുറ്റ ഗ്രന്ഥങ്ങൾ ഇംഗ്ലീഷിൽ ആയിരുന്നതുകൊണ്ടും ആയിരിക്കാമിത്.

പിതൃനിർവിശേഷമായ വാൽസല്യംകൊണ്ടും ഈ ഗുരുനാഥൻേറ തുപോലുള്ള പ്രോത്സാഹനം കൊണ്ടും തൻെറ അഘാതമായ പാണ്ഡിത്യംകൊണ്ടും അദ്ദേഹം എന്നിൽ ചൊലുത്തിയിട്ടുള്ള സ്വാധീനം കുറച്ചൊന്നുമല്ല.

സ്വതന്ത്രമായി ചിന്തിക്കുകയും ചിന്തിക്കുന്നതിനനുസരിച്ച് പ്രവർത്തി ക്കുകയും ചെയ്യുന്ന മഹാത്മാക്കൾ സാധാരണ നേരിടുന്ന ഒരു പ്രശ്ന മുണ്ട്. അവർ തെറ്റിദ്ധരിക്കപ്പെടുകയും തെറ്റായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. ഡോ. തോമസിൻെറ കാര്യത്തിൽ ഇത് വളരെ ശരിയാണ്.

അല്പം വൈയക്തികമായ ഒരു കാര്യം സൂചിപ്പിക്കട്ടെ കുറെ വർഷങ്ങൾക്കുമുമ്പ് പ്രശസ്തമായ ഒരു കോളേജിലെ പരിപാടിയിൽ ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു അദ്ധ്യാപകൻ പരസ്യമായി ഈ അർത്ഥം വരുന്ന തരത്തിൽ പറഞ്ഞു. 'ഭാരതത്തിലെ ക്രൈസ്തവ സഭയിൽ അമിതമായ കമ്മ്യൂണിസ്റ്റ് അതിപ്രസരവും നുഴഞ്ഞുകയറ്റവും നടത്തുന്നതിന് നേതൃത്വം നൽകുന്നത് ഡോ. എം.എം. തോമസും അദ്ദേഹ ത്തിൻെറ സഹപ്രവർത്തകനുമായ ഇന്ന് ഇവിടെ പ്രസംഗകനായി വന്നിട്ടുള്ള ബിഷപ്പ് പൗലോസ് മാർ പൗലോസും ആണ്'. എന്ന്. എനിക്ക് അത് കേട്ടപ്പോൾ തമാശയും സന്തോഷവും തോന്നി.

കമ്മ്യൂണിസ്റ്റ് സ്വാധീനം കൂടുതലുണ്ടെന്ന കാരണത്താൽ വൈദിക നാകാൻ സാധിക്കാതെ ഇരിക്കുകയും ക്രിസ്തീയവിശ്വാസത്തിൽ അടിയുറച്ച് നിൽക്കുന്ന ഒരു ഈശ്വരവിശ്വാസിയായതുകൊണ്ട് കമ്മ്യൂ ണിസ്റ്റുപാർട്ടിയിൽ അംഗത്വം ലഭിക്കാതിരിക്കുകയും ചെയ്ത ഡോ. തോമസിനെ പറ്റി ഇങ്ങനെ പറഞ്ഞാൽ എങ്ങിനെ ചിരിക്കാതിരിക്കും.

രാത്രിയുടെ അന്തകാരത്തിൽ വഴിവിളക്കുകളുടെ ചുറ്റും ചില വണ്ടുകളും പ്രാണികളും പറക്കുന്നത് കണ്ടിട്ടില്ലേ ആ വിളക്കുകളുടെ പ്രകാശരശ്മികളിലെക്ക് ചില പ്രാണികൾ മിന്നാമിനുങ്ങുകളെ പോലെ ശോഭിക്കുന്നതു കാണാം. ഞങ്ങൾ സ്വയം പ്രകാശം പരത്തുകയാണെ ന്നായിരിക്കാം അവയുടെ ഭാവം. ഡോ തോമസിനു ചുറ്റും ഉപഗ്രഹ

8193



ങ്ങളെപോലെ ചുറ്റികറങ്ങുന്ന എന്നെപ്പോലെയുള്ള ചിലർക്ക് ഈ പ്രാണികളുടെ ഭാവമാണ്. അങ്ങനെയുള്ള എന്നെ അദ്ദേഹത്തിൻെറ സഹപ്രവർത്തകൻ എന്നൊക്കെ പറഞ്ഞാൽ ഞാൻ എങ്ങനെ സന്തോഷിക്കാതിരിക്കും.

നികത്താനാകപ്പെടാത്ത വിടവ് എന്നൊന്നില്ല. ഏതു വമ്പൻേറയും തിരോധാനം ഉണ്ടാക്കുന്ന മുറിവ് ഒരു പക്ഷെ, കാലം മാച്ചേക്കും. ഡോ. തോമസിൻെറ നിര്യാണം കൊണ്ടുള്ള വിടവും നികത്തപ്പെടും. പക്ഷെ അതു നികത്തപ്പെടണമെങ്കിൽ ഈ മനുഷ്യസ്നേഹിയുടെ സമർപ്പണ ജീവിതം നാം മാതൃകയാക്കണം.

**കമ്മ്യൂണിസ്റ്റ് നന്മയും ദൈവശാസ്ത്ര മഹത്വവും**

ക്രിസ്തീയസഭകളുടെ ലോകകൗൺസിൽ അദ്ധ്യക്ഷസ്ഥാനത്ത് അവരോഹിതനായ ദൈവീകനല്ലാത്ത ഡോ. തോമസ് ആയിരുന്നു. അന്ത്യം വരെ കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ വിശ്വാസം അർപ്പിച്ച അദ്ദേഹം കമ്മ്യൂണിസത്തിൻെറ നന്മകൾ ദൈവശാസ്ത്രത്തിൻെറ മഹത്വവുമായി സംയോജിപ്പിക്കാനാണ് ശ്രമിച്ചത്.

ഒരിക്കൽ എം.എം. തോമസ് തനിക്ക് പുരോഹിതനാകാൻ കഴിയാതായത് കമ്മ്യൂണിസ്റ്റായതുകൊണ്ടാണ്. പക്ഷെ സഭാവിശ്വാസങ്ങളുമായി നീങ്ങിയ തനിക്ക് കമ്മ്യൂണിസ്റ്റു പ്രവർത്തകനാകാനും കഴിഞ്ഞില്ല.

ദൈവശാസ്ത്രവും കമ്മ്യൂണിസ്റ്റ് ആശയങ്ങളും സംയോജിപ്പിച്ചു നീങ്ങാൻ ആഗ്രഹിച്ചിരുന്ന തോമസിന് വൈദിക പട്ടം ലഭിച്ചില്ല. പക്ഷെ, വൈദികർക്കും അനുഭമായ മാതൃകാപുരുഷനായി തൻെറ പ്രവർത്തന മേഖലയിൽ ജ്വലിച്ചുനിന്നു.

ക്രിസ്തീയസഭകളുടെ ലോകസഭാകൗൺസിൽ നേതൃത്വത്തിൽ ഉയർന്നുവന്ന രണ്ടു മഹത്വ്യക്തികളാണ് ഇപ്പോൾ അന്തരിച്ച ഡോ. എം.എം തോമസും നവംബർ 24 ന് കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രിഗോറിയസും. വിമോചന ദൈവശാസ്ത്രത്തിൻെറ പ്രായോഗിക വശങ്ങൾ കണ്ടെത്തിയ ഈ പ്രതിഭകളുടെ വേർപാട് നികത്താനാകാത്ത നഷ്ടം തന്നെ.

PC Library & Research Centre



# അപ്പം
# സമത്വം
# സ്വാതന്ത്ര്യം

**എഡി: ഇ. ടി. വർഗ്ഗീസ്**

സിസ്റ്റർ ആലീസ്, ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, ഡോ. സുകുമാർ അഴീക്കോട്, ഡോ. മാർ അപ്രേം, വി.വി. രാഘവൻ, പവനൻ, ഡോ. എൻ.വി.പി. ഉണിത്തിരി, ഡോ. നൈനാൻ കോശി, കെ.വേണു, ഡോ. എ.കെ. രാമകൃഷ്ണൻ തുടങ്ങി നമ്മുടെ മത-സാംസ്കാരിക-രാഷ്ട്രീയ രംഗത്തെ പ്രമുഖരുടെ അനുസ്മരണങ്ങൾ.....

ബിഷപ്പിന്റെ 'സ്വാതന്ത്ര്യമാണ് ദൈവം', 'നിശ്ശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തധികാരം' എന്നീ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ....

ബിഷപ്പുമായി നടത്തിയ 10 അഭിമുഖങ്ങൾ.....
എന്നിവ കൊണ്ട് സമ്പന്നമായ ഒരു ഗ്രന്ഥം.

വില 60 രൂപ

**ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ
ഫോർ സോഷ്യോ-കൾച്ചറൽ ഡവലപ്പ്മെന്റ്**

തൃശൂർ





242

# അപ്പം
# സമത്വം
# സ്വാതന്ത്ര്യം

**എഡി: ഇ. ടി. വർഗ്ഗീസ്**

**ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ ഫോർ സോഷ്യോ – കൾച്ചറൽ ഡവലപ്പ്മെന്റ്, തൃശൂർ**

Indic Digital Archive Foundation
gpura.org